Newspaper for malayalees Worldwide | CHICAGO/TORONTO | Estd.2020

# വാചകം VACHAKAM

CHICAGO
Vol.5 / Issue 28/ Pages 32
04
ഫെബ്രുവരി 2026
ബുധനാഴ്ച
1201 മകരം 21

www.vachakam.com
news@vachakam.com

02 America | 11 Canada | 12 Keralam | 18 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World



## ഇനി പരിധിയുമില്ല നിയന്ത്രണവുമില്ല!

# അന്ത്യം കുറിച്ച് റഷ്യ-അമേരിക്ക ആണവ കരാർ



റഷ്യയും അമേരിക്കയും തമ്മിലുള്ള അവസാനത്തെ പ്രധാന ആണവായുധ നിയന്ത്രണ കരാറായ ന്യൂ സ്റ്റാർട്ട് (New START-Strategic Arms Reduction Treaty) കാലഹരണപ്പെടുകയാണ്. ഇതോടെ ഇരു രാജ്യങ്ങളും തമ്മിലുള്ള ആണവായുധ നിയന്ത്രണത്തിലെ 50 വർഷത്തെ ചരിത്രത്തിന് അന്ത്യം കുറിക്കും. കൂടാതെ ആഗോള ആണവായുധ മത്സരത്തിന് വഴിയൊരുക്കുമെന്നതിലും ആശങ്കയുണ്ട്. റഷ്യയും അമേരിക്കയും തമ്മിലുള്ള പ്രധാന ആണവ ആയുധ നിയന്ത്രണ കരാറായ ന്യൂ സ്റ്റാർട്ട് കരാറിൽ നിന്ന് റഷ്യ പിന്മാറിയതോടെ കരാറിന് അന്ത്യമായി. ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം വഷളായ പശ്ചാത്തലത്തിൽ, കരാറിലെ വ്യവസ്ഥകൾ പാലിക്കില്ലെന്ന് റഷ്യൻ പ്രസിഡന്റ് വ്‌ളാഡിമിർ പുടിൻ ഔദ്യോഗികമായി പ്രഖ്യാപിക്കുകയായിരുന്നു. 2026 ൽ അവസാനിക്കേണ്ടിയിരുന്ന കരാറിൽ നിന്നാണ് മുൻകൂട്ടി പിന്മാറിയത്. അമേരിക്കയുടെ ശ

ശേഷം പേജ് 8ൽ

**ജീവിതം ജീവിക്കാനുള്ളതാണ്** (ഡോ.സെബാസ്റ്റിയൻ പോൾ എഴുതുന്നു) ........ പേജ് 05

**കുളം കലക്കി 'സൺഡേ സ്‌കൂൾ ക്ഷേമനിധി' നിർദ്ദേശം** ........ പേജ് 15

**കുഞ്ഞികൃഷ്ണന്റെ പേടിപ്പിക്കുന്ന കണക്ക് പുസ്തകം** ........ പേജ് 16

**കടലിലെ നിയമം കനക്കുമ്പോൾ!** ........ പേജ് 17

**കട്ടവനും മുക്കിയവനും പാർട്ടിവക പട്ടും വളയും മോഷണം ചൂണ്ടികാണിച്ചവന് കുലം കുത്തി പട്ടവും !** ........ പേജ് 24

**എന്താണ് 'ഫോർ സ്റ്റാർസ് ഓഫ് ഡെസ്റ്റിനി' എന്ന പുസ്തകം പറയുന്നത്..?** ........ പേജ് 25

# ചൈനയെ നേരിടാൻ ധാതു വ്യാപാര ബ്ലോക്കുമായി യുഎസ്

വാഷിംഗ്ടൺ : നിർണായക ധാതുക്കളുടെ (Critical Minerals) വിതരണത്തിൽ ചൈനയുടെ നിയന്ത്രണം ദുർബലപ്പെടുത്താനുള്ള ശ്രമങ്ങൾ ശക്തമാക്കുന്നതിനിടെ, സഖ്യരാജ്യങ്ങളെ ഉൾപ്പെടുത്തി പ്രത്യേക വ്യാപാര ബ്ലോക്ക് രൂപീകരിക്കുന്ന പദ്ധതികൾ യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ് പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി, ഖനിജങ്ങൾക്ക് ഏകോപിതമായ കുറഞ്ഞ വിലനിരക്ക് (price floor) നിശ്ചയിക്കാനും വാഷിങ്ടൺ നിർദേശിച്ചു.സെമികണ്ടക്ടറുകൾ, ഇലക്ട്രിക് വാഹനങ്ങൾ, ആധുനിക ആയുധങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ നിരവധി ധാതു സംസ്കരണത്തിൽ ചൈന കൈവശം വച്ചിരിക്കുന്ന ശക്തമായ നിയന്ത്രണം, ഭൗമ-ആർത്ഥിക ആയുധമായി ഉപയോഗിച്ചുവരുന്നതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ചില ഘട്ടങ്ങളിൽ ചൈന കയറ്റുമതികൾ നിയന്ത്രിക്കുകയും വിലകൾ കൃത്രിമമായി താഴ്ത്തുകയും ചെയ്ത്, മറ്റ് രാജ്യങ്ങൾക്കു ബദൽ ധാതു ഉറവിടങ്ങൾ വികസിപ്പിക്കുന്നതിനെ ദുർബലപ്പെടുത്തുകയുണ്ടായി.ബുധനാഴ്ച വാഷിങ്ടണിൽ നടന്ന യോഗത്തിൽ 50-ലധികം രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തു. ഇതിന് മുന്നോടിയായി, പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തിങ്കളാഴ്ച 'പ്രോജക്ട് വാൾട്ട്' എന്ന പേരിൽ നിർണായക ധാതുക്കളുടെ തന്ത്രപ്രധാന ശേഖരം ആരംഭിച്ചിരുന്നു. ''കുറഞ്ഞ വിലയിലുള്ള നിർണായക ധാതുക്കൾ നമ്മുടെ വിപണികളിലേക്ക് ഒഴുകി വന്ന് ആഭ്യന്തര നിർമ്മാതാക്കളെ ദുർബലപ്പെടുത്തുന്ന പ്രശ്നം ഇല്ലാതാക്കാനാണ് ഞങ്ങളുടെ ലക്ഷ്യം,'' എന്ന് വാൻസ് ചൈനയെ പരാമർശിക്കാതെ തന്നെ മന്ത്രിമാരുടെ യോഗത്തിൽ പറഞ്ഞു.ഉൽപാദനത്തിന്റെ ഓരോ ഘട്ടത്തിലും ധാതുക്കൾക്ക് യഥാർത്ഥ വിപണി മൂല്യം പ്രതിഫലിപ്പിക്കുന്ന റഫറൻസ് വിലകൾ നിശ്ചയിക്കുമെന്നും, പ്രത്യേക വ്യാപാര മേഖലയിലെ അംഗങ്ങൾക്ക് ഈ വിലകൾ ക്രമീകരിക്കാവുന്ന തീരുവകൾ (tariffs) വഴി നിലനി

ശേഷം പേജ് 8ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്‌കാൻ ചെയ്യൂ

# കുടിയേറ്റ നിയമങ്ങളിൽ 'മൃദുവായ സമീപനം' സ്വീകരിക്കാം; നിലപാട് മാറ്റി ട്രംപ്



വാഷിംഗ്ടൺ: മിനിയാപോളിസിൽ ഫെഡറൽ ഏജന്റുമാരുടെ വെടിയേറ്റ് അമേരിക്കൻ പൗരൻമാർ കൊല്ലപ്പെട്ട സംഭവത്തിൽ പ്രതികരണവുമായി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. റെനി ഗുഡിന്റെയും അലക്സ് പ്രെറ്റിയുടേയും കൊലപാതകങ്ങൾ സംഭവിക്കാൻ പാടില്ലായിരുന്നുവെന്ന് എൻബിസി ന്യൂസിന് നല്കിയ അഭിമുഖത്തിൽ ട്രംപ് വ്യക്തമാക്കി.

കുടിയേറ്റ നിയമങ്ങൾ നടപ്പാക്കുന്ന നടപടികളിൽ തന്റെ ഭരണകൂടം 'കുറച്ച് മൃദുവായ സമീപനം' സ്വീകരിക്കുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കൂട്ടിച്ചേർത്തു. ഫെഡറൽ ഏജന്റുമാർ നടത്തിയ വെടിവെപ്പിൽ രണ്ട് പേർ കൊല്ലപ്പെട്ട സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് ട്രംപിന്റെ പരാമർശം.

'ഒരുപക്ഷേ കുറച്ച് കൂടി മൃദുവായ സമീപനം സ്വീകരിക്കാമെന്ന് ഞാൻ മനസ്സിലാക്കി. പക്ഷേ ശക്തമായ നിലപാട് വേണം. നാം നേരിടുന്നത് വളരെ ക്രൂരരായ കുറ്റവാളികളെയാണ്.' ട്രംപ് പറഞ്ഞു.

മിന്നസോട്ട ഗവർണർ ടിം വാൾസ്, മിനിയാപ്പോളിസ് മേയർ ജേക്കബ് ഫ്രേ എന്നിവരുമായി സംസാരിച്ചതായും, താൻ ഗവർണറെയും മേയറെയും നേരിട്ട് വിളിച്ചുവെന്നും ട്രംപ് പറഞ്ഞു.

ജനുവരി ഏഴിനാണ് റെനി ഗുഡ് എന്ന 37 കാരിയായ വീട്ടമ്മ പരിശോധനയ്ക്കിടെ വെടിയേറ്റു മരിച്ചത്. ഇതിനു പിന്നാലെ ജനുവരി 24 നാണ് അലക്സ് പ്രെറ്റി ഫെഡറൽ ഏജന്റുമാരുടെ വെടിയേറ്റ് കൊല്ലപ്പെട്ടത്. ഫെഡറൽ ഏജന്റുമാർ റെനി ഗുഡിനെയും അലക്സ് പ്രെറ്റിയെയും കൊലപ്പെടുത്തിയതിൽ താൻ സന്തുഷ്ടനല്ലെന്നു പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കൂട്ടിച്ചേർത്തു.

# ഗ്രീൻലാൻഡിൽ ആയുധങ്ങൾ വിന്യസിച്ചാൽ തിരിച്ചടി നൽകുമെന്ന് റഷ്യ; അമേരിക്കയ്ക്ക് കർശന മുന്നറിയിപ്പ്



ഗ്രീൻലാൻഡിൽ ആയുധങ്ങൾ വിന്യസിക്കാനുള്ള അമേരിക്കയുടെ നീക്കങ്ങൾക്കെതിരെ കടുത്ത മുന്നറിയിപ്പുമായി റഷ്യ രംഗത്തെത്തി. ആർട്ടിക്കിലെ സുരക്ഷാ സാഹചര്യം മോശമാക്കുന്ന രീതിയിൽ അമേരിക്ക ആയുധങ്ങൾ എത്തിച്ചാൽ സൈനികസാങ്കേതിക പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് റഷ്യൻ വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. റഷ്യൻ വിദേശകാര്യ ഉപമന്ത്രി സെർജി റിയാബ്കോവ് ആണ് മോസ്കോയുടെ ഈ നിലപാട് പരസ്യമാക്കിയത്.

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഗ്രീൻലാൻഡിന് മേൽ അവകാശവാദം ഉന്നയിക്കുന്ന പശ്ചാത്തലത്തിലാണ് റഷ്യയുടെ ഈ പ്രതികരണം. ആർട്ടിക്കിന്റെ സൈനികവൽക്കരണം തങ്ങളുടെ ദേശീയ സുരക്ഷയ്ക്ക് നേരിട്ടുള്ള ഭീഷണിയാണെന്ന് റഷ്യൻ നേതൃത്വം കരുതുന്നു. അമേരിക്ക അവിടെ മിസൈലുകളോ ഗോൾഡൻ ഡോം മിസൈൽ പ്രതിരോധ സംവിധാനമോ സ്ഥാപിച്ചാൽ റഷ്യ പ്രതിരോധ നടപടികൾ സ്വീകരിക്കും.

അമേരിക്കയുമായുള്ള ന്യൂ സ്റ്റാർട്ട് ആണവായുധ നിയന്ത്രണ കരാറിന്റെ കാലാവധി അവസാനിക്കാൻ ദിവസങ്ങൾ മാത്രം ബാക്കിയുള്ളപ്പോഴാണ് ഈ തർക്കം. ആഗോള തന്ത്രപരമായ സ്ഥിരത തകർക്കുന്ന ഇത്തരം നടപടികൾ അംഗീകരിക്കാനാവില്ലെന്ന് റിയാബ്കോവ് പറഞ്ഞു. ഗ്രീൻലാൻഡ് ഒരു സ്വയംഭരണ പ്രദേശമാണെന്നും ഡെൻമാർക്കിന്റെ കീഴിലാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ആർട്ടിക്കിലെ വിഭവസമ്പത്തിന് വേണ്ടിയുള്ള തർക്കം അന്താരാഷ്ട്രതലത്തിൽ വലിയ പ്രതിസന്ധിക്ക് കാരണമാകുകയാണ്. റഷ്യയും ചൈനയും തമ്മിലുള്ള സഹകരണം തടയാൻ അമേരിക്ക ഗ്രീൻലാൻഡിനെ ഉപയോഗിക്കുകയാണെന്ന് മോസ്കോ ആരോപിക്കുന്നു. അമേരിക്കയുടെ ഓരോ നീക്കത്തെയും തങ്ങളുടെ വിദഗ്ധർ കൃത്യമായി നിരീക്ഷിക്കുന്നുണ്ടെന്നും റഷ്യ അറിയിച്ചു.

യൂറോപ്യൻ രാജ്യങ്ങളുമായി ട്രംപ് ഭരണകൂടം ഗ്രീൻലാൻഡ് വിഷയത്തിൽ നിലവിൽ തർക്കത്തിലാണ്. ഗ്രീൻലാൻഡ് വാങ്ങാനുള്ള ട്രംപിന്റെ താൽപ്പര്യം നാറ്റോ സഖ്യകക്ഷികൾക്കിടയിലും വലിയ അതൃപ്തി ഉണ്ടാക്കിയിട്ടുണ്ട്. ഈ അവസരം മുതലെടുത്ത് പാശ്ചാത്യ സഖ്യത്തിൽ വിള്ളലുണ്ടാക്കാൻ റഷ്യ ശ്രമിക്കുന്നതായും റിപ്പോർട്ടുകളുണ്ട്.

ലോകം മറ്റൊരു ആണവായുധ മത്സരത്തിലേക്ക് നീങ്ങുന്നതിന്റെ സൂചനയായാണ് ഈ മുന്നറിയിപ്പ് കാണപ്പെടുന്നത്. ഗ്രീൻലാൻഡിലെ താവളങ്ങളിൽ കൂടുതൽ സൈനികരെ എത്തിക്കാൻ നാറ്റോ ശ്രമിക്കുന്നതായും റഷ്യൻ എംബസി ആരോപിച്ചു. വരും ദിവസങ്ങളിൽ ആർട്ടിക്കിലെ സൈനിക വിന്യാസത്തെച്ചൊല്ലി അമേരിക്കയും റഷ്യയും തമ്മിലുള്ള സംഘർഷം വർദ്ധിക്കാൻ സാധ്യതയുണ്ട്.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
**1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisements, advertorials, articles or copyright issues.

## American Diary — 40 Years Ago

### *President Ronald Reagan Union address*



President Ronald Reagan delivered his delayed State of the Union address, honoring the seven Challenger astronauts. The speech was postponed for a week following the shuttle explosion. Also on this day, the U.S. Postal Service issued a stamp honoring Sojourner Truth.

President Ronald Reagan delivered his delayed 1986 State of the Union address on February 4, 1986, one week after the Challenger shuttle disaster. Originally scheduled for January 28, the address was postponed to honor the seven crew members who died. Reagan began the speech by mourning the "seven Challenger heroes" and encouraging the nation to "go forward" and continue the journey into space.

February 04, 1986

# ട്രംപിനെ വധിക്കാൻ ശ്രമിച്ച കേസിൽ പ്രതിക്ക് ജീവപര്യന്തം തടവ്



വാഷിംഗ്ടൺ : അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെ വധിക്കാൻ ശ്രമിച്ച കേസിൽ പ്രതിക്ക് ജീവപര്യന്തം ശിക്ഷ. റയാൻ വെസ്ലി റൂത്ത് (59) എന്ന പ്രതിയാണ് 2024ൽ ഫ്ളോറിഡയിലെ സൗത്ത് മേഖലയിൽ ട്രംപ് ഗോൾഫ് കളിക്കുമ്പോൾ അദ്ദേഹത്തെ വധിക്കാൻ ശ്രമിച്ചതിന് ശിക്ഷിക്കപ്പെട്ടത്.

2024 സെപ്തംബർ 23ന്, വെസ്റ്റ് പാം ബീച്ചിലെ ട്രംപ് ഇന്റർനാഷണൽ ഗോൾഫ് ക്ലബ്ബിൽ നടന്ന സംഭവത്തിൽ, അന്നത്തെ പ്രസിഡൻഷ്യൽ സ്ഥാനാർഥിയായിരുന്ന ട്രംപിനെ കൊല്ലാൻ റയാൻ ശ്രമിച്ചതായി ഫെഡറൽ ജൂറി കണ്ടെത്തി. സ്ഥലത്തുണ്ടായിരുന്ന സീക്രട്ട് സർവീസ് ഉദ്യോഗസ്ഥൻ ആയുധം ശ്രദ്ധയിൽപ്പെട്ടതോടെ വെടിയുതിർക്കുകയും, പ്രതി സ്ഥലത്ത് നിന്ന് ഓടി രക്ഷപ്പെടുകയും ചെയ്തിരുന്നു.

നോർത്ത് കരോലൈന സ്വദേശിയായ റൂത്തിനായി ജീവപര്യന്തം ശിക്ഷ നൽകണമെന്ന് പ്രോസിക്യൂഷൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, സംഭവത്തിൽ ആർക്കും പരിക്കേറ്റിട്ടില്ലെന്ന കാര്യം ചൂണ്ടിക്കാട്ടി, 27 വർഷത്തെ തടവ് മതിയാകുമെന്നായിരുന്നു പ്രതിഭാഗത്തിന്റെ വാദം. ഇത് പ്രോസിക്യൂഷൻ ശക്തമായി എതിർത്തു.

വധശ്രമം, ഫെഡറൽ ഉദ്യോഗസ്ഥനെ ആക്രമിക്കൽ, കൂടാതെ ഒന്നിലധികം ആയുധക്കുറ്റങ്ങൾ എന്നിവയിലാണ് ജൂറി റൂത്തിനെ കുറ്റക്കാരനായി കണ്ടെത്തിയത്. വധശ്രമക്കുറ്റം മാത്രം തന്നെ പരമാവധി ജീവപര്യന്തം ശിക്ഷയ്ക്ക് വഴിയൊരുക്കുന്നതാണെന്ന് കോടതി വ്യക്തമാക്കി.കുറ്റക്കാരനായി വിധിക്കപ്പെട്ടതിന് പിന്നാലെ, റൂത്ത് പേന ഉപയോഗിച്ച് സ്വന്തം കഴുത്തിൽ കുത്തി ജീവനൊടുക്കാൻ ശ്രമിക്കുകയും ചെയ്തു.

## റീ...പോളിംഗ്




*ഇ. ശ്രീധരൻ അതിവേഗ റെയിലിനായി പൊന്നാനിയിൽ ഓഫീസ് തുറന്നു*

# കെ.സി.എസ് ഷിക്കാഗോ ലെജിസ്ലേറ്റീവ് ബോർഡ്: ചെയർമാനായി സിജോ പുള്ളോർകുന്നേലും വൈസ് ചെയർമാനായി ബിജു പൂത്തറയും നിയമിതരായി




ഷിക്കാഗോ: കെ.സി.എസ് ഷിക്കാഗോയുടെ പുതിയ ലെജിസ്ലേറ്റീവ് ബോർഡ് ചെയർമാനായി സിജോ പുള്ളോർകുന്നേൽ തിരഞ്ഞെടുക്കപ്പെട്ടു. 2025 ൽ അദ്ദേഹം ലെജിസ്ലേറ്റീവ് ബോർഡിന്റെ വൈസ് ചെയർമാൻ ആയിട്ട് സേവനം അനുഷ്ഠിച്ചിരുന്നു. സിജോയുടെ അചഞ്ചലമായ സമർപ്പണം, ആത്മാർത്ഥമായ നേതൃത്വം, ക്നാനായ സമൂഹത്തോടുള്ള ആഴമായ സ്നേഹം എന്നിവയ്ക്ക് അദ്ദേഹം പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

2025 ലെ കെ.സി.എസ് ക്രിസ്മസ് കരോളിൽ അദ്ദേഹത്തിന്റെ പ്രതിബദ്ധതയുംഅഭിനിവേശവുംവ്യക്തമായിപ്രതിഫലിച്ചു, ആ സംരംഭത്തെ ഏകോപിപ്പിക്കുന്നതിലും നയിക്കുന്നതിലും അദ്ദേഹം നിർണായക പങ്ക് വഹിച്ചു. അദ്ദേഹത്തിന്റെ നിസ്വാർത്ഥ സേവനത്തിലൂടെയും ശക്തമായ സംഘടനാ വൈദഗ്ധ്യത്തിലൂടെയും, നിരവധി കെ.സി.എസ് കുടുംബങ്ങൾക്ക് ക്രിസ്മസ് കരോൾ അർത്ഥവത്തായതും ആത്മീയമായി സമ്പന്നവുമായ ഒരു അനുഭവമായി മാറി.

കെ.സി.എസ് ഷിക്കാഗോ ലെജിസ്ലേറ്റീവ് ബോർഡ് ശരിയായ സമയത്ത് ശരിയായ നേതാവിനെ കണ്ടെത്തിയെന്ന് ഉറച്ചു വിശ്വസിക്കുന്നു. സമൂഹത്തിന്റെ താൽപ്പര്യങ്ങളെ സേവിക്കാനും, ഒന്നിപ്പിക്കാനും, പ്രതിനിധീകരിക്കാനുമുള്ള കഴിവ് തെളിയിച്ചിട്ടുള്ള സിജോ പുള്ളോർകുന്നേൽ ലെജിസ്ലേറ്റീവ് ബോർഡിനെ ഫലപ്രദമായി നയിക്കാൻ യോഗ്യനാണ്. സിജോയുടെ കരങ്ങൾക്ക് ശക്തി പരുവാനായി, ബിജു പൂത്തുറയിലിനെ ലെജിസ്ലേറ്റീവ് ബോർഡ് വൈസ് ചെയർമാനായിട്ട് തിരഞ്ഞെടുക്കപ്പെട്ടു. അനേക വർഷം കെ.സി.എസിൽ പ്രവർത്തിച്ച് പരിചയമുള്ള ബിജുവിന്റെ പ്രവർത്തനങ്ങൾ സിജോയുടെ കരങ്ങൾക്ക് ശക്തിപകരും എന്നുള്ളതിൽ സംശയമില്ല.

കെ.സി.എസ് പ്രവർത്തനങ്ങൾക്ക് ശക്തമായഅടിത്തറനൽകിവരുന്നലെജിസ്ലേറ്റീവ് ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ മുന്നോട്ട് വന്നിരിക്കുന്ന സിജോ പുള്ളോർകുന്നേലിനും, ബിജു പൂത്തുറയിലിനും, കെ.സി.എസ് ഷിക്കാഗോ ഹൃദയംഗമമായ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

# ഷിക്കാഗോ രൂപത സിൽവർ ജൂബിലി കൺവൻഷൻ: വേദിയിൽ 'താളവിസ്മയ'വുമായി പദ്മശ്രീ ജയറാമും സ്റ്റീഫൻ ദേവസിയും






ന്യൂയോർക്ക്: ഷിക്കാഗോ സിറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി, നാലു ദിവസം നീണ്ടു നിൽക്കുന്ന 'സിറോ മലബാർ കൺവൻഷന്റെ' സന്ധ്യകളെ ആസ്വാദ്യകരമാക്കാൻ വിവിധ കലാപരിപാടികളും അണിയറയിൽ ഒരുങ്ങുന്നു. ഇതിൽ, കൺവൻഷൻ തുടങ്ങുന്ന 9-ാം തീയതി വ്യാഴാഴ്ച രാത്രി പ്രസിദ്ധ സിനിമ താരം പദ്മശ്രീ ജയറാമും (ഗസ്റ്റ് ഓഫ് ഓണർ), സംഗീതജ്ഞൻ സ്റ്റീഫൻ ദേവസിയും ചേർന്നൊരുക്കുന്ന 'താള വിസ്മയം' എടുത്തുപറയേണ്ടതാണ്. താളവിസ്മയത്തിൽ, വിവിധ ഇടവകകളിൽ നിന്നുള്ള നൂറിലേറെ വരുന്ന ചെണ്ട കലാകാരന്മാരുൾപ്പെട്ട 'സീറോ ബീറ്റ്സ്', ഗസ്റ്റ് ഓഫ് ഓണർ ആയി പങ്കെടുക്കുന്ന അനുഗ്രഹീത കലാകാരൻ പത്മശ്രീ ജയറാമിനൊപ്പം ചെണ്ടയിൽ താളമിടുമ്പോൾ, സ്റ്റീഫൻ ദേവസ്സി 'കീറ്റാറിൽ' (കീബോർഡ് & ഗിറ്റാർ) സംഗീതത്തിന്റെ മാസ്മരികത സൃഷ്ടിക്കും.

വെള്ളിയാഴ്ചരാവിലെനടക്കുന്നപ്രദക്ഷിണത്തിനു മുൻപും 'സിറോ ബീറ്റ്സ്' കലാകാരമ്മാർ അവതരിപ്പിക്കുന്ന മെഗാചെണ്ടമേളം ഉണ്ടായിരിക്കും. ഷിക്കാഗോ രൂപതയിലെ വിവിധ ഇടവകകളിൽനിന്നുമുള്ളചെണ്ടടീമുകൾക്കും ഈവാദ്യമേളത്തിൽപങ്കെടുക്കാൻസാധിക്കും. അതുപോലെ, രൂപതയുടെ ഭാഗമായ വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ, വെള്ളിയാഴ്ച (ജൂലൈ 10) വൈകുന്നേരം നടക്കുന്ന, ക്രിസ്ത്യാനികളുടെ തനതു പാരമ്പര്യ കലാരൂപമായ മാർഗംകളിയിൽ, രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള വനിതകൾക്കും പങ്കെടുക്കാവുന്നതാണ്. കൂടാതെ വെള്ളിയാഴ്ച വൈകുന്നേരം നടത്തുന്ന 'പാരിഷ് ഫെസ്റ്റിൽ' എല്ലാ ഇടവകകൾക്കും വൈവിധ്യമാർന്ന കലാരൂപങ്ങളിലൂടെഅവരുടെവിശ്വാസവും,കഴിവുകളും വേദിയിൽ അവതരിപ്പിക്കുന്നതിനുള്ള അവസരവുമുണ്ടായിരിക്കും. ഇതിനുപുറമെ, കുട്ടികൾക്കും യുവജനങ്ങൾക്കും വിവിധ സ്പോർട്സ്, ഗെയിംസ്, ഡാൻസ് പ്രോഗ്രാമുകളിലും ഭാഗഭാക്കാവാൻ സാധിക്കും.

താളവിസ്മയത്തിൽ പങ്കെടുക്കാൻ താഴെപറയുന്നവരെ ബന്ധപ്പെടുക: ജോസ്മൻ കരേടൻ 954-558-2245, സ്കറിയാകുട്ടി തോമസ് 847-910-6487

മെഗാ മാർഗംകളിയിൽ പങ്കെടുക്കാൻ: റോസ് വടകര 708-662-0774, ഷീബ ഷാബു 630-730-622.

'പാരിഷ് ഫെസ്റ്റി'നെപ്പറ്റി കൂടുതൽ അറിയുവാൻ: ജൂഡി തോമസ്: 317-490-5839

കൺവൻഷൻ സംബന്ധിച്ച പൊതുവായ അന്വേഷണങ്ങൾക്ക്: ബിജി സി. മാണി (കൺവൻഷൻ ചെയർമാൻ): 847-650-1398, ബീന വള്ളിക്കളം (സെക്രട്ടറി): 773-507-5334

ഷിക്കാഗോയിലെ മക്കോർമിക് പ്ലേസ് കൺവെൻഷൻ സെന്ററിൽ ജൂലൈ 9,10,11,12 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിലാണ് സിറോ മലബാർ യുഎസ്എ കൺവെൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകജൂബിലിയും ആഘോഷിക്കുന്നു. കൺവൻഷന്റെ രജിസ്ട്രേഷൻ നല്ല നിലയിൽ പുരോഗമിക്കുന്നു. ഇടവകളിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

സിൽവർജൂബിലിആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന കൺവന്ഷനിലും,അതോടൊപ്പമുള്ള ആത്മീയ,സാംസ്കാരിക, പൈതൃക കൂട്ടായ്മകളിലും ഭാഗഭാക്കാവാൻ എല്ലാ വിശ്വാസികളെയും രൂപതാ അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് ആഹ്വാനം ചെയ്യുന്നു.

കൺവൻഷനെ കുറിച്ചു കൂടുതൽ അറിയുവാനും, രജിസ്റ്റർ ചെയ്യുവാനും താഴെ പറയുന്ന വെബ്സൈറ്റ് സന്ദർശിക്കുക www.syroconvention.org

## ഫെഡറൽ പിന്മാറ്റത്തിന് പിന്നാലെ WHO നെറ്റ്വർക്കിൽ ചേർന്ന് ന്യൂയോർക്ക് ആരോഗ്യ വകുപ്പ്




ട്രംപ് ഭരണകൂടം അമേരിക്കയെ ലോകാരോഗ്യ സംഘടനയായ WHO-യിൽ നിന്ന് പിൻവലിച്ചതിന് പിന്നാലെ, ന്യൂയോർക്ക് സിറ്റി ആരോഗ്യ വകുപ്പ്WHOയുടെ ആഗോള രോഗ നിരീക്ഷണ നെറ്റ്വർക്കിൽ ചേർന്നു. പുതിയ രോഗങ്ങളും പകർച്ച വ്യാധികളും വേഗത്തിൽ കണ്ടെത്താനും നേരിടാനും ലക്ഷ്യമിട്ടുള്ള നീക്കമാണിത് എന്നാണ് വിലയിരുത്തുന്നത്.

WHOയുടെ Global Outbreak Alert and Response Network (GOARN) എന്ന ആഗോള സംവിധാനത്തിലാണ് ചേർന്നത്. ലോകത്തിന്റെ വിവിധഭാഗങ്ങളിൽരോഗങ്ങൾപടരുന്നതിനെനിരീക്ഷിക്കുകയും, ഉടൻ മുന്നറിയിപ്പ് നൽകുകയും, ആരോഗ്യസംവിധാനങ്ങൾ തമ്മിൽ വിവരങ്ങൾ പങ്കിടുകയും ചെയ്യുന്നതാണ് ഈ നെറ്റ്വർക്കിന്റെ പ്രധാന ജോലി. അമേരിക്ക ഫെഡറൽ തലത്തിൽ WHOയുമായിസഹകരണംകുറച്ചസാഹചര്യത്തിൽ, ന്യൂയോർക്ക് സ്വന്തം തലത്തിൽ അന്താരാഷ്ട്ര ആരോഗ്യ ബന്ധം നിലനിർത്താൻ ശ്രമിക്കുകയാണ് എന്നാണ് ലഭിക്കുന്ന റിപ്പോർട്ട്. ഇതിലൂടെ പുതിയ രോഗഭീഷണികളെ കുറിച്ച് നേരത്തെ അറിയാനും, ലോകാരോഗ്യ വിദഗ്ധരുമായി സഹകരിക്കാനും നഗരത്തിന് കഴിയും. ഇന്നത്തെ ലോകത്ത് രോഗങ്ങൾ അതിവേഗം രാജ്യങ്ങളിലൂടെ കടന്നുപോകുന്നതിനാൽ, ആഗോള സഹകരണം വളരെ നിർണായകമാണ്. GOARN നെറ്റ്വർക്കിൽ ചേരുന്നത് ന്യൂയോർക്കിന് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും അടിയന്തര സാഹചര്യങ്ങളിൽ വേഗത്തിൽ പ്രതികരിക്കാനും സഹായിക്കും എന്നാണ് ആരോഗ്യ വിദഗ്ധർ പറയുന്നത്.

TGEP
THE GREEN ELECTRIC PRODUCT
ELEGANT SPORTY MODERN
HOME AUTOMATION
CONTROL FROM YOUR PHONE ANYTIME, ANYWHERE
Our Electrical Service
- Smart light Switches & Dimmers
- Siri / Google integration
- Smart Thermostat
- Mobile App control
- Panel, breaker Upgrades
- Garage door sensor integration
- Save on Energy Bills
- Level 2 Charging Station
CALL 630-847-1421
FREE ESTIMATE AND
SPECIAL PRICE FOR FIRST TIME BUYERS
LICENSED AND BONDED
WWW.TGEP.NET/SMART-HOME-AUTOMATION-IL/

# ഐ.പി.സി.എൻ.എ ഷിക്കാഗോ ചാപ്റ്ററിന് പുതിയ നേതൃത്വം



ഷിക്കാഗോ: ഇന്ത്യാ പ്രസ്സ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (IPCNA) യുടെ ഷിക്കാഗോ ചാപ്റ്ററിന്റെ 2026 -27 കാലയളവിലേക്കുള്ള പുതിയ നേതൃത്വസംഘത്തെ തെരഞ്ഞെടുത്തു. പുതുതായി തിരഞ്ഞെടുക്കപ്പെട്ടഭാരവാഹികൾപ്രസിഡന്റ് പ്രസന്നൻ പിള്ള, സെക്രട്ടറി അലൻ ജോർജ്, ട്രഷറർ അനിലാൽ ശ്രീനിവാസൻ, വൈസ് പ്രസിഡന്റ് സാജു കണ്ണമ്പള്ളി, ജോയിന്റ് സെക്രട്ടറി റോസ് വടകര, ജോയിന്റ് ട്രഷറർ വർഗീസ് പാലമലയിൽ എന്നിവരാണ്. ചാപ്റ്റർ അഡ്വൈസറി ബോർഡ് അംഗങ്ങളായി മുൻ പ്രസിഡന്റ്മാരായ ബിജു സക്കറിയ, ബിജു കിഴക്കേക്കുറ്റ്, ശിവൻ മുഹമ്മ എന്നിവർ പ്രവർത്തിക്കും.

ഡിസംബർ 12ന് ഇല്ലിനോയിയിലെ നൈൽസിലുള്ള മാജിക് പെപ്പർ റെസ്റ്റോറന്റിൽ ചേർന്ന ചാപ്റ്റർ യോഗത്തിലാണ് തെരഞ്ഞെടുപ്പ് നടപടികൾ ഔപചാരികമായി പൂർത്തിയാക്കിയത്. ചാപ്റ്റർ അംഗങ്ങളുടെ സജീവ പങ്കാളിത്തത്തോടെ നടന്ന യോഗത്തിൽ, മുൻകാല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിയിലെ പ്രവർത്തന രൂപരേഖകളെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു.

ഇന്ത്യാ പ്രസ്സ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ഏറ്റവും സജീവവും പ്രവർത്തനക്ഷമവുമായ ചാപ്റ്ററുകളിലൊന്നായിഅറിയപ്പെടുന്നIPCNA ഷിക്കാഗോ ചാപ്റ്റർ, നിരവധി ശ്രദ്ധേയവും അഭിമാനകരവുമായ മാധ്യമ പരിപാടികൾ വിജയകരമായി സംഘടിപ്പിച്ചിട്ടുണ്ട്. വേൾഡ് പ്രസ് ഫ്രീഡം ഡേ ആഘോഷവും 'മീഡിയ ഇഗ്നൈറ്റ്' വർക്ക്ഷോപ്പും ഇതിൽ പ്രധാനപ്പെട്ടവയാണ്.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട നേതൃത്വം, ഷിക്കാഗോ മേഖലയിലെ മാധ്യമ പ്രവർത്തകരെ ഏകോപിപ്പിച്ചുകൊണ്ട് കൂടുതൽ മാധ്യമബന്ധിത പരിപാടികൾ, പ്രൊഫഷണൽ വികസന വർക്ക്ഷോപ്പുകൾ, സമൂഹസമ്പർക്ക പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുമെന്ന് അറിയിച്ചു. മാധ്യമ നൈതികത പ്രോത്സാഹിപ്പിക്കുക, മാധ്യമ പ്രവർത്തകരിൽ സഹകരണം വളർത്തുക, ഇന്ത്യാ പ്രസ്സ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുക എന്നിവയാണ് ഈ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. പ്രസിഡന്റായിതെരഞ്ഞെടുക്കപ്പെട്ടപ്രസന്നൻ പിള്ള രണ്ടു പതിറ്റാണ്ടുകൾക്കു മുമ്പ് കൈരളി ടിവിയുടെ യുഎസ് വീക്കിലി റൗണ്ട് അപ്പ് പ്രോഗ്രാമിൽ ഹൈടെക് കോർണർ എന്ന ടെക്നോളജി ന്യൂസ് പ്രോഗ്രാം അവതരിപ്പിച്ചുകൊണ്ടാണ് മാധ്യമ രംഗത്ത് കടന്നുവരുന്നത്. ഇന്ത്യാ പ്രസ്സ് ക്ലബ് ഷിക്കാഗോ ചാപ്റ്ററിന്റെ തുടക്കം മുതൽ സജീവമായി നിരവധി ചുമതലകൾ കൈകാര്യം ചെയ്തിരുന്നു. ഷിക്കാഗോ ചാപ്റ്ററിന്റെ വൈസ് പ്രസിഡന്റ് സെക്രട്ടറി എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. ഷിക്കാഗോയിൽ വച്ച് നടന്ന നാല് മുൻ നാഷണൽ പ്രസ് ക്ലബ് കോൺഫറൻസുകളിലും പവർ പോയിന്റ് പ്രസന്റേഷനും രജിസ്ട്രേഷനും കൈകാര്യം ചെയ്തിരുന്നു. നോർത്ത്സൗത്ത്ഫൗണ്ടേഷന്റെ ബോർഡ് മെമ്പർ, ഷിക്കാഗോ സാഹിത്യവേദിയുടെ ടെക്നിക്കൽ കോ-ഓർഡിനേറ്റർ, കെ.എച്ച്.എൻ.എയുടെട്രസ്റ്റിബോർഡ് മെമ്പർ, ലാന ദേശീയ സമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഷിക്കാഗോ ചാപ്റ്ററിന്റെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട സെക്രട്ടറി അലൻ ജോർജ് വിവിധ സന്നദ്ധ സംഘടനകളുടെ നടത്തിപ്പിലും മാധ്യമ സംബന്ധിയായ നിരവധി പദ്ധതികൾ നടപ്പാക്കിയതിലും ദീർഘകാലത്തെ പരിചയസമ്പത്തുള്ള വ്യക്തിയാണ്. അമേരിക്കയിലെ മാധ്യമമേഖലയിൽ സജീവ സാന്നിധ്യമായ അദ്ദേഹം. ഹോളിവുഡിൽനിന്നുള്ളപ്രത്യേക റിപ്പോർട്ടുകൾ ഉൾപ്പെടെ സണ്ടാൻസ് ഫിലിം ഫെസ്റ്റിവൽ, സൈൻ എക്സ്പോ, അമേരിക്കൻ ഫിലിം മാർക്കറ്റ് തുടങ്ങിയ പ്രമുഖ ചലച്ചിത്ര മേളകളെക്കുറിച്ച് അദ്ദേഹം വാർത്തകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൊച്ചി തേവരയിലെ സേക്രഡ് ഹാർട്ട് കോളജിലെ വിദ്യാർത്ഥിയായിരിക്കെ വിവിധ സിനിമ മാധ്യമ ക്ലബ്ബുകളുടെ സജീവ അംഗമായിരുന്ന അദ്ദേഹം, നിരവധി സിനിമാ മാധ്യമ വർക്ക്ഷോപ്പുകളും സെമിനാറുകളും സംഘടിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ചു.

2011ൽ കൊച്ചിൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിന്റെ സംഘാടക സമിതിയിലെ കോർഡിനേറ്റർമാരിൽ ഒരാളായിരുന്ന അലൻ ജോർജ്, പിന്നീട് അമേരിക്കയിലും ചലച്ചിത്ര മേളകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടർന്നു. ഇന്ത്യയിൽ പഠിക്കുന്ന കാലത്ത് നിരവധി ഹ്രസ്വചിത്രങ്ങളും ഡോക്യുമെന്ററികളും നിർമ്മിക്കുകയും വിവിധ സിനിമാപദ്ധതികളുമായി സഹകരിക്കുകയും ചെയ്തു.

അമേരിക്കയിൽ സ്ഥിരതാമസമാക്കിയ ശേഷം അദ്ദേഹം തന്റെ പഠനം തുടരുകയും, വിവിധ ഇന്ത്യൻ ഐപി ടി വി ചാനലുകൾക്ക് ഉയർന്ന നിലവാരത്തിലുള്ള ഓൺലൈൻ സംപ്രേക്ഷണം സജ്ജമാക്കുന്നതിൽ സാങ്കേതിക സഹായം നൽകുകയും ചെയ്തു.

2015ൽ കൈരളി ടിവി യുഎസ്എയിൽ ചേർന്ന അലൻ ജോർജ്, ഷിക്കാഗോയിൽ നിന്നുള്ള ഡെയ്റ്റൺ എയർ ഷോ, കമ്മ്യൂണിറ്റി വാർത്തകൾ, വ്യത്യസ്തവും വിജ്ഞാനപ്രദവുമായ വിനോദ പരിപാടികൾ എന്നിവ ഉൾപ്പെടെ നിരവധി സെഗ്മെന്റുകൾ അവതരിപ്പിച്ചു. 2016ൽ ഏഷ്യാനെറ്റ് യുഎസ്എ ടീമിൽ ചേർന്ന അദ്ദേഹം, കഴിഞ്ഞ ഒരു ദശകത്തിലേറെയായി ഏഷ്യാനെറ്റ് ന്യൂസ് പ്രൊഡക്ഷൻ ടീമിന്റെ ഭാഗമായി ഷിക്കാഗോയിൽ നിന്ന് പ്രവർത്തനം തുടരുകയാണ്. നിലവിൽ ഷിക്കാഗോയിലുള്ള യുണൈറ്റഡ് സ്റ്റേറ്റ്സ് പോസ്റ്റൽ സർവീസിലും അദ്ദേഹം സേവനമനുഷ്ഠിക്കുന്നു.

മാധ്യമരംഗത്തെ സംഭാവനകൾക്ക് അംഗീകാരമായി അലൻ ജോർജിന് നിരവധി കമ്മ്യൂണിറ്റി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 2022ലെ IPCNA ബെസ്റ്റ് ക്യാമറാമാൻ അവാർഡും, 2025ൽ മാധ്യമമേഖലയിലെ സംഭാവനകൾക്കായി ജോനാഥൻ ജാക്സൺ നൽകുന്ന പ്രത്യേക കോൺഗ്രഷണൽ അവാർഡും അദ്ദേഹത്തെ തേടിയെത്തി.

ട്രഷറർ ആയി തെരഞ്ഞെടുക്കപ്പെട്ട അനിലാൽ ശ്രീനിവാസൻ 28 വർഷങ്ങളായി മാധ്യമ കലാസാംസ്കാരിക സാഹിത്യരംഗങ്ങളിൽ സജീവമാണ്. കൈരളി ടിവിയുഎസ്.എയുടെ ആദ്യകാല ന്യൂസ് ആങ്കർ/എഡിറ്റർ, IPCNA ചാപ്റ്റർസെക്രട്ടറി, ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാനപ്രസിഡന്റ്, ടോസ്റ്റ്മാസ്റ്റേഴ്സ്ഇന്റർനാഷണൽ ചാപ്റ്റർ പ്രസിഡന്റ് തുടങ്ങിയ നേതൃസ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

ആനുകാലികങ്ങളിലും നവമാധ്യമങ്ങളിലും കഥ, യാത്രാക്കുറിപ്പുകൾ, സാമൂഹ്യ വിഷയങ്ങളെക്കുറിച്ച് OPEDs തുടങ്ങിയവ എഴുതുന്നു. 'ദി ടെസ്റ്റ്മെന്റ്', 'സമയരഥം പിന്നോട്ട്' എന്നീ ഡോക്യുമെന്ററികളും 'മനസ്സറിയാതെ' എന്ന മിനി സിനിമയും എഴുതി സംവിധാനം ചെയ്തു.

അനിലാൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര സ്വദേശിയാണ്. 5G/LTE മൊബൈൽ ടെക്നോളജി വിഭാഗത്തിൽ സീനിയർ എഞ്ചിനീയർ ആയി 25 വർഷത്തെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ്, ബിസിനസ് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്.

വൈസ്പ്രസിഡന്റ്സാജു കണ്ണമ്പള്ളി സാമൂഹികപൊതുപ്രവർത്തന രംഗത്ത് ശ്രദ്ധേയമായ സാന്നിധ്യമാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുജീവിതത്തിലേക്ക് കടന്ന സാജു. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകളിൽ സജീവ സാന്നിധ്യം കാഴ്ചവെച്ച് സാമൂഹിക പൊതു പ്രവർത്തനങ്ങളിൽ പരിചയം നേടി.

2000ലെ കേരള പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച് ചരിത്രവിജയം നേടിയ സാജു, ഏറ്റവും പ്രായം കുറഞ്ഞ പഞ്ചായത്ത് അംഗമായിതെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന്വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചെയർമാനായി ജനങ്ങൾക്കാവശ്യമുള്ള കാര്യങ്ങൾ പൂർത്തിയാക്കാൻ പ്രവർത്തിച്ചു. ഷിക്കാഗോയിൽ സ്ഥിരതാമസമാക്കിയ ശേഷവും പൊതുപ്രവർത്തനവും സാമൂഹിക ഇടപെടലുകളും തുടരുകയാണ്. ക്നാനായ സമുദായത്തിനും അമേരിക്കൻമലയാളിസമൂഹത്തിനുംവേണ്ടിയുള്ള വിവിധ സംഘടനകളുടെ ഭാരവാഹിയായി പ്രവർത്തിക്കുകയും, ക്നാനായ വോയ്സ്' പോലെയുള്ള ആഗോള മാധ്യമ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തു.

അമേരിക്കയിലെ പ്രമുഖ കമ്പനിയുടെ ധനകാര്യ വിഭാഗത്തിൽ ജോലി ചെയ്യുന്ന മലയാളി പ്രൊഫഷണലാണ് സാജു കണ്ണമ്പള്ളി. യുഎസിലെ ഷിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന Liberaltax.com എന്ന സ്വന്തം ഫിനാൻസ് സർവീസ് സ്ഥാപനവും അദ്ദേഹം നടത്തിവരുന്നു. ധനകാര്യ രംഗത്ത് തൊഴിലും സംരംഭകത്വവും ഒരുപോലെ മുന്നോട്ടുകൊണ്ടുപോകുന്ന വ്യക്തിത്വമാണ് സാജു കണ്ണമ്പള്ളി.

ജോയിന്റ് സെക്രട്ടറി റോസ് വടകര മാധ്യമസാമൂഹ്യ പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമാണ്. നിലവിൽ ഫ്ളവേഴ്സ് യുഎസ്എ ചാനലിൽ ന്യൂസ്/പ്രോഗ്രാം അവതാരകയായി പ്രവർത്തിക്കുന്നു. മുൻപ് ഏഷ്യാനെറ്റ് ചാനലിൽ ലൈഫ് & ഹെൽത്ത് പരിപാടിയുടെ അവതാരകയായിരുന്നു. ഫോമ വിമൻസ് ഫോറത്തിന്റെ നിലവിലെചെയർപേഴ്സണായ റോസ് മുമ്പും ഈ പദവി വഹിച്ചിരുന്നു. കൂടാതെ ഷിക്കാഗോ മലയാളി അസോസിയേഷൻ ബോർഡ് മെമ്പറായും വിമൻസ് ഫോറം ചെയർപേഴ്സനായും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യൻനഴ്സസ്അസോസിയേഷൻ ഓഫ്ഇലിനോയിൽവിവിധകമ്മിറ്റിപദവികൾ വഹിച്ചു, ഇപ്പോൾ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റായും സേവനമനുഷ്ഠിക്കുന്നു. മാധ്യമങ്ങളും സംഘടനകളും മാത്രമല്ല, സഭാപ്രവർത്തനങ്ങളിലും റോസ് സജീവ സാന്നിധ്യം പുലർത്തുന്നു. കഴിഞ്ഞ പതിമൂന്നു വർഷങ്ങളായി കുട്ടികൾക്ക് ചിത്രകല പഠിപ്പിക്കുന്നതിൽ സന്നദ്ധ സേവനം നടത്തുകയും ചെയ്യുന്നുണ്ട്.

ജോയിന്റ്ട്രഷറർവർഗീസ്പാലമലയിൽ ഫൊക്കാനയുടെ 2021-2023 കാലഘട്ടത്തിൽ സെക്രട്ടറി ആയി പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ മതസൗഹാർദ്ദ കോ-ഓർഡിനേറ്റർ, നാഷണൽ കമ്മിറ്റി മെമ്പർ, അസോസിയേറ്റ് ട്രഷറർ, ട്രഷറർ, റീജണൽ വൈസ്പ്രസിഡന്റ്, ഫൗണ്ടേഷൻമെമ്പർ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഷിക്കാഗോയിലുള്ള മിഡ് വെസ്റ്റ് മലയാളി അസോസിയേഷൻ പ്രസിഡന്റ് (രണ്ടുതവണ), ട്രസ്റ്റി ബോർഡ് ചെയർമാൻ (രണ്ടുതവണ), ഓവർസീസ് കോൺഗ്രസ് ഷിക്കാഗോയുടെ ജനറൽ സെക്രട്ടറി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, പ്രസിഡന്റ് എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എ ഇംഗ്ലീഷും, മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എ ഇംഗ്ലീഷും, സിക്കിം മണിപ്പാൽ യൂണിവേഴ്സിറ്റിയിൽ നിന്ന് റീട്ടെയിൽ ഓപ്പറേഷനിൽ എംബിഎയും നേടിയിട്ടുണ്ട്. ഐടി മേഖലയിൽപ്രവർത്തിച്ചിട്ടുള്ളഅദ്ദേഹം ഷിക്കാഗോ സെന്റ് ജോർജ് പള്ളിയിൽ സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നീ നിലകളിലും സേവനം ചെയ്തിട്ടുണ്ട്. നിലവിൽ നോർത്ത് അമേരിക്കയിലെ സിറിയൻ ഓർത്തഡോക്സ് സഭയുടെ മലങ്കര അതിരൂപതയുടെ പിആർഒ ആയി വർഗീസ് പാലമലയിൽ പ്രവർത്തിച്ചു വരുന്നു.

IPCNA ഷിക്കാഗോ ചാപ്റ്ററിലെ മറ്റ് അംഗങ്ങൾ ഷാന മോഹൻ, റോയ് മുളകുന്നം, അനിൽ മറ്റത്തിക്കുന്നേൽ, ചാക്കോ തോമസ് മറ്റത്തിൽപറമ്പിൽ, ഡൊമിനിക് ചൊള്ളമ്പേൽ, ജോർജ് ജോസഫ്, ജോയിച്ചൻ പുതുക്കുളം, റോമിയോ കാട്ടൂക്കാരൻ, സജി ജേക്കബ് പണയപ്പറമ്പിൽ, സരിത മേനോൻ, സിമി ജെസ്റ്റോ ജോസഫ് എന്നിവരാണ്.



പലരും പലതും 14

# ജീവിതം ജീവിക്കാനുള്ളതാണ്


ഡോ. സെബാസ്റ്റ്യൻ പോൾ

മത്തായിയുടെ സുവിശേഷത്തിലാണ് ഞാൻ ആദ്യമായി ഒരു ആത്മഹത്യാവാർത്ത വായിക്കുന്നത്. അവൻ കെട്ടിഞാന്നു ചത്തു എന്നതിൽ എല്ലാം ഒതുക്കിയിരിക്കുന്നു. കാര്യം മാത്രമല്ല കാരണവും പരാമർശിക്കുന്നുണ്ട്. അതിൽപ്പിന്നെ പ്രാദേശികമായി പല ആത്മഹത്യകളും കേട്ടിട്ടുണ്ട്. എല്ലാം തൂങ്ങിമരണമായിരുന്നു. പ്രണയനൈരാശ്യമാണ് പൊതുവെ കേട്ടിരുന്ന കാരണം. എന്നെ നടുക്കിയതും ഇന്നും നടുക്കം മാറിയിട്ടില്ലാത്തതുമായ രണ്ട് ആത്മഹത്യകൾ ഞാൻ വിദ്യാർത്ഥിയായിരുന്ന കാലത്ത് അടുത്തടുത്തുണ്ടായവയാണ്. ഒന്ന് ഏണസ്റ്റ് ഹെമിങ്വേ. രണ്ടാമത്തെയാൾ മർലിൻ മൺറോ. സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം കരസ്ഥമാക്കിയ ഹെമിങ്വേ സ്വയം വെടിവച്ചാണ് മരിച്ചത്. ഹോളിവുഡ്ഡ് ലോകത്തിനു സമ്മാനിച്ച സൗന്ദര്യധാമമായിരുന്നു മർലിൻ. മാരകമായ മരുന്ന് അമിതമായി കഴിച്ചുള്ള മരണമായിരുന്നു മർലിന്റേത്. മാനസികമായ സമ്മർദ്ദമാണ് രണ്ടു മരണങ്ങളുടെയും പിന്നിൽ ചൂണ്ടിക്കാണിക്കപ്പെട്ടത്.

അമേരിക്കൻ സംരംഭകയും ഫാഷൻ ഡിസൈനറുമായിരുന്ന കെയ്റ്റ് സ്പേഡ് 2018ൽ ആത്മഹത്യചെയ്തപ്പോൾ മാനസികാരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ചിന്ത സജീവമായി. സമാനമായ ചർച്ചകൾക്ക് കാരണമാകത്തക്ക രീതിയിലാണ് വ്യവസായി സി.ജെ. റോയ് ആദായനികുതി വകുപ്പിന്റെ റെയ്ഡ് നടക്കുന്ന സ്വന്തം ഓഫീസിൽ സ്വന്തം തോക്കിൽനിന്ന് നിറയൊഴിച്ച് മരിച്ചത്. റെയ്ഡുമായി മരണത്തെ ബന്ധപ്പെടുത്തുന്ന നിഗമനങ്ങൾ സ്വാഭാവികമായും ഉണ്ടായി. കർണാടക പൊലീസിന്റെ നിഗമനങ്ങൾ വ്യത്യസ്തമാണ്. റോയിയുട കണ്ടെടുക്കപ്പെട്ട ഡയറി ചിലപ്പോൾ വേറെ വഴികളിലേക്ക് വെളിച്ചം വീശുമായിരിക്കും. സെയിൽസ്മാന്റെ പരിഹാസം കേട്ട് പതിമൂന്നാം വയസ്സിൽ കാർ ഷോറൂമിൽനിന്ന് ഇറങ്ങിപ്പോയ ബാലൻ യൗവനത്തിലെത്തിപ്പോൾ ലോകത്തെ മുൻനിര കാറുകൾ ഗരേജിൽ അണിനിരത്തിയെന്നു മാത്രമല്ല മുപ്പത്തിയാറാമത്തെ വയസ്സിൽ വായ്പയെടുക്കാതെ സ്വന്തമായി വിമാനവും വാങ്ങി. ധനികർക്കുണ്ടാകുന്ന ഭ്രമങ്ങൾക്ക് റോയിയും വശംവദനായിട്ടുണ്ട്. പക്ഷേ ബാധ്യതയാകുന്ന ധൂർത്ത് അദ്ദേഹത്തിനുണ്ടായിരുന്നില്ല. വിജയ് മല്യ തുടങ്ങിയവരിൽനിന്ന് വ്യത്യസ്തനായിരുന്നു റോയ്. ബാങ്കിന്റെയോ പൊതുജനങ്ങളുടെയോ പണം സ്വന്തമാക്കി മുങ്ങുന്ന കവർച്ചക്കാരനായിരുന്നില്ല അദ്ദേഹം. സത്യസന്ധമായി പണമുണ്ടാക്കുന്ന ആൾ സീസറിനുള്ളത് സീസറിന് കൊടുക്കാൻ തയാറാകും. സീസറിനു മാത്രമല്ല സീസറിന്റെ ഭാര്യയ്ക്കും വേണ്ടതു കൊടുക്കേണ്ടിവരും. പാർപ്പിടപദ്ധതികൾക്കു പുറമേ ടെലിവിഷൻ റിയാലിറ്റി ഷോയിലും സിനിമയിലും റോയ് കൈവച്ചിട്ടുണ്ട്. ഒരിടത്തും പൊള്ളിയതായി അറിവില്ല. ബെംഗളൂരുവിന്റെ വളർച്ചയ്ക്കൊപ്പം ഭാവനാപൂർണമായ വളർച്ചയായിരുന്നു റോയിയുടേത്. നഗരത്തിന്റെ വളർച്ച മുന്നിൽ കണ്ട് അതിനുമപ്പുറം ആദ്യമേ എത്തിനിൽക്കുന്ന കോർപറേറ്റ് ക്രാന്തദർശിത്വമായിരുന്നു റോയിയുടേത്.

സീസറിനുള്ള നിയമാനുസൃതമാണ്. അതിന് കണക്കും വ്യവസ്ഥയുമുണ്ട്. പക്ഷേ ഭാര്യയുടെ ആർത്തിക്ക് അതിരുണ്ടാവില്ല. കുത്തിപ്പിടിച്ച് ആവശ്യമുള്ളത് ഈടാക്കാൻ സീസറുടെ കിങ്കരന്മാരെത്തന്നെയാണ് ഭാര്യ ഉപയോഗിക്കുന്നത്. ഇന്ത്യയിൽ സി.ബി.ഐ എന്ന പേരാണ് കേട്ടിരുന്നതെങ്കിൽ ഇപ്പോൾ ഐടി, ഇഡി എന്നിങ്ങനെ നാനാവിധത്തിലുള്ള പേരുകൾ കേൾക്കുന്നുണ്ട്. ഭീകരവിരുദ്ധ ഏജൻസിയേക്കാൾ ഭീകരസ്വഭാവമുള്ളവയാണ് ഇവയൊക്കെയും. ആദായനികുതിവകുപ്പിന്റെ റെയ്ഡ് നടന്നുകൊണ്ടിരിക്കേ സംഭവിച്ച ദുരന്തത്തിന് ആ വകുപ്പിന്റ ഭാഗത്തുനിന്നും ചില വിശദീകരണങ്ങൾ ആവശ്യമുണ്ട്. സിനിമയിൽ കാണുന്ന റെയ്ഡുകൾ യഥാർത്ഥസ്വഭാവത്തിലുള്ളതാണെങ്കിൽ അന്വേഷണവിധേയനാകുന്നയാൾക്ക് തോക്കുമായി സ്വന്തം ഓഫീസിൽ കടന്ന് വാതിൽ കുറ്റിയിടാൻ കഴിയില്ല. അമ്മയെ എന്നല്ല ദൈവത്തെപ്പോലും വിളിക്കാനുള്ള അവസരം അവർ നൽകില്ല. മര്യാദയും മനുഷ്യത്വവും ഇല്ലാത്ത പെരുമാറ്റമാണ് നല്ല നിലയിൽ പരീക്ഷകൾ പാസ്സായി ഉദ്യോഗത്തിലെത്തുന്ന ഇക്കൂട്ടർ സ്വീകരിക്കുന്നത്. റോയിയുടെ കോൺഫിഡന്റ് ഗ്രൂപ്പ് ഓഫീസിൽ നിരന്തരം നടന്നുകൊണ്ടിരുന്ന പരിശോധനകളും രേഖകൾ പിടിച്ചെടുക്കലും ആവർത്തിക്കുന്ന ചോദ്യങ്ങളും റോയിയെ അസ്വസ്ഥനാക്കിയിട്ടുണ്ടാകണം. സ്വന്തം ഓഫീസിൽ സ്വന്തം ജീവനക്കാരുടെ മുന്നിൽ അപമാനിതനാകുന്ന സാഹചര്യത്തെ അതിജീവിക്കാനുള്ള മനക്കരുത്ത് എല്ലാവർക്കും ഉണ്ടാകണമെന്നില്ല. പാരതന്ത്ര്യം മാത്രമല്ല അന്തസ്സിന്റെ ഹാനിയും ചിലപ്പോൾ മാനികൾക്ക് മൃതിയേക്കാൾ ഭയാനകമാകും.




തൊഴിൽദായകരും നികുതിദായകരുമായ സംരംഭകരെ അപമാനിക്കുകയും സമ്മർദ്ദത്തിലാക്കുകയും ചെയ്യുന്ന കലാപരിപാടികൾ അന്വേഷണ ഏജൻസികൾ അവസാനിപ്പിക്കണം. രാഷ്ട്രീയസ്വാധീനമുള്ള സംരംഭകരുടെ ഓഫീസുകളിൽ ഇപ്രകാരം റെയ്ഡിനു ചെല്ലാൻ ഈ ഏജൻസികൾ ധൈര്യം കാണിക്കുമോ? ഉത്തരവാദിത്വമുള്ള കമ്പനി ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പരിശോധന നടത്താമെന്നിരിക്കേ ഉടമയെ വിളിച്ചുവരുത്തി ജീവനക്കാരുടെ മുന്നിൽവച്ച് ബന്ദിയാക്കുന്നതെന്തിന്? ഉടമയേക്കാൾ നന്നായി ഉത്തരം നൽകാൻ കഴിയുന്നത് ഉദ്യോഗസ്ഥർക്കാണ്. രേഖകൾ സമ്പാദിക്കുന്നതിനും പരിശോധിക്കുന്നതിനും ഡിജിറ്റൽ സംവിധാനങ്ങൾ ഉള്ളപ്പോൾ വ്യക്തിയുടെ അന്തസ് എന്ന ഭരണഘടനാപരമായ അവകാശത്തിനു നിരക്കാത്ത ബ്യൂറോക്രാറ്റിക് അത്യാചാരങ്ങൾ അനുവദിക്കാനാവില്ല. കുറ്റാന്വേഷണത്തിൽ അനുവദനീയമല്ലാത്ത മൂന്നാം മുറയാണ് കോർപറേറ്റ് തലത്തിൽ പ്രയോഗിക്കപ്പെടുന്നത്. സാധാരണ പൊലീസുകാർ സാധാരണക്കാരോട് പറയുന്നതിനേക്കാൾ മ്ലേച്ഛമായ ഭാഷയാണ് റെയ്ഡിനെത്തന്ന ഉദ്യോഗസ്ഥർ ഉപയോഗിക്കുന്നതെന്ന് അനുഭവസ്ഥർ പറയുന്നു. കോൺഫിഡന്റ് ഗ്രൂപ്പ് ഈയിടെ ബെംഗളൂരുവിൽ എഴുനൂറ് കോടി രൂപയുടെ ഭൂമി വിൽപന നടത്തിയിരുന്നു. അതിൽ കണ്ണുവച്ചുകൊണ്ട് ബി.ജെ.പി നടത്തിയ ഇടപെടലാണ് റോയിയുടെ മരണത്തിൽ കലാശിച്ചതെന്ന് വാർത്ത പരന്നിട്ടുണ്ട്. ഈസ് ഓഫ് ഡൂയിങ് ബിസിനസ് എന്നു പറഞ്ഞാൽ ഭരിക്കുന്ന പാർട്ടിയുമായുള്ള അനാരോഗ്യകരമായ ബന്ധം എന്നാണർത്ഥം. മഴക്കോൾ മുൻകൂട്ടി കണ്ട് കുടയെടുക്കേണ്ടത് എങ്ങനെയെന്ന് ട്വന്റി ട്വന്റിയെ യഥാസമയം തൊഴുത്ത് മാറ്റിക്കെട്ടിയ സാബുവിനറിയാം.

മൗലികാവകാശങ്ങൾ വ്യക്തമായി ആലേഖനം ചെയ്യുകയും അവയുടെ പൂർത്തീകരണത്തിനായി സുസജ്ജമായ ജുഡീഷ്യറി ഉണ്ടായിരിക്കുകയും ചെയ്യുന്ന രാജ്യങ്ങളിലാണ് അവയുടെ ലംഘനം നടക്കുന്നത്. വെനെസ്വേലയിൽനിന്ന് അമേരിക്ക പിടികൂടിയ പ്രസിഡന്റ് നിക്കൊളാസ് മദുറോയെ എവ്വിധമാണ് ബ്രൂക്ലിനിലെ ജയിലിലേക്ക് കൊണ്ടുപോയതെന്ന് നാം കണ്ടു. ഇന്ത്യൻ ജയിലുകളിലെ അവസ്ഥയെന്താണ്? ബിസ്കറ്റ് രാജാവ് എന്നറിയപ്പെട്ടിരുന്ന ബ്രിട്ടാനിയ രാജൻ പിള്ള തിഹാർ ജയിലിൽ രോഗം മൂർച്ഛിച്ച് മരുന്ന് കിട്ടാതെ മരിച്ചു. ഇന്ത്യയിൽ എന്തെങ്കിലും കുറ്റം ചെയ്തതിന്റെ പേരിലായിരുന്നില്ല അറസ്റ്റ്. സിംഗപ്പൂരിന് കൈമാറുന്നതിനുവേണ്ടി അദ്ദേഹത്തെ തിഹാറിൽ പാർപ്പിച്ചിരിക്കുകയായിരുന്നു. സ്റ്റാൻ സ്വാമി എന്ന പുരോഹിതൻ ഒരിറ്റ് വെള്ളമിറക്കാതെ മഹാരാഷ്ട്ര ജയിലിൽ അന്ത്യശ്വാസം വലിച്ചു. ഇങ്ങനെയൊക്കെയാണ് അവസ്ഥയെങ്കിൽ ഒരു വെടിയുണ്ടയിൽ എല്ലാം അവസാനിപ്പിക്കുന്നതാണ് അഭികാമ്യം എന്ന് ദുർബലമാനസർ കരുതിപ്പോകും. വോട്ടർ പട്ടികയുടെ പരിശോധനയ്ക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ മേലുദ്യോഗസ്ഥരുടെ സമ്മർദ്ദം താങ്ങാനാകാതെ ആത്മഹത്യചെയ്യുന്നത് നാം കണ്ടു. നഷ്ടപ്പെടാനുള്ളത് ഉദ്യോഗം മാത്രമായിരുന്നിട്ടും ഏറ്റവും വിലപ്പെട്ട ജീവൻ അവർ ഉപേക്ഷിച്ചു. ജീവത്യാഗം എന്ന പരമമായ ത്യാഗം മഹത്തായ ലക്ഷ്യങ്ങളെ മുൻനിർത്തിയായിരിക്കണം. കേവലം റിയൽ എസ്റ്റേറ്റ് സംരംഭകൻ മാത്രമായിരുന്നില്ല സി.ജെ. റോയ്. ജീവകാരുണ്യപ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റ സഹായഹസ്തമുണ്ടായിരുന്നു. ചാനൽ റിയാലിറ്റി ഷോയുടെ സ്പോൺസർ എന്ന നിലയിലാണ് കോൺഫിഡന്റ് ഗ്രൂപ്പും റോയിയും മലയാളികൾക്ക് പരിചിതരാകുന്നത്. സഹൃദയനായ റോയി സിനിമാരംഗത്തുമെത്തി. കാസനോവ, മരയ്ക്കാർ അറബിക്കടലിന്റ സിംഹം, ഐഡന്റിറ്റി, മേം ഹും മൂസ തുടങ്ങിയവ അദ്ദേഹത്തിന് നിർമാണ പങ്കാളിത്തമുള്ള സിനിമകളാണ്. ഏറ്റവുമൊടുവിൽ റിലീസ് ചെയ്യാനിരുന്ന ചിത്രമാണ് അനോമി. ദി ഇക്വേഷൻ ഓഫ് ഡെത്ത് എന്നുകൂടി പേരിനൊപ്പമുണ്ട്. മരണത്തിന്റെ, പ്രത്യേകിച്ച് ആത്മഹത്യയുടെ, സൂത്രവാക്യമെന്തെന്ന് ആർക്കറിയാം?



# ഫോമ ഇലക്ഷൻ 2026 : മാത്യു ചെരുവിൽ ചീഫ് ഇലക്ഷൻ കമ്മീഷണർ, ജോർജ് മാത്യു, മാത്യു ജോഷ്വാ ഇലക്ഷൻ കമ്മീഷണർമാർ





ന്യൂയോർക്ക് : ജൂലൈ 30 മുതൽ ആഗസ്ത് 2-ാം തിയതി വരെ, ഹൂസ്റ്റനിൽ അരങ്ങേറുന്ന ഫോമയുടെ ഒമ്പതാമത് അന്താരാഷ്ട്ര കൺവെൻഷനോടനുബന്ധിച്ചു നടക്കുന്ന പുതിയ ഭാരവാഹികളുടെ ഇലക്ഷന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി, ഫോമ നാഷണൽ കമ്മിറ്റി ഇലക്ഷൻ കമ്മീഷനെ നിയമിച്ചു. മുതിർന്ന നേതാവ് മാത്യു ചെരുവിൽ (ഡിട്രോയിറ്റ്) ആണ് ചീഫ് ഇലക്ഷൻ കമ്മീഷണർ. ജോർജ് മാത്യു സി.പി.എ (ഫിലാഡൽഫിയ), മാത്യു ജോഷ്വാ (ബോബി, ന്യൂയോർക്ക്) എന്നിവരെ ഇലക്ഷൻ കമ്മീഷണർമാരായും തെരെഞ്ഞെടുത്തു.

ചീഫ്ഇലക്ഷൻകമ്മീഷണറായിതെരഞ്ഞെടുക്കപ്പെട്ട മാത്യു ചെരുവിൽ ഫോമയുടെ പ്രഥമ അഡ്വൈസറി ബോർഡ് ചെയർമാനായിരുന്നു. 1984 മുതൽ ഡിട്രോയിറ്റ് മലയാളി അസോസിയേറ്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന മാത്യു, ആ സംഘടനയുടെ സെക്രട്ടറിയായും, പ്രസിഡന്റായും നിരവധി തവണ സേവനം ചെയ്തിട്ടുണ്ട്. ഫോമയുടെ മുൻ ജുഡീഷ്യൽ കൗൺസിൽ ചെയർമാൻ കൂടിയായ മാത്യു ചെരുവിൽ, നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നു.

ഇലക്ഷൻ കമ്മീഷണർ ആയി തെരഞ്ഞെടുക്കപ്പെട്ട ജോർജ് മാത്യു സി.പി.എ, ഫോമയുടെ സ്ഥാപക നേതാക്കളിൽ പ്രമുഖനും, മുൻ പ്രസിഡന്റും ആണ്. ഫിലാഡൽഫിയ കേന്ദ്രമായി പ്രവർത്തിക്കുന്ന മലയാളി സംഘടനയായ 'കല ' യുടെ സ്ഥാപകനും മുൻ പ്രസിഡന്റുകൂടിയായ ജോർജ് മാത്യു, ഫോമയുടെ മുൻ ഇലക്ഷൻ കമ്മീഷണറായും പ്രവർത്തിച്ചിട്ടുണ്ട്. ഫിലാഡൽഫിയിലെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗത്തെ നിറസാന്നിധ്യമായ മാത്യു, ഫിലാഡൽഫിയ സിറ്റി ഹ്യൂമൻ റൈറ്റ്സ് കമ്മീഷണർ, പെൻസിൽവാനിയ സ്റ്റേറ്റ് ഗവർണരുടെ ഉപദേശക സമിതി അംഗം, ചേംബർ ഓഫ് കൊമേഴ്സ് അംഗം, ഫിലാഡൽഫിയ സിറ്റി ടാക്സ് റിവ്യൂ ബോർഡ് അംഗം തുടങ്ങി നിരവധിയായ പ്രവർത്തന രംഗങ്ങളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

മറ്റൊരു ഇലക്ഷൻ കമ്മീഷണറായ മാത്യു ജോഷ്വാ (ബോബി) നിലവിൽ ഫോമാ ന്യൂയോർക്ക് മെട്രോ റീജിയൻ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. കേരള കൾച്ചറൽ അസോസിയേഷൻ ഗോൾഡൻ ജൂബിലി സുവനീർ ചീഫ് എഡിറ്റർ, ഫോമാ ഗോൾഫ് ടൂർണമെന്റ് ഓർഗനൈസർ, ന്യൂയോർക്ക് മലയാളി സ്പോർട്സ് ക്ലബ് ബാസ്കറ്റ്ബോൾ ടൂർണമെന്റ് കോർഡിനേറ്റർ തുടങ്ങി നിരവധി മേഖലകളിൽ തന്റെ മികവ് തെളിയിച്ച മാത്യു ജോഷ്വാ, വൈസ്മെൻ ക്ലബ്ബ് ഗ്ലെൻ ഓക്ക് ചാപ്ടർ സെക്രട്ടറിയായും സേവനം ചെയ്യുന്നു.

ഫോമയുടെ തെരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിന് എല്ലാ സഹായവും വാഗ്ദാനം ചെയ്യുന്നതായി പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അറിയിച്ചു. പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഇലക്ഷൻ കമ്മീഷണർമാർക്ക് എല്ലാവിധ ആശസകളും നേരുന്നതായി ഫോമ അഡ്വൈസറി ബോർഡ് ചെയർമാൻ ഷിനു ജോസഫും പറഞ്ഞു.

*ഷോളി കുമ്പിളുവേലി*

# യുഎസ് എയ്ഡ് നിർത്തലാക്കിയിട്ട് ഒരു വർഷം; ആഗോളതലത്തിൽ ആരോഗ്യ മേഖല കടുത്ത പ്രതിസന്ധിയിലേക്ക്




അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് യുഎസ് ഏജൻസി ഫോർ ഇന്റർനാഷണൽ ഡെവലപ്മെന്റ് അഥവാ യുഎസ് എയ്ഡ് നിർത്തലാക്കിയിട്ട് ഒരു വർഷം തികയുന്നു. ട്രംപ് ഭരണകൂടത്തിന്റെ ഈ സുപ്രധാന നീക്കം ലോകമെമ്പാടുമുള്ള ദരിദ്ര രാജ്യങ്ങളിലെ ആരോഗ്യ മേഖലയെ തകിടം മറിച്ചിരിക്കുകയാണ്. സാമ്പത്തിക സഹായം നിലച്ചതോടെ ലക്ഷക്കണക്കിന് ആളുകളാണ് ചികിത്സ ലഭിക്കാതെ ബുദ്ധിമുട്ടുന്നത്.

ദക്ഷിണാഫ്രിക്കയിലെ എച്ച്ഐവി ക്ലിനിക്കുകൾ പൂട്ടിയതാണ് ഇതിൽ ഏറ്റവും വലിയ തിരിച്ചടിയായത്. ലോകത്ത് ഏറ്റവും കൂടുതൽ എച്ച്ഐവി ബാധിതരുള്ള രാജ്യങ്ങളിൽ ഒന്നായ ഇവിടെ മരുന്നിനും ചികിത്സയ്ക്കും അമേരിക്കൻ സഹായത്തെയാണ് ആശ്രയിച്ചിരുന്നത്. ക്ലിനിക്കുകൾ അടച്ചുപൂട്ടിയതോടെ ആയിരക്കണക്കിന് രോഗികളുടെ ജീവൻ അപകടത്തിലായിരിക്കുകയാണ്.

അഫ്ഗാനിസ്ഥാനിലെ മെഡിക്കൽ പ്രോഗ്രാമുകളും ഈ തീരുമാനത്തെ തുടർന്ന് അവസാനിപ്പിച്ചു. യുദ്ധം തകർത്ത രാജ്യത്ത് സാധാരണക്കാർക്ക് ലഭ്യമായിരുന്ന ഏക ആശ്വാസമായിരുന്നു ഇത്തരം മെഡിക്കൽ സേവനങ്ങൾ. ഗർഭിണികൾക്കും കുട്ടികൾക്കും നൽകിയിരുന്ന പ്രത്യേക ചികിത്സാ പദ്ധതികളും ഇപ്പോൾ പൂർണ്ണമായും നിലച്ചിരിക്കുകയാണ്.

പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപ്പിലാക്കിയിരുന്ന പദ്ധതികളും ഇതോടെ അവസാനിച്ചു. ആഫ്രിക്കൻ രാജ്യങ്ങളിലും ഏഷ്യയിലെ പിന്നോക്കം നിൽക്കുന്ന മേഖലകളിലും ദശലക്ഷക്കണക്കിന് കുട്ടികളെയാണ് ഇത് ബാധിച്ചത്. പ്രതിരോധിക്കാൻ കഴിയുന്ന രോഗങ്ങൾ പോലും മരുന്നില്ലാത്തതിനാൽ പടർന്നുപിടിക്കുകയാണെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഫസ്റ്റ് അമേരിക്ക നയത്തിന്റെ ഭാഗമായാണ് വിദേശ സഹായങ്ങൾ വെട്ടിക്കുറച്ചത്. രാജ്യത്തിന്റെ പണം വിദേശ രാജ്യങ്ങളിൽ ചെലവഴിക്കുന്നതിന് പകരം സ്വന്തം നാട്ടിലെ വികസനത്തിന് ഉപയോഗിക്കണമെന്നാണ് അദ്ദേഹത്തിന്റെ നിലപാട്. എന്നാൽ ഇത് ആഗോളതലത്തിൽ വലിയൊരു മാനുഷിക ദുരന്തത്തിനാണ് വഴിയൊരുക്കിയിരിക്കുന്നത്.

അന്താരാഷ്ട്ര ഏജൻസികൾ ഈ വിഷയത്തിൽ വലിയ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. പകർച്ചവ്യാധികൾ നിയന്ത്രിക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് ആഗോള സുരക്ഷയെ ബാധിക്കുമെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു. യുഎസ് എയ്ഡ് പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് പല ഭാഗങ്ങളിൽ നിന്നും സമ്മർദ്ദം ശക്തമാകുന്നുണ്ടെങ്കിലും ഭരണകൂടം നിലപാടിൽ ഉറച്ചുനിൽക്കുകയാണ്.

# വായനക്കാരില്ല! വാഷിംഗ്ടൺ പോസ്റ്റിൽ പിരിച്ചുവിടൽ, വാർത്താ കവറേജ് കുറച്ചു

വാഷിംഗ്ടൺ: പ്രമുഖ അമേരിക്കൻ ദിനപത്രമായ ദി വാഷിങ്ടൺ പോസ്റ്റ് ജീവനക്കാരുടെ ഏകദേശം മൂന്നിലൊന്ന് പേരെ പിരിച്ചുവിടുന്നുവെന്ന് പ്രഖ്യാപിച്ചു. ഇതോടൊപ്പം, പത്രത്തിന്റെ കായിക വാർത്തകളും വിദേശ വാർത്താ കവറേജും ഗണ്യമായി കുറയ്ക്കും. ബുധനാഴ്ച പ്രഖ്യാപിച്ച ഈ തീരുമാനം, ന്യൂസ്റൂം ഉൾപ്പെടെ വിവിധ വിഭാഗങ്ങളിലെ ജീവനക്കാരെ ബാധിക്കും. പ്രത്യേകിച്ച് കായികം, പ്രാദേശികം, വിദേശ വാർത്താ വിഭാഗത്തെയാണ് ഏറ്റവും കൂടുതൽ ബാധിക്കുകയെന്നാണ് റിപ്പോർട്ട്.

ഈ നടപടികൾ പത്രത്തിന് 'സ്ഥിരത' നൽകാനാണെന്ന് എക്സിക്യൂട്ടീവ് എഡിറ്റർ മാറ്റ് മറി പറഞ്ഞു. എന്നാൽ ജീവനക്കാരിലും മുൻ നേതാക്കളിലും നിന്ന് കടുത്ത വിമർശനമാണ് ഉയർന്നത്. മുൻ എഡിറ്റർമാരിൽ ഒരാൾ ഇതിനെ പത്രത്തിന്റെ ചരിത്രത്തിലെ 'ഏറ്റവും ഇരുണ്ട ദിവസങ്ങളിൽ ഒന്ന്' എന്നാണ് വിശേഷിപ്പിച്ചത്.

'ഇന്നത്തെ വാർത്ത വേദനാജനകമാണ്. ഇത് എളുപ്പമുള്ള തീരുമാനങ്ങളല്ല,' എന്ന് മറി ജീവനക്കാർക്ക് അയച്ച കുറിപ്പിൽ പറഞ്ഞു. 'നിലനിൽക്കുക മാത്രമല്ല, മുന്നേറാനും, നമ്മുടെ പത്രപ്രവർത്തനവും ബിസിനസ് മാതൃകയും പുതുക്കി ചിന്തിക്കേണ്ടതുണ്ട്,' എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കഴിഞ്ഞ മൂന്ന് വർഷത്തിനിടെ കൃത്രിമ ബുദ്ധിയുടെ (എഐ) വളർയോടെ ഓൺലൈൻ വായനക്കാരുടെ എണ്ണം കുത്തനെ കുറഞ്ഞതായും വിശദീകരിച്ചു.

'ജീവനക്കാരെ തുടർച്ചയായി ഒഴിവാക്കുന്നത് പത്രത്തെ ദുർബലപ്പെടുത്തുകയും, വായനക്കാരെ അകറ്റുകയും, വാഷിങ്ടൺ പോസ്റ്റിന്റെ ദൗത്യത്തെ തകർക്കുകയും ചെയ്യും,' എന്ന് വാഷിങ്ടൺ പോസ്റ്റ് ഗിൽഡ് പ്രസ്താവനയിൽ പറഞ്ഞു. പിരിച്ചുവിടപ്പെട്ട നിരവധി മാധ്യമപ്രവർത്തകർ സാമൂഹിക മാധ്യമങ്ങളിൽ പ്രതിഷേധമുയർത്തി. വിദേശ വാർത്തകൾ കുറയ്ക്കുന്ന തീരുമാനത്തിനെതിരെ ശക്തമായ പ്രതികരണമാണ് ഉയർന്നത്. പത്രത്തിന്റെ മുൻ കെയ്റോ ബ്യൂറോ ചീഫ്, മിഡിൽ ഈസ്റ്റ് മേഖലയിലെ മുഴുവൻ ലേഖകരും എഡിറ്റർമാരും ഒരുമിച്ച് പിരിച്ചുവിടപ്പെട്ടതായി വെളിപ്പെടുത്തി. ഉക്രെയിനിൽ നിന്നുള്ള ഒരു റിപ്പോർട്ടർ, യുദ്ധഭൂമിയുടെ നടുവിൽ ജോലി നഷ്ടപ്പെടേണ്ടി വന്നതിൽ രോഷം പ്രകടിപ്പിച്ചു.






# ആഴംകൊണ്ടും എഞ്ചിനീയറിംഗ് മികവ് കൊണ്ടും അത്ഭുതപ്പെടുത്തുന്ന ഏറ്റവും അപകടകരമായ ഇടം



ലോകത്തിലെ തന്നെ ഏറ്റവും ആഴമേറിയ സ്വർണ്ണ ഖനി ദക്ഷിണാഫ്രിക്കയിലാണ് സ്ഥിതി ചെയ്യുന്നത്. സങ്കല്പിക്കാൻ പോലും കഴിയാത്തത്ര ആഴത്തിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. കാർലെട്ടൺവില്ലിന് സമീപമുള്ള വിറ്റവാട്ടർ സ്രാൻഡ് ബേസിനിൽ സ്ഥിതി ചെയ്യുന്ന എംപോണെങ് സ്വർണ്ണഖനി ഭൂമിക്കടിയിലേക്ക് നാല് കിലോമീറ്ററിലധികം (2.5 മൈൽ) ആഴമുള്ളതാണ്. പത്ത് എംപയർ സ്റ്റേറ്റ് ബിൽഡിംഗുകൾ ഒന്നിനു മുകളിൽ ഒന്നായി അടുക്കിവെക്കാവുന്ന അത്രയും ആഴം ഈ ഖനിക്കുണ്ട്.

ഭൂനിരപ്പിൽ നിന്നും നാല് കിലോമീറ്ററിലധികം താഴേക്ക് വ്യാപിച്ചുകിടക്കുന്ന ഈ ഖനിയിൽ കഠിനമായ ചൂടും വെല്ലുവിളികളും നിറഞ്ഞ സാഹചര്യങ്ങളിലാണ് തൊഴിലാളികൾ ജോലി ചെയ്യുന്നത്. അവർ ഓരോ ദിവസവും അവിടെ നിന്നും സ്വർണ്ണം ഖനനം ചെയ്തെടുക്കുന്നു. ഈ ഖനി അതിന്റെ ആഴം കൊണ്ട് മാത്രമല്ല, മറിച്ച് അത് സുരക്ഷിതമായി പ്രവർത്തിപ്പിക്കാൻ ആവശ്യമായ എഞ്ചിനീയറിംഗ് മികവ് കൊണ്ടും ലോക പ്രശസ്തമാണ്.

ആദ്യം ആംഗ്ലോഗോൾഡ് അശാന്തിയുടെ കീഴിലായിരുന്ന ഈ ഖനി 2020ലാണ് ഹാർമണി ഗോൾഡ് ഏറ്റെടുത്തത്. ന്യൂയോർക്ക് സിറ്റിയിലെ സബ്‌വേ സിസ്റ്റത്തേക്കാൾ ദൈർഘ്യമുള്ള, ഏകദേശം 380 കിലോമീറ്ററിലധികം (236 മൈൽ) തുരങ്കങ്ങൾ ഈ ഖനിക്കുള്ളിലുണ്ട്. ഇതിന്റെ ഏറ്റവും താഴത്തെ തട്ടിലെത്തുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. മണിക്കൂറിൽ 64 കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ലിഫ്റ്റുകൾ (കേജുകൾ) ഉപയോഗിച്ച് ഏകദേശം രണ്ട് മുതൽ മൂന്ന് മണിക്കൂർ വരെ എടുത്താണ് ഖനിയുടെ അടിത്തട്ടിലേക്ക് തൊഴിലാളികൾ എത്തുന്നത്.

മാത്രമല്ല ഭൂമിക്കടിയിൽ വളരെ ദുഷ്കരമായ സാഹചര്യങ്ങളാണ് നിലവിലുള്ളത്. എംപോണെങ്ങിലെ ഖനികളിലെ പാറകളുടെ താപനില 66°C (150°F) വരെ എത്താറുണ്ട്. ഖനിത്തൊഴിലാളികൾക്ക് സുരക്ഷിതമായി ജോലി ചെയ്യുന്നതിനായി, ദിവസേന ഏകദേശം 6,000 ടൺ ഐസ് മിശ്രിതം ഭൂമിക്കടിയിലെ സംഭരണികളിലേക്ക് പമ്പ് ചെയ്യുന്നു. ഇത് തുരങ്കങ്ങളിലെ താപനില ഏകദേശം 28ഠഇ ആയി കുറയ്ക്കാൻ സഹായിക്കുന്നു. മുകൾഭാഗത്തുള്ള പാറകളുടെ ഭീമമായ ഭാരം കാരണം അവിടെ നിരന്തരമായ ഭൂകമ്പ മർദ്ദവും (Seismic pressure) അനുഭവപ്പെടാറുണ്ട്. തുരങ്കങ്ങൾ ഇടിഞ്ഞു വീഴാതിരിക്കാൻ സ്റ്റീൽ, കോൺക്രീറ്റ്, ഡയമണ്ട് മെഷ് വലകൾ എന്നിവ ഉപയോഗിച്ച് അവ ശക്തമായി ബലപ്പെടുത്തിയിട്ടുമുണ്ട്.

ഏകദേശം 30 ഇഞ്ച് മാത്രം വീതിയുള്ള വെന്റർസ്ഡോർപ്പ് കോൺടാക്റ്റ് റീഫ് എന്ന് വിളിക്കപ്പെടുന്ന പാളികളിലാണ് ഇവിടെ സ്വർണം കാണപ്പെടുന്നത്. ഏകദേശം 5,000 പൗണ്ട് സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് ഖനിത്തൊഴിലാളികൾ ഓരോ ദിവസവും ശരാശരി 6400 ടൺ പാറകൾ പൊട്ടിക്കുന്നു. ഇത്രയും വലിയ അധ്വാനത്തിലൂടെ ലഭിക്കുന്ന ചെറിയ അളവിലുള്ള സ്വർണം പോലും അങ്ങേയറ്റം മൂല്യമുള്ളതാണ്. ഖനനം ലാഭകരമായി മുന്നോട്ട് കൊണ്ടുപോകാൻ ഒരു ടൺ പാറയിൽ നിന്ന് വെറും 0.35 ഔൺസ് സ്വർണം മാത്രം ലഭിച്ചാൽ മതിയാകും.

എംപോണെങ് ഖനിയിൽ നിന്ന് പ്രതിവർഷം 8,000 കിലോഗ്രാമിലധികം സ്വർണ്ണമാണ് ഉത്പാദിപ്പിക്കുന്നത്. അതായത് ഏകദേശം 250,000 മുതൽ 275,000 ഔൺസ് വരെ. ഭൂമിക്കടിയിലെ തുരങ്ക ശൃംഖല വളരെ വിശാലമായതിനാൽ ഉത്പാദനം തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകാൻ തൊഴിലാളികൾ വിവിധ ഷിഫ്റ്റുകളിലായാണ് ജോലി ചെയ്യുന്നത്. ഓരോ ദിവസവും തുരങ്കങ്ങൾക്കുള്ളിലെ ദീർഘദൂര പാതകളിലൂടെയാണ് ഇവർ സഞ്ചരിക്കുന്നത്. പ്രവർത്തനക്ഷമതയും സുരക്ഷയും ഉറപ്പാക്കുന്ന രീതിയിലാണ് ഇവിടുത്തെ ലോജിസ്റ്റിക് സംവിധാനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. മാത്രമല്ല ലോകത്തിലെ തന്നെ ഏറ്റവും ആധുനികമായ സ്വർണ്ണ ഖനന പ്രവർത്തനങ്ങളിൽ ഒന്നായാണ് ഇത് കണക്കാക്കപ്പെടുന്നത്.

അതേസമയം ചില തുരങ്കങ്ങൾ 'സാമ സാമാസ്' എന്ന് വിളിക്കപ്പെടുന്ന നിയമവിരുദ്ധ ഖനിത്തൊഴിലാളികൾ കൈക്കലാക്കിയിട്ടുണ്ട്. സ്വർണ്ണം, ഇരുമ്പയിര്, കൽക്കരി, മാംഗനീസ് തുടങ്ങിയ ധാതുക്കൾക്കായി ഇവർ മാസങ്ങളോളം ഭൂമിക്കടിയിൽ തന്നെ താമസിക്കാറുണ്ട്. ഇസിസുലു ഭാഷയിൽ 'ഒരു കൈ നോക്കുക' അല്ലെങ്കിൽ 'അവസരം മുതലാക്കുക' എന്നാണ് സാമ സാമ എന്ന വാക്കിന്റെ ഏതാണ്ട് അർത്ഥം വരുന്നത്. ഖനനത്തിനായി വളരെ ലളിതമായ ഉപകരണങ്ങളും സ്ഫോടക വസ്തുക്കളുമാണ് ഇവർ ഉപയോഗിക്കുന്നത്.

അതുപോലെ തന്നെ ഖനിയുടെ ഉള്ളിലെ ഭൂഗർഭ ജലത്തിൽ ശാസ്ത്രജ്ഞർ സവിശേഷമായ ഒരു തരം ബാക്ടീരിയയെ കണ്ടെത്തിയിട്ടുണ്ട്. 'ഡെസൾഫോറൂഡിസ് ഔഡാക്സ്വിയേറ്റർ' എന്ന് വിളിക്കപ്പെടുന്ന ഇവയ്ക്ക് സൂര്യപ്രകാശത്തിന്റെ സഹായമില്ലാതെ പൂർണ്ണമായും അതിജീവിക്കാൻ കഴിയും. പാറകളിലെ സ്വാഭാവികമായ റേഡിയോ ആക്ടീവ് ശോഷണത്തിൽ (Radioactive decay) നിന്നാണ് ഇവ അതിനാവശ്യമായ ഊർജ്ജം കണ്ടെത്തുന്നത്.

ഖനിയുടെ ആഴം വീണ്ടും വർദ്ധിപ്പിക്കുന്നതിനായി 2024 ന്റെ ആരംഭത്തിൽ ഏകദേശം 4,500 കോടി രൂപ (7.9 ബില്യൺ റാൻഡ്) ചിലവ് വരുന്ന ഒരു വമ്പൻ പദ്ധതിക്ക് ഹാർമണി ഗോൾഡ് അംഗീകാരം നൽകി. ഈ വിപുലീകരണത്തിലൂടെ ഖനിയുടെ ആഴം 270 മീറ്റർ കൂടി വർദ്ധിക്കും. ഇതോടെ ഉപരിതലത്തിൽ നിന്ന് 4.22 കിലോമീറ്റർ ആഴത്തിലേക്ക് ഖനി എത്തുന്നതിനോടൊപ്പം, അതിന്റെ പ്രവർത്തന കാലാവധി ഏകദേശം 20 വർഷം കൂടി നീട്ടാനും സാധിക്കും.

എംപോണെങ് കൂടാതെ, ലോകത്തിലെ ഏറ്റവും ആഴമേറിയ സ്വർണ്ണഖനികളിൽ പലതും ദക്ഷിണാഫ്രിക്കയിലെ വിറ്റ്വാട്ടർസ്രാൻഡ് ബേസിനിലാണ് സ്ഥിതി ചെയ്യുന്നത്. ഒരുകാലത്ത് ലോകത്തിലെ ഏറ്റവും ആഴമേറിയ ഖനിയായി അറിയപ്പെട്ടിരുന്ന ടൗടോണ ഏകദേശം 3.9 കിലോമീറ്റർ ആഴത്തിലുള്ളതാണ്. ജോഹന്നാസ്ബർഗിന് സമീപം സ്ഥിതി ചെയ്യുന്ന സാവുക ഖനി 3.7 കിലോമീറ്റർ ആഴവുമായി തൊട്ടുപിന്നിലുണ്ട്. ഏകദേശം 3.585 കിലോമീറ്റർ ആഴം രേഖപ്പെടുത്തിയ ഈസ്റ്റ് റാൻഡ് ഖനിയും ചരിത്രപരമായ മറ്റൊരു പ്രധാന ഖനന കേന്ദ്രമാണ്.

കൂടാതെ അത്യന്തം ആഴമേറിയ നിലകളിൽ പ്രവർത്തനം തുടരുന്ന മറ്റ് പല ഖനികളും ലോകത്തുണ്ട്. പ്രധാന സ്വർണ്ണ ഉത്പാദന കേന്ദ്രമായ ഡ്രീഫോണ്ടെയ്ൻ ഏകദേശം 3.42 കിലോമീറ്റർ ആഴത്തിലാണുള്ളത്. ക്ലൂഫ്, കുസാസലേത്തു എന്നീ ഖനികൾ 3.3 കിലോമീറ്ററിൽ കൂടുതൽ ആഴത്തിൽ പ്രവർത്തിക്കുമ്പോൾ, ബ്ലൈവൂർസിച്ച് ഏകദേശം 3.2 കിലോമീറ്റർ ആഴത്തിൽ സ്വർണ്ണത്തോടൊപ്പം യുറേനിയവും ഉത്പാദിപ്പിക്കുന്നു.

ദക്ഷിണാഫ്രിക്കയ്ക്ക് പുറത്തുള്ള ഖനികളിൽ, പടിഞ്ഞാറൻ അർദ്ധഗോളത്തിലെ ഏറ്റവും ആഴമേറിയ ഖനികളിലൊന്നായി കാനഡയിലെ ലാറോണ്ട് ഖനി വേറിട്ടുനിൽക്കുന്നു. ഇതിന്റെ ഖനന പ്രവർത്തനങ്ങൾ ഉപരിതലത്തിൽ നിന്ന് 3 കിലോമീറ്ററിലധികം താഴേക്ക് വ്യാപിച്ചുകിടക്കുന്നതാണ്.

# ദാദാസാഹിബ് ഫാൽക്കെ അവാർഡ് ജേതാവ് മോഹൻലാലിനെ ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജോസ് മണക്കാട്ട് അഭിനന്ദിച്ചു



ഷിക്കാഗോ: ഇന്ത്യൻ സിനിമയിലെ പരമോന്നത ബഹുമതിയായ ദാദാസാഹിബ് ഫാൽക്കെ അവാർഡ് ലഭിച്ച മഹാനടൻ മോഹൻലാലിനെ ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജോസ് മണക്കാട്ട് നേരിട്ട് സന്ദർശിച്ച് അഭിനന്ദിച്ചു. എറണാകുളത്തുള്ള മോഹൻലാലിന്റെ വസതിയിലെത്തിയാണ് അദ്ദേഹം ഈ ആദരവ് അറിയിച്ചത്.

നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനകളിലൊന്നായ ഷിക്കാഗോ മലയാളി അസോസിയേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജോസ് മണക്കാട്ട് വിശദീകരിക്കുകയും സംഘടനയുടെ എല്ലാ അംഗങ്ങളുടെയും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും ആശംസകളും മോഹൻലാലിന് കൈമാറുകയും ചെയ്തു.

ഷിക്കാഗോ മലയാളി സമൂഹത്തിന്റെ സ്നേഹവും അഭിമാനവും ഏറ്റുവാങ്ങിയ മോഹൻലാൽ, അസോസിയേഷന്റെ പ്രവർത്തനങ്ങളെ പ്രശംസിക്കുകയും സംഘടനയ്ക്ക് തന്റെ എല്ലാ ആശംസകളും അറിയിക്കുകയും ചെയ്തു. ഒരു മണിക്കൂറോളം നീണ്ട സൗഹൃദ സംഭാഷണത്തിൽ മോഹൻലാൽ നാളിതു വരെ മലയാള സിനിമയ്ക്കു നൽകിയ സംഭാവനകളെ ജോസ് മണക്കാട്ട് പ്രകീർത്തിക്കുകയും അദ്ദേഹത്തിന് ഹൃദയപൂർവ്വമായ ആശംസകൾ അറിയിക്കുകയും ചെയ്തു.

കൂടിക്കാഴ്ചയ്ക്ക് ശേഷം, അമേരിക്കയിലേക്ക് മോഹൻലാലിനെ ഔദ്യോഗികമായി ക്ഷണിച്ചതായി ജോസ് മണക്കാട്ട് അറിയിച്ചു. ഈ സൗഹൃദപരമായ കൂടിക്കാഴ്ച മലയാളി സമൂഹത്തിനും ചലച്ചിത്രലോകത്തിനും ഷിക്കാഗോ മലയാളി അസോസിയേഷനും ഒരുപോലെ അഭിമാനകരമായ ഒരു നിമിഷമായി മാറി.

# വൈറ്റ് ഹൗസ് സാമ്പത്തിക ഉപദേഷ്ടക സമിതിയുടെ അധ്യക്ഷ സ്ഥാനം രാജിവെച്ച് സ്റ്റീഫൻ മിറാൻ



വാഷിംഗ്ടൺ: വൈറ്റ് ഹൗസ് സാമ്പത്തിക ഉപദേഷ്ടക സമിതിയുടെ അധ്യക്ഷ സ്ഥാനം രാജിവെച്ച് ഫെഡറൽ റിസർവ് ഗവർണർ സ്റ്റീഫൻ മിറാൻ. ഫെഡറൽ റിസർവ് ഗവർണറായ സ്റ്റീഫൻ മിറാൻ വൈറ്റ് ഹൗസിന്റെ കൗൺസിൽ ഓഫ് ഇക്കണോമിക് അഡ്വൈസേഴ്സ് (CEA) അധ്യക്ഷ സ്ഥാനത്ത് നിന്ന് ചൊവ്വാഴ്ച രാജിവെച്ചതായി വൈറ്റ് ഹൗസ് വക്താവ് അറിയിച്ചു.

കഴിഞ്ഞ വർഷം പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്, ഫെഡറൽ റിസർവ് ബോർഡ് ഓഫ് ഗവർണേഴ്സിൽ ഉണ്ടായ അപ്രതീക്ഷിത ഒഴിവിലേക്ക് മിറാനെ നിയമിച്ചതിനെ തുടർന്ന്, അദ്ദേഹം CEA അധ്യക്ഷ സ്ഥാനത്ത് നിന്ന് ശമ്പളമില്ലാത്ത അവധിയിലായിരുന്നു. മിറാന്റെ ഫെഡ് ബോർഡ് കാലാവധി ജനുവരി 31ന് അവസാനിച്ചതാണ്.

ഗവർണർ സ്ഥാനത്തെ കാലാവധി അവസാനിച്ചിരുന്നെങ്കിലും, സെനറ്റ് പുതിയ പിൻഗാമിയെ സ്ഥിരീകരിക്കുന്നതുവരെ മിറാന് നിലവിലെ സ്ഥാനത്ത് തുടരാൻ കഴിയുമെന്ന് അധികൃതർ അറിയിച്ചു.

ഇതിനിടെ, കഴിഞ്ഞ വെള്ളിയാഴ്ച പ്രസിഡന്റ് ട്രംപ്, ഫെഡറൽ റിസർവിന്റെ അടുത്ത ചെയർമാനായി മുൻ ഫെഡ് ഗവർണർ കെവിൻ വാർഷിനെ നാമനിർദേശം ചെയ്യാനുള്ള പദ്ധതിയുണ്ടെന്ന് പ്രഖ്യാപിച്ചിരുന്നു. ഫെഡ് ബോർഡ് സീറ്റ് തന്നെയാകും വാർഷിന് നൽകപ്പെടുക എന്നാണ് സൂചന.




# അന്ത്യം കുറിച്ച് റഷ്യ– അമേരിക്ക ആണവ കരാർ

(ഒന്നാം പേജ് തുടർച്ച)

ത്രുതാപരമായ നിലപാടുകളും, ഉക്രെയ്ൻ സംഘർഷത്തിൽ ഇടപെടുന്നതും ഉന്നയിച്ചായിരുന്നു റഷ്യൻ നടപടി.

### ആഗോള ആണവായുധ മത്സരത്തിന് വഴിയൊരുക്കും

ലോകത്തിലെ മൊത്തം ആണവായുധങ്ങളിൽ 87 ശതമാനം കൈവശം വച്ചിരിക്കുന്ന അമേരിക്കയും റഷ്യയും തമ്മിലുള്ള ആണവായുധ വിന്യാസത്തെ നിയന്ത്രിക്കുന്ന ഒരേയൊരു കരാറായിരുന്നു ഇത്. 2010 ൽ ഒപ്പുവെച്ച ഈ കരാർ ഇരു രാജ്യങ്ങൾക്കും വിന്യസിക്കാവുന്ന തന്ത്രപരമായ ആണവ പോർമുനകളുടെ (Strategic Nuclear Warheads) എണ്ണം 1,550 ആയും മിസൈലുകളുടെ എണ്ണം 700 ആയും പരിമിതപ്പെടുത്തിയിരുന്നു.

ഉക്രെയ്ൻ യുദ്ധത്തെത്തുടർന്ന് റഷ്യ 2023 ൽ കരാർ റദ്ദാക്കിയിരുന്നുവെങ്കിലും, 2026 വരെ ഇത് പാലിക്കാൻ സന്നദ്ധത അറിയിച്ചിരുന്നു. എന്നാൽ പുതിയ കരാറിനായുള്ള ചർച്ചകൾ നടന്നിരുന്നില്ല. കരാർ അവസാനിക്കുന്നതോടെ, റഷ്യയ്ക്ക് തങ്ങളുടെ ആണവ പോർമുനകളുടെ എണ്ണം കുറയ്ക്കുന്നതിൽ നിന്ന് നിയമപരമായ നിയന്ത്രണം ഇല്ലാതാകും. ഇത് ലോകമെമ്പാടുമുള്ള ആണവായുധ വർദ്ധനവിന് കാരണമായേക്കാം. 2026 ഫെബ്രുവരിയിലെ നില അനുസരിച്ച്, കരാർ അവസാനിക്കുന്നത് ആണവ ആയുധങ്ങളുടെ നിയന്ത്രണമില്ലാത്ത ഒരു കാലഘട്ടത്തിലേക്ക് ലോകത്തെ എത്തിക്കുമെന്നും വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.

### ‘അത് കാലഹരണപ്പെട്ടാൽ, അതിനേക്കാൾ മികച്ച ഒന്ന് വരും’ ട്രംപ്

ലോകത്തിലെ ഏറ്റവും ശക്തമായ ആണവായുധങ്ങളുടെ വിന്യാസത്തിൽ പരിധി നീട്ടാനുള്ള മോസ്കോയുടെ വാഗ്ദാനം സ്വീകരിക്കാതെ, അവസാനത്തെ യുഎസ്റഷ്യ തന്ത്രപരമായ ആയുധ നിയന്ത്രണ ഉടമ്പടി കാലഹരണപ്പെടാൻ അനുവദിക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് സൂചിപ്പിച്ചതായി മുമ്പ് ഒരു പ്രസ്താവനയിൽ പറഞ്ഞിരുന്നു. ‘അത് കാലഹരണപ്പെട്ടാൽ, കാലഹരണപ്പെടും’ ബുധനാഴ്ച ന്യൂയോർക്ക് ടൈംസിന് നൽകിയ അഭിമുഖത്തിൽ ട്രംപ് 2010 ലെ കരാറിനെക്കുറിച്ച് പറഞ്ഞു. നമ്മൾ ഒരു മികച്ച കരാർ ഉണ്ടാക്കുമെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു.

ഫെബ്രുവരി 5 ന് കരാർ കാലഹരണപ്പെടുന്നതോടെ ലോകത്തിലെ ഏറ്റവും വലിയ രണ്ട് ആണവ ശക്തികൾ അതിന്റെ പരിധിക്കപ്പുറം തന്ത്രപരമായ പോർമുനകൾ വിന്യസിക്കാൻ തുടങ്ങുമെന്നും ഇത് ആഗോള ആയുധ നിയന്ത്രണ വ്യവസ്ഥയുടെ അടിവേര് ഇളക്കുമെന്നും ആയുധ നിയന്ത്രണ വക്താക്കൾ ഭയപ്പെടുന്നു. ന്യൂ സ്റ്റാർട്ട് കാലാവധി കഴിഞ്ഞാലും തന്ത്രപരമായ ആണവായുധ വിന്യാസത്തിന്റെ പരിധി സ്വമേധയാ നിലനിർത്താൻ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ സെപ്തംബറിൽ നൽകിയ വാഗ്ദാനം ട്രംപ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നതിനെക്കുറിച്ചും ഇതുവരെ വ്യക്തത വരുത്തിയിരുന്നില്ല.

അതേസമയം കരാർ കാലാവധി കഴിഞ്ഞാലും അതിൽ പറഞ്ഞിരിക്കുന്ന പരിധികൾ നിലനിർത്താൻ ആഗ്രഹിക്കുന്നുവെന്ന് ട്രംപ് ജൂലൈയിൽ പറഞ്ഞിരുന്നു. എന്നാൽ എല്ലാ ഊഹാപോഹങ്ങൾക്കും ഫെബ്രുവരി അഞ്ചോടെ അന്ത്യം കുറിച്ചിരിക്കുകയാണ്.

### ചൈനയെ ഉൾപ്പെടുത്താനുള്ള ശ്രമം

മിസൈലുകൾ, ബോംബറുകൾ, അന്തർവാഹിനികൾ എന്നിങ്ങനെ 700 വിക്ഷേപണ വാഹനങ്ങളിൽ 1,550 വാർഹെഡുകളിൽ കൂടുതൽ വിന്യസിക്കരുതെന്നാണ് കരാർ യുഎസിനും റഷ്യയ്ക്കുമായി പരിമിതപ്പെടുത്തിയിരിക്കുന്നത്. 2021 ൽ അഞ്ച് വർഷത്തേക്ക് ഇത് പുതുക്കാൻ പുടിനും മുൻ യുഎസ് പ്രസിഡന്റ് ജോ ബൈഡനും സമ്മതിച്ചിരുന്നു. ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന തന്ത്രപരമായ ആണവശക്തിയുള്ള ചൈനയെ, ന്യൂ സ്റ്റാർട്ടിന് പകരമുള്ള ഒരു കരാറിൽ ഉൾപ്പെടുത്തണമെന്ന് ട്രംപ് ന്യൂയോർക്ക് ടൈംസിനോട് പറഞ്ഞിരുന്നു.

ന്യൂ സ്റ്റാർട്ടിന്റെ അവസാനത്തെക്കുറിച്ച് ചോദിച്ച യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ, അത് നീട്ടാൻ തിടുക്കം കാട്ടിയില്ല. ട്രംപ് പിന്നീട് ഈ വിഷയം അഭിസംബോധന ചെയ്യുമെന്ന് മാത്രമാണ് പറഞ്ഞത്. 21ാം നൂറ്റാണ്ടിൽ യഥാർത്ഥ ആയുധ നിയന്ത്രണം ഉറപ്പാക്കുന്നതിന്, ചൈനയെ ഉൾപ്പെടുത്താതെ എന്തെങ്കിലും ചെയ്യാൻ കഴിയില്ലെന്ന് പ്രസിഡന്റിന് മുമ്പ് വ്യക്തമായിരുന്നു. കാരണം അവരുടെ വിശാലവും വേഗത്തിൽ വളരുന്നതുമായ ആയുധശേഖരം തന്നെ ആണെന്ന് റൂബിയോ വ്യക്തമാക്കിയിരുന്നു. ചൈനയുടെ ആണവായുധശേഖരം വേഗത്തിൽ വളരുകയാണ്. പക്ഷേ ഇപ്പോഴും റഷ്യയുടെയും യുഎസിന്റെയും നിലവാരത്തേക്കാൾ വളരെ താഴെയാണ്. ചൈനയെ ഉൾപ്പെടുത്തണമെന്ന് നിർബന്ധിച്ചതിനാൽ ട്രംപ് തന്റെ ആദ്യ ടേമിൽ ന്യൂ സ്റ്റാർട്ടിനെ നഷ്ടപ്പെടുത്താൻ പോലും തയ്യാറായിരുന്നു. ട്രംപ് തന്റെ ആദ്യ ഭരണകൂടത്തിൽ ആ നിർദ്ദേശം പ്രോത്സാഹിപ്പിച്ചത് മുതൽ, അമേരിക്ക അതിന്റെ പ്രധാന ആഗോള എതിരാളിയായി കാണുന്ന ബീജിംഗ്, ആ നിർദ്ദേശം നിരസിച്ചിരുന്നു. പെന്റഗൺ റിപ്പോർട്ട് പ്രകാരം ചൈന തങ്ങളുടെ ഏറ്റവും പുതിയ മൂന്ന് സൈലോഫീൽഡുകളിലൂടെ നൂറിലധികം ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈലുകൾ കയറ്റിയിട്ടുണ്ടാകാമെന്നും അതുകൊണ്ടു തന്നെ ആയുധ നിയന്ത്രണ ചർച്ചകളിൽ അവർക്ക് താൽപ്പര്യമില്ലെന്നും പറഞ്ഞിരുന്നു.

### ഇനി പരിധികളില്ല റഷ്യ

യുഎസുമായുള്ള കരാർ അവസാനിക്കുന്നതിനാൽ റഷ്യയ്ക്ക് ഇനി ആണവായുധ പരിധികൾ ബാധകമല്ലെന്ന് വ്യക്തമാക്കിയിരിക്കുകയാണ് റഷ്യ. മോസ്കോയെയും വാഷിംഗ്ടണിനെയും അവരുടെ ആണവായുധ ശേഖരണത്തിലെ നിയന്ത്രണങ്ങളുടെ ഒരു നിരയിൽ നിന്ന് മോചിപ്പിക്കും. ഉടമ്പടിയുടെ തകർച്ച ലോകത്തിലെ മുൻനിര ആണവ ശക്തികൾക്കിടയിൽ ഒരു പുതിയ ആയുധ മത്സരം അഴിച്ചുവിടുമെന്നും ചൈനയെ അതിന്റെ ആയുധശേഖരം വികസിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുമെന്നും വിദഗ്ധർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

‘ന്യൂ സ്റ്റാർട്ട് ഉടമ്പടിയിലെ കക്ഷികൾ ഇനി ഉടമ്പടിയുടെ പശ്ചാത്തലത്തിൽ ഏതെങ്കിലും ബാധ്യതകളോ പ്രഖ്യാപനങ്ങളോ കൊണ്ട് ബന്ധിതരല്ലെന്ന് ഞങ്ങൾ അനുമാനിക്കുന്നു.’ റഷ്യയുടെ വിദേശകാര്യ മന്ത്രാലയം ഒരു പ്രസ്താവനയിൽ പറഞ്ഞു. റഷ്യൻ ഫെഡറേഷൻ ഉത്തരവാദിത്തത്തോടെയും വിവേകത്തോടെയും പ്രവർത്തിക്കുമെന്നും പക്ഷേ ദേശീയ സുരക്ഷയ്ക്ക് ഭീഷണി ഉണ്ടായാൽ നിർണ്ണായക പ്രതിരോധ നടപടികൾ സ്വീകരിക്കാൻ തയ്യാറാണെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സെപ്തംബറിൽ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ കരാറിലെ വാർഹെഡ് പരിധികൾ ഒരു വർഷത്തേക്ക് പാലിക്കാൻ വാഗ്ദാനം ചെയ്തിരുന്നു. പക്ഷേ അദ്ദേഹത്തിന് വാഷിംഗ്ടണിൽ നിന്ന് ഔദ്യോഗിക പ്രതികരണം ലഭിച്ചില്ലെന്ന് ക്രെംലിൻ പറയുന്നു. അന്ന് അത് നല്ല ആശയമാണെന്ന് തോന്നിയെങ്കിലും പിന്നീട് ചർച്ചകളൊന്നും നടന്നില്ല.

2020 ലെ തിരഞ്ഞെടുപ്പിൽ ട്രംപിനെ പരാജയപ്പെടുത്തിയതിന് ശേഷം അഞ്ച് വർഷത്തേക്ക് ന്യൂ സ്റ്റാർട്ട് നീട്ടാൻ ജോ ബൈഡൻ റഷ്യയുമായി സമ്മതിച്ചു, എന്നാൽ പിന്നീട് ഉക്രെയ്നിലെ മോസ്കോയുടെ യുദ്ധത്തെത്തുടർന്ന് ഇരു രാജ്യങ്ങളും തമ്മിലുള്ള സംഘർഷം വഷളായി. 2010 ൽ അന്നത്തെ റഷ്യൻ പ്രസിഡന്റ് ദിമിത്രി മെദ്വദേവും അദ്ദേഹത്തിന്റെ യുഎസ് എതിരാളി ബരാക് ഒബാമയും ഒപ്പുവച്ച ഉടമ്പടി, ഇരു കക്ഷികളുടെയും ആണവായുധ ശേഖരം 1,550 വിന്യസിച്ച തന്ത്രപരമായ വാർഹെഡുകളായി പരിമിതപ്പെടുത്തി, 2002 ൽ നിശ്ചയിച്ചിരുന്ന മുൻ പരിധിയേക്കാൾ ഏകദേശം 30 ശതമാനം കുറവ്.

കോവിഡ് 19 പാൻഡെമിക് സമയത്ത് ഇവ താൽക്കാലികമായി നിർത്തിവച്ചിരുന്നുവെങ്കിലും അതിനുശേഷം പുനരാരംഭിച്ചിട്ടില്ലെങ്കിലും, ഓരോ കക്ഷിക്കും പരസ്പരം ആണവായുധ ശേഖരത്തിന്റെ ഓൺസൈറ്റ് പരിശോധനകൾ നടത്താനും ഇത് അനുവദിച്ചു. 2023 ൽ റഷ്യ കരാറിലെ പങ്കാളിത്തം മരവിപ്പിച്ചു, പക്ഷേ വാർഹെഡ് പരിധികൾ സ്വമേധയാ പാലിക്കുന്നത് തുടരുകയാണെന്ന് പറഞ്ഞു.

### മത്സരം ഒഴിവാക്കണം, ന്യൂ സ്റ്റാർട്ട് പുതുക്കണം: ലിയോ മാർപ്പാപ്പ

അമേരിക്കയും റഷ്യയും ആണവായുധ നിയന്ത്രണ കരാറായ ന്യൂ സ്റ്റാർട്ട് പുതുക്കണമെന്ന് അഭ്യർത്ഥിച്ച് ലിയോ മാർപാപ്പ. വത്തിക്കാനിൽ നടത്തിയ പ്രതിവാര പ്രഭാഷണത്തിലാണ് മാർപാപ്പ ഈ ആവശ്യം ഉന്നയിച്ചത്. ആയുധ മത്സരം ഒഴിവാക്കാൻ സാധ്യമായതെല്ലാം ചെയ്യാൻ നിലവിലെ ലോകസാഹചര്യം ആവശ്യപ്പെടുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഓരോ രാജ്യവും വിന്യസിച്ചിരിക്കുന്ന തന്ത്രപരമായ ആണവായുധങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുന്ന, ആണവായുധ നിയന്ത്രണ ഉടമ്പടിയായ ന്യൂ സ്റ്റാർട്ട് പുതുക്കാൻ റഷ്യയിലെയും അമേരിക്കയിലെയും നേതാക്കൾ സന്നദ്ധമാകണം. ഭയത്തിനും അവിശ്വാസത്തിനും പകരം പൊതുനന്മയ്ക്കായിട്ടുള്ള ധാർമ്മികത സ്ഥാപിക്കേണ്ടത് മുമ്പെന്നത്തേക്കാളും അത്യന്താപേക്ഷിതമാണ് എന്നും മാർപാപ്പ പറഞ്ഞു.

# ചൈനയെ നേരിടാൻ ധാതു വ്യാപാര ബ്ലോക്കുമായി യുഎസ്

(ഒന്നാം പേജ് തുടർച്ച)

ർത്തുമെന്നും വാൻസ് വ്യക്തമാക്കി. ഈ പ്രഖ്യാപനത്തെ തുടർന്ന് ധാതു കമ്പനികളുടെ ഓഹരികൾ ഇടിഞ്ഞു. MP Materials 2.8 ശതമാനവും, Critical Metals 7.7 ശതമാനവും, NioCorp Developments 2.8 ശതമാനവും, USA Rare Earths 6.6 ശതമാനവും ന്യൂയോർക്ക് വ്യാപാരത്തിൽ നഷ്ടത്തിലായി.

### നിർണായക ഖനിജങ്ങൾക്ക് വിലനിയന്ത്രണം

സഖ്യരാജ്യങ്ങളും പങ്കാളികളും ചേർന്ന് ഒരു വ്യാപാര ബ്ലോക്ക് രൂപീകരിക്കണമെന്ന് വാൻസ് ആഹ്വാനം ചെയ്തു. ഇതിലൂടെ അമേരിക്കയ്ക്ക് സ്ഥിരമായ ധാതു ലഭ്യത ഉറപ്പാക്കുകയും, അതോടൊപ്പം മുഴുവൻ മേഖലയിലും ഉൽപാദനം വർധിപ്പിക്കുകയുമാണ് ലക്ഷ്യം. അമേരിക്കൻ തൊഴിലാളി വർഗത്തിന്റെ വക്താവായി സ്വയം അവതരിപ്പിക്കുന്ന വാൻസ്, ഈ പദ്ധതി ഉയർന്ന വേതനമുള്ള, നൈപുണ്യമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പറഞ്ഞു.

“നമ്മുടെ സുഹൃത്തുക്കളും സഖ്യങ്ങളും ഈ പദ്ധതിയുടെ ഭാഗമാകണമെന്നും അവർക്കും ഇതിന്റെ പ്രയോജനം ലഭിക്കണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു,” എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ലോക സമ്പദ്‌വ്യവസ്ഥയുടെ ഏകദേശം മൂന്നിൽ രണ്ട് ഭാഗം ഉൾക്കൊള്ളുന്ന ഈ ബ്ലോക്ക്, നിർണായക ധാതുക്കൾക്ക് കുറഞ്ഞത് നിലനിൽക്കേണ്ട വില നിയന്ത്രിക്കുമെന്ന് വ്യക്തമാക്കുന്നു. ചൈനയുടെ വലിയ തോതിലുള്ള കയറ്റുമതികൾ വിപണിയെ അസ്ഥിരമാക്കുമെന്ന ആശങ്കയാണ് ഇതിന് പിന്നിൽ.

“വിലകൾ അനിശ്ചിതവും പ്രവചിക്കാനാകാത്തതുമായിരിക്കുമ്പോൾ നിക്ഷേപം പ്രായോഗികമായി അസാധ്യമാണ്,” എന്ന് വാൻസ് പറഞ്ഞു. ലോകത്തിലെ അപൂർവ ഭൂമിദ്രവ്യങ്ങളുടെ (Rare Earths) ഏകദേശം 60 ശതമാനം ഖനനം ചൈന നടത്തുന്നതായും, 90 ശതമാനം സംസ്കരണം അവിടെയാണെന്നും റിപ്പോർട്ടുകൾ പറയുന്നു. ഒക്ടോബറിൽ, ട്രംപുമായുള്ള ഒരു കരാറിന്റെ ഭാഗമായി, ചൈന അമേരിക്കയ്ക്ക് ഒരു വർഷത്തെ ഇളവ് അനുവദിച്ചിരുന്നു.

ജപ്പാൻ, ഓസ്ട്രേലിയ, സൗദി അറേബ്യ, ദക്ഷിണ കൊറിയ, തായ്‌ലാൻഡ് തുടങ്ങിയ സഖ്യരാജ്യങ്ങളുമായി അമേരിക്ക ഇതിനകം തന്നെ നിർണായക ഖനിജങ്ങളെക്കുറിച്ചുള്ള കരാറുകൾ ശക്തമാക്കിയിട്ടുണ്ട്. ഇന്റീരിയർ സെക്രട്ടറി ഡഗ് ബർഗം പറഞ്ഞതനുസരിച്ച്, ബുധനാഴ്ച കൂടുതൽ 11 രാജ്യങ്ങൾ ഈ പദ്ധതിയിൽ ചേരും.

ഇതുകൂടാതെ, 20 രാജ്യങ്ങൾ കൂടി പങ്കാളികളാകാൻ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.







**SEEKING BRIDEGROOM**

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.

**Contact:+1-630-642-4596**

**Email: lukescyriac@gmail.com**

#010726

**വരനെ ആവശ്യമുണ്ട്**

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786 – 868 – 7192, 786 – 825 – 5748**

#010726

**SEEKING BRIDEGROOM**

We are seeking a suitable proposel for our Niece aged 25 (Height 155cm, Weight 43kg) from a middle upper class Catholic family, Kanjirappally Dioces. She is doing her masters research in plant pathology. She is God fearing, slim and fare. Considering proposals from abroad and India.

**Contact: 630-605-0241, India: 91-9946 968570**

#010726

**Holiday Let**
**Penthouse in Kochi**

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/ Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#010726

**ഷിക്കാഗോ സബർബിൽ കെയർഗിവറെ ആവശ്യമുണ്ട്**

**ഷിക്കാഗോയുടെ സബർബായ Northlakeൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 Days, 5 Hours Daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847 – 648 – 3300**

#010726

**ബേബി സിറ്ററെ ആവശ്യമുണ്ട്**


**ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് വന്നുപോയോ വീട്ടിൽ താമസിച്ചോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക:**
**മോഹിൻ 773 – 679 – 5526,**
**ആൽബി 773 – 396 – 0535**

#010726


## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കു വേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**ചാക്കോ തോമസ്**

#010726

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**വർഗീസ്**

#010726


Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM

To Advertise
1 773 – 888 – 2242
1 773 – 842 – 9149
1 773 – 888 – 2243
vachakamonline@gmail.com
news@vachakam.com

Vachakam.com

For E-Paper reading visit Vachakam.com


# 'വിവാഹ ജീവിതത്തിലെ വേദനാജനകമായ ഓർമ്മകൾ'; എപ്സ്റ്റീൻ രേഖകളിൽ ബിൽ ഗേറ്റ്സിന്റെ പേര്; പ്രതികരണവുമായി മുൻ ഭാര്യ മെലിൻഡ

ബില്യണറും സാമൂഹ്യപ്രവർത്തകയും ആയ മെലിൻഡ ഫ്രെഞ്ച് ഗേറ്റ്സ്, അന്തരിച്ച ലൈംഗിക കുറ്റവാളി ജെഫ്രി എപ്സ്റ്റീനുമായി ബന്ധപ്പെട്ട പുതിയ രേഖകളിൽ മുൻ ഭർത്താവും മൈക്രോസോഫ്റ്റ് സഹസ്ഥാപകനുമായ ബിൽ ഗേറ്റ്സിന്റെ പേര് ഉൾപ്പെട്ടതിനെ കുറിച്ച് പ്രതികരണവുമായി രംഗത്ത്. തന്റെ വിവാഹജീവിതത്തിലെ ഏറ്റവും വേദനാജനകമായ കാലത്തെ ഓർമ്മിപ്പിച്ചുവെന്നാണ് അവർ പ്രതികരിച്ചത്.

തനിക്ക് ഇക്കാര്യത്തിൽ 'വളരെ വലിയ ദുഃഖം' തോന്നിയതായും രേഖകളിൽ പേരുള്ളവർ - മുൻ ഭർത്താവ് ഉൾപ്പെടെയുള്ളവർ എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകേണ്ടതുണ്ടെന്നും അവർ പറഞ്ഞു. 'ആ അഴുക്കിൽ നിന്ന് അകന്നുനിൽക്കാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷവതിയാണ്,' എന്നും അവൾ കൂട്ടിച്ചേർത്തു. എൻപിആർ പോഡ്കാസ്റ്റിൽ സംസാരിക്കവെ ആണ് മെലിൻഡ തന്റെ മനസ് തു



റന്നത്. 2021ലാണ് ദമ്പതികൾ വിവാഹമോചിതരായത്.

അമേരിക്കൻ നീതിന്യായ വകുപ്പ് പുറത്തുവിട്ട രേഖകളിൽ, ബിൽ ഗേറ്റ്സിന് ലൈംഗികമായി പകരുന്ന രോഗം ബാധിച്ചതായി എപ്സ്റ്റീൻ ആരോപിച്ചുവെന്ന പരാമർശമുണ്ട്. ഈ ആരോപണം 'പൂർണമായും അസംബന്ധം' എന്നാണ് ഗേറ്റ്സിന്റെ വക്താവ് പ്രതികരിച്ചത്.

എപ്സ്റ്റീന്റെ ഇരകളിൽ ആരും ബിൽ ഗേറ്റ്സിനെതിരെ കുറ്റാരോപണം ഉന്നയിച്ചിട്ടില്ലെന്നും, രേഖകളിൽ അദ്ദേഹത്തിന്റെ പേര് വരുന്നത് കുറ്റകൃത്യത്തിൽ പങ്കാളിത്തം സൂചിപ്പിക്കുന്നില്ലെന്നും അദ്ദേഹവുമായി അടുത്ത വൃത്തങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

ബിബിസിയ്ക്ക് നൽകിയ പ്രസ്താവനയിൽ, എപ്സ്റ്റീനുമായി ബന്ധപ്പെട്ട അനധികൃത പ്രവർത്തനങ്ങളിലൊന്നിലും ബിൽ ഗേറ്റ്സ് പങ്കെടുത്തിട്ടില്ലെന്നും, എപ്സ്റ്റീന്റെ പാർട്ടികളിൽ അദ്ദേഹം പങ്കെടുത്തിട്ടില്ലെന്നും വക്താവ് പറഞ്ഞു. എപ്സ്റ്റീനുമായി കൂടിക്കാഴ്ച നടത്തിയത് 'വിധിനിർണയത്തിലെ ഗുരുതര പിഴവ്' ആയിരുന്നുവെന്ന് ഗേറ്റ്സ് അംഗീകരിച്ചെങ്കിലും അനാചാരപരമായ പെരുമാറ്റം ഉണ്ടായിട്ടില്ലെന്ന് അദ്ദേഹം നിഷേധിച്ചു.

ഓസ്ട്രേലിയൻ മാധ്യമമായ 9ന്യൂസിനോട് സംസാരിക്കവെ, എപ്സ്റ്റീനുമായുള്ള ഇടപെടലുകൾ ചില ഡിന്നർ കൂടിക്കാഴ്ചകളിൽ മാത്രം പരിമിതമായിരുന്നുവെന്നും, എപ്സ്റ്റീന്റെ സ്വകാര്യ ദ്വീപിൽ താൻ പോയിട്ടില്ലെന്നും ഗേറ്റ്സ് പറഞ്ഞു. 'അവനൊപ്പം ചെലവഴിച്ച ഓരോ നിമിഷവും ഞാൻ ഖേദിക്കുന്നു, അതിനായി ക്ഷമ ചോദിക്കുന്നു,' എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം വിവാഹമോചനത്തിന് മുൻപ് തന്നെ എപ്സ്റ്റീനുമായുള്ള ബന്ധത്തെക്കുറിച്ച് മെലിൻഡ അസ്വസ്ഥത പ്രകടിപ്പിച്ചിരുന്നുവെന്ന് അമേരിക്കൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. 27 വർഷത്തെ വിവാഹജീവിതത്തിന് ശേഷം വേർപിരിഞ്ഞതിനു പിന്നാലെ, 2019ൽ മൈക്രോസോഫ്റ്റ് ജീവനക്കാരിയുമായി ബന്ധം ഉണ്ടായിരുന്നുവെന്ന് ബിൽ ഗേറ്റ്സ് സമ്മതിച്ചിരുന്നു.

# തിരികെ വരുന്ന അടിമത്തം



അടിമത്തം നിയമവിധേയമാക്കിയിരിക്കുകയാണ് താലിബാൻ. അഫ്ഗാനിസ്ഥാനിൽ താലിബാൻ ഭരണകൂട നേതാവ് ഹിബത്തുള്ള അഖുന്ദ്സാദ ഒപ്പിട്ട ക്രമിനൽ നടപടിക്രമ ഔപചാരികമായി നിലവിൽ വന്നതോട് ഇത്തരമൊരു ചർച്ച വ്യപകമായത്. ഇത് പ്രകാരം സാമൂഹികനില അനുസരിച്ചാണ് ശിക്ഷ വിധിക്കുക. താലിബാന്റെ ഈ നീക്കത്തിനെതിരേ നിരവധി മനുഷ്യാവകാശ സംഘടനകളും രംഗത്തെത്തി.

രാജ്യത്തിന്റെ നിയമരാഷ്ട്രീയ ക്രമം അനുസരിച്ച് അന്താരാഷ്ട്രതലത്തിൽ ഇത് ആശങ്കയുയർത്തുന്നുണ്ട്. പുതിയ നിയമപ്രകാരം പൗരന്മാരെ നാല് വ്യത്യസ്ത വിഭാഗങ്ങളായി തരംതിരിച്ചിരിക്കുകയാണ്. മതപണ്ഡിതന്മാർ (Dea അല്ലെങ്കിൽ മുല്ല), വരേണ്യവർഗം (അഷ്രഫ്), മധ്യവർഗം, താഴ്ന്ന വിഭാഗം എന്നിങ്ങനെയാണ് സമൂഹത്തെ തരംതിരിച്ചിരിക്കുന്നത്. ഇത് ഏറ്റവും ആശങ്കയുയർത്തുന്ന കാര്യമാണെന്ന് വിമർശകർ പറയുന്നു. പുതിയ നിയമത്തിന്റെ കേന്ദ്ര ബിന്ദുവായ ആർട്ടിക്കിൾ 9ൽ ആണ് അഫ്ഗാൻ സമൂഹത്തെ നാല് വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നത്. ഇത് പ്രകാരം കുറ്റം ചെയ്തയാളുടെ സാമൂഹ്യ നില അനുസരിച്ചായിരിക്കും ശിക്ഷ വിധിക്കുക.

അതായത് ഇസ്ലാമിക പണ്ഡിതൻ ഒരു കുറ്റകൃത്യം ചെയ്താൽ അതിന് ശിക്ഷയായി ഉപദേശമായിരിക്കും ലഭിക്കുക. കുറ്റം ചെയ്തയാൾ വരേണ്യവർഗത്തിൽപ്പെട്ടയാളാണെങ്കിൽ കോടതിയിലേക്ക് വിളിപ്പിക്കുകയും ഉപദേശിക്കുകയുംചെയ്യും.മധ്യവർഗത്തിൽപ്പെട്ടവർക്ക് തടവ് ശിക്ഷ ലഭിക്കും. എന്നാൽ സമൂഹത്തിലെ ഏറ്റവും താഴ്ന്ന വിഭാഗത്തിൽ ഉള്ളവർക്ക് ശിക്ഷയായി തടവും ഒപ്പം ചാട്ടവാറടി പോലെയുള്ള ശാരീരികമായ ശിക്ഷയും ലഭിക്കും.

എന്നാൽ ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരുമായ ആളുകൾക്ക് കൂടുതൽ കഠിനമായ ശിക്ഷ നൽകുമ്പോൾ പുരോഹിതന്മാർക്കും മതനേതാക്കൾക്കും താലിബാൻ പൂർണമായ പ്രതിരോധം തീർക്കുകയാണെന്ന് മനുഷ്യാവകാശ സംഘടനകൾ ആരോപിച്ചു.

### തിരികെ വരുന്ന അടിമത്തം

അന്താരാഷ്ട്ര നിയമങ്ങളിൽ കർശനമായി നിരോധം ഏർപ്പെടുത്തിയ അടിമത്തം താലിബാൻ നിയമപരമായി തിരികെകൊണ്ടുവരികയാണെന്ന് മനുഷ്യാവകാശ സംഘടനകൾ ആരോപിക്കുന്നു. കോടതികളെ ഒരു കർക്കശമായ സാമൂഹിക ക്രമം സംരക്ഷിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ഉപകരണങ്ങളാക്കി മാറ്റുന്നു. നിയമത്തിൽ പല ഭാഗങ്ങളിലും 'സ്വതന്ത്രർ' എന്നും 'അടിമകൾ' എന്നും ജനങ്ങളെ വേർതിരിച്ച് പരാമർശിക്കുന്നുണ്ട്.

സമൂഹത്തെ നാലായി തരംതിരിക്കുന്നുവെന്നതിന് അപ്പുറം പുതിയ ക്രിമിനൽ നടപടിക്രമം ന്യായമായ നടപടിക്രമത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ പല സുരക്ഷാ സംവിധാനങ്ങളും ഇല്ലാതാക്കുന്നു. കുറ്റം ചെയ്തയാൾക്ക് അഭിഭാഷകന്റെ സഹായം തേടാനുള്ള അവകാശം, തെറ്റായ ശിക്ഷ ലഭിച്ചാൽ നഷ്ടപരിഹാരം തേടാനുള്ള അവകാശം എന്നിവ ഇത് നൽകുന്നില്ല. കുറ്റം തെളിയിക്കുന്നതിന് കുറ്റസമ്മതമൊഴിയെയായിരിക്കും ആശ്രയിക്കുക. ഇത് ബലംപ്രയോഗിച്ച് കുറ്റം സമ്മതിപ്പിക്കാൻ ഇടയാക്കിയേക്കും. അതേസമയം, സ്വതന്ത്ര അന്വേഷണം നടത്താനുള്ള ആവശ്യകത ഇല്ലാതാക്കുകയും കുറ്റകൃത്യങ്ങൾക്ക് കുറഞ്ഞതും കൂടിയതുമായ ശിക്ഷകൾ നിശ്ചയിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു.

അത് മാത്രമല്ല ജഡ്ജിമാരുടെയും നിയമപാലകരുടെയും മേൽനോട്ടമോ ഉത്തരവാദിത്വമോ ഇല്ലാതെയാണ് ഈ സംവിധാനം പ്രവർത്തിക്കുക. ചാട്ടവാറടി പോലെയുള്ള ശാരീരികമായ ശിക്ഷാ രീതികളുടെ ഉപയോഗവും നിയമത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. നൃത്തം ചെയ്യുക, അല്ലെങ്കിൽ ഒത്തുകൂടൽ പോലെയുള്ള കാര്യങ്ങളും കുറ്റകൃത്യമായി ചേർത്തിട്ടുണ്ട്. ഇത് സാംസ്കാരികമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിൽ നിന്ന് ആളുകളെ തടയുകയും ശിക്ഷിക്കാൻ ജഡ്ജമാർക്ക് വിവേചനാധികാരം നൽകുകയും ചെയ്യുന്നു.

പുരോഹിതന്മാരെയും മതപരമായ ഉന്നതരെയും നിയമത്തിന് മുകളിൽ പ്രതിഷ്ഠിച്ച്, സമൂഹത്തിലെ ചില ആളുകളെ തൊട്ടുകൂടാത്തവരെന്നും എന്നന്നേക്കും ഉപയോഗ ശൂന്യരാണെന്നും താലിബാൻ പ്രഖ്യാപിച്ചിരിക്കുകയാണെന്ന് അഫ്ഗാൻ മനുഷ്യാവകാശ സംഘടനയായ റവാദരി വ്യക്തമാക്കി. ഈ നിയമം നടപ്പിലാക്കുന്ന് ഉടനടി നിർത്തി വയ്പ്പിക്കണമെന്നും അതിനായി ലഭ്യമായ എല്ലാ നിയമ, നയതന്ത്ര സംവിധാനങ്ങളും പ്രയോജനപ്പെടുത്തണമെന്നും സംഘടന ആവശ്യപ്പെട്ടു.

സാഹചര്യം സൂക്ഷ്മമായി നിരീക്ഷിക്കുന്നത് തുടരുമെന്നും പുതിയ നിയമ ചട്ടക്കൂട് നടപ്പിലാക്കുന്നത് എങ്ങനെയാണെന്നത് സംബന്ധിച്ച് റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുമെന്നും അവർ ഇതിനോടകം വ്യക്തമാക്കിയിട്ടുണ്ട്.

## സൂപ്പർ ബൗൾ വേദിയിൽ എഐ ആക്രമണ ഭീഷണി; സൈബർ പ്രതിരോധം ശക്തമാക്കി

കാലിഫോർണിയ: ന്യൂ ഇംഗ്ലണ്ട് പാട്രിയറ്റ്സും സിയാറ്റിൽ സീഹോക്സും തമ്മിലുള്ള സൂപ്പർ ബൗൾ മത്സരം നടക്കുന്നതിനു മുമ്പ്, ലെവൈസ് സ്റ്റേഡിയത്തിന് വലിയ സാങ്കേതിക നവീകരണങ്ങൾ നടപ്പാക്കിയതായി റിപ്പോർട്ട്.

ഞായറാഴ്ച നടക്കുന്ന സൂപർ ബൗളിനായി സ്റ്റേഡിയത്തെ സജ്ജമാക്കാൻ നാഷണൽ ഫുട്ബോൾ ലീഗും (NFL) സാൻ ഫ്രാൻസിസ്കോ ഴ്സും ചേർന്ന് മൈലുകളോളം ഫൈബർ ഓപ്റ്റിക് കേബിളുകൾ സ്ഥാപിക്കുകയും നൂറുകണക്കിന് വയർലെസ് ആക്സസ് പോയിന്റുകൾ ഒരുക്കുകയും സൈബർ സുരക്ഷ ശക്തിപ്പെടുത്തുകയും ചെയ്തു എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്.

അതേസമയം സ്റ്റേഡിയം സജ്ജീകരണ പ്രവർത്തനങ്ങൾ ഒരു വർഷത്തിലേറെയായി തുടർച്ചയായി നടന്നു വരികയായിരുന്നു. മത്സരത്തിന് മുന്നോടിയായി, പ്രശ്നങ്ങളില്ലാതെ പരിപാടി നടക്കുന്നത് ഉറപ്പാക്കാൻ ചഎഘ സൈബർ സുരക്ഷാ സംഘത്തെ വിന്യസിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി സ്റ്റേഡിയത്തിനുള്ളിൽ താൽക്കാലിക സൈബർ കമാൻഡ് സെന്റർ സ്ഥാപിച്ച് ഭീഷണികളെ നിരീക്ഷിക്കുകയും തടയുകയും ചെയ്യുന്നു.

'പിക്ക്പോക്കറ്റിനെപ്പോലെ അവസരം നോക്കി പ്രവർത്തിക്കുന്നവരാണ് ഇത്തരം സൈബർ ആക്രമണക്കാർ,' എന്ന് ചഎഘ സൈബർ സുരക്ഷാ വിഭാഗം സീനിയർ ഡയറക്ടർ ജോർജ് ഗ്രീസ്ലർ പറഞ്ഞു. ഇത്തവണ കൃത്രിമ ബുദ്ധി (എഐ) ഉപയോഗിച്ച് നടക്കുന്ന സൈബർ ആക്രമണങ്ങൾക്കാണ് കൂടുതൽ ശ്രദ്ധ ചെലുത്തുന്നതെന്ന് ടെക്നോളജി വിഭാഗം എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് കോസ്റ്റ ക്ലാഡിയാനോസ് വ്യക്തമാക്കി.

'കഴിഞ്ഞ വർഷം വരെ എഐ ഇത്ര വലിയ ഭീഷണിയായിരുന്നില്ല; എന്നാൽ ഈ വർഷം സ്ഥിതി മാറി,' എന്നാണ് അദ്ദേഹം പറയുന്നത്.

സൂപർ ബൗൾ ഘതനായി നടപ്പാക്കിയ പ്രധാന നവീകരണങ്ങളിൽ ഒന്നാണ് സ്റ്റേഡിയത്തിലെ ഉയർന്ന ശേഷിയുള്ള വൈഫൈ സംവിധാനം. ഏകദേശം 65,000 കാണികൾ മത്സരത്തിനിടെ സൃഷ്ടിക്കുന്ന വലിയ ഡാറ്റാ പ്രവാഹം കൈകാര്യം ചെയ്യാൻ ഇതു സഹായിക്കും. സോഷ്യൽ മീഡിയ പോസ്റ്റുകളും ലൈവ് സ്ട്രീമിംഗും ഉൾപ്പെടെ വലിയ അപ്ലോഡ് ബാൻഡ്വിഡ്ത്ത് ഇവിടെ ആവശ്യമാണ്.

'സിലിക്കൺ വാലിയിലായതിനാൽ എല്ലാവർക്കും ഒന്നോ രണ്ടോ, ചിലർക്കു മൂന്നു ഉപകരണങ്ങളോ ഉണ്ടാകും,' എന്ന് സിസ്കോയിലെ എൻജിനീയർ മാറ്റ് സ്വാർട്സ് പറഞ്ഞു. മത്സരത്തിനിടെ കാണികൾ 35 ടെറാബൈറ്റിൽ കൂടുതൽ ഡാറ്റ അപ്ലോഡ് ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ക്ലാഡിയാനോസ് വ്യക്തമാക്കി.

വയർലെസ് നെറ്റ്വർക്ക് ഉപയോഗം വീട്ടിൽ ഇരിക്കുന്നതുപോലെ സുഖകരമാക്കുക എന്നതാണ് ലക്ഷ്യം. ഇതിനായി വൈഫൈ 7 സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ഏകദേശം 1,500 വയർലെസ് റൂട്ടറുകൾ സിസ്കോ സ്ഥാപിച്ചു. ഇതിലൂടെ വേഗതയും കണക്ഷൻ വിശ്വാസ്യതയും മെച്ചപ്പെടും.

മൂന്ന് ഡാറ്റ സെന്ററുകളാണ് പ്രവർത്തിപ്പിക്കുന്നത് - ഒന്ന് പരിശീലന കേന്ദ്രത്തിലും രണ്ടെണ്ണം സ്റ്റേഡിയത്തിനുള്ളിലും. ഇവയിൽ ഏറ്റവും പുതിയത് കഴിഞ്ഞ വർഷം പൂർത്തിയായ 200 മില്യൺ ഡോളർ നവീകരണ പദ്ധതിയുടെ ഭാഗമായാണ് നിർമ്മിച്ചതാണ്.

ഇതിൽ NFL-ലുള്ള ഏറ്റവും വലിയ 4കെ വീഡിയോബോർഡും സ്റ്റേഡിയം മുഴുവൻ വ്യാപിച്ചുള്ള നിരവധി ഡിജിറ്റൽ പാനലുകളും ഉൾപ്പെടുന്നു.



# ചൈനീസ് സൈനിക നേതൃത്വത്തിൽ അപ്രതീക്ഷിത മാറ്റങ്ങൾ; നേതൃത്വത്തിൽ പിളർപ്പിന്റെ സൂചനകൾ



ചൈനയുടെ ഉന്നത രാഷ്ട്രീയ നേതൃത്വത്തിന്റെ തന്നെ ഭിന്നതകളും സമ്മർദ്ദങ്ങളും വർധിക്കുന്നതായി രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നു. ചില പുതിയ തീരുമാനങ്ങളും പദവിമാറ്റങ്ങളും ഇതിനെ ചുറ്റിപ്പറ്റി ഉയരുന്ന ചർച്ചകൾ, അധികാര കേന്ദ്രത്തിനുള്ളിലെ വിശ്വാസക്കുറവും ശക്തിപോരാട്ടവും സൂചിപ്പിക്കുന്നുവെന്നാണ് വിദഗ്ധരുടെ അഭിപ്രായം.


ചൈനീസ് രാഷ്ട്രീയ സംവിധാനത്തിൽ സ്ഥിരതയ്ക്കും കർശന നിയന്ത്രണത്തിനും വലിയ പ്രാധാന്യമുണ്ടെങ്കിലും, ഉയർന്ന തലത്തിലെ നേതാക്കളുടെ അപ്രതീക്ഷിത മാറ്റങ്ങൾ പലപ്പോഴും സംശയങ്ങൾക്ക് ഇടയാക്കുന്നു.ചില ഉദ്യോഗസ്ഥരെ പെട്ടെന്ന് മാറ്റിനിർത്തുന്നതും അന്വേഷണം നേരിടുന്നതും, ആഭ്യന്തര അധികാര തുല്യതയിൽ മാറ്റങ്ങൾ സംഭവിക്കുന്നതിന്റെ സൂചനയായാണ് കാണപ്പെടുന്നത്.

ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗ് കഴിഞ്ഞ കുറച്ച് മാസങ്ങളായി PLA യിലെ പ്രധാന ജനറലുകളെയും മറ്റ് ഉന്നതരായ ഉദ്യോഗസ്ഥരെയും നീക്കിയിട്ടുണ്ട്, അതിൽ പ്രത്യേക ശ്രദ്ധ കിട്ടുന്നത് സെൻട്രൽ മിലിറ്ററി കമ്മീഷനിലെ (CMC) ഉപാധ്യക്ഷനായ ഴാങ്സാങ്യൗക്സിയയും ലിയു ഴെൻലിയും മാറ്റിയവരിൽ ഉൾപ്പെടുന്നുഎന്നതാണ്. ഇവരെ ചൈനീസ് അധികാരികൾ 'ഗൗരവമായ നിയമലംഘനങ്ങൾ' നടത്തിയതായി വ്യക്തമാക്കിയെങ്കിലും, പൂർണ്ണ വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല.

രാഷ്ട്രീയ വിശകലനങ്ങൾ പ്രകാരം, നേതൃത്വത്തിൽ പരസ്പര വിശ്വാസം കുറവ് വളരുമ്പോൾ തീരുമാനങ്ങൾ കൂടുതൽ കേന്ദ്രികൃതമാകാൻ സാധ്യതയുണ്ട്. ഇത് അധികാര കേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുമ്പോഴും, സംവിധാനത്തിനുള്ളിൽ അസ്വസ്ഥത സൃഷ്ടിക്കാനും ഇടയാക്കാം.

അതേസമയം, ചൈനീസ് ഭരണകൂടം ഇത്തരം നീക്കങ്ങളെ ശാസന ശക്തിപ്പെടുത്താനുള്ള നടപടികളായി ആണ് അവതരിപ്പിക്കുന്നത്. അഴിമതി വിരുദ്ധ പ്രവർത്തനങ്ങളും ഭരണപരിഷ്കാരങ്ങളും രാജ്യത്തിന്റെ സ്ഥിരത ഉറപ്പാക്കാനാണ് നടപടികൾ എന്നാണ് ഔദ്യോഗിക വിശദീകരണം.

എന്തായാലും, ലോക രാഷ്ട്രീയത്തിൽ നിർണായക സ്വാധീനമുള്ള ചൈനയുടെ ആഭ്യന്തര നേതൃത്വ ചലനങ്ങൾ അന്താരാഷ്ട്ര തലത്തിലും ശ്രദ്ധേയമാണ്. ഭാവിയിൽ ഈ മാറ്റങ്ങൾ ഭരണരീതിയിലും നയങ്ങളിലും എന്ത് സ്വാധീനം ചെലുത്തുമെന്നത് ശ്രദ്ധിക്കപ്പെടുന്ന കാര്യമാണ്.



## അമേരിക്കയ്ക്ക് പിന്തുണ;
# കനേഡിയൻ താരത്തിന്റെ ഒളിമ്പിക് പരസ്യം വിവാദത്തിൽ

കനേഡിയൻ പോപ് ഗായിക ടേറ്റ് മക്രേ അഭിനയിച്ച പുതിയ ഒളിമ്പിക് പരസ്യം സോഷ്യൽ മീഡിയയിൽ വലിയ ചർച്ചയ്ക്ക് കാരണമായി. അമേരിക്കൻ ചാനൽ എൻബിസി സ്പോർട്സ് പുറത്തിറക്കിയ ഈ പരസ്യം 2026 ശീതകാല ഒളിമ്പിക്സിന്റെ പ്രചാരണത്തിനായാണ് തയ്യാറാക്കിയത്. പരസ്യത്തിൽ ടേറ്റ് മക്രേ ടീം യുഎസ്എയെ പിന്തുണയ്ക്കുന്നതായി കാണിക്കുന്നു. ഇതാണ് ചില കനേഡിയൻ ആരാധകരുടെ വിമർശനത്തിന് ഇടയായത്.

ഒരു കനേഡിയൻ താരമാകെ മറ്റൊരു രാജ്യത്തെ ടീമിനെ പ്രോത്സാഹിപ്പിക്കുന്നത് ശരിയാണോ എന്നാണ് ചർച്ച സോഷ്യൽ മീഡിയയിൽ ഉയരുന്ന പ്രധാന വിമർശനം. പരസ്യത്തിൽ ടേറ്റ് മക്രേ ഒരു മഞ്ഞുമലയുള്ള പ്രദേശത്ത് എത്തി, മിലാനിലേക്കുള്ള വഴി അന്വേഷിക്കുന്നതായി ആണ് കാണിക്കുന്നത്. താൻ കുറച്ച് വഴി തെറ്റിയെന്ന് അവൾ തമാശയായി പറയുന്നു. തുടർന്ന് അവൾ ടീം യുഎസ്എയെ കാണാൻ ആവേശത്തിലാണെന്നും, അമേരിക്കൻ താരങ്ങൾ സ്വർണം നേടാൻ മത്സരിക്കുന്നതും ലിൻസി വോണിന്റെ തിരിച്ചുവരവും കാണാൻ കാത്തിരിക്കുകയാണെന്നും പറയുന്നു.

പരസ്യത്തിന്റെ അവസാനം, ആ വാരാന്ത്യത്തിൽ നടക്കുന്ന Super Bowl LXനെ കുറിച്ചും അവൾ പരാമർശിക്കുന്നു.

'നീ കനേഡിയക്കാരിയല്ലേ?' എന്ന തരത്തിലുള്ള കമന്റുകൾ ആണ് സോഷ്യൽ മീഡിയയിൽ അധികവും. ഒരു കനേഡിയൻ താരം അമേരിക്കൻ ടീമിനെ പിന്തുണയ്ക്കുന്നത് ശരിയല്ലെന്ന് ചിലർ അഭിപ്രായപ്പെട്ടു. ചിലർ അമേരിക്കയിലെ രാഷ്ട്രീയ സാഹചര്യങ്ങളും ചർച്ചയിലേക്ക് കൊണ്ടുവന്ന് ഇതിനെ വിമർശിക്കുകയും ചെയ്തു.

അതേസമയം, ഇത് ഒരു അന്താരാഷ്ട്ര കായികമേളയുടെ പ്രചാരണ പരസ്യം മാത്രമാണെന്നും കലാകാരന്മാർ ഇത്തരത്തിലുള്ള ക്യാംപെയിനുകളിൽ പങ്കെടുക്കുന്നത് സാധാരണമാണെന്നും ചിലർ അഭിപ്രായപ്പെട്ടു. പരസ്യത്തിന്റെ പ്രധാന ലക്ഷ്യം ഒളിമ്പിക്സിനോടുള്ള ആവേശം കൂട്ടുക എന്നതാണ്. എന്നാൽ ടേറ്റിന്റെ പങ്കാളിത്തം ആരാധകരിൽ വ്യത്യസ്ത അഭിപ്രായങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്.

# ജെ.ഡി. വാൻസോ മാർക്കോ റൂബിയോയോ? പിൻഗാമി ആരായിരിക്കും, ട്രംപ് പറയുന്നു

വാഷിംഗ്ടൺ: 2028ലെ റിപ്പബ്ലിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ തന്റെ പിൻഗാമി ജെ.ഡി. വാൻസ് ആണോ വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ ആണോ മുന്നിലെത്തുക എന്ന ചർച്ചയിൽ നിലപാട് പറയാൻ വിസമ്മതിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.



ഒഹായോയിൽ നിന്നുള്ള മുൻ റിപ്പബ്ലിക്കൻ സെനറ്ററായ വാൻസ്, നവംബർ മാസത്തിലെമിഡ്ടേംതിരഞ്ഞെടുപ്പുകൾക്ക് ശേഷം ട്രംപുമായി പ്രസിഡന്റ് സ്ഥാനാർഥിത്വ സാധ്യതയെക്കുറിച്ച് സംസാരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം, 2016ൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനാർഥിത്വത്തിനായി മത്സരിച്ച് ട്രംപിനോട് പരാജയപ്പെട്ട ഫ്ളോറിഡ മുൻ സെനറ്ററായ റൂബിയോയും വീണ്ടും പ്രസിഡന്റ് സ്ഥാനത്തേക്ക് രംഗത്തെത്തിയേക്കാമെന്ന അഭ്യൂഹങ്ങളും പാർട്ടി അകത്തളങ്ങളിൽ ശക്തമാണ്.

എൻബിസി ന്യൂസിന് നൽകിയ അഭിമുഖത്തിൽ, വാൻസിനെയോ റൂബിയോവിനെയോ പിന്തുണയ്ക്കുമോയെന്ന ചോദ്യത്തിന് മറുപടിയായി, ശരിയായ സമയം വന്നാൽ പിൻഗാമിയെ പിന്തുണയ്ക്കാൻ താൻ 'താൽപര്യപ്പെടും' എന്ന് ട്രംപ് പറഞ്ഞു. എന്നാൽ, ഇപ്പോൾ തന്നെ ആ വിഷയത്തിലേക്ക് കടക്കാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

'നമുക്ക് ഇനിയും മൂന്ന് വർഷമുണ്ട്. വളരെ നല്ല ജോലി ചെയ്യുന്ന രണ്ട് പേരാണ് ഇവർ. അവരുമായി വാദത്തിലോ - 'പോരാട്ടം' എന്ന വാക്ക് ഉപയോഗിക്കാൻ പോലും ഞാൻ ആഗ്രഹിക്കുന്നില്ല - അത്തരത്തിലൊന്നിലേക്കും പോകാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല,' ട്രംപ് പറഞ്ഞു. ജെ.ഡി. അത്യന്തം മികച്ചതാണ്, മാർക്കോയും അതുപോലെ തന്നെ മികച്ചതാണ്, എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'അത് നിങ്ങൾക്ക് തന്നെ കാണാനാകും. പക്ഷേ ഇരുവരും വളരെ കഴിവുള്ളവരാണ്. ജെ.ഡിയും മാർക്കോയും ചേർന്നുള്ള ഒരു കൂട്ടുകെട്ട് തോൽപ്പിക്കാൻ വളരെ ബുദ്ധിമുട്ടുള്ളതായിരിക്കും. എങ്കിലും, രാഷ്ട്രീയം അങ്ങനെയാണ് — എന്തും സംഭവിക്കാം,' എന്നും ട്രംപ് കൂട്ടിച്ചേർത്തു.

2028ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിലേക്കുള്ള റിപ്പബ്ലിക്കൻ പാർട്ടിയുടെ ഭാവി നേതൃത്വത്തെക്കുറിച്ചുള്ള ചർച്ചകൾ ഇതോടെ കൂടുതൽ ശക്തമാകുമെന്നാണ് രാഷ്ട്രീയ നിരീക്ഷകരുടെ വിലയിരുത്തൽ.




# സ്വർണക്കൊള്ള: പ്രതികൾക്ക് ജാമ്യം കിട്ടിയതിൽ ആശങ്കയില്ല, കുറ്റക്കാർ രക്ഷപ്പെടില്ലെന്നും ഹൈക്കോടതി

കൊച്ചി: ശബരിമല സ്വർണക്കൊള്ള കേസിൽ പ്രതികൾക്ക് സ്വാഭാവിക ജാമ്യം ലഭിച്ചതിൽ ആശങ്കയില്ലെന്നും കുറ്റക്കാർ ആരും രക്ഷപ്പെടില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി.

നിസാര കാര്യങ്ങൾ മുൻനിറുത്തി സി.ബി.ഐ അന്വേഷണം ആവശ്യപ്പെടുന്നത് ഉചിതമല്ലെന്നും പറഞ്ഞു. എസ്.ഐ.ടി അന്വേഷണം ഹൈക്കോടതിയുടെ മേൽനോട്ടത്തിലാണ്. അത് എങ്ങനെയാണ് മുന്നോട്ട് പോകുന്നതെന്ന ധാരണയുണ്ട്.

അതിസങ്കീർണവും അസാധാരണവുമായ കേസാണിത്. കൊലപാതക, മർദ്ദന കേസുകൾ പോലെ വേഗത്തിൽ പൂർത്തിയാക്കാവുന്ന അന്വേഷണമല്ല. കവർച്ചയുടെ ഓരോ കണ്ണിയും കൂട്ടിച്ചേർക്കേണ്ടതുണ്ടെന്നും വാക്കാൽ പറഞ്ഞു. സി.ബി.ഐ അന്വേഷണം ആവശ്യപ്പെടുന്ന ഹർജികൾ പരിഗണിക്കവേയാണ് ജസ്റ്റിസ് വി. രാജ വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരുൾപ്പെട്ട ദേവസ്വം ബെഞ്ചിന്റെ പരാമർശം.

ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ, തന്ത്രി സമാജം, വിശ്വഹിന്ദു പരിഷത്ത് തുടങ്ങിയവർ നൽകിയ ഹർജികളാണ് പരിഗണനയിലുള്ളത്. ഇവ വിശദ വാദത്തിനായി മാർച്ച് 13 ലേക്ക് മാറ്റി. പ്രതികൾ ജാമ്യത്തിൽ പുറത്തിറങ്ങുന്നത് എസ്.ഐ.ടിയിലുള്ള വിശ്വാസം ചോർത്തിയെന്നും വിശ്വാസികൾ അസ്വസ്ഥരാണെന്നും ഹർജിക്കാർ വാദിച്ചു. എസ്.ഐ.ടി അന്വേഷണവുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയില്ലെന്ന് സംസ്ഥാന സർക്കാർ ബോധിപ്പിച്ചു. അന്വേഷണം കോടതി മേൽനോട്ടത്തിലായതിനാൽ സി.ബി.ഐ അന്വേഷണാവശ്യത്തെ കോടതിക്ക് എതിർക്കാവുന്നതാണെന്ന് പ്രോസിക്യൂഷൻസ് ഡയറക്ടർ ജനറൽ ടി.എ. ഷാജി ചൂണ്ടിക്കാട്ടി.

പോലീസിന്റെ പ്രത്യേകസംഘം നടത്തുന്ന അന്വേഷണത്തെ സ്വാധീനിക്കാൻ സർക്കാരിന് കഴിയുമെന്ന് ഹർജിക്കാർ ചൂണ്ടിക്കാട്ടുന്നു. ഹർജികളിൽ കോടതി നേരത്തേ സി.ബി.ഐയുടെ നിലപാട് തേടിയിരുന്നു.




### എസ്.ഐ.ടിയിൽ വിശ്വാസം

1. പ്രത്യേക സംഘത്തിന്റെ (എസ്.ഐ.ടി) അന്വേഷണത്തിൽ ദേവസ്വം ബെഞ്ച് വീണ്ടും തൃപ്തിയറിയിച്ചു. അന്വേഷണം വിശ്വാസയോഗ്യമാണ്. മികച്ച ഉദ്യോഗസ്ഥരാണ് സംഘത്തിലുള്ളത്. സംസ്ഥാന പോലീസിലുള്ളവരാണ് പലപ്പോഴും സി.ബി.ഐയിൽ ഡെപ്യൂട്ടേഷനിൽ എത്തുന്നതെന്നും കോടതി ഓർമ്മിപ്പിച്ചു

2. വിചാരണ സൂക്ഷ്മമായി നടത്തേണ്ട കേസാണിത്. ശാസ്ത്രീയ അന്വേഷണം പൂർത്തിയാക്കുകയും വേണം. യഥാസമയം കുറ്റപത്രം നൽകിയില്ലെന്നത് ആശങ്കപ്പെടുത്തുന്നില്ല. കസ്റ്റഡിയിൽ പ്രതികളെ ചോദ്യം ചെയ്തിട്ടുള്ളതാണ്. അതിനാൽ 90 ദിവസത്തിന് ശേഷം അവർക്ക് ജാമ്യം ലഭിച്ചത് അന്വേഷണത്തെ ബാധിക്കുമെന്ന് കരുതുന്നില്ല.

### പോറ്റിയുടെ ജാമ്യം : ഇന്ന് വിധി

കട്ടിളപ്പാളി സ്വർണം അപഹരിച്ച കേസിൽ മുഖ്യപ്രതി ഉണ്ണിക്കൃഷ്ണൻ പോറ്റിയുടെ ജാമ്യ ഹർജിയിൽ കൊല്ലം വിജിലൻസ് കോടതി ഇന്നു വിധി പറയും. ആദ്യം അറസ്റ്റിലായ ദ്വാരപാലക ശില്പക്കേസിൽ ജനുവരി 21ന് സ്വാഭാവിക ജാമ്യം അനുവദിച്ചിരുന്നു. ഇരു കേസുകളിലും ജുഡീഷ്യൽ റിമാൻഡ് അവസാനിച്ചതിനെ തുടർന്ന് പോറ്റിയെ ഇന്നലെ കോടതിയിൽ ഹാജരാക്കി 14 ദിവസത്തേക്ക് റിമാൻഡ് ദീർഘിപ്പിച്ചു.

### നടുത്തളത്തിലിറങ്ങി പ്രതിഷേധം

തിരുവനന്തപുരം : ശബരിമല സ്വർണ്ണക്കൊള്ളയിൽ എസ്.ഐ.ടി അന്വേഷണം അട്ടിമറിക്കുന്നുവെന്നാരോപിച്ചും, ദേവസ്വം മന്ത്രിയുടെ രാജി ആവശ്യപ്പെട്ടും ഇന്നലെയും നിയമസഭയിൽ പ്രതിപക്ഷ ബഹളം. 'സ്വർണ്ണം കട്ടവനാരപ്പ സഖാക്കളാണേ അയ്യപ്പ' എന്നെഴുതിയ ബാനറും മുദ്രാവാക്യങ്ങളുമായി ചോദ്യോത്തരവേളയുടെ തുടക്കത്തിൽ തന്നെ പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി. അര മണിക്കൂറിലേറെ സ്പീക്കറുടെ ഡയസിന് സമീപത്ത് നിന്ന് മുദ്രാവാക്യം വിളിച്ച ശേഷം സഭ ബഹിഷ്കരിച്ചു.

ഇതിനിടെ പലവട്ടം പ്രതിപക്ഷ നേതാവ് വി.ഡി.സതീശനും മന്ത്രിമാരും വാക്കേറ്റത്തിലേർപ്പെട്ടു. മന്ത്രിമാരായ പി.രാജീവ്, എം.ബി.രാജേഷ്, കെ.രാജൻ, വി.ശിവൻകുട്ടി എന്നിവരാണ് ഭരണപക്ഷത്തിന് പ്രതിരോധം തീർത്തത്. പ്രതിപക്ഷം ഇറങ്ങിയപ്പോയതിന് ശേഷമാണ് മുഖ്യമന്ത്രി പിണറായി വിജയൻ സഭയിലെത്തിയത്.ഇന്നലെ സഭ ആരംഭിച്ചതോടെ, സ്വർണക്കൊള്ള വിഷത്തിൽ സമരം കടുപ്പിക്കുകയാണെന്ന് സതീശൻ അറിയിച്ചു.

ചൊവ്വാഴ്ച സഭയിൽ നടന്ന പ്രതിപക്ഷ ബഹളത്തിനത്തിനിടെ വാച്ചാൻ വാർഡിനെ വടി കൊണ്ട് അടിച്ചെന്ന് മുഖ്യമന്ത്രി നടത്തിയ വാസ്തവ വിരുദ്ധ പരാമർശം പിൻവലിക്കണമെന്നും ആവശ്യപ്പെട്ടു. മന്ത്രിമാർ സോണിയാ ഗാന്ധിയെയും പ്രിയങ്ക ഗാന്ധിയെയും അപമാനിക്കുന്നു. ഈ സാഹചര്യത്തിൽ നിയമസഭയുമായി സഹകരിക്കാൻ സാധിക്കില്ലെന്നും സതീശൻ പറഞ്ഞു. ബാനർ കെട്ടിയിരുന്ന കമ്പ് കൊണ്ട് ഒരു പ്രതിപക്ഷാംഗം വാച്ച് ആൻഡ് വാർഡിനെ അടിച്ചെന്നും, വാശി പിടിച്ചാൽ പേര് പറയാൻ നിർബന്ധിതനാകുമെന്നും സ്പീക്കർ പറഞ്ഞു.

ഇതു പോലുള്ള കള്ളൻമാരെ കേരളം കണ്ടിട്ടില്ലെന്ന് പറഞ്ഞ് സ്പീക്കറുടെ ഡയസ് വളഞ്ഞു നിന്ന പ്രതിപക്ഷാംഗങ്ങൾ ഉറക്കെ മുദ്രാവാക്യം വിളിച്ചു. ചോദ്യോത്തവേള തുടർതോട, 9.34ന് പ്രതിപക്ഷം മുദ്രാവാക്യം വിളിച്ച് സഭ വിട്ടു. പ്രതിപക്ഷത്തിന്റെ അസാന്നിദ്ധ്യത്തിൽ സഭാ നടപടികൾ തുടർന്നു.









# ലീഗിന് 27 സീറ്റ് ധാരണയായി: വച്ചു മാറ്റം തീരുമാനമായില്ല



തിരുവനന്തപുരം: യു.ഡി.എഫിന്റെ സീറ്റു വിഭജന ചർച്ചയിൽ ലീഗിന് നൽകേണ്ട സീറ്റുകളുടെ എണ്ണത്തിൽ ധാരണയായി. കഴിഞ്ഞ തവണ മത്സരിച്ചത് പോലെ 25 സീറ്റുകളിൽ ലീഗും രണ്ടെണ്ണത്തിൽ ലീഗ് പിന്തുണയ്ക്കുന്ന സ്വതന്ത്രരുമാവും മത്സരിക്കുക. ചില സീറ്റുകൾ വച്ചുമാറുന്ന കാര്യത്തിൽ ധാരണയായില്ല.

തിരുവമ്പാടി മണ്ഡലത്തിന് പകരം മലപ്പുറം ജില്ലയിൽ ഏതെങ്കിലും സീറ്റോ പട്ടാമ്പി സീറ്റോ വിട്ടുകൊടുക്കണമെന്ന ആവശ്യമാണ് ലീഗ് മുന്നോട്ടു വച്ചത്. എന്നാൽ പട്ടാമ്പി സീറ്റ് വിട്ടുകൊടുത്താൽ പ്രാദേശികമായി കോൺഗ്രസിൽ വലിയ എതിർപ്പുയരും. മലപ്പുറം ജില്ലയിൽ ഇപ്പോൾ തന്നെ കോൺഗ്രസ് മത്സരിക്കുന്ന മണ്ഡലങ്ങൾ നാമമാത്രമാണ്. ഇനിയും കുറവ് വരുത്തിയാൽ എതിർപ്പുകൾ ഉയരാനുള്ള സാദ്ധ്യതയുമുണ്ട്. തെക്കൻ കേരളത്തിൽ പുനലൂരോ ചടയമംഗലമോ ആണ് അവർ ആവശ്യപ്പെടുന്നത്. ഇരവിപുരം സീറ്റിലും താത്പര്യം കാട്ടിയെങ്കിലും ആർ.എസ്.പി മത്സരിക്കേണ്ട സീറ്റായതിനാൽ കോൺഗ്രസ് ഈ ആവശ്യം അംഗീകരിച്ചില്ല. ഇതു വരെയുള്ള ചർച്ച പ്രകാരം സീറ്റ് വച്ചുമാറ്റത്തിന് സാദ്ധ്യതയില്ല.

കേരള കോൺഗ്രസ് (ജോസഫ് ) വിഭാഗം പത്ത് സീറ്റുകളെന്ന കടും പിടുത്തത്തിൽ നിൽക്കുകയാണ്. എന്നാൽ എട്ടിലൊതുക്കാനാണ് കോൺഗ്രസ് ശ്രമം. ആർ.എസ്.പി, ഫോർവേഡ് ബ്ളോക്ക് കക്ഷികളുമായി രണ്ടാം ഘട്ട ചർച്ച നടക്കാനുണ്ട്. അതു കൂടി പൂർത്തിയാക്കിയ ശേഷം യു.ഡി.എഫ് ചേർന്ന് സീറ്റുവിഭജനം പൂർണ്ണമാക്കാനാണ് തീരുമാനം.

കോൺഗ്രസ് സ്ക്രീനിങ് കമ്മിറ്റി ചെയർമാൻ മധുസൂദൻ മിസ്ത്രിയുമായും ചില ഘടക കക്ഷി നേതാക്കൾ ആശയവിനിമയം നടത്തിയിട്ടുണ്ട് കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫ്, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, കോൺഗ്രസ് പ്രവർ ത്തക സമിതി അംഗം രമേശ് ചെന്നിത്തല, എഐസിസി ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷി എന്നിവരാണ് ചർച്ചകളിൽ പങ്കെടുത്തത്. അടുത്ത ആഴ്ചയോടെ കോൺഗ്രസിന്റെ സ്ഥാനാർത്ഥി നിർണയ ചർച്ചകളിലേക്ക് കടക്കും.

# അമേരിക്കൻ കരാർ: അമേരിക്കയിലേക്ക് കയറ്റുമതി 32,000 കോടി രൂപയായേക്കും



കൊച്ചി: അമേരിക്കയും ഇന്ത്യയുമായുള്ള സ്വതന്ത്ര വ്യാപാര കരാർ യാഥാർത്ഥ്യമാകുന്നതോടെ രാജ്യത്തെ സമുദ്രോത്പന്ന കയറ്റുമതി റെക്കാഡ് ഉയരത്തിലെത്തിയേക്കും. ഇറക്കുമതി തീരുവ 18 ശതമാനമായി കുറയുന്നതോടെ നിലവിലുള്ള വിൽപ്പന തുടരുന്നതിനൊപ്പം പുതിയ വിൽപ്പന ഓർഡറുകളും നേടാൻ അവസരമൊരുങ്ങുമെന്ന് സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഒഫ് ഇന്ത്യയുടെ(എസ്.ഇ.എ.ഐ) പ്രസിഡന്റ് ജി. പവൻ കുമാർ പറഞ്ഞു.

അടുത്ത സാമ്പത്തിക വർഷത്തിൽ അമേരിക്കയിലേക്കുള്ള സമുദ്രോത്പന്ന കയറ്റുമതിയുടെ മൂല്യം 350 കോടി ഡോളറാകുമെന്നാണ്(32,000 കോടി രൂപ) പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 270 കോടി ഡോളറിന്റെ (25,000 കോടി രൂപ) സമുദ്രോത്പന്നങ്ങളാണ് ഇന്ത്യ കയറ്റി അയച്ചത്.

ആഗസ്റ്റിൽ ഡൊണാൾഡ് ട്രംപ് തീരുവ വർദ്ധന പ്രഖ്യാപിച്ചതോടെ പുതിയ വാങ്ങൽ കരാറുകൾ നേടാനും നിലവിലെ കരാർ പുതുക്കുന്നതിനും തടസം നേരിട്ടിരുന്നു.

തീരുവ കുറഞ്ഞതോടെ വിപണി വികസനത്തിന് അനുകൂല സാഹചര്യമാണെന്ന് എസ്.ഇ.എ.ഐ സെക്രട്ടറി ജനറലും സി.ഇ.ഒയുമായ ഡോ. കെ.എൻ രാഘവൻ പറഞ്ഞു.

## നടപ്പുവർഷം കയറ്റുമതിയിൽ ഇടിവ്

ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിൽ അമേരിക്കയിലേക്കുള്ള സമുദ്രോത്പന്ന കയറ്റുമതിയുടെ മൂല്യത്തിൽ 6.3 ശതമാനവും അളവിൽ 15 ശതമാനവും ഇടിവുണ്ടായി. ഇക്കാലയളവിൽ 172 കോടി ഡോളറിന്റെ 2,01,501 ടൺ സമുദ്രോത്പന്നങ്ങളാണ് അമേരിക്ക വാങ്ങിയത്. മുൻവർഷം ഏപ്രിൽനവംബർ കാലയളവിലെ കയറ്റുമതി 183.54 കോടി ഡോളറിന്റെ 2,36,061 ടൺ സമുദ്രോത്പന്നങ്ങൾ അമേരിക്കൻ വിപണിയിൽ എത്തിയിരുന്നു.

## കേന്ദ്ര സർക്കാരിന് അഭിനന്ദനം

ദീർഘകാലത്തെ ചർച്ചകൾക്ക് ശേഷം അമേരിക്കൻ വ്യാപാര കരാർ യാഥാർത്ഥ്യമാക്കിയ കേന്ദ്ര സർക്കാരിനെ സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ അഭിനന്ദിച്ചു. ഇറക്കുമതി തീരുവ 50 ശതമാനമായി ഉയർന്നതോടെ പ്രതിസന്ധിയിലായ സമുദ്രോത്പന്ന കയറ്റുമതി മേഖലയ്ക്ക് ആശ്വാസം പകരുന്ന തീരുമാനമാണിത്. താമസിയാതെ കയറ്റുമതി സാധാരണ നിലയിലേക്ക് മടങ്ങിയെത്തുമെന്നും അവർ ശുഭാപ്തി വിശ്വാസം പ്രകടിപ്പിച്ചു.

## പ്രധാന കയറ്റുമതി ഉത്പന്നങ്ങൾ

ശീതീകരിച്ച കൊഞ്ച്, ചൂര അടക്കമുള്ള ശീതീകരിച്ച മത്സ്യങ്ങൾ,, കൂന്തൽ, കട്ട്ല, സംസ്കരിച്ച സമുദ്രോത്പന്നങ്ങൾ










# 2026ൽ വീഴാതിരിക്കാൻ മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഒരുക്കുന്ന 'ഇടതുപക്ഷ പ്രതിരോധം'




## കേരള രാഷ്ട്രീയത്തിലെ അണിയറ നീക്കങ്ങളെ കീറിമുറിച്ചും ഒട്ടിച്ചും പരിശോധിക്കുന്ന 'പൊളിറ്റിക്കൽ സ്കാനറിലേക്ക് സ്വാഗതം

### അസ്തിത്വ പ്രതിസന്ധിയുടെ ഡിസംബർ

2025 ഡിസംബറിലെ തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് ഫലം പുറത്തുവന്നപ്പോൾ എ.കെ.ജി സെന്ററിൽ നിന്നുയർന്നത് വെറും പരാജയത്തിന്റെ നിശ്വാസമായിരുന്നില്ല, മറിച്ച് വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിലെ **'Existential Crisis'** അഥവാ അസ്തിത്വ പ്രതിസന്ധിയെക്കുറിച്ചുള്ള ആകുലതകളായിരുന്നു. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിഘണ്ടുവിൽ 'അടിയറവ്' എന്ന വാക്കില്ലല്ലോ! അവർ ഇപ്പോൾ പയറ്റുന്ന അതിജീവന തന്ത്രങ്ങളെക്കുറിച്ച് നമുക്കൊന്ന് വിശദമായി പരിശോധിക്കാം.



### തിരുവനന്തപുരം മുതൽ എ.കെ.ജി സെന്റർ വരെ

കേരള രാഷ്ട്രീയത്തിലെ അപ്രമാദിത്വത്തിന് ഏറ്റവുമൊടുവിൽ ലഭിച്ച കനത്ത പ്രഹരമായിരുന്നു 2025ലെ തദ്ദേശ തിരഞ്ഞെടുപ്പ്. അഞ്ചിൽ നാല് കോർപ്പറേഷനുകളും നഷ്ടപ്പെട്ടതും, ചരിത്രത്തിലാദ്യമായി തലസ്ഥാന നഗരി ബി.ജെ.പി പിടിച്ചെടുത്തതും എൽ.ഡി.എഫിന്റെ ഉറക്കം കെടുത്തിയിട്ടുണ്ട്. ഇതിനെ വെറുമൊരു പ്രാദേശിക തിരിച്ചടിയായി കാണാൻ സി.പി.എം തയ്യാറല്ല. അതുകൊണ്ട് തന്നെ 2026ൽ അധികാരം നിലനിർത്താൻ **(Hattrick victory)** അസാധാരണമായ ചില അതിജീവന തന്ത്രങ്ങളാണ് പിണറായി വിജയനും എം.വി. ഗോവിന്ദനും ചേർന്ന് ആസൂത്രണം ചെയ്യുന്നത്.

### പ്രധാന അതിജീവന തന്ത്രങ്ങൾ

**1. 'ഇര' വാദം: കേന്ദ്രത്തിന്റെ സാമ്പത്തിക ഉപരോധം**

തദ്ദേശ തിരഞ്ഞെടുപ്പിലെ തിരിച്ചടി ഭരണവിരുദ്ധ വികാരം കൊണ്ടല്ല, മറിച്ച് കേന്ദ്ര സർക്കാർ കേരളത്തെ സാമ്പത്തികമായി ശ്വാസം മുട്ടിക്കുന്നത് കൊണ്ടാണെന്ന് ജനങ്ങളെ വിശ്വസിപ്പിക്കാനാണ് ഇടതുപക്ഷത്തിന്റെ പ്രാഥമിക നീക്കം.

**തന്ത്രം**: സംസ്ഥാന ബജറ്റിലെ (2026-27) പ്രഖ്യാപനങ്ങൾ ഇതിന്റെ തെളിവാണ്. ക്ഷേമ പെൻഷനുകൾ മുടങ്ങിയതും വികസന പദ്ധതികൾ സ്തംഭിച്ചതും കേന്ദ്രം പണം നൽകാത്തത് കൊണ്ടാണെന്ന് സ്ഥാപിക്കാൻ ജില്ലകൾ തോറും **'വികസന മുന്നേറ്റ ജാഥകൾ'** ആരംഭിച്ചു കഴിഞ്ഞു.

**ലക്ഷ്യം**: ഭരണവിരുദ്ധ വികാരത്തെ കേന്ദ്ര വിരുദ്ധ വികാരമാക്കി മാറ്റുക.

**2. 'സമുദായങ്ങളുടെ പിണക്കം' മാറ്റൽ**

വടക്കൻ കേരളത്തിലെ മുസ്ലിം വോട്ടുകൾ യു.ഡി.എഫിലേക്ക് മടങ്ങിയതും, ക്രിസ്ത്യൻ വോട്ടുകളിൽ കേരള കോൺഗ്രസ് (എം) വഴി പ്രതീക്ഷിച്ച മുന്നേറ്റം ഉണ്ടാകാത്തതും സി.പി.എമ്മിനെ ചിന്തിപ്പിക്കുന്നു.

**അതിജീവന പദ്ധതി**: സമുദായ നേതാക്കളുമായി നേരിട്ടുള്ള ചർച്ചകൾ. പിണറായി വിജയൻ തന്നെ നേരിട്ട് മതമേലധ്യക്ഷന്മാരെയും സമുദായ നേതാക്കളെയും കണ്ട് പിണക്കം തീർക്കാനുള്ള **'അപ്പീസ്മെന്റ്' (Appeasement)** നയങ്ങൾ അണിയറയിൽ നടക്കുന്നു. സച്ചിദാനന്ദൻ കമ്മീഷൻ റിപ്പോർട്ടും മറ്റും ഉയർത്തിക്കാട്ടി ന്യൂനപക്ഷ സുരക്ഷയുടെ കാവൽക്കാരായി സ്വയം മാറാനാണ് ശ്രമം.

**3. 'പഴയ കപ്പിത്താൻമാർ' മടങ്ങി വരുന്നു?**

ഭരണത്തിലെ അമിത കേന്ദ്രീകരണം തിരിച്ചടിയായെന്ന പാർട്ടി വിലയിരുത്തലിനെത്തുടർന്ന്, ജനകീയരായ നേതാക്കളെ ഭരണത്തിലും പാർട്ടിയിലും മുൻനിരയിലേക്ക് കൊണ്ടുവരാൻ സാധ്യതയുണ്ട്.

**പുതുമുഖങ്ങളോ അതോ വിശ്വസ്തരോ?**: 2021ൽ നടപ്പിലാക്കിയ 'രണ്ടു വട്ടം കഴിഞ്ഞവർ മാറണം' എന്ന നിയമത്തിൽ ഇളവ് വരുത്തിക്കൊണ്ട്, **തോമസ് ഐസക്കിനെപ്പോലെയോ ജി. സുധാകരനെപ്പോലെയോ** ഉള്ള ജനകീയ മുഖങ്ങളെ 2026ൽ വീണ്ടും അണിനിരത്താനുള്ള ചർച്ചകൾ സജീവമാണ്.

**4. ബി.ജെ.പി പേടി: 'വോട്ട് കച്ചവടം' ആരോപണം**

തിരുവനന്തപുരം കോർപ്പറേഷൻ ബി.ജെ.പി പിടിച്ചെടുത്തത് ഇടതുപക്ഷത്തിന് വലിയ മാനക്കേടായി. 2026ൽ ബി.ജെ.പി 15-20 സീറ്റുകളിൽ നിർണ്ണായക ശക്തിയാകുമെന്ന് അവർക്കറിയാം.

**കൗണ്ടർ സ്ട്രാറ്റജി**: 'കോൺഗ്രസും ബി. ജെ.പിയും തമ്മിൽ അന്തർധാരയുണ്ട്' എന്ന സ്ഥിരം ആരോപണം കൂടുതൽ ശക്തമായി പ്രചരിപ്പിക്കുക. യു.ഡി.എഫിന് വോട്ട് ചെയ്യുന്നത് ബി.ജെ.പിയെ സഹായിക്കലാണെന്ന ഭയം ന്യൂനപക്ഷങ്ങൾക്കിടയിൽ പടർത്തുക എന്നതാണ് പ്രധാന ലക്ഷ്യം.

**5. സോഷ്യൽ മീഡിയയും 'പി ആർ' വർക്കുകളും**

യുവാക്കൾക്കിടയിലെ സ്വാധീനം കുറഞ്ഞതായി തദ്ദേശ ഫലം കാണിക്കുന്നു. സൈബർ ഇടങ്ങളിൽ യു.ഡി.എഫിനും ബി.ജെ.പക്കും ലഭിക്കുന്ന സ്വീകാര്യത മറികടക്കാൻ കൂടുതൽ പ്രൊഫഷണലായ **പിആർ ഏജൻസികളെ** ഇടതുപക്ഷം സമീപിച്ചിട്ടുണ്ട്. വരും മാസങ്ങളിൽ 'കേരള മോഡൽ' വികസനത്തിന്റെ തിളങ്ങുന്ന പരസ്യങ്ങൾ കൊണ്ട് നവമാധ്യമങ്ങൾ നിറയും.

### തിരിച്ചടിയുടെ രാഷ്ട്രീയ പ്രത്യാഘാതങ്ങൾ

തദ്ദേശത്തിലെ തോൽവി എൽ.ഡി.എഫിന് നൽകുന്ന മുന്നറിയിപ്പ് ലളിതമാണ്: **'ജനങ്ങൾക്ക് വെറും പ്രസംഗം പോരാ, കയ്യിൽ പണം വേണം.'** ക്ഷേമ പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യാനായില്ലെങ്കിൽ 2026ൽ എൽ.ഡി.എഫ് മൂന്നാം നിരയിലേക്ക് തള്ളപ്പെട്ടാലും അത്ഭുതപ്പെടാനില്ല.

**ബി.ജെ.പിയുടെ വളർച്ച**: തദ്ദേശത്തിൽ ബി.ജെ.പി ഉണ്ടാക്കിയ മുന്നേറ്റം എൽ.ഡി.എഫിന്റെ വോട്ട് ബാങ്കിലുണ്ടാക്കിയ ചോർച്ചയാണ്. ഇത് തടയാൻ കഴിഞ്ഞില്ലെങ്കിൽ വടക്കൻ കേരളത്തിൽ പോലും ബി.ജെ.പി നിർണ്ണായകമാകും.

### ഉപസംഹാരം: 'അതിജീവനം' അസാധ്യമോ?

എൽ.ഡി.എഫിനെ സംബന്ധിച്ച് 2026 എന്നത് ഒരു **'ജീവൻ മരണ' പോരാട്ടമാണ്.** പരാജയപ്പെട്ടാൽ അത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ അടിത്തറ തന്നെ ഇളക്കിയേക്കാം.

അതുകൊണ്ട് തന്നെ, വരും മാസങ്ങളിൽ കൂടുതൽ പണം ജനങ്ങളിലേക്ക് എത്തിക്കാനും, വൈകാരിക വിഷയങ്ങൾ ഉയർത്തിക്കൊണ്ട് ഭരണ പരാജയങ്ങൾ മറച്ചുവെക്കാനുമാകും എൽ.ഡി.എഫിന്റെ ശ്രമം.

സഖാക്കൾ പറയുന്നത് പോലെ, **'അടിക്കും തോറും ഉറയ്ക്കുന്നതാണ് കമ്മ്യൂണിസ്റ്റ് പാർട്ടി.'** എന്നാൽ ആ ഉറപ്പ് വോട്ടായി മാറുമോ എന്ന് കണ്ടറിയാം. തദ്ദേശത്തിലെ 'തല്ല്' കൊണ്ടിരിക്കുന്നത് പാർട്ടിയാണ്, അതിന് 'ഉറപ്പ്' നൽകേണ്ടത് ജനങ്ങളുമാണ്.

*രാഷ്ട്രീയ ചാണക്യൻ*









# കുളം കലക്കി 'സൺഡേ സ്കൂൾ ക്ഷേമനിധി' നിർദ്ദേശം





ബാബു കദളിക്കാട്

ന്യൂനപക്ഷ പ്രീണനത്തിന്റെ ക്രൈസ്തവ പക്ഷ 'ടാഗ്‌ലൈൻ' സമ്പുഷ്ടമാക്കാൻ ഇടതു മുന്നണി നേതൃത്വം കണ്ടെത്തിയ 'സൺഡേ സ്കൂൾ അധ്യാപക ക്ഷേമനിധി' ശുപാർശ ചാപിള്ളയാകുമെന്ന വിലയിരുത്തൽ ശക്തം. മദ്രസ അധ്യാപകർക്കുള്ളതിന് സമാനമായി സൺഡേ സ്കൂൾ അധ്യാപകർക്കു ക്ഷേമനിധി ഏർപ്പെടുത്തുന്നതിനായി ക്രൈസ്തവസഭകളോട് സർക്കാർ അഭിപ്രായം ചോദിച്ചതോടെ തന്നെ ചുവടുവയ്പ്പു പാളി.

കേരളത്തിലെ ക്രൈസ്തവ വിശ്വാസപരിശീലകർ, ഉയർന്ന വിദ്യാഭ്യാസ യോഗ്യതകൾ ഉള്ളവരും ഉപജീവനത്തിനായി സർക്കാർ വിദ്യാലയങ്ങളിലെ അധ്യാപക വൃത്തി ഉൾപ്പെടെ മറ്റ് ഉദ്യോഗങ്ങൾ വഹിക്കുന്നവരും ആണെന്നിരിക്കേ ഈ സന്നദ്ധ സേവനത്തിന് സാമ്പത്തിക പ്രതിഫലം, ക്ഷേമനിധി എന്നിവയൊന്നും പ്രസക്തമല്ലെന്ന യാഥാർത്ഥ്യം ആവർത്തിച്ചു വ്യക്തമാകാനിടയാക്കുന്നു 'സൺഡേ സ്കൂൾ അധ്യാപക ക്ഷേമനിധി' വേണമോയെന്നതിനെപ്പറ്റി നടക്കുന്ന ചർച്ചകൾ.

ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിച്ച് മാർഗ്ഗനിർദേശങ്ങൾ സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച ജസ്റ്റിസ് ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ശുപാർശ ചെയ്യപ്പെട്ടതാണ്, വിശ്വാസ പരിശീലനത്തിന് പൊതു ഖജനാവിൽ നിന്നു പണം വ്യയം ചെയ്യുന്നതായി പ്രഥമദൃഷ്ട്യാ ആരോപണമുയരാനിടയാക്കുന്ന ഈ പദ്ധതി. അടുത്തു വരുന്ന നിയമസഭാ തെരഞ്ഞെടുപ്പ് മുന്നേ കണ്ടുള്ള മധുരം വയ്പ്പാണിതെന്ന സംശയം പല കോണുകളിൽ നിന്നുമുയരുന്നു.

ക്രൈസ്തവ മതാധ്യാപകരെക്കുറിച്ചുള്ള നിർവചനം, അംഗത്വം, പദ്ധതികളുടെ നടത്തിപ്പ്, ഭരണസംവിധാനം, സാമ്പത്തിക സമാഹരണം, തുടങ്ങിയവയെക്കുറിച്ചുള്ള ഒരു വിവരവും ലഭ്യമാക്കാതെയും വിശ്വാസപരിശീലന മേഖലയെക്കുറിച്ചുള്ള പഠനമില്ലാതെയും ക്ഷേമനിധി ആനുകൂല്യങ്ങളെക്കുറിച്ചു മാത്രം അഭിപ്രായം ചോദിച്ചിരിക്കുന്ന സർക്കാരിന്റെ നിലപാടിൽ സഭാ നേതൃത്വങ്ങൾ താൽപ്പര്യം കാണിക്കുന്നതേയില്ല. വിശ്വാസപരിശീലനം സഭയുടെ ഹൃദയമാണെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. സർക്കാർ വിഹിതം സ്വീകരിക്കുന്ന ചുരുക്കം ചില വിദേശ രാജ്യങ്ങളിലെ സഭാ ശുശ്രൂഷകളുടെ ഫലദായകത്വവും അവിടുത്തെ വിശ്വാസവളർച്ചയും കുത്തനെ കീഴോട്ടുപോയ അനുഭവം കത്തോലിക്കാ സഭയ്ക്കുണ്ട്.

നിലവിൽ മദ്രസ അധ്യാപക ക്ഷേമനിധി നിധിയുമായി ബന്ധപ്പെട്ട് കൊഴുക്കുന്ന വ്യാജ പ്രചാരണങ്ങളുടെ അനുബന്ധമായി 'സൺഡേ സ്കൂൾ അധ്യാപക ക്ഷേമനിധി' വിവാദം കത്തിപ്പടരാൻസഭാനേതൃത്വംഒത്താശചെയ്യില്ലെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. മദ്രസ അധ്യാപക ചെലവ് സർക്കാർ വഹിക്കുന്നുവെന്ന കള്ളക്കണക്കാണ് കഴിഞ്ഞ മൂന്നുനാലു വർഷമായി സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കപ്പെടുന്നത്. ഈ വ്യാജവാർത്ത വലിയ തോതിൽ കേരളത്തിൽ അതിശക്തമായ വർഗീയ ധ്രുവീകരണത്തിന് കാരണമായിട്ടുണ്ട്. ചില രാഷ്ട്രീയ സാമുദായിക നേതാക്കൾ നടത്തിവരുന്ന വർഗീയ പരാമർശങ്ങളുടെ ലാവയിൽ കാൽ ചവിട്ടി പൊള്ളുകയും വിങ്ങുകയും ചേരി തിരിയുകയുമാണ് മലയാളികളുടെ മനസ്സും വാക്കും. അതിനിടയിലേക്കാണ് ക്രിസ്ത്യൻ മതാധ്യാപകർക്ക് ക്ഷേമനിധി വാഗ്ദാനവുമായി വസ്തുനിഷ്ഠമായ വിവരങ്ങളുടെ പശ്ചാത്തലമില്ലാതെ സർക്കാർ എത്തിയത്.

വിശ്വാസപരിശീലനത്തിനുപോലും സർക്കാർ ആനുകൂല്യങ്ങളെ ആശ്രയിക്കുമ്പോൾ പലപ്പോഴും സാമൂഹികവും ധാർമികവുമായ വിഷയങ്ങളിൽ സ്വതന്ത്ര നിലപാടെടുക്കാൻ സഭയ്ക്ക് സാധിക്കാതെ വരുമെന്ന വിമർശനമുയരുന്നുണ്ട്. അത് സഭയുടെ പ്രവാചക ശബ്ദത്തെ ദുർബലമാക്കും. രാഷ്ട്രീയമായി ശരിയെന്നു കാണാവുന്ന പല കാര്യങ്ങളും സുവിശേഷാത്മകമായി ശരിയായി കൊള്ളണമെന്നില്ലെന്നതിനാൽ ഇതിന് ചുവടുപിടിച്ച് പക്ഷങ്ങളും ചേരിതിരിവുംസഭയ്ക്കുള്ളിൽതന്നെവർദ്ധിക്കുന്ന സാഹചര്യവും ഉണ്ടാകുമെന്ന ആശങ്ക അനേകർ പങ്കുവെക്കുന്നു.

ദാനമായി വിശ്വാസിക്ക് ലഭിച്ചത് ദാനമായി അടുത്ത തലമുറയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. സ്വമനസാലെയും നിസ്വാർത്ഥമായും കടന്നുവരുന്ന വിശ്വാസ പരിശീലകർ മനസ്സുകൊണ്ടുപോലും അതിന് പ്രതിഫലമോ പ്രത്യുപകാരമോ ആഗ്രഹിക്കാറില്ല. ജോലിയേക്കാൾ സുകൃതം ആയിട്ടാണ് അതിനെ കാണുന്നതും. അത്തരമൊരു കാര്യത്തെ വരുമാനത്തിന്റെ പരിസരത്തേക്ക് കൊണ്ടുവരുമ്പോൾ അത് വാണിജ്യവൽക്കരിക്കപ്പെടുക സ്വാഭാവികം.

ലൗകികമായ ആനുകൂല്യങ്ങൾ സുവിശേഷത്തിന്റെ ഭാഗമാകുമ്പോൾ അത് വിപണന ചരക്ക് ആകും, രാഷ്ട്രീയത്തിന്റെ ഭാഗമാകും. ക്രമേണ ഇതിലേക്ക് കടന്നുവരുന്നവരുടെ മനസ്സിനെയും കാഴ്ചപ്പാടുകളെയും ഇത്തരം കാര്യങ്ങൾ ബാധിക്കും. ഇത് വിശ്വാസ പരിശീലനത്തിന്റെ ആത്മീയ ഉൾക്കാഴ്ചകളെയും പരിസരത്തെയും തച്ചുടയ്ക്കും. ഇത്തരത്തിൽ ഔദ്യോഗികതയിലേക്കുള്ള മാറ്റം വിശ്വാസ പരിശീലനം സ്വീകരിക്കുന്ന കുട്ടികളുടെ മനസ്സുകളെ പോലും ബാധിക്കാമെന്നും പതിറ്റാണ്ടുകളായി സൺഡേ സ്കൂൾ അധ്യാപനം വിജയകരമായി നിർവഹിച്ചുവരുന്ന നിരവധി പേർ പറയുന്നു.

## പ്രത്യേക റിക്രൂട്ട്മെന്റ്

ജെ.ബി കോശി കമ്മീഷൻ കമ്മീഷൻ 2023 ൽ റിപ്പോർട്ട് സമർപ്പിച്ചെങ്കിലും, സർക്കാർ ഇതുവരെ അത് പുറത്തുവിട്ടിട്ടില്ല. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ദലിത് സമുദായങ്ങളിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്ക് മികച്ച പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുമുള്ള നിരവധി നടപടികൾ റിപ്പോർട്ട് ശുപാർശ ചെയ്യുന്നു.

സർക്കാർ ജോലികളിൽ ലാറ്റിൻ കത്തോലിക്കർക്കും ദലിത് ക്രിസ്ത്യാനികൾക്കും ഉള്ള പ്രാതിനിധ്യം പഠിക്കുന്നതിനായി പ്രത്യേക സമിതി രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കെ, രാഷ്ട്രീയമായി പ്രാധാന്യമുള്ള ഈ ശുപാർശകൾ കൂടുതൽ ചർച്ചകൾക്ക് വഴിയൊരുക്കുമെന്നു നിരീക്ഷകർ പറയുന്നു.

സർക്കാർ സർവീസുകളിൽ ക്രിസ്ത്യാനികൾ, നാടാർ, മതം മാറിയ ക്രിസ്ത്യാനികൾ എന്നിവരുടെ കുറവ് നികത്താൻ പ്രത്യേക റിക്രൂട്ട്മെന്റ് വേണമെന്ന് ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട് ശുപാർശ ചെയ്തിട്ടുണ്ടെന്ന വിവരത്തെച്ചൊല്ലിയും മുറുമുറുപ്പുയർന്നു തുടങ്ങിയിട്ടുണ്ട്. ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ ലാറ്റിൻ കത്തോലിക്കർക്കും ആംഗ്ലോഇന്ത്യക്കാർക്കും 3 ശതമാനം സംവരണം നൽകണം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്നാക്ക ക്രിസ്ത്യൻ സമുദായങ്ങൾക്കുള്ള സംവരണം ആറു ശതമാനമായി വർധിപ്പിക്കണം തുടങ്ങിയ ശുപാർശകൾ റിപ്പോർട്ടിൽ ഉണ്ടെന്ന വിവരവും പുറത്തുവന്നിരുന്നു.

ദലിത് ക്രിസ്ത്യാനികൾ വലിയ വിവേചനമാണ് നേരിടുന്നത്. അതിനാൽ പട്ടികജാതി (എസ്‌സി) സമൂഹത്തിനു ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും അവർക്ക് നൽകണമെന്നും കമ്മീഷൻ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

പിന്നാക്ക ക്രിസ്ത്യൻ സമൂഹങ്ങൾക്ക് നിലവിൽ സർക്കാർ ജോലികളിൽ 8 ശതമാനം സംവരണം ഉണ്ട്, എന്നാൽ വിദ്യാഭ്യാസത്തിൽ 4 ശതമാനം മാത്രമേ ഉള്ളൂ. വിദ്യാഭ്യാസ ക്വാട്ട 6 ശതമാനം ആയി വർദ്ധിപ്പിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തു.

എയ്ഡഡ് മേഖലയിലെ എല്ലാ ക്രിസ്ത്യൻ ന്യൂനപക്ഷ സ്ഥാപനങ്ങളിലും 20% കമ്മ്യൂണിറ്റി ക്വാട്ട വേണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. സ്വാശ്രയ മെഡിക്കൽ, നഴ്സിംഗ്, പാരാമെഡിക്കൽ കോളജുകളിൽ, സർക്കാർ അനുവദിച്ച സീറ്റുകളിൽ 20% കമ്മ്യൂണിറ്റി ക്വാട്ടയ്ക്കായി സംവരണം ചെയ്യണം. ശേഷിക്കുന്ന 50% സീറ്റുകളിൽ 30% ജനറൽ കമ്മ്യൂണിറ്റി ക്വാട്ടയും 20% മനേജ്മെന്റ് ക്വാട്ടയും സ്ഥാപനത്തിന്റെ സമുദായത്തിനാകണം. പ്രവേശനം മെറിറ്റ് അടിസ്ഥാനമാക്കിയാകണം.

ന്യൂനപക്ഷ ക്ഷേമ വകുപ്പിലും ന്യൂനപക്ഷ കമ്മീഷൻ, ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ന്യൂനപക്ഷ ക്ഷേമ സമിതികൾ എന്നിവയുൾപ്പെടെയുള്ളവയുടെ കീഴിലുള്ള സ്ഥാപനങ്ങളിലും ക്രിസ്ത്യാനികൾക്ക് ആനുപാതിക പ്രാതിനിധ്യം ലഭിക്കണമെന്ന് റിപ്പോർട്ട് പറയുന്നു. മതവികാരം സംരക്ഷിക്കുന്നതിന് റിപ്പോർട്ട് ഊന്നൽ നൽകുന്നു.

ക്രിസ്ത്യൻ വിശ്വാസത്തെയോ ആചാരങ്ങളെയോ നേതൃത്വത്തെയോ അപമാനിക്കുന്ന സിനിമകൾ, പ്രസിദ്ധീകരണങ്ങൾ, ചിത്രങ്ങൾ അല്ലെങ്കിൽ രചനകൾ എന്നിവയ്ക്കെതിരെ രേഖാമൂലമുള്ള പരാതികൾ ഉണ്ടായാൽ നിയമനടപടി സ്വീകരിക്കണമെന്നും റിപ്പോർട്ടിലുണ്ട്.

## നന്ദിയോടെ സമർപ്പിതർ

കന്യാസ്ത്രീകൾ ഉൾപ്പെടെയുള്ള സ്ത്രീകൾക്ക് സർക്കാരിന്റെ സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾലഭ്യമാക്കുന്നതിനുള്ളതടസങ്ങൾനീക്കാനുള്ളപ്രത്യേകപദ്ധതിക്ക്സംസ്ഥാന സർക്കാർ അംഗീകാരം നൽകിയതും ഇതിനിടെ ചർച്ചാ വിഷയമാകുന്നുണ്ട്. മത സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മന്ദിരങ്ങൾ, മഠങ്ങൾ, ആശ്രമങ്ങൾ, മതവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർക്ക് ആനുകൂല്യം നൽകാനാണ് മന്ത്രിസഭാ യോഗത്തിൽ സുപ്രധാന തീരുമാനമുണ്ടായത്.

അവിവാഹിതരായ 50 വയസിൽ കൂടുതൽ ഉള്ള സ്ത്രീകളിൽ ശമ്പളം, പെൻഷൻ, സർക്കാരിന്റെ മറ്റാനുകൂല്യങ്ങൾ എന്നിവ ലഭിക്കാത്ത സ്ത്രീകളെ പ്രത്യേക വിഭാഗമായി കണക്കാക്കും. കന്യാസ്ത്രീകളും ഇതിൽ ഉൾപ്പെടും. നിലവിൽ പെൻഷൻ അനുവദിക്കുന്നതിന് ആവശ്യമായുള്ള വരുമാന സർട്ടിഫിക്കറ്റ്, അവിവാഹിത സർട്ടിഫിക്കറ്റ് എന്നിവ ഇവർക്ക് ഒഴിവാക്കി നൽകും. ഇതിന് പകരം പ്രത്യേക അപേക്ഷാ ഫോറം അംഗീകരിക്കും. സർക്കാർ പ്രഖ്യാപനത്തെ കെ.സി.ബി.സി ജാഗ്രതാ കമ്മീഷൻ സ്വാഗതം ചെയ്തിരുന്നു.

കോൺവെന്റുകളിലെ കന്യാസ്തീകൾ, മഠങ്ങളിലെയും മത സ്ഥാപനങ്ങളിലെയും അന്തേവാസികൾ എന്നിവർക്കു സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ലായെന്നും ആരെങ്കിലും പെൻഷൻ കൈപ്പറ്റുന്നുവെങ്കിൽ അവരെ ഗുണഭോക്തൃ പട്ടികയിൽ നിന്ന് ഒഴിവാക്കണമെന്നും നേരത്തെ നിഷ്കർഷിച്ചിരുന്നതായി ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. മൈക്കിൾ പുളിക്കൽ പറഞ്ഞു. സമർപ്പിത ജീവിതം നയിക്കുന്നുവെന്ന കാരണത്താൽ പൗരന്മാർക്ക് അർഹമായ പല ആനുകൂല്യങ്ങളും സന്യസ്തർക്കു നിഷേധിക്കപ്പെട്ടിട്ടുണ്ട്. റേഷൻ കാർഡ് പോലും ഈ അടുത്ത കാലത്താണ് ലഭ്യമായിത്തുടങ്ങിയത്. മതം, ജീവിതാന്തസ് തുടങ്ങിയവ പരിഗണിക്കാതെ എല്ലാ സർക്കാർ ആനുകൂല്യങ്ങളും അർഹതയുള്ള എല്ലാ പൗരന്മാർക്കും ലഭ്യമാക്കുക എന്നത് സർക്കാർ ഉറപ്പക്കേണ്ട ഒരു നയമാണ്.

'സ്ഥിരവരുമാനം ഇല്ലാത്ത, സർക്കാർ ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ സ്വീകരിക്കാത്ത അവിവാഹിതരായ ഏതൊരു സ്ത്രീക്കും അർഹതയുള്ള ഒരു പദ്ധതിയാണിത്. എല്ലാ മതങ്ങളിലുമുള്ള അർഹരായ സന്യസ്തർക്കു കൂടി ലഭ്യമാകുന്ന രീതിയിൽ പുനഃക്രമീകരണം നടത്തപ്പെടുന്ന അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതിയെ, കന്യാസ്ത്രീകൾക്ക് അനർഹമായി സർക്കാർ ആനുകൂല്യങ്ങൾ നൽകുന്നു എന്ന തരത്തിൽ തെറ്റിദ്ധാരണ പരത്തുന്ന രീതിയിലുള്ള പ്രചാരണങ്ങളും അവകാശവാദങ്ങളും ബാലിശവും ജനാധിപത്യ ചൈതന്യത്തിന് വിരുദ്ധവുമാണ്.'

ക്രൈസ്തവ സമർപ്പിതരുടെ സാമൂഹിക സേവനങ്ങളെ തമസ്കരിച്ച്, അവരെ കേവലം മതപ്രവർത്തകരായി മാത്രം ചിത്രീകരിക്കാനുള്ള നീക്കങ്ങളും സഭ സന്യസ്തരെ സംരക്ഷിക്കുന്നില്ല എന്നുള്ള അടിസ്ഥാനരഹിതമായ വാദങ്ങളും ഈ വിവാദങ്ങൾക്കിടയിൽ ചിലർ പ്രചരിപ്പിക്കുന്നത് ശ്രദ്ധിക്കേണ്ടതുണ്ടെന്നും ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ചൂണ്ടിക്കാട്ടുന്നു.

# കുഞ്ഞികൃഷ്ണന്റെ പേടിപ്പിക്കുന്ന കണക്ക് പുസ്തകം



എത്ര കൂട്ടിയാലും കിഴിച്ചാലും കണക്കുകൾ അങ്ങോട്ട് ശരിയാകുന്നില്ല. ഇത് കണക്ക് ചോദിക്കുന്നവരുടെ കൂടി കാലമായി മാറുകയാണോ? പക വീട്ടാനും പകരം ചോദിക്കാനും പഴങ്കഥകളേക്കാൾ നല്ല ആയുധം പഴയ കണക്കുകൾ തന്നെ! തെരഞ്ഞെടുപ്പ് അടുക്കുംതോറും രാഷ്ട്രീയ കക്ഷികളുടെ ക്യാപ്സ്യൂൾ നിർമ്മാണശാലകളിൽ സ്റ്റോക്ക് തീരുകയാണ്.

ഒരു ക്യാപ്സ്യൂളുകളും ഏൽക്കാത്തവിധം ജനങ്ങളുടെ ചിന്താധാരയിൽ സാമാന്യ ബോധത്തിന്റെയും തിരിച്ചറിവിന്റെയും രക്തയോട്ടം പണ്ടത്തെക്കാൾ ശക്തമാണ് ഇപ്പോൾ. അപ്പോൾ കണക്കുകൾക്കാണ് ഇനി മാർക്കറ്റ്. കാണാപാഠം പഠിച്ച കണക്ക് വെച്ച് ചർച്ചയ്ക്ക് വരുന്നവർ മിക്കവരും വിഡ്ഢിപ്പെട്ടികളിലെ കോമാളികളായി മാറുന്ന കാഴ്ചയും നന്നായി ആസ്വദിക്കുന്നുണ്ട് മലയാളികൾ.

എല്ലാവരും കണക്ക് പറയുകയാണ്. അഴിമതിക്ക് കണക്ക്. രാഷ്ട്രീയ പ്രതിയോഗികളുടെ ജീവിതം തകർത്തതിനും ജീവനെടുത്തതിനും കണക്ക്. കളവ് നടത്തിയതിനും കളവു മറച്ചതിനും കേസെടുത്തതിനും കേസെടുക്കാത്തതിനും കണക്ക്. പിന്നെയുമുണ്ട് കണക്കിലെ കളികൾ !

- തങ്ങളെ വേണ്ടത്ര പരിഗണിക്കാത്ത കേരളമെന്ന കൊച്ചു ദേശത്തെ ബജറ്റിലെ കണക്കിലൂടെ തോൽപ്പിച്ചു കളഞ്ഞ ബി.ജെ.പി സർക്കാർ.
- പയ്യന്നൂരിലെ സി.പി.എം പാർട്ടി ഫണ്ട് വിവാദത്തിൽ, മുൻ സഖാവ് കുഞ്ഞികൃഷ്ണന്റെ കണക്ക് പുസ്തകം ഉറക്കം കെടുത്തിയപ്പോഴും, പകരം കണക്കുകൾ നിരത്താൻ സമയം ചെലവിടുന്ന ഗോവിന്ദൻ മാസ്റ്റർ.

ആദ്യം കുഞ്ഞികൃഷ്ണന്റെ കണക്ക് വരട്ടെ, പിന്നാലെ പാർട്ടിയുടെ കണക്ക് കൊണ്ടുവരാം എന്നാണ് ഏറ്റവും ഒടുവിലത്തെ ചിത്രം. ഏതായാലും പയ്യന്നൂരിൽ കുഞ്ഞികൃഷ്ണൻ സധൈര്യം പോലീസ് കാവലിൽ ആ പുസ്തകം പുറത്തിറക്കി. സാക്ഷാൽ വി.എസ് അച്യുതാനന്ദന് മനസാ സമർപ്പിച്ചുകൊണ്ട്!

- നിയമസഭാ തെരഞ്ഞെടുപ്പിൽ എത്ര സീറ്റിൽ ആരൊക്കെ മത്സരിക്കണം എന്നത് അടുത്ത കണക്ക്. ഈ കണക്കിൽ ഇടതുമുന്നണിയെക്കാൾ ബേജാറ് യു.ഡി.എഫിനാണ്. വിശേഷിച്ച്, ഇത്തവണ അല്പം വിജയപ്രതീക്ഷ അവർക്ക് മുന്നിലുള്ളപ്പോൾ.

സീറ്റുകളുടെ കാര്യത്തിൽ ഒരിഞ്ച് പിന്നോട്ടില്ല എന്ന നിലപാടുള്ള മുസ്ലിം ലീഗ് യു.ഡി.എഫിന്റെ നട്ടെല്ലാണ്. അവരെ പിണക്കിക്കൂടാ. അവർ പറയുന്ന കണക്ക് വെട്ടിക്കൂടാ! യു.ഡി.എഫിനോട് ഒട്ടി നിൽക്കുന്ന കേരള കോൺഗ്രസ് ജോസഫ് ഗ്രൂപ്പിന്റെ അരികും മൂലയും വകഞ്ഞെടുക്കാം എന്ന മോഹം വി.ഡി. സതീശനും കൂട്ടർക്കും ഉണ്ടെങ്കിലും അവിടെയും കണക്കുകൾ പിഴയ്ക്കും എന്നാണ് കരുതപ്പെടുന്നത്.

ജോസ് കെ. മാണി ഇങ്ങോട്ട് വരുന്നില്ല എന്നറിഞ്ഞ നിമിഷം മുതൽ പി.ജെ. ജോസഫ് മുന്തിയ ആത്മവിശ്വാസത്തിലാണ്.

കഴിഞ്ഞ തവണ പത്ത് സീറ്റിലായിരുന്നു കേരള കോൺഗ്രസ് മത്സരിച്ചത്. ഇതിൽ നാല് സീറ്റെങ്കിലും വിട്ടുനൽകണമെന്ന് കോൺഗ്രസ് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാലും മൂന്ന് സീറ്റെങ്കിലും കിട്ടുമെന്നാണ് കോൺഗ്രസ് പ്രതീക്ഷ. ഇതിൽ ഇടുക്കി, കുട്ടനാട്, ഏറ്റുമാനൂർ മണ്ഡലങ്ങൾ ഉൾപ്പെടും. ഏതായാലും, കോൺഗ്രസ് സ്ഥാനാർത്ഥി നിർണ്ണയ സർവ്വേ അന്തിമ ഘട്ടത്തിലാണ്. ഇനി പ്രദേശിക നേതൃത്വത്തിന്റെ അഭിപ്രായം ആരായും. അതിനുശേഷം വേണം പ്രതിപക്ഷ നേതാവിന് പ്രചാരണ ജാഥ തുടങ്ങാൻ. അതിനിടെ, സംസ്ഥാനത്തിന്റെ വികസന നേട്ടങ്ങൾ എണ്ണി പറയാനുള്ള വികസന മുന്നേറ്റ ജാഥകൾ നയിക്കുന്ന സി.പി.എം സംസ്ഥാന സെക്രട്ടറിക്ക് നേട്ടങ്ങളേക്കാൾ, എത്ര പറഞ്ഞാലും തീരാത്ത ശബരിമല പോലുള്ള തീപിടിച്ച വിഷയങ്ങൾ മറുവശത്ത്.

ഈ ധർമ്മസങ്കടത്തിന്റെ കണക്ക് വോട്ടെടുപ്പ് ദിനത്തിൽ ആരെല്ലാം ആർക്കെല്ലാം തീർത്തു കൊടുക്കുമെന്ന് കണ്ടറിയാൻ ഇനി അധിക ദിവസങ്ങൾ ഇല്ല.

- അതിവേഗ റെയിലിന്റെ കാര്യത്തിൽ എണ്ണമറ്റ, വെറുതെ കിടക്കുന്ന മഞ്ഞക്കുറ്റികളെ സാക്ഷി നിർത്തി ഇ. ശ്രീധരനും സംസ്ഥാന സർക്കാരും നിരത്തുന്ന വ്യത്യസ്തമായ കണക്കുകൾ. അവിടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രകടമായ വടംവലി നമുക്ക് ദൃശ്യമാണ്.

## കഥ പറയുന്ന കണക്കുകൾ

അതിനിടെ, ശബരിമലയിലെ സ്വർണ്ണക്കൊള്ളയുടെ ഇരുവശത്തെയും കള്ളന്മാരുടെ കണക്കുകൾ കൈകാര്യം ചെയ്യുന്ന പ്രത്യേക അന്വേഷണ സംഘത്തിന് അപ്രതീക്ഷിതമായി ഹൈക്കോടതിയുടെ ഗുഡ് സർട്ടിഫിക്കറ്റ് വന്നു. പ്രതികൾക്ക് ജാമ്യം നൽകിയാലും അത് കേസന്വേഷണത്തെ ബാധിക്കില്ലെന്ന കോടതിയുടെ നിരീക്ഷണം യഥാർത്ഥത്തിൽ അസ്വസ്ഥരാക്കേണ്ടത് സി.പി.എം നേതാക്കളെയും ഭരണപക്ഷത്തെയുമാണ്. കാരണം അവരാണ് പ്രതിചേർക്കപ്പെട്ടവരിൽ അധികവും. എന്നാൽ കേസ് ഇല്ലായ്മ ചെയ്യാൻ പുറത്തിറങ്ങുന്ന പ്രതികൾ ശ്രമിക്കുമെന്ന അനാവശ്യ ഭീതിയാണ് രമേശ് ചെന്നിത്തലയെ പോലുള്ള നേതാക്കൾ പോലും പ്രകടിപ്പിക്കുന്നത്.

- ഫണ്ട് വിവാദവുമായിബന്ധപ്പെട്ട കണക്ക് ജനങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും തന്റെ പുസ്തകപ്രകാശനത്തിനു മുൻപ് അത് അവതരിപ്പിക്കണമെന്ന മുൻ ജില്ലാ കമ്മിറ്റിയംഗം വി. കുഞ്ഞിക്കൃഷ്ണന്റെ ആവശ്യത്തോട സി.പി.എം. നേതൃത്വം പുറംതിരിഞ്ഞു നിൽപ്പാണ്. കുഞ്ഞിക്കൃഷ്ണന്റെ പുസ്തകം ഇറങ്ങും മുൻപ് കണക്ക് പുറത്തുവിടാൻ മനസ്സില്ലെന്ന് സി.പി.എം. സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ തുറന്നടിച്ചു. അപ്പോൾ ആർക്ക് ആരെയാണ് ഭയം?
- കേന്ദ്ര ബജറ്റിൽ കേരളത്തിൽ എയിംസ് വരുമെന്ന് പല വേദികളിലും ആവർത്തിച്ചയാളായിരുന്നു സുരേഷ് ഗോപി. എയിംസ് തൃശൂരോ ആലപ്പുഴയിലോ തിരുവനന്തപുരത്തോ വരുമെന്നും കേരളം ഭൂമി നൽകിയില്ലെങ്കിൽ പൊള്ളാച്ചിയിലേക്ക് പോകുമെന്നുമെല്ലാം അദ്ദേഹം നേരത്തേ പറഞ്ഞിരുന്നു. തൃശ്ശൂർ എംപിയുടെ കണക്ക് കൂട്ടലുകൾ പിഴച്ചത് എവിടെയാവാം?

അദ്ദേഹം പലവട്ടം മോഹിച്ചത് പോലെ ഇനിയുള്ള കാലം കിടിലൻ ഡയലോഗുകളുമായി വെള്ളിത്തിരയിലേക്ക് മടങ്ങുമോ എന്നതും ചിന്തനീയമാണ്.

വാസ്തവത്തിൽ കുഞ്ഞികൃഷ്ണന്റെ കണക്ക് പുസ്തകം എല്ലാവർക്കും ഒരു പാഠമാണ്. പാർട്ടിയുടെ ചെയ്തികൾക്ക് ഒപ്പം നിൽക്കുകയും തെറ്റു കണ്ടാൽ പോലും തിരുത്താൻ തയ്യാറാവാതിരിക്കുകയും, നിർണായ നിമിഷങ്ങളിൽ മൗനം പാലിക്കുകയും ചെയ്യുന്ന അണികൾക്ക് കിട്ടാവുന്ന ഏറ്റവും വലിയ പാഠം.

സത്യം തുറന്നു പറഞ്ഞ വേളയിൽ പാർട്ടി ഒപ്പമില്ല. ഇതുവരെ പറയാത്ത സത്യങ്ങൾ ഇപ്പോൾ പറയുന്നത് എന്തിന് എന്ന പാർട്ടിയുടെ ചോദ്യത്തിലും അല്പം കഴമ്പുണ്ട്. അവിടെയാണ് പാർട്ടി സെക്രട്ടറിയുടെ കോടാലിക്കൈ പ്രയോഗം പ്രസക്തമാകുന്നത്.

ആരോ ചോദിച്ചത് പോലെ, ടി.പി. വധക്കേസ് കാലം മുതൽ പാർട്ടിയുടെ ചെയ്തികളോട് അകലം പാലിക്കാതെ കഴിഞ്ഞുകൂടിയ കുഞ്ഞികൃഷ്ണൻ, ഇപ്പോൾ എന്ത് ധാർമികതയുടെ പേരിലാണ് കേവലം ഫണ്ട് വെട്ടിപ്പിന്റെ കണക്ക് പുസ്തകവുമായി രംഗത്തുവരുന്നത്. ഒരു പക്ഷേ, ആ പുസ്തകത്തിൽ കണക്കുകൾക്കപ്പുറം കാര്യങ്ങളും ഉണ്ടാകും.

അതുകൊണ്ടാവാം സി.പി.എം അതിനെ വല്ലാതെ ഭയക്കുന്നത്. ഭയം ഉള്ളതിനെ ഇല്ലായ്മ ചെയ്യുക എന്ന ഒരു ശൈലി പ്രയോഗിച്ചാൽ തെരഞ്ഞെടുപ്പ് കാലത്ത് പാർട്ടിക്ക് വരുത്താവുന്ന ക്ഷീണം മറികടക്കാൻ ഗോവിന്ദൻ മാസ്റ്റർ എന്ത് തന്ത്രമാണ് തന്റെ വാർ റൂമിൽ മിനുക്കിയെടുക്കുക എന്ന് കൂടി കണ്ടറിയേണ്ടി വരും.

◗ പ്രജിത്ത് രാജ്






## അധ്യായം 18

# കടലിലെ നിയമം കനക്കുമ്പോൾ..!

മഹാസമുദ്രത്തിന്റെ ആ ഇരുണ്ട നീലിമയിൽ എംവി ഓഷ്യൻ മെറിഡിയൻ പതുക്കെ നീങ്ങിക്കൊണ്ടിരുന്നു. ഡെക്കിൽ നിന്നുള്ള ക്യാപ്ടന്റെ ശബ്ദത്തിൽ ദേഷ്യം ഒട്ടുംതന്നെ ഇല്ല. അത് തന്നെയായിരുന്നു ഏറ്റവും ഭയപ്പെടുത്തുന്ന സംഗതിയും..! കുറച്ചുനേരം മുൻപ് തോക്കിന്റെ തണുത്ത വായ റോബിൻസിന്റെ നെറ്റിയിൽ പതിഞ്ഞിരുന്നു. പിന്നെ ക്യാപ്ടൻ ആ തോക്ക് പാന്റിന്റെ പോക്കറ്റിൽ തിരുകി.

''നീആരാണെന്ന്ഞാൻഅറിയണം, റോബിൻസ്... പക്ഷേ അതിന് മുൻപ്, ഈ കപ്പലിൽ നിയമം എന്താണെന്ന് നീയും ഇവരും മനസിലാക്കണം.'

ക്യാപ്ടൻ ബെൽ അടിച്ചു. ചീഫ് ഓഫീസർ, എഞ്ചിനിയർ സെൽവരാജ്, ഡെക്ക് ഹാൻഡുകൾ എല്ലാവരും ബ്രിഡ്ജിന് സമീപം ഒത്തുകൂടി. ക്യാപ്ടൻ ശബ്ദം നിയന്ത്രിച്ച് സംസാരിച്ചു.

അത് ഒരു പ്രസംഗം പോലെ അല്ല; കുറ്റസമ്മതം പോലെ ആയിരുന്നു.

''പുറം കടലിൽ ചരക്കുകപ്പലിൽ നിന്ന് ഒരു അപരിചിതനെ പിടികൂടിയാൽ നിലവിലുള്ള അന്താരാഷ്ട്ര കടൽനിയമം നമുക്കും പാലിക്കേണ്ടതുണ്ട്.''

അയാൾഓരോവാചകവുംഏറെശ്രദ്ധയോടെയാണ്പറയുന്നത്.കപ്പൽരജിസ്റ്റർ ചെയ്ത രാജ്യത്തിന്റെ നിയമം അനുസരിച്ചേ നമുക്ക് മുന്നോട്ടു പോകാനാകു. ഇത് ഓഷ്യൻ മെറിഡിയൻ പനാമയിൽ രജിസ്റ്റർ ചെയ്ത കപ്പലാണ്.

അപരിചിതനെഉടൻഹാനികരമായി കാണാൻ പാടില്ല. അവന്റ പക്കൽ ആയുധമുണ്ടോ,? ഏതെങ്കിലും തരത്തിലുള്ള ഭീഷണി മുഴക്കുന്നുണ്ടോ? എന്നറിയണം.? ക്യാപ്ടൻ റോബിൻസിനു നേരെ തിരിഞ്ഞ്:

നീ അത് ആദ്യം വ്യക്തമാക്കണം. വളരെ ശാന്തനായി ക്യാപ്ടന്റെ കണ്ണുകളിലേക്കു നോക്കിക്കൊണ്ട റോബിൻസ് പറഞ്ഞു: പറഞ്ഞല്ലോ, ഞാനൊരു പത്രപ്രവർത്തകനാണ്.

പക്ഷേ, അനധികൃത കയറിപ്പറ്റൽ കുറ്റമാണ്, എന്നാലിപ്പോൾനിന്നെകൊന്നുകളയാനോ, പീഡിപ്പിക്കാനോ നിയമം അനുവദിക്കുന്നില്ല. ഞങ്ങൾക്കതിന് ഉദ്ദേശ്യവുമില്ല. എന്നാൽ, തുറമുഖത്തെ പോലീസ് അല്ല, ഈ കടലിൽ ഞാൻ തന്നെയാണ് നിയമം നടപ്പാക്കുന്നത്.

അവസാനം ക്യാപ്ടൻ ശബ്ദം താഴ്ത്തി പറഞ്ഞു:

''പക്ഷേ,റോബിൻസ്...നിയമംപാലിക്കുന്നതായി ഞാനും നീയും ഭാവിച്ചേ പറ്റു. ഭാവിച്ചാൽ മാത്രം മതി.

കപ്പലിലുള്ളവർപരസ്പരംനോക്കി. ആ വാചകം അവർക്കു മനസിലായില്ല. പക്ഷേ റോബിൻസിന് മനസിലായി. ഇതൊരിക്കലും തന്നെ രക്ഷിക്കാനുള്ള പ്രസംഗമല്ല.

അടുത്തതുറമുഖംഎത്തുന്നതിന്മുൻപ് തന്നെ താൻ ''അപരിചിതൻ'' ആയി കടലിൽ അപ്രത്യക്ഷനാകേണ്ടി വരുമോ എന്ന ചോദ്യം അവന്റെ നെഞ്ചിൽ കുത്തിനിന്നു. എങ്കിലും അയാളതു പുറമേ കാണിച്ചില്ല.

ക്യാപ്ടൻ പെട്ടെന്ന് ശബ്ദം ഉയർത്തി: 'റിലീസ് ഹിം'

ആ ശബ്ദത്തിൽ കരുണയില്ല. പക്ഷേ ഒരു കൃത്യതയുണ്ടായിരുന്നു, ആജ്ഞയുടെ കൃത്യത. കയർ അഴിഞ്ഞപ്പോൾ റോബിൻസിന്റെ കൈകളിൽ രക്തം തിരികെ ഒഴുകി. വേദനയേക്കാൾ അവനെ വിറപ്പിച്ചത് ക്യാപ്ടന്റെ മുഖം തന്നെയാണ്. അവിടെ പരാജയം ഇല്ലായിരുന്നു.തീരുമാനംമാത്രമുണ്ടായിരുന്നു.

ക്യാപ്ടൻ തിരിഞ്ഞു എല്ലാവരെയും നോക്കി:

### കഥ ഇതുവരെ

കെന്നഡിജൂനിയർപറത്തിയവിമാനം തകർന്ന് വീണു. അതുമായി ബന്ധപ്പെട്ട് ചില അത്യാഹിതങ്ങൾ സംഭവിക്കുന്നു. അതിന്റെ അന്വേഷണത്തിലാണ് റിപ്പോർട്ടർ റോബിൻസ്. കൂടുതൽ അന്വേഷണങ്ങൾക്കായി അയാൾ കെനിയായൽ എത്തി. അവിടത്തെ ദരിദ്ര്യാവസ്ഥ ഭയാനകമായിരുന്നു. ആ അനുഭവം നേരിട്ടറിയാൻ അയാൾ ഒരു ചരക്കു കപ്പലിൽ രഹസ്യമായി കയറി. ആ യാത്ര അയാളെ വലിയൊരു അപകടത്തിലേക്കെത്തിച്ചു. തുടർന്നു വായിക്കുക


''ഇപ്പോൾ മുതൽ ഈ മനുഷ്യൻ തടവുകാരൻ അല്ല.''

ഒരു നിമിഷം നിശ്ശബ്ദത.

''ഇയാൾ എന്റെ അതിഥിയാണ്.''

ആ വാക്ക് കപ്പലിൽ ഒരു അസ്വസ്ഥത പോലെ പടർന്നു. ചീഫ് ഓഫീസർ വായ തുറക്കാൻ ശ്രമിച്ചു. ക്യാപ്ടൻ കൈ ഉയർത്തി തടഞ്ഞു.

''നിയമം പറഞ്ഞത് നിങ്ങൾ കേട്ടല്ലോ. ലോഗ്ബുക്ക് എൻട്രി ഞാൻ തന്നെ എഴുതിക്കോളാം.'' അയാൾ റോബിൻസിനെ നോക്കി.




''പക്ഷേ മിസ്റ്റർ റോബിൻസ്, നിങ്ങൾക്കൊരു ഉത്തരവാദിത്വമുണ്ട്.''

റോബിൻസ് ചോദിച്ചു: ''എന്ത്?''

ക്യാപ്ടൻ ശബ്ദം താഴ്ത്തി. അത് ഭീഷണിയല്ല കരാർ ആയിരുന്നു.

''നിങ്ങൾ ഇനി ഈ കപ്പലിൽ സ്വതന്ത്രനാണ്.'' ഒരു നിമിഷം.

''പക്ഷേ നിങ്ങൾ കാണുന്നതെല്ലാം നിങ്ങളുടെ ഓർമ്മയിലാണ്.''

ക്യാപ്ടൻബ്രിഡ്ജിലെവിൻഡോതുറന്നു. കടൽ ഉള്ളിലേക്ക് ശ്വാസം പോലെ കയറി.

''ഒരു പത്രപ്രവർത്തകൻ ചിലപ്പോൾ എഴുതാത്തതുകൊണ്ടാണ് ജീവിക്കുന്നത്.''

റോബിൻസ് മനസ്സിലാക്കി: ഇത് മോചനമല്ല. ഇത് പുതിയ തടവാണ്. ക്യാപ്ടൻ അവസാന വാചകം പറഞ്ഞു:

''നീ ഇപ്പോൾ എന്റെ കപ്പലിന്റെ ഭാഗമാണ്.''

അകലെ എഞ്ചിൻ ഗർജ്ജിച്ചു. കടൽ അവരെ മുന്നോട്ട് കൊണ്ടുപോയി, പക്ഷേ ഇനി ആർക്കും തിരികെ പോകാനാവില്ല.

രാത്രി കടൽ ശാന്തം..! നല്ലോരു കുളി കഴിഞ്ഞപ്പോൾ റോബിൻസിന് എന്തെന്നില്ലാത ഉന്മേഷം തോന്നി. തൊട്ടുപിന്നാലെ ചൂടുള്ള ചിക്കനും ചപ്പാത്തിയും കിട്ടി. പിന്നെ വിശ്രമിക്കാൻ ഒരു മുറിയും. മുറിയിലെത്തി അല്പം കഴിഞ്ഞപ്പോൾ അവനൊരു പാട്ടുകേട്ടു.

'ഗോഗുൽത്താ മലയിൽ നിന്നും വിലാപത്തിൻ മാറ്റൊലികേട്ടു...' റോബിൻസ് ആദ്യം ശ്രദ്ധിച്ചത് ശബ്ദമല്ല. ഭാഷയാണ്.

അവന്റെ മുറിക്കു സമീപം വികാരഭാരത്താൽ വിലപിക്കും പോലൊരു ഗാനശകലം ചെറുതായി കേട്ടു. റോബിൻസ് തല ഉയർത്തി. പിന്നെ പതിയെ പുറത്തുകടന്നു. അവിടെ നിന്നത് സെക്കൻഡ് ഓഫീസർ ബേസിൽ മാത്യു.

നിറം മങ്ങിയ യൂണിഫോം. മുഖത്ത് കടൽ കണ്ടവന്റെ ക്ഷീണം.

റോബിൻസ് പതുക്കെ ?ചോദിച്ചു:

''നാടെവിടെയാണ്?''ബേസിൽ ഒന്നു ഞെട്ടി. പിന്നെ ശബ്ദം താഴ്ത്തി പറഞ്ഞു:

''കോതമംഗലം.''

ആ വാക്ക് ഈ കപ്പലിൽ ആദ്യമായി മണ്ണിന്റെ ഗന്ധം കൊണ്ടുവന്നു. അന്ന് മുതൽ അവരുടെ സംഭാഷണങ്ങൾ രാത്രിയിലേക്കു മാറി.

എഞ്ചിൻ റൂമിനടുത്തുള്ള സ്റ്റോറിന് പുറകിൽ. ക്യാമറ കാണാത്ത ഒരിടം..!

ബേസിൽ പറഞ്ഞു: ''ക്യാപ്ടൻ നിങ്ങളോടു പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ ഒരുപാട് ഉണ്ട്.''

റോബിൻസ് ചോദിച്ചില്ല. അത് തന്നെ വിശ്വാസത്തിന്റെ തുടക്കമായിരുന്നു.

ബേസിൽ പതുക്കെ പറഞ്ഞു:

''ലോഗ്ബുക്ക് രണ്ടു എണ്ണം ഉണ്ട്.'' റോബിൻസിന്റെ കണ്ണുകൾ മിന്നി.

''ഒന്ന് ഔദ്യോഗികം. മറ്റേത്... ക്യാപ്ടന്റെ കൈയ്യിലുള്ളത്.'' അവൻ തുടർന്നു:

''ഭാരം രേഖപ്പെടുത്തുമ്പോൾ കണ്ടെയ്നറുകളുടെ എണ്ണം ഒരു ഡെസിമൽ പോലും പൊരുത്തപ്പെടുന്നില്ല.''

ബേസിൽ ചുറ്റും നോക്കി. ''റേഡിയോയിൽ ചില സന്ദേശങ്ങൾ ഡികോഡ് ചെയ്യാറില്ല.''

''ചെയ്യാൻ പാടില്ല എന്നല്ല... ചെയ്യരുത് എന്ന് ക്യാപ്ടൻ പറഞ്ഞിട്ടുണ്ട്.''

''എന്നാൽ ഞാൻ ഒന്ന് ശ്രമിച്ചു.'' ഒരു കോഡ് നമ്പർ റോബിൻസിന്റെ കൈയിലേക്കു വെച്ചു. ബി47/ബെംഗാസി.

ബേസിൽ ഒടുവിൽ പറഞ്ഞു: അത് കയ്യിലിരിക്കട്ടെ ആവശ്യം വരും.

*************

എംവി ഓഷ്യൻ മെറിഡിയൻ. രാത്രി ഫോർവേഡ് ഹോൾഡിന് പുറത്ത് കനത്ത ഇരുട്ട്. ബേസിൽ പടികൾ ഇറങ്ങുന്നതിന് മുൻപ് റോബിൻസ് ഒരു നിമിഷം അവന്റെ കൈ പിടിച്ചു. കുറെയേറെ സംസാരിച്ചു ഇരുവരും.

ഒടുവിൽ ഗുഡ്നൈറ്റ് പറഞ്ഞ് പിരിഞ്ഞു. അവൻ ഇരുട്ടിലേക്ക് ഇറങ്ങി.

ക്യാപ്ടൻ റോബിൻസിന് അപകടം ഒരുക്കുമ്പോൾ ബേസിൽ രക്ഷ ഒരുക്കുകയായിരുന്നു. ബേസിൽ പറഞ്ഞ അവസാന വാക്കുകൾ അയാളുടെ ചെവിയിൽ മുഴങ്ങി:

'സാറ്റലൈറ്റ് ഫോൺ... എഞ്ചിൻ റൂം... പരിശോധന ലോക്കർ. ഒരു മിനിറ്റ് വിൻഡോ.'

റോബിൻസ് എഞ്ചിൻ റൂമിനടുത്തുള്ള മെറ്റൽ കാബിനറ്റിന്റെ താക്കോൽ തിരിച്ചു. ലൈറ്റ് തെളിഞ്ഞില്ല. പക്ഷേ ഫോൺ അവിടെ ഉണ്ടായിരുന്നു.

ഒറ്റ മിനിറ്റ്. അത്ര മാത്രം. രാത്രി. ടൈംസ്ക്വയറിൽ നിന്നും വാരകൾ മാത്രം അകലെയുള്ള ദി വേൾഡ് ടൈംസ് ന്യൂസ്പേപ്പർ ആസ്ഥാനത്ത് എക്സിക്യൂട്ടീവ് എഡിറ്റർ ജോർജ് ലൂക്കാസ് ഉണർന്നിരുന്നു. സ്ക്രീനിൽ ഒരു അപരിചിത നമ്പർ മിന്നി.

അയാൾ ഫോൺ എടുത്തു. 'ലൂക്കാസ് ഹിയർ'. ശ്വാസം അടക്കിയ ശബ്ദം: ഇത് റോബിൻസാണ്.

ലൂക്കാസ് എഴുന്നേറ്റു.

''നീ എവിടെയാണ...?''

കപ്പലിൽ തന്നെ. ഇന്ത്യൻ മഹാസമുദ്രത്തിൽ..! ലൂക്കാസ് സശ്രദ്ധം ചെവി കൂർപ്പിച്ചു നിന്നു. ഒരു പത്രപ്രവർത്തകൻ ജീവൻ പണയപ്പെടുത്തി പറയുന്ന ശബ്ദം.

'യന്ത്രങ്ങളായി അടയാളപ്പെടുത്തിയ കണ്ടെയ്നറുകൾ. ഉള്ളിൽ ആയുധങ്ങൾ, വിഷവസ്തുക്കൾ. ഡെസ്റ്റിനേഷൻ ബെംഗാസി.' ലൂക്കാസ് കണ്ണട എടുത്തു മാറ്റിക്കൊണ്ട് ചോദിച്ചു:

'ആരാണ് അതിന് നേതൃത്വം കൊടുക്കുന്നത്..?'

'ക്യാപ്ടൻ. അയാൾ മാത്രമാണ് കുറ്റക്കാരൻ. ' ഒരു നിമിഷം.

'ക്രൂ?'

'നിരപരാധികൾ.. ബേസിൽ എന്ന ഒരു മലയാളി ഓഫീസർ എന്നെ സഹായിക്കുന്നു. അയാൾ മരിച്ചാൽ അത് അപകടമല്ല, കൊലപാതകമാണ്.'

ലൂക്കാസ് ദീർഘശ്വാസം വിട്ടു. എന്നിട്ട് ചോദിച്ചു.

'പ്രൂഫ്..!'

റോബിൻസ് പറഞ്ഞു: 'ഇരട്ട ലോഗ് ബുക്കുകൾ. ഭാരത്തിലെ വ്യത്യാസങ്ങൾ.

എൻക്രിപ്റ്റ് ചെയ്ത റേഡിയോ പൊട്ടിത്തെറികൾ. ടൈം സ്റ്റാമ്പുകൾ.'

റോബിൻസ് ശബ്ദം താഴ്ത്തി:

'സാർ... ഞാൻ അപ്രത്യക്ഷനായാൽ മാത്രം പ്രസിദ്ധീകരിക്കുക.''

ലൂക്കാസ് ഒരു നിമിഷം മിണ്ടാതിരുന്നു. എന്തോ ഒരപകടം റോബിൻസ് മുന്നിൽ കണ്ടു. ഫോൺ ചൂടായി.

പടികളിലൂടെ ആരുടേയോ ബൂട്ടിന്റെ ശബ്ദം. ഇന്റർകോം വഴി ബേസിലിന്റെ സംസാരം.! 'ഇപ്പോൾ നിർത്തുക..!'

റോബിൻസ് ഉടൻ ഫോൺ താഴെവച്ചു. പിന്നെ മിന്നൽവേഗത്തിൽ താക്കോൽ തിരിച്ചു. ഇനി ഈ കഥ കടലിൽ മാത്രം അല്ല. അങ്ങ് ന്യൂയോർക്കിലും എത്തിയിരിക്കുന്നു എന്ന സമാധാനത്തോടെ തിരിഞ്ഞു നടന്നു.

ആ ക്യാപ്ടൻ കരുതിയത് ഒരു മനുഷ്യനെ കടൽ വിഴുങ്ങും എന്നായിരുന്നു. എന്നാൽ അപകടകരമായ വിലപ്പെട്ട വാക്കുകൾ കടൽ കടന്നിരുന്നു..!

കടൽ തികച്ചും അസ്വസ്ഥമായിക്കൊണ്ടിരിക്കുകയാണ്. റഡാർ സ്ക്രീനിൽ ഒരു ചെറു പുള്ളി മിന്നി. പിന്നെ മങ്ങി. ബേസിൽ മാത്യുവിന്റെ വിരലുകൾ പതിവിലും അധികം വേഗത്തിൽ കീബോർഡിലൂടെ നീങ്ങി. അത് ക്യാപ്ടൻ ശ്രദ്ധിച്ചു. അയാൾ വിളിച്ചു:

'സെക്കന്റ് ഓഫീസർ' ശബ്ദം ശാന്തമായിരുന്നു. അത് തന്നെയായിരുന്നു മുന്നറിയിപ്പ്.

ബേസിൽ തിരിഞ്ഞു. 'ഏസ് ക്യാപ്ടൻ' ക്യാപ്ടൻ അടുത്തുവന്നു. റഡാർ നോക്കി. പിന്നെ ശബ്ദം താഴ്ത്തി പറഞ്ഞു:

''നീ മലയാളം സംസാരിക്കുന്നുണ്ടല്ലോ ആ പത്രക്കാരനോട്?''

ആ ചോദ്യം ബേസിലിന്റെ നട്ടെല്ലിലൂടെ വല്ലാത്തൊരു തണുപ്പ് കടത്തിവിട്ടു. ഉള്ളൊന്നു പിടഞ്ഞു. ബേസിൽ ഒന്നും പറഞ്ഞില്ല.

''ഭാഷ മനുഷ്യനെ ബന്ധിപ്പിക്കും, ഒരു രഹസ്യം രണ്ട് പേർ അറിഞ്ഞാൽ അത് പിന്നെ രഹസ്യമല്ല.''

ബേസിൽ മാത്യുവിന്റെ കണ്ണിൽ ഇരുട്ടുകയറി.

(തുടരും)

## എയിംസ് എന്ന 'കിട്ടാക്കനി':

# സുരേഷ്ഗോപിയും രാജീവ് ചന്ദ്രശേഖറും പ്രതിരോധിക്കുമ്പോൾ, ഇടത് – വലത് മുന്നണികൾ വലവിരിക്കുന്നു!

തിരുവനന്തപുരം: കേരളത്തിന് എയിംസ്അനുവദിക്കുമെന്ന്കേൾക്കാൻതുടങ്ങിയിട്ട് കാലം കുറച്ചായി. ഓരോ ബജറ്റ് വരുമ്പോഴും മലയാളികൾ ആകാംക്ഷയോടെ ദില്ലിയിലേക്ക് നോക്കും. പക്ഷേ, ദില്ലിയിൽ നിന്ന് വരുന്നത് 'ലഡു'വല്ല, മറിച്ച് 'പാലും പഴവും' തരാമെന്ന വെറും വാഗ്ദാനങ്ങൾ മാത്രമാണെന്ന് കഴിഞ്ഞ ദിവസത്തെ കേന്ദ്ര ബജറ്റോടെ ഒരിക്കൽ കൂടി തെളിഞ്ഞു. ഇതിനെയാണ് ഇപ്പോൾ കേരള രാഷ്ട്രീയത്തിൽ 'എയിംസ് വഞ്ചന' എന്ന് ഇടതും വലതും വിശേഷിപ്പിക്കുന്നത്.



### സുരേഷ് ഗോപിയുടെ 'മാസ്' ഡയലോഗും രാജീവിന്റെ 'ടെക്' പ്രതിരോധവും

നമ്മുടെ തൃശൂരിലെ 'ഗഡു', കേന്ദ്രമന്ത്രി സുരേഷ് ഗോപിക്ക് എയിംസിന്റെ കാര്യത്തിൽ വലിയ വാശിയായിരുന്നു. 'എന്റെ കാലാവധി തീരുന്നതിന് മുമ്പ് എയിംസ് വരും, വന്നില്ലെങ്കിൽ അടുത്ത വട്ടം വോട്ട് ചോദിക്കാൻ ഞാൻ വരില്ല' എന്നായിരുന്നു അദ്ദേഹത്തിന്റെ മാസ് ഡയലോഗ്. എന്നാൽ സ്ഥലം എവിടെ വേണം എന്ന കാര്യത്തിൽ സുരേഷ് ഗോപിക്ക് സ്വന്തമായൊരു 'തിരക്കഥ'യുണ്ട്. കിനാലൂർ വേണ്ട, പകരം തന്റെ തട്ടകമായ തൃശൂരോ അല്ലെങ്കിൽ ആലപ്പുഴയോ മതിയെന്നാണ് അദ്ദേഹത്തിന്റെ പക്ഷം.

മറുഭാഗത്ത്, രാജീവ് ചന്ദ്രശേഖർ കുറച്ചുകൂടി സാങ്കേതികമായാണ് പന്തെറിയുന്നത്. 'സംസ്ഥാന സർക്കാർ മൂന്ന് സ്ഥലങ്ങൾ നിർദ്ദേശിക്കണം, കേന്ദ്രം തീരുമാനിക്കും' എന്ന സാങ്കേതിക നൂലാമാലകളിൽ തൂങ്ങിയാണ് അദ്ദേഹത്തിന്റെ പ്രതിരോധം. എന്നാൽ, എയിംസ് കിട്ടാത്തതിന്റെ പഴി മുഴുവൻ സംസ്ഥാന സർക്കാരിന്റെ തലയിൽ കെട്ടിവെച്ച് രക്ഷപ്പെടാനാണ് ബി.ജെ.പി നേതാക്കൾ ശ്രമിക്കുന്നത്. 'ഡബിൾ എഞ്ചിൻ സർക്കാർ വന്നാലേ വികസനം വരൂ' എന്ന സ്ഥിരം ക്ലീഷേ ഇവിടെയും അവർ ആവർത്തിക്കുന്നു.

### എൽ.ഡി.എഫും യു.ഡി.എഫും: ആഞ്ഞടിക്കുന്ന ഇരട്ട പ്രഹരം

മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും ഈ വിഷയത്തിൽ ഒറ്റക്കെട്ടാണ് – കേന്ദ്രത്തിന് കേരളത്തോട് ചിറ്റമ്മ നയമാണെന്ന് സ്ഥാപിക്കാൻ ഇതിലും നല്ലൊരു ആയുധം വേറെ കിട്ടാനില്ല.

**എൽ.ഡി.എഫ് വാദം:** 'ഞങ്ങൾ സ്ഥലം (കിനാലൂർ) കണ്ടെത്തി, ഭൂമി ഏറ്റെടുക്കൽ തുടങ്ങി. എന്നിട്ടും തരാത്തത് കേന്ദ്രത്തിന്റെ കുശുമ്പാണ്.'

**യു.ഡി.എഫ് വാദം:** 'ബി.ജെ.പി നേതാക്കൾക്ക് ദില്ലിയിൽ ഒരു സ്വാധീനവുമില്ല. ഇത്രയും കേന്ദ്രമന്ത്രിമാരുണ്ടായിട്ടും ഒരു മെഡിക്കൽ കോളേജ് പോലും കൊണ്ടുവരാൻ പറ്റാത്തവർ എന്തിന് വോട്ട് ചോദിക്കുന്നു?'

### 2026 നിയമസഭാ തിരഞ്ഞെടുപ്പിലെ 'എയിംസ് ഇഫക്ട്'

വരാനിരിക്കുന്ന 2026 നിയമസഭാ തിരഞ്ഞെടുപ്പിൽ എയിംസ് ഒരു കത്തുന്ന കനലായി മാറും എന്ന കാര്യത്തിൽ സംശയമില്ല. അതിന്റെ ചില പ്രധാന പ്രത്യാഘാതങ്ങൾ താഴെ പറയുന്നവയാകാം:

**ബി.ജെ.പിയുടെ 'വികസന നായകൻ' ഇമേജിന് ഇടിവ്:** തൃശൂർ പിടിച്ച ആവേശത്തിൽ നിൽക്കുന്ന ബി.ജെ.പിക്ക്, കേരളത്തിന് വലിയൊരു പദ്ധതി പോലും കൊണ്ടുവരാനായില്ല എന്നത് തിരഞ്ഞെടുപ്പിൽ വലിയ തിരിച്ചടിയാകും. 'വോട്ട് തന്നിട്ടും എന്ത് തന്നു?' എന്ന ചോദ്യത്തിന് മുന്നിൽ അമിത് ഷാക്കും മോദിക്കും ഉത്തരം മുട്ടും.

**സുരേഷ് ഗോപിയുടെ വ്യക്തിപ്രഭാവം:** സുരേഷ് ഗോപി പറഞ്ഞ വാക്ക് പാലിച്ചില്ലെങ്കിൽ അത് അദ്ദേഹത്തിന്റെ 'സത്യസന്ധനായ രാഷ്ട്രീയക്കാരൻ' എന്ന ഇമേജിനെ ബാധിക്കും. സിനിമയിലെ പോലെ വില്ലന്മാരെ അടിച്ചു പറത്താൻ രാഷ്ട്രീയത്തിൽ എളുപ്പമല്ലല്ലോ!

**ഇടതുപക്ഷത്തിന്റെ 'വിവേചന' കാർഡ്:** കേന്ദ്രം കേരളത്തെ അവഗണിക്കുന്നു എന്ന വൈകാരിക തരംഗം സൃഷ്ടിക്കാൻ പിണറായി വിജയൻ ശ്രമിക്കും. ബജറ്റിലെ അവഗണനയും എയിംസ് വഞ്ചനയും എൽ.ഡി.എഫിന്റെ പ്രധാന പ്രചാരണ വിഷയമാകും.

**യു.ഡി.എഫിന്റെ തിരിച്ചുവരവ്:** എൽ.ഡി.എഫിന്റെ ഭരണവിരുദ്ധ വികാരത്തിനൊപ്പം കേന്ദ്രത്തിന്റെ അവഗണനയും കൂടി ചേർത്ത് ബി.ജെ.പിയെയും സി.പി.എമ്മിനെയും ഒരേപോലെ ആക്രമിക്കാൻ കോൺഗ്രസ് ഈ അവസരം ഉപയോഗിക്കും.

### നമുക്ക് ചിരിക്കണോ അതോ കരയണോ?

തമിഴ്നാടിനും കർണാടകക്കും ആന്ധ്രക്കും വാരിക്കോരി കൊടുക്കുമ്പോൾ കേരളത്തിന്റെ മാപ്പിൽ എയിംസ് എന്നൊരു അടയാളം പോലും ഇടാൻ കേന്ദ്രത്തിന് മടിയാണ്. സുരേഷ് ഗോപിയും രാജീവ് ചന്ദ്രശേഖറും തമ്മിലുള്ള ആഭ്യന്തര തർക്കങ്ങൾക്കിടയിൽ കേരളത്തിന്റെ സ്വപ്നങ്ങൾ 'കോമഡി'യായി മാറുകയാണ്.

**ചുരുക്കത്തിൽ:** എയിംസ് എന്നത് ഇപ്പോൾ ഒരു ആശുപത്രിയല്ല, മറിച്ച് വരാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ വോട്ട് പിടിക്കാനുള്ള ഒരു 'പൊളിറ്റിക്കൽ ടൂൾ' മാത്രമാണ്. ബി.ജെ.പി തന്ത്രങ്ങൾ മാറ്റിയില്ലെങ്കിൽ, 2026ൽ താമര വിരിയാൻ കുറച്ചുകൂടി വിയർപ്പൊഴുക്കേണ്ടി വരും.

എയിംസ് വരും, വരാതിരിക്കില്ല... പക്ഷേ അത് നമ്മുടെ മക്കൾക്ക് ചികിൽസിക്കാനാണോ അതോ നേതാക്കൾക്ക് പ്രസംഗിക്കാനാണോ എന്ന് കണ്ടറിയണം!





## യുംനാം ഖേംചന്ദ് സിംഗിന്റെ നേതൃത്വത്തിൽ മണിപ്പൂരിൽ പുതിയ സർക്കാർ



ന്യൂഡൽഹി: വംശീയ സംഘർഷത്തിൽ ഉരുകിയ മണിപ്പൂരിൽ മെയ്തി കുക്കി വിഭാഗങ്ങളുടെ പ്രാതിനിദ്ധ്യം ഉറപ്പാക്കി പുതിയ എൻ.ഡി.എ സർക്കാർ ഇന്നലെ അധികാരമേറ്റു. മുതിർന്ന ബി.ജെ.പി നേതാവും മെയ്തി വിഭാഗത്തിലെ പ്രബലനുമായ യുംനാം ഖേംചന്ദ് സിംഗ് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു.

ബി.ജെ.പിയിലെ കുക്കി വിഭാഗം വനിതാ നേതാവ് നെംച കിപ്ഗെൻ, നാഗാ സമുദായ നേതാവും നാഗാ പീപ്പിൾസ് ഫ്രണ്ട് എം.എൽ.എയുമായ ലോസി ദിഖോ എന്നിവർ ഉപമുഖ്യമന്ത്രിമാരായി. ബി.ജെ.പിയിലെ ഗോവിന്ദാസ് കൊൻതൗജാം, നാഷണൽ പീപ്പിൾസ് പാർട്ടിയിലെ ഖുരായ്ജാം ലോകെൻ സിംഗ് എന്നിവർ മന്ത്രിമാരായി അധികാരമേറ്റു. ഗോവിന്ദാസ് കൊൻതൗജാമിന് ആഭ്യന്തരവകുപ്പ് ലഭിച്ചേക്കും.

രാവിലെ യുംനാം ഖേംചന്ദ് സിംഗ് ഗവർണറെ കണ്ട് സർക്കാർ രൂപീകരിക്കാൻ അവകാശവാദമുന്നയിച്ചിരുന്നു. സംസ്ഥാനത്തെ രാഷ്ട്രപതി ഭരണം പിൻവലിച്ച് വിജ്ഞാപനമിറങ്ങിയതിനു പിന്നാലെ ഇംഫാലിലെ ലോക്ഭവനിലായിരുന്നു സത്യപ്രതിജ്ഞാ ചടങ്. ഗവർണർ അജയ് കുമാർ ഭല്ല സത്യവാചകം ചൊല്ലിക്കൊടുത്തു. നെംച കിപ്ഗെന് ലോക്ഭവനിലെത്താനായില്ല. ഡൽഹിയിലെ മണിപ്പൂർ ഭവനിലിരുന്ന് ഓൺലൈനായി സത്യപ്രതിജ്ഞ ചെയ്തു. സംസ്ഥാനത്തെ ബി.ജെ.പി എൻ.ഡി.എ നേതാക്കൾ, എം.എൽ.എമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ബി.ജെ.പി പ്രവർത്തകർ ഇംഫാലിലെ പാർട്ടി ഓഫീസിൽ സർക്കാർ രൂപീകരണം ആഘോഷിച്ചു.

### 'ഞങ്ങളുടെ പിന്തുണയില്ല'

കുക്കി വിഭാഗത്തിലെ എം.എൽ.എമാർ മന്ത്രിസഭയിൽ ചേരരുതെന്ന് കുക്കി സോ കൗൺസിൽ ആവശ്യപ്പെട്ടു. കുക്കി വിഭാഗം വനിതാ നേതാവ് നെംച കിപ്ഗെൻ ഉപമുഖ്യമന്ത്രിയായി ചുമതലയേറ്റിരുന്നു. രണ്ട് കുക്കി എം.എൽ.എമാർ മന്ത്രിമാരാകുമെന്നാണ് സൂചന. ഇതിനിടെയാണ് സംഘടന രംഗത്തുവന്നത്. കുക്കികൾക്ക് പ്രത്യേക ഭരണകൂടം വേണമെന്ന നിലപാടിൽ ഉറച്ചുനിൽക്കുന്നു. കുക്കി വിഭാഗക്കാർ സർക്കാരിന്റെ ഭാഗമാകേണ്ടതില്ലെന്ന് ഏകകണ്ഠമായി തീരുമാനിച്ചിരുന്നതാണ്. എന്നിട്ടും സർക്കാരിൽ ചേരുന്നെങ്കിൽ അതു സ്വന്തം തീരുമാനമെന്ന നിലയിൽ ആയിക്കൊള്ളണമെന്നും സംഘടന പ്രതികരിച്ചു.

## കേന്ദ്ര മന്ത്രി നവനീത് ബിട്ടുവിനെ വഞ്ചകനെന്ന് വിളിച്ച് രാഹുൽ, രാജ്യത്തിന്റെ ശത്രുവെന്ന് ബിട്ടു

ന്യൂഡൽഹി: പാർലമെന്റ് കവാടത്തിനുമുമ്പിൽ വിവാദത്തിനുവഴിവച്ച് ലോക്സഭാ പ്രതിപക്ഷ നേതാവിന്റെയും കേന്ദ്രമന്ത്രിയുടെയും വാക്കുതർക്കം. കേന്ദ്രമന്ത്രിയും മുൻ കോൺഗ്രസ് നേതാവുമായ രവ്നീത് സിംഗ് ബിട്ടുവിനെ രാഹുൽ ഗാന്ധി വഞ്ചകൻ എന്നു വിളിച്ചതാണ് തുടക്കം.

രാഹുൽ രാജ്യത്തിന്റെ ശത്രുവാണെന്ന് ബിട്ടു തിരിച്ചും വിളിച്ചു. വിവാദമായതോടെ രാഹുൽ സിക്ക് സമുദായത്തെ അധിക്ഷേപിച്ചെന്നാരോപിച്ച് ബി.ജെ.പി പ്രവർത്തകർ ഡൽഹിയിലെ കോൺഗ്രസ് ആസ്ഥാനത്തേക്ക് മാർച്ച് നടത്തി.

ഇന്നലെ രാവിലെ പാർലമെന്റിന്റെ മകരദ്വാർ കവാടത്തിനുമുമ്പിൽ പ്രതിപക്ഷ പ്രതിഷേധത്തിനിടെയാണ് സംഭവം. പടികളിൽ പ്രതിഷേധ ധർണ നടത്തുന്ന എം.പിമാരുമായി സംസാരിക്കുകയായിരുന്നു രാഹുൽ. അതിലേ വന്ന മന്ത്രി രവ്നീത് ബിട്ടു കോൺഗ്രസ് എം.പിമാരെ നോക്കി 'കാർഗിൽ യുദ്ധത്തിൽ വിജയിച്ചെന്നാണ് ഭാവം' എന്നു പറഞ്ഞു.

'ഇതാ ഒരു വഞ്ചകൻ കടന്നു വരുന്നു. ആ മുഖം നോക്കൂ...' എന്ന് ഉടനടി രാഹുലിന്റെ പ്രതികരണം. ഇത് പറഞ്ഞുകൊണ്ട് രാഹുൽ ഹസ്തദാനത്തിനായി മുന്നോട്ടാഞ്ഞെങ്കിലും രവനീത് ഗൗനിക്കാതെ കടന്നുപോയി. ഉടൻ രാഹുൽ 'ഹലോ സഹോദരാ, എന്റെ വഞ്ചകനായ സുഹൃത്തേ, വിഷമിക്കേണ്ട, നിങ്ങൾ തിരിച്ചുവരും' എന്നുപറഞ്ഞു. ബിട്ടു തിരിഞ്ഞുനിന്ന് 'രാജ്യത്തിന്റെ ശത്രു' എന്ന് വിളിച്ചശേഷം കയറിപ്പോയി.



സുവർണക്ഷേത്രത്തിലെ അക്രമം അടക്കം സിക്ക് സമുദായത്തിനോട് കോൺഗ്രസ് കാണിക്കുന്ന വിരോധത്തിന്റെ തുടർച്ചയാണ് രാഹുലിന്റെ കമന്റ്. അദ്ദേഹത്തിന് നല്ല ഫിറ്റ്നസുണ്ട്, പക്ഷേ ഞാനും ശക്തനാണ്. എന്നാൽ രാഷ്ട്രീയത്തിൽ നമ്മൾ ചെയ്യുന്നത് ഇതല്ല. പാർലമെന്ററി ഭാഷയിൽ മാന്യമായി സംസാരിക്കണം. രാഹുലിന്റെ ഗുണ്ടായിസം തുറന്നുകാട്ടപ്പെട്ടു വെന്ന് രവനീത് സിംഗ്ബിട്ടു പറഞ്ഞു.

രക്തസാക്ഷിയായ മുൻ മുഖ്യമന്ത്രി ബിയാന്ത് സിംഗിന്റെ മകനായ രവ്നീതിനെതിരായ അധിക്ഷേപം സിക്ക് സമുദായത്തെ ഒട്ടാകെ അപമാനിക്കലാണ്. രാഹുൽ ഗാന്ധിക്ക് രാജ്യവഞ്ചകരായ നിരവധി സുഹൃത്തുക്കളുണ്ടാകാം. രവ്നീത് തീർച്ചയായും അവരിൽ ഒരാളല്ലെന്ന് കേന്ദ്രമന്ത്രി ഹർദീപ് സിംഗ്പുരി പറഞ്ഞു.

പ്രകോപനമുണ്ടാക്കിയത് മന്ത്രി രവ്നീതാണ്. ധർണ നടത്തുന്ന എം.പിമാരുടെ അടുത്തേക്ക് വന്ന ബിട്ടുവിന്റെ വാക്കുകളാണ് രാഹുലിന്റെ പ്രതികരണത്തിന് വഴിവച്ചത് ഡീൻ കുര്യാക്കോസ് പറഞ്ഞു.

### രാഹുലിന്റെ മുൻ സുഹൃത്ത്

1. 2009 (അനന്ത്പൂർസാഹിബ്), 2014, 2019(ലുധിയാന) തിരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് ലേബലിൽ ജയിച്ച പഞ്ചാബിൽ നിന്നുള്ള കോൺഗ്രസ് നേതാക്കളിൽ പ്രമുഖനായിരുന്ന രവ്നീത് ബിട്ടു.
2. 2024 ലോക്സഭാ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ബി.ജെ.പിയിൽ.
3. രാഹുലിന്റെ വിശ്വസ്തനും ലോക്സഭയിൽ ബി.ജെ.പിക്കെതിരായ കോൺഗ്രസ് ആക്രമണങ്ങൾക്ക് ചുക്കാൻ പിടിച്ച നേതാവും.
4. ചാവേർ ആക്രമണത്തിൽ കൊല്ലപ്പെട്ട പഞ്ചാബ് മുൻ മുഖ്യമന്ത്രി ബിയാന്ത് സിംഗിന്റെ മകൻ.










# കിം കർദാഷിയാൻ ലൂയിസ് ഹാമിൽട്ടണുമായി ഡേറ്റിംഗിലോ?




നടിയും മോഡലുമായ കിം കർദാഷിയാനെപറ്റിയുള്ള വിവാദങ്ങൾക്കും പ്രണയ ഗോസിപ്പുകൾക്കും പഞ്ഞമില്ല. ഇപ്പോഴിതാ എഫ് വൺ താരം ലൂയിസ് ഹാമിൽട്ടണുമായി ഡേറ്റിങ്ങിൽ ആണെന്നാണ് പുതിയ വാർത്തകൾ.2026 എ1 സീസൺ തുടങ്ങാൻ കൂടി ഒരു മാസത്തോളം സമയമുണ്ട്, എന്നാൽ ഏഴുതവണ വേൾഡ് ചാമ്പ്യൻ ലൂയിസ് ഹാമിൽട്ടൺ ഓഫ് - സീസണിൽ ഡേറ്റിങ് ഗെയിമിൽ തിരക്കിലാണെന്നാണ് വാർത്തകൾ.പാരീസിൽ സൊഷ്യൽ മീഡിയയിൽ വൈറലായ ചിത്രങ്ങൾ പ്രകാരം, ഹാമിൽട്ടൺ-കാർദാഷ്യൻ കപ്പിൾ ഓക്സ്ഫോർഡ്ഷയറിലെ എക്സ്ക്ലൂസീവ് കൺട്രി ക്ലബ്ബും സ്പായുമായ എസ്റ്റെല്ലെ മാനറിൽ ഒരു സ്വകാര്യ അത്താഴവും മസാജും ആസ്വദിച്ചതായി പറയപ്പെടുന്നു.ശനിയാഴ്ച ഉച്ചകഴിഞ്ഞ് കർദാഷിയാൻ ഓക്സ്ഫോർഡ് വിമാനത്താവളത്തിൽ എത്തി, വിറ്റ്നിയിലെ ഗ്രേഡ് കകലിസ്റ്റഡ് പ്രോപ്പർട്ടിയിൽ എത്തിയതായി റിപ്പോർട്ടുണ്ട്. ഒരു മണിക്കൂറിന് ശേഷം, ലണ്ടനിലെ ബാറ്റർസീ ഹെലിപോർട്ടിൽ നിന്ന് ചാർട്ടേഡ് ചെയ്ത ഹെലികോപ്റ്ററിൽ ഹാമിൽട്ടൺ എത്തി.കിമ്മിന്റെ വരവ് വളരെ ലളിതമായിരുന്നു. രണ്ട് അംഗരക്ഷകർ അവരെ അകത്തേക്ക് കൊണ്ടുപോയി. ഒരു മണിക്കൂറിനുശേഷം, വൈകുന്നേരം 4 മണിയോടെ, ലൂയിസ് ഒരു ഹെലികോപ്റ്ററിൽ ഇറങ്ങി അകത്തേക്ക് നടന്നു, അവിടെ മറ്റ് അതിഥികൾ ഒത്തുകൂടിയിരുന്നു. വർഷങ്ങളായി ഇരുവരും പരസ്പരം പരിചയമുള്ളവരാണ്, മുമ്പ് പൊതുപരിപാടികളിൽ ഒരുമിച്ച് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. 2014-ൽ ലണ്ടനിൽ നടന്ന ജിക്യു മെൻ ഓഫ് ദി ഇയർ അവാർഡുകളിൽ അവരുടെ മുൻ പങ്കാളികളായ കാനി വെസ്റ്റ്, നിക്കോൾ ഷെർസിംഗർ എന്നിവരോടൊപ്പം അവർ പങ്കെടുത്തു.

## ഡിസ്നിയുടെ തലപ്പത്ത് മാറ്റം; ജോഷ് ഡിമാറോ പുതിയ മേധാവി



ഹോളിവുഡിലെ ഏറ്റവും വലിയ പ്രൊഡക്ഷൻ കമ്പനികളിൽ ഒന്നായ വാൾട്ട് ഡിസ്നിയുടെ തലപ്പത്ത് മാറ്റം. സിഇഒ ബോബ് ഐഗർ സ്ഥാനം ഒഴിയുന്നു.രണ്ട് പതിറ്റാണ്ടിന് ശേഷമാണ് ബോബിന്റെ പടിയിറക്കം. ജോഷ് ഡിമാറോ ആണ് പുതിയ മേധാവി. നിലവിൽ ഇദ്ദേഹം ഡിസ്നി അമ്യൂസ്മെന്റ് പാർക്കുകളുടെ ചുമതല വഹിക്കുകയാണ്.അബുദാബിയിൽ പുതിയ തീം പാർക്ക് നിർമിക്കാനും ഒരുങ്ങുകയാണ് ഡിസ്നി.2026 മാർച്ച് 18ന് ആകും ജോഷ് ഡിമാറോ ഡിസ്നിയുടെ അധികാരമേൽക്കുക. കഴിഞ്ഞ 28 വർഷമായി വാൾട്ട് ഡിസ്നി കമ്പനിയുടെ ജീവനക്കാരനാണ് അദ്ദേഹം.അദ്ദേഹത്തിന്റെ കോർപ്പറേറ്റ് പ്രൊഫൈൽ അനുസരിച്ച് ഇതുവരെ, യുണൈറ്റഡ് സ്റ്റേറ്റ്സ്, യൂറോപ്പ്, ഏഷ്യ എന്നിവിടങ്ങളിലെ 12 തീം പാർക്കുകളും 57 റിസോർട്ട് ഹോട്ടലുകളും കൂടാതെ അബുദാബിയിൽ വരാനിരിക്കുന്ന ലാൻഡ്മാർക്ക് ഡിസ്നി തീം പാർക്കുമുള്ള ഡിസ്നി പാർക്കുകളുടെ മേൽനോട്ടം ജോഷ് നടത്തിയിരുന്നു

## ഏറ്റവും വേദനയുള്ള ബ്രേക്കപ്, നടിയായതുകൊണ്ട് മുൻ കാമുകൻ ഉപേക്ഷിച്ചു പോയി; മൃണാൽ താക്കൂർ



മിനിസ്ക്രീൻ സീരിയലുകളിലൂടെ കരിയർ തുടങ്ങിയതാണ് നടി മൃണാൽ താക്കൂർ . ഇന്ന് ഹിന്ദി സിനിമകളിലും തെലുങ്ക് സിനിമകളിലും മൃണാലിന് ലഭിക്കുന്ന സ്വീകരണവും അംഗീകാരവും വ്യത്യസ്തമാണ്. ദുൽഖർ സൽമാന്റെ നായികയായി സീതാ രാമത്തിൽ അഭിനയിച്ചതിന് ശേഷമാണ് മലയാളികൾ മൃണാലിനെ ശ്രദ്ധിച്ച് തുടങ്ങിയത്. ഇന്ന് മൃണാൽ കരിയറിലെ പീക് ലെവലിലാണ്.ഈ അവസരത്തിൽ, അവൾ ഒരു നടിയായി മാറിയതുകൊണ്ട് മുൻകാമുകനെ ഉപേക്ഷിക്കേണ്ടിവന്നതിനെക്കുറിച്ച് മൃണാൽ തുറന്നു പറഞ്ഞു. അന്ന് അത് ജീവിതത്തിലെ ഏറ്റവും വേദനയുള്ള അനുഭവമായിരുന്നു. മൃണാൽ അതിനെ തന്റെ ജീവിതത്തിലെ ഏറ്റവും ദുർബലമായ ചാപ്റ്ററായി കാണുന്നു.അദ്ദേഹം ഒരു ഓർത്തഡോക്സ് കുടുംബത്തിൽ നിന്നുള്ളവനായിരുന്നു. നടിയായ പെൺകുട്ടിയുമായി വിവാഹം കഴിക്കുന്നത് അദ്ദേഹത്തിന് താല്പര്യമുണ്ടായില്ല, പങ്കാളിയുടെ സ്റ്റാർഡം കൈകാര്യം ചെയ്യാനുള്ള അറിവും അദ്ദേഹത്തിന് ഇല്ലായിരുന്നു. മൃണാൽ പറയുന്നു, ''നീ വളരെ ഇംപൾസീവ് ആണ്'' എന്നാണ് പറഞ്ഞത് കാരണമാണ് പ്രണയബന്ധം അവസാനിച്ചത്.പക്വതയിൽ എത്തിയപ്പോൾ മാത്രമാണ് ആ ബ്രേക്ക്-അപ്പ് എത്രത്തോളം ശക്തിയേറിയതെന്ന് തിരിച്ചറിഞ്ഞത്. ഇത് തന്റെ പ്രൊഫഷണൽ മൂല്യത്തെ തിരിച്ചറിയാൻ സഹായിച്ചു, ആളുകൾ തിരിച്ചറിയുന്നതോടെ ജീവിതത്തിന്റെ ഔട്ട്ലുക്ക് മുഴുവനായും മാറുമെന്നു മൃണാൽ പറയുന്നു.നിലവിൽ ഇപ്പോൾ ധനുഷുമായുള്ള റിലേഷൻഷിപ്പിന്റെ പേരിൽ ഗോസിപ്പു കോളങ്ങളിൽ നിറഞ്ഞു നിൽക്കുകയാണ് മൃണാൾ താക്കൂർ.

# ബന്ധം വീണ്ടും വഷളാകുന്നുവോ? വേർപിരിയലിന് പിന്നാലെ ജെന്നിഫർ ലോപ്പസും ബെൻ അഫ്ലെക്കും തമ്മിൽ പുതിയ തർക്കം



ഹോളിവുഡിലെ സൂപ്പർ ജോഡികളായിരുന്ന ജെന്നിഫർ ലോപ്പസും ബെൻ അഫ്ലെക്കും തങ്ങളുടെ വിവാഹമോചന നടപടികൾക്കിടയിൽ കടുത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. മാസങ്ങൾക്ക് മുൻപ് വിവാഹബന്ധം വേർപെടുത്താൻ തീരുമാനിച്ച ഇരുവരും തമ്മിൽ ഇപ്പോൾ സ്വത്തുക്കളെ ചൊല്ലിയുള്ള തർക്കം രൂക്ഷമായതായാണ് പുതിയ റിപ്പോർട്ടുകൾ. പരസ്പര ധാരണയോടെ പിരിയാമെന്ന് ആദ്യം കരുതിയെങ്കിലും കാര്യങ്ങൾ സങ്കീർണ്ണമായത് ആരാധകരെയും ആശങ്കയിലാക്കുന്നു.ഏകദേശം 60 മില്യൺ ഡോളർ വിലമതിക്കുന്ന ബെവർലി ഹിൽസിലെ കൊട്ടാരതുല്യമായ വീട് വിൽക്കുന്നതുമായി ബന്ധപ്പെട്ടാണ് പ്രധാനമായും തർക്കങ്ങൾ ഉടലെടുത്തിരിക്കുന്നത്. ഇത് കൂടാതെ മറ്റ് ചില സാമ്പത്തിക ഇടപാടുകളിലും ഇരുവരും തമ്മിൽ ഒത്തുതീർപ്പിലെത്താൻ സാധിച്ചിട്ടില്ല. കഴിഞ്ഞ കുറച്ച് ആഴ്ചകളായി ഇവർ തമ്മിലുള്ള ആശയവിനിമയം പൂർണ്ണമായും നിലച്ചതായാണ് അടുത്ത വൃത്തങ്ങൾ സൂചിപ്പിക്കുന്നത്.അഭിഭാഷകർ മുഖേന മാത്രമാണ് ഇപ്പോൾ ചർച്ചകൾ നടക്കുന്നത്. വിവാഹത്തിന് മുൻപ് സ്വത്തുക്കൾ പങ്കുവെക്കുന്നത് സംബന്ധിച്ച് കൃത്യമായ കരാറുകൾ ഇല്ലാതിരുന്നതാണ് നിലവിലെ നിയമപോരാട്ടത്തിന് കാരണമെന്നാണ് വിവരം.

# ഗ്രാമി വേദിയിൽ സബ്രീനയുടെ തലയിൽ പ്രാവിൻ കാഷ്ഠം വീണു; വൈറലായ സംഭവത്തിൽ പ്രതികരണവുമായി പേറ്റ




സംഗീത ലോകത്തെ ഏറ്റവും വലിയ പുരസ്കാര വേദിയിൽ അപ്രതീക്ഷിതവും എന്നാൽ ചിരിപടർത്തുന്നതുമായ ഒരു സംഭവം അരങ്ങേറി. പ്രമുഖ ഗായിക സബ്രീന കാർപെന്റർക്ക് ഗ്രാമി അവാർഡ് വേദിയിൽ വെച്ച് ഒരു പ്രാവിൽ നിന്ന് അത്ര സുഖകരമല്ലാത്ത അനുഭവം ഉണ്ടായി. ചടങ്ങുകൾക്കിടെ സബ്രീനയുടെ ദേഹത്ത് 'റ്റീന' എന്ന് പേരുള്ള പ്രാവ് കാഷ്ഠിച്ചതാണ് ഇപ്പോൾ സോഷ്യൽ മീഡിയയിൽ പ്രധാന ചർച്ചാവിഷയം. ചുവന്ന പരവതാനിയിൽ തിളങ്ങിനിന്ന താരത്തിന് ഈ സംഭവം വലിയ അമ്പരപ്പാണ് ഉണ്ടാക്കിയത്.വേദിയിൽ ഒരു മാന്ത്രിക പ്രകടനം നടത്തുന്നതിനിടെയാണ് സബ്രീനയ്ക്ക് ഈ അനുഭവം നേരിടേണ്ടി വന്നത്. സംഭവത്തിന് ശേഷം സബ്രീന പരിഭ്രമിക്കാതെ വളരെ തമാശരൂപേണയാണ് ഇതിനോട് പ്രതികരിച്ചത്. ഇത് ഭാഗ്യത്തിന്റെ അടയാളമാണെന്നാണ് പല ആരാധകരും സോഷ്യൽ മീഡിയയിൽ കമന്റ് ചെയ്യുന്നത്. സംഗീത നിശയിലെ ഗൗരവകരമായ ചർച്ചകൾക്കിടയിൽ ഈ ഒരു സംഭവം എല്ലാവർക്കും ചെറിയൊരു ചിരിക്ക് വകനൽകി.ഈ സംഭവത്തിന് പിന്നാലെ മൃഗാവകാശ സംഘടനയായ പേറ്റ (PETA) ഔദ്യോഗിക പ്രതികരണവുമായി രംഗത്തെത്തി. ചടങ്ങുകൾക്കായി മൃഗങ്ങളെയും പക്ഷികളെയും ഉപയോഗിക്കുന്നതിനെതിരെ അവർ വിമർശനം ഉന്നയിച്ചു.



പക്ഷികൾ ഇത്തരം വലിയ ആൾക്കൂട്ടത്തിനിടയിൽ പരിഭ്രാന്തരാകാൻ സാധ്യതയുണ്ടെന്ന് അവർ ചൂണ്ടിക്കാട്ടി. മൃഗങ്ങളെ വിനോദ പരിപാടികളിൽ നിന്ന് ഒഴിവാക്കണമെന്ന നിലപാടാണ് പേറ്റ ഈ സംഭവത്തിലൂടെ വീണ്ടും വ്യക്തമാക്കിയത്. പ്രാവുകളെ ഇത്തരം വേദികളിൽ എത്തിക്കുന്നത് അവയ്ക്ക് വലിയ മാനസിക സമ്മർദ്ദം ഉണ്ടാക്കുമെന്ന് പേറ്റ വക്താക്കൾ അറിയിച്ചു. സബ്രീനയുടെ ദേഹത്ത് കാഷ്ഠിച്ചത് പ്രാവിന്റെ ഒരു സ്വാഭാവിക പ്രതികരണം മാത്രമാണെന്നും അവർ കൂട്ടിച്ചേർത്തു


## ജെസൺ ബേറ്റ്മാന്റെ മുടി കണ്ട് അസൂയപ്പെടാത്ത പുരുഷന്മാരില്ല; സുഹൃത്തിന് ഹെയർ സ്റ്റൈലിംഗ് ടിപ്സുമായി ജെന്നിഫർ





ഹോളിവുഡിലെ പ്രിയതാരങ്ങളായ ജെന്നിഫർ ആനിസ്റ്റണും ജെസൺ ബേറ്റ്മാനും തമ്മിലുള്ള സൗഹൃദം എന്നും ആരാധകർക്ക് പ്രിയപ്പെട്ടതാണ്. അടുത്തിടെ നടന്ന ഒരു അഭിമുഖത്തിനിടെ ജെസൺ ബേറ്റ്മാന്റെ മുടിയെ പ്രശംസിച്ചുകൊണ്ട് ജെന്നിഫർ രംഗത്തെത്തി. ലോകത്തുള്ള ഏതൊരു പുരുഷനും അസൂയയോടെ നോക്കിനിൽക്കുന്ന തരത്തിലുള്ള മുടിയാണ് ജെസന്റേതെന്നാണ് താരം തമാശയായി പറഞ്ഞത്. സംസാരത്തിനിടയിൽ ജെസന്റെ മുടി ഒന്നു പരിഷ്കരിക്കാനും ജെന്നിഫർ മറന്നില്ല. ജെസൺ ബേറ്റ്മാന്റെ മുടിയുടെ ഭംഗിയും അത് സംരക്ഷിക്കുന്ന രീതിയും വളരെ മികച്ചതാണെന്ന് ആനിസ്റ്റൺ അഭിപ്രായപ്പെട്ടു. അഭിമുഖത്തിനിടെ വളരെ അപ്രതീക്ഷിതമായാണ് ജെസന്റെ മുടി സ്റ്റൈൽ ചെയ്യാൻ ജെന്നിഫർ തുടങ്ങിയത്. ഇവരുടെ രസകരമായ ഈ നിമിഷങ്ങൾ സോഷ്യൽ മീഡിയയിൽ ഇതിനോടകം വൈറലായിക്കഴിഞ്ഞു. വർഷങ്ങളായുള്ള ഇവരുടെ അടുത്ത സൗഹൃദമാണ് ഈ വീഡിയോയിലൂടെ വീണ്ടും വ്യക്തമാകുന്നത്. ഹോളിവുഡ് സിനിമാ ലോകത്തെ ഏറ്റവും മികച്ച ഹെയർ സ്റ്റൈലുള്ള പുരുഷന്മാരുടെ പട്ടികയിൽ ജെസൺ ബേറ്റ്മാൻ ഇടംപിടിക്കുമെന്ന് തമാശ കലർന്ന രൂപത്തിൽ താരം പറഞ്ഞു. ജെസൺ തന്റെ മുടി എപ്പോഴും ഒരേ പോലെ നിലനിർത്തുന്നതിലെ കൗതുകവും ആനിസ്റ്റൺ പങ്കുവെച്ചു. ആരാധകർ ഈ രസകരമായ സംഭാഷണത്തെ വലിയ ആവേശത്തോടെയാണ് സ്വീകരിച്ചത്. ഹോളിവുഡ് താരങ്ങളുടെ സ്വകാര്യ നിമിഷങ്ങൾ പലപ്പോഴും വാർത്തകളിൽ ഇടംപിടിക്കാറുണ്ട്.ഫ്രണ്ട്സ് എന്ന വിഖ്യാത പരമ്പരയിലൂടെ ലോകം മുഴുവൻ ആരാധകരെ നേടിയ താരമാണ് ജെന്നിഫർ ആനിസ്റ്റൺ. ജെസൺ ബേറ്റ്മാനുമായി ചേർന്ന് നിരവധി സിനിമകളിൽ ഇവർ അഭിനയിച്ചിട്ടുണ്ട്. സിനിമയ്ക്ക് പുറത്തും ഇവർ ഉറ്റ സുഹൃത്തുക്കളായി തുടരുന്നു. ഇവരുടെ കെമിസ്ട്രി വെള്ളിത്തിരയിലും പുറത്തും ഒരുപോലെ ശ്രദ്ധേയമാണ്.ജെസന്റെ മുടി സ്റ്റൈൽ ചെയ്യുന്നതിനിടയിൽ ഹെയർ കെയർ ഉൽപ്പന്നങ്ങളെക്കുറിച്ചും ആനിസ്റ്റൺ സംസാരിക്കുകയുണ്ടായി. സ്വന്തമായി ഒരു ഹെയർ കെയർ ബ്രാൻഡുള്ള ആനിസ്റ്റൺ സുഹൃത്തിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകി. ജെസൺ ബേറ്റ്മാൻ തന്റെ മുടി പരിപാലിക്കുന്ന കാര്യത്തിൽ വളരെ ശ്രദ്ധാലുവാണെന്ന് ഇതിലൂടെ വ്യക്തമാകുന്നു.

## ടെയ്‌ലർ എന്നെ കൊല്ലും; അബദ്ധത്തിൽകാമുകിയുടെ സമ്മാനം തകർത്ത് ട്രാവിസ് കെൽസി





ലോകപ്രശസ്ത പോപ്പ് ഗായിക ടെയ്‌ലർ സ്വിഫ്റ്റും അമേരിക്കൻ ഫുട്ബോൾ താരം ട്രാവിസ് കെൽസിയും തമ്മിലുള്ള പ്രണയം എന്നും വാർത്തകളിൽ നിറയാറുണ്ട്. ഇരുവരും തമ്മിലുള്ള കുസൃതികളും തമാശകളും ആരാധകർ വളരെ ആവേശത്തോടെയാണ് ഏറ്റെടുക്കാറുള്ളത്. എന്നാൽ ഇപ്പോൾ തന്റെ പ്രിയതമയായ ടെയ്‌ലർ സ്വിഫ്റ്റിന്റെ ഒരു സ്മരണിക അബദ്ധത്തിൽ തകർത്തതിന്റെ പരിഭ്രാന്തിയിലാണ് ട്രാവിസ്. ഒരു പോഡ്കാസ്റ്റ് ഷോയ്ക്കിടെയാണ് ഈ രസകരമായ സംഭവം അരങ്ങേറിയത്.തന്റെ സഹോദരൻ ജേസൺ കെൽസിയുമായി ചേർന്ന് നടത്തുന്ന ന്യൂ ഹൈറ്റ്സ് എന്ന പോഡ്കാസ്റ്റ് പരിപാടിക്കിടെയാണ് ട്രാവിസ് ഒരു സൗഹൃദ ബ്രേസ്‌ലെറ്റ് (Friendship Bracelet) അബദ്ധത്തിൽ പൊട്ടിച്ചത്. ഈ ബ്രേസ്‌ലെറ്റ് ടെയ്‌ലർ സ്വിഫ്റ്റിന്റെ പ്രശസ്തമായ ഇറസ് ടൂറിന്റെ ഭാഗമായി ലഭിച്ച ഒന്നായിരുന്നു. ബ്രേസ്‌ലെറ്റ് കൈകളിൽ നിന്ന് വേർപെട്ട ഉടൻ തന്നെ ട്രാവിസ് തന്റെ പരിഭ്രമം പരസ്യമായി പ്രകടിപ്പിക്കുകയും ചെയ്തു. ടെയ്‌ലർ ഇത് അറിഞ്ഞാൽ തന്നെ കൊല്ലുമെന്നാണ് ട്രാവിസ് തമാശരൂപേണ പറഞ്ഞത്.ഈ ബ്രേസ്‌ലെറ്റുകൾക്ക് ടെയ്‌ലർ സ്വിഫ്റ്റിന്റെ ആരാധകർക്കിടയിൽ വലിയ വൈകാരിക മൂല്യമുണ്ട്. തന്റെ സംഗീത പരിപാടികൾക്കിടയിൽ ആരാധകർ പരസ്പരം ഇത്തരം ബ്രേസ്‌ലെറ്റുകൾ കൈമാറുന്നത് ഒരു പ്രധാന ചടങ്ങാണ്. ട്രാവിസും ടെയ്‌ലറും തമ്മിലുള്ള ബന്ധം ആരംഭിച്ചതുപോലും ഇത്തരം ഒരു ബ്രേസ്‌ലെറ്റിലൂടെയായിരുന്നു എന്നത് ഈ സംഭവത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു.

# 'ഈ ചിത്രം നിങ്ങളെ അതിശയിപ്പിക്കും'; വാരണാസിയെപ്പറ്റി പ്രിയങ്കചോപ്ര



ദീർഘകാല ഇടവേളയ്ക്ക് ശേഷം ഇന്ത്യൻ സിനിമയിലേക്ക് ശക്തമായ തിരിച്ചുവരവിനൊരുങ്ങുകയാണ് പ്രിയങ്ക ചോപ്ര. എസ്.എസ്. രാജമൗലി സംവിധാനം ചെയ്യുന്ന ബിഗ് ബജറ്റ് ചിത്രം വാരണാസിയിലൂടെയാണ് താരം ഇന്ത്യൻ സിനിമയിൽ വീണ്ടും സജീവമാകുന്നത്. മഹേഷ് ബാബു, പൃഥ്വിരാജ് സുകുമാരൻ എന്നിവർ പ്രധാന വേഷങ്ങളിലെത്തുന്ന ഈ ചിത്രത്തിൽ മന്ദാകിനി എന്ന കഥാപാത്രത്തെയാണ് പ്രിയങ്ക അവതരിപ്പിക്കുന്നത്. ഇതോടെ തെലുങ്ക് സിനിമയിലേക്കുള്ള പ്രിയങ്കയുടെ അരങ്ങേറ്റവും 'വാരണാസി'യിലൂടെ നടക്കും.സമീപ കാലത്ത് കൊലൈഡർ സംഘടിപ്പിച്ച ചർച്ചയിൽ മഹേഷ് ബാബുവിനും പൃഥിരാജിനുമൊപ്പം പങ്കെടുത്ത പ്രിയങ്ക, ചിത്രത്തെക്കുറിച്ചുള്ള ചില ശ്രദ്ധേയമായ വിവരങ്ങൾ പങ്കുവച്ചു. ചിത്രത്തിന്റെ ടീസർ മാത്രം കണ്ടുതന്നെ ആരാധകർ നിരവധി സൂക്ഷ്മവിശദാംശങ്ങൾ കണ്ടെത്തിയെന്നതാണ് തന്നെ ഏറ്റവും അമ്പരപ്പിച്ചതെന്ന് പ്രിയങ്ക പറഞ്ഞു.''ചിത്രത്തിൽ ഒരുപാട് ഈസ്റ്റർ എഗ്ഗുകളുണ്ട്. അതിൽ പലതും ആരാധകർ ഇതിനോടകം തന്നെ കൃത്യമായി കണ്ടെത്തിയിട്ടുണ്ട്. അത് ഒരുപാട് ഭയപ്പെടുത്തുന്ന കാര്യമാണ്,'' എന്നാണ് പ്രിയങ്കയുടെ പ്രതികരണം.ടീസറിൽ ഒളിപ്പിച്ചിരിക്കുന്ന ഈസ്റ്റർ എഗ്ഗുകളിൽ രാമായണ പരാമർശങ്ങൾ, പ്രാചീന കാലഘട്ടവുമായി ബന്ധപ്പെട്ട സൂചനകൾ, പുനർജന്മത്തെക്കുറിച്ചുള്ള ആശയങ്ങൾ എന്നിവ ഉൾപ്പെടുന്നുണ്ടെന്നും താരം വ്യക്തമാക്കി. ''അവർ അതെങ്ങനെ കണ്ടുപിടിച്ചു എന്ന് ഞാനാശ്ചര്യപ്പെട്ടു. പക്ഷേ ആരാധകർ ഓരോ ഫ്രെയിമും സൂം ചെയ്ത് പരിശോധിക്കുകയാണ്. അത്ഭുതപ്പെടുത്തുന്ന അനുഭവമായിരുന്നു,'' പ്രിയങ്ക കൂട്ടിച്ചേർത്തു.ചിത്രം ക്രി.മു. 2000 മുതൽ 2027 വരെയുള്ള കാലഘട്ടങ്ങളിലൂടെ സഞ്ചരിക്കുന്ന ഒരു മഹത്തായ യാത്രയാണ് അവതരിപ്പിക്കുന്നതെന്നും പ്രിയങ്ക പറഞ്ഞു. അടുത്തിടെ രാമോജി ഫിലിം സിറ്റിയിൽ നടന്ന ഗ്രാൻഡ് ടൈറ്റിൽ ലോഞ്ച് ചടങ്ങിൽ വൻ ആരാധകസാന്നിധ്യത്തിനൊപ്പം പങ്കെടുത്ത അനുഭവവും താരം ഓർത്തെടുത്തു. ''ചിത്രത്തിന്റെ സ്കെയിലും കഥാപാത്രങ്ങളുടെ യാത്രയും ഇത്ര വലിയ ആരാധക ആവേശത്തിനിടയിൽ കാണാൻ കഴിഞ്ഞത് അതിമനോഹരമായ അനുഭവമായിരുന്നു,'' എന്നും അവർ പറഞ്ഞു.അതേസമയം, 'വാരണാസി' അടുത്ത വർഷം ഏപ്രിൽ മാസത്തിൽ, ഐമാക്സ് ഉൾപ്പെടെയുള്ള തിയേറ്ററുകളിൽ റിലീസ് ചെയ്യുമെന്ന് എസ്.എസ്. രാജമൗലി അടുത്തിടെ സ്ഥിരീകരിച്ചിരുന്നു. ഇന്ത്യൻ സിനിമയിൽ പുതിയൊരു ചരിത്രം കുറിക്കാൻ ഒരുങ്ങുന്ന ഈ പ്രോജക്ടിനായി ആരാധകർ വലിയ പ്രതീക്ഷയോടെയാണ് കാത്തിരിക്കുന്നത്.




## സൂപ്പർ ഹീറോ യുഗത്തിന് തുടക്കമിട്ട ആ ചിത്രം നെറ്റ്ഫ്ലിക്സിലേക്ക്; സ്പൈഡർമാൻ ട്രൈലോജി കണ്ട് ആവേശത്തിലായി ആരാധകർ




സൂപ്പർ ഹീറോ സിനിമകളുടെ ചരിത്രം തിരുത്തിക്കുറിച്ച ടോബി മഗ്വയറിന്റെ 'സ്പൈഡർമാൻ' (Spider-Man) ട്രൈലോജി നെറ്റ്ഫ്ലിക്സിൽ എത്തിയതോടെ സോഷ്യൽ മീഡിയയിൽ വൻ ചർച്ചകൾക്ക് തുടക്കമായിരിക്കുകയാണ്. 2002-ൽ പുറത്തിറങ്ങിയ ഈ ചിത്രം സൂപ്പർ ഹീറോ എന്ന വിഭാഗത്തെ തന്നെ രക്ഷിച്ച ഒന്നാണെന്നാണ് ആരാധകർ അഭിപ്രായപ്പെടുന്നത്. ആധുനിക സിനിമയിലെ വമ്പൻ ഗ്രാഫിക്സുകൾക്കും വിഎഫ്എക്സിനും മുൻപേ പ്രായോഗികമായ ഇഫക്റ്റുകളിലൂടെ പ്രേക്ഷകരെ വിസ്മയിപ്പിച്ച ചിത്രമാണിത്. നെറ്റ്ഫ്ലിക്സിലെത്തിയതോടെ പഴയ ഓർമ്മകൾ പുതുക്കാനും പുതിയ തലമുറയ്ക്ക് ഈ ക്ലാസിക് ചിത്രം കാണാനും അവസരം ലഭിച്ചു.സാം റെയ്മി സംവിധാനം ചെയ്ത ഈ ചിത്രത്തിൽ ടോബി മഗ്വയർക്കൊപ്പം വില്യം ഡഫോ, കിർസ്റ്റൺ ഡൺസ്റ്റ് തുടങ്ങിയ പ്രമുഖ താരനിര അണിനിരക്കുന്നുണ്ട്. സൂപ്പർ ഹീറോ സിനിമകളെ ആളുകൾ ഗൗരവമായി കാണാൻ തുടങ്ങിയത് ഈ ചിത്രത്തിന്റെ റിലീസിന് ശേഷമാണെന്ന് മാഞ്ചസ്റ്റർ ഈവനിംഗ് ന്യൂസ് റിപ്പോർട്ട് ചെയ്യുന്നു.

## 'ഔട്ട്കം' റിലീസ് തീയതി പ്രഖ്യാപിച്ചു



ജോണാ ഹിൽ സംവിധാനം ചെയ്ത് അഭിനയിക്കുന്ന പുതിയ ചിത്രം 'ഔട്ട്കം' റിലീസിന് ഒരുങ്ങുന്നു. കിയാനു റീവ്സ്, കാമറൂൺ ഡയസ്, മാറ്റ് ബോമർ എന്നിവർ പ്രധാന വേഷങ്ങളിലെത്തുന്ന ചിത്രത്തിന്റെ പ്രദർശന തീയതി ആപ്പിൾ ടിവി+ പ്രഖ്യാപിച്ചു. കഥാപാത്രങ്ങളെ ആദ്യമായി പരിചയപ്പെടുത്തുന്ന പോസ്റ്ററുകളും ഇതോടൊപ്പം പുറത്തുവിട്ടിട്ടുണ്ട്. അടുത്തിടെ നടന്ന വാർത്താസമ്മേളനത്തിൽ, ഏപ്രിൽ 10 മുതൽ ചിത്രം സ്ട്രീമിംഗ് ആരംഭിക്കുമെന്ന് ആപ്പിൾ ടിവി സ്ഥിരീകരിച്ചു. പുറത്തിറങ്ങിയ പോസ്റ്ററുകളിലൊന്നിൽ ജോണാ ഹിൽ തിരിച്ചറിയാനാകാത്ത തരത്തിൽ വ്യത്യസ്തമായ ലുക്കിലാണ് പ്രത്യക്ഷപ്പെടുന്നത്.2023ൽ പുറത്തിറങ്ങിയ 'യു പീപ്പിൾ' എന്ന ചിത്രത്തിന് ശേഷം ജോണാ ഹിൽ അഭിനയരംഗത്തേക്ക് മടങ്ങിയെത്തുന്ന ചിത്രം കൂടിയാണിത്. അതേസമയം, നെറ്റ്ഫ്ലിക്സിന്റെ 'ബാക്ക് ഇൻ ആക്ഷൻ' എന്ന ചിത്രത്തിലൂടെ കഴിഞ്ഞ വർഷം തിരിച്ചെത്തിയ കാമറൂൺ ഡയസിന്റെ തിരിച്ചുവരവിന്റെ തുടർച്ചയായും 'ഔട്ട്കം' ശ്രദ്ധേയമാകുന്നു. ഒരു അജ്ഞാത ബ്ലാക്ക്മെയിലർ പുറത്തുവിടാൻ ഒരുങ്ങുന്ന ദുരൂഹ വീഡിയോ ക്ലിപ്പ്, ഹോക്കിന്റെ പ്രതിച്ഛായയെ പൂർണമായും തകർക്കാൻ ഭീഷണിയാകുന്നതോടെയാണ് കഥ മുന്നേറുന്നത്.

## ഫാൻ പോളിൽ ദുരന്ധറിനെ മറികടന്ന് ടോക്സിക്




ലോകമറിഞ്ഞ 'റോക്കിങ് സ്റ്റാർ' യഷ് തന്റെ അടുത്ത ചിത്രം 'ടോക്സിക്കുമായി വീണ്ടും തിരിച്ചെത്തുകയാണ് . റിലീസ് മുൻപേ തന്നെ ചിത്രം വലിയ ചർച്ചയായി മാറിയിരിക്കുകയാണ്.കങളയയുടെ 'Most Anticipated" ചിത്രങ്ങളുടെ പട്ടികയിൽ, ചിത്രം 28.6% വോട്ടുമായി ടോപ്പ് സ്പോട്ടിൽ എത്തി, ഗീതു മോഹൻദാസ് സംവിധാനം ചെയ്യുന്ന ചിത്രം മാർച്ച് 19-ന് ലോകവ്യാപക റിലീസ് ചെയ്യാൻ ഒരുങ്ങുകയാണ്. ആദ്യ ലുക്കുകൾ, കഥാപാത്ര പരിചയങ്ങൾ ഉൾപ്പെടെയുള്ള പോസ്റ്ററുകൾ പുറപ്പെടുവിച്ചതോടെ ആരാധകരുടെ ഉത്സാഹം കൂടി വർധിച്ചിരിക്കുകയാണ്.അതേസമയം, രൺവീർ സിംഗിന്റെ 'ധുരന്ധർ 2യും മാർച്ച് 19-ന് റിലീസ് ചെയ്യാനിരിക്കുകയാണ്. രൺവീർ ചിത്രം വലിയ പരസ്യ പ്രചാരണം നേടിയിട്ടുണ്ടെങ്കിലും, കങളയ പോളുകൾ പ്രകാരം ടോക്സിക് ആരാധകർ ആവേശത്തിൽ മുന്നിൽ ആണ്. 'ധുരന്ധർ 2' 19% വോട്ടുമായി മൂന്നാം സ്ഥാനം നേടി.

# ലത്തീൻ സംഗീതത്തിന്റെ ചരിത്രവിജയം; ബണ്ണിയുടെ ഗ്രാമി നേട്ടത്തെ പുകഴ്ത്തി റിക്കി മാർട്ടിൻ

ലോക സംഗീതവേദിയിൽ ലത്തീൻ അമേരിക്കൻ സംഗീതം ചരിത്രവിജയം കുറിച്ച നിമിഷമായിരുന്നു 2026-ലെ ഗ്രാമി അവാർഡ് നിശ. പ്യൂർട്ടോ റിക്കൻ താരം ബാഡ് ബണ്ണി 'ആൽബം ഓഫ് ദ ഇയർ' ഉൾപ്പെടെ മൂന്ന് പ്രമുഖ പുരസ്കാരങ്ങൾ സ്വന്തമാക്കി പുതിയ റെക്കോർഡ് സൃഷ്ടിച്ചു. ഒരു സ്പാനിഷ് ആൽബം ആദ്യമായാണ് ഗ്രാമിയിലെ ഏറ്റവും വലിയ പുരസ്കാരം നേടുന്നത്. ഈ വലിയ നേട്ടത്തെ അഭിനന്ദിച്ചുകൊണ്ട് സംഗീത ഇതിഹാസം റിക്കി മാർട്ടിൻ രംഗത്തെത്തി. തങ്ങളുടെ സംസ്കാരത്തെയും ഭാഷയെയും ആഗോളതലത്തിൽ ഉയർത്തിപ്പിടിച്ച ബാഡ് ബണ്ണിയെ അദ്ദേഹം പ്രശംസിച്ചു.പ്യൂർട്ടോ റിക്കൻ പത്രമായ 'എൽ ന്യൂവോ ഡിയ'യിൽ എഴുതിയ തുറന്ന കത്തിലൂടെയാണ് റിക്കി മാർട്ടിൻ തന്റെ സന്തോഷം പങ്കുവെച്ചത്. 'ബെനിറ്റോ, സഹോദരാ, നിന്റെ ഈ വിജയം എന്നെ ആഴത്തിൽ സ്പർശിച്ചു' എന്ന് അദ്ദേഹം കുറിച്ചു. സ്വന്തം വ്യക്തിത്വത്തിലോ ശൈലിയിലോ മാറ്റം വരുത്താതെ ലോകം കീഴടക്കിയ ബാഡ് ബണ്ണിയുടെ രീതിയെ അദ്ദേഹം പ്രശംസിച്ചു. ഇത് വെറുമൊരു സംഗീത വിജയമല്ല, മറിച്ച് സാംസ്കാരികവും മാനുഷികവുമായ വിജയമാണെന്ന് റിക്കി മാർട്ടിൻ വിലയിരുത്തി. സ്പാനിഷ് ഭാഷയെ ലഘൂകരിക്കാതെ തന്നെ ലോകം അത് കേൾക്കാൻ നിർബന്ധിതമായി എന്നും അദ്ദേഹം പറഞ്ഞു.പുരസ്കാരം ഏറ്റുവാങ്ങുന്നതിനിടെ ബാഡ് ബണ്ണി നടത്തിയ പ്രസംഗവും ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. അമേരിക്കയിലെ കുടിയേറ്റക്കാർ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും സുരക്ഷാ ഏജൻസികളുടെ നടപടികളെക്കുറിച്ചും അദ്ദേഹം തുറന്നടിച്ചു. കുടിയേറ്റക്കാരെ മൃഗങ്ങളായോ ശത്രുക്കളായോ കാണരുതെന്ന് അദ്ദേഹം വേദിയിൽ ഉറക്കെ പ്രഖ്യാപിച്ചു. ലോകമെമ്പാടുമുള്ള ലത്തീൻ അമേരിക്കൻ വംശജർക്ക് ഈ പുരസ്കാരം അദ്ദേഹം സമർപ്പിച്ചു. സദസ്സിലുണ്ടായിരുന്നവർ വലിയ കൈയടികളോടെയാണ് താരത്തിന്റെ വാക്കുകളെ സ്വീകരിച്ചത്.ബാഡ് ബണ്ണിയുടെ ഈ നേട്ടം വരാനിരിക്കുന്ന തലമുറകൾക്ക് വലിയ പ്രചോദനമാകുമെന്ന് റിക്കി മാർട്ടിൻ പറഞ്ഞു.




# നാൻസി മെയേഴ്സിന്റെ പുതിയ ചിത്രത്തിൽ വമ്പൻ താരനിര




പ്രശസ്ത സംവിധായിക നാൻസി മെയേഴ്സിന്റെ വരാനിരിക്കുന്ന ചിത്രത്തിൽ വമ്പൻ  താരനിര. വറൈറ്റി റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച്, പെനലോപെ ക്രൂസ്, ജൂഡ് ലോ, എമ്മ മാക്കി, ഓവൻ വിൽസൺ എന്നിവർ ചിത്രത്തിന്റെ ഭാഗമാകുന്നു. ഇതിനു മുമ്പ് കിയറൻ കൽകിൻ ചിത്രത്തിൽ അഭിനയിക്കുന്നതായി സ്ഥിരീകരിച്ചിരുന്നു.ഈ ചിത്രം, 2023-ൽ നാൻസി മെയേഴ്സ് വികസിപ്പിച്ചുകൊണ്ടിരുന്ന 'പാരിസ് പാരമൗണ്ട്' എന്ന പ്രോജക്ടിന്റെ പുതുക്കിയ പതിപ്പാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. 2023-ൽ ഇൻസ്റ്റഗ്രാമിലൂടെ 'പാരിസ് പാരമൗണ്ട്'യെ കുറിച്ച് സംസാരിച്ച മെയേഴ്സ്, ''ഒരു സിനിമ നിർമ്മിക്കുന്ന ഒരു കൂട്ടം ആളുകളെയും, നമ്മുടെ ജോലി ചുറ്റിപ്പറ്റിയുള്ള മാജിക്കും രഹസ്യങ്ങളുമാണ് ചിത്രം പറയുന്നത്'' എന്നാണ് വ്യക്തമാക്കിയിരുന്നത്.നാൻസി മെയേഴ്സും ഇലോണ ഹെർസ്ബർഗും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. വോർണർ ബ്രദേഴ്സ് ആണ് ഈ പ്രോജക്ടിന് പിന്തുണ നൽകുന്ന സ്റ്റുഡിയോ. ചിത്രം 2027-ൽ റിലീസ് ചെയ്യാനാണ് പദ്ധതി.2015-ൽ പുറത്തിറങ്ങിയ 'ദ ഇൻറേൺ' എന്ന ചിത്രത്തിന് ശേഷമുള്ള നാൻസി മെയേഴ്സിന്റെ ആദ്യ ഫീച്ചർ ഫിലിം കൂടിയായിരിക്കും ഇത്. റോബർട്ട് ഡി നീറോയും ആൻ ഹാത്തവെയും മുഖ്യവേഷങ്ങളിൽ എത്തിയ 'ദ ഇൻറേൺ', ഒരു ഫാഷൻ സ്റ്റാർട്ടപ്പിന്റെ യുവ സ്ഥാപകയും അപ്രതീക്ഷിതമായി സീനിയർ സിറ്റിസൺ ആയ ഒരു ഇൻറേണും തമ്മിലുള്ള ബന്ധമാണ് അവതരിപ്പിച്ചത്.'ദ ഇൻറേൺ' ഹിന്ദിയിൽ റീമേക്ക് ചെയ്യാനുള്ള പദ്ധതിയും ഒരുകാലത്ത് ഉണ്ടായിരുന്നു.

# വീട്ടിലിരുന്ന് മടുപ്പില്ലാതെ കാണാം; നെറ്റ്ഫ്ലിക്സിൽ ഇപ്പോൾ ലഭ്യമായ ഏറ്റവും മികച്ച സിനിമകൾ ഇതാ

ഡിജിറ്റൽ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകൾ വിനോദ ലോകത്ത് വിപ്ലവം സൃഷ്ടിച്ചതോടെ സിനിമകൾ കാണുന്ന രീതിയിൽ വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. നിലവിൽ നെറ്റ്ഫ്ലിക്സിൽ ലഭ്യമായ ഏറ്റവും മികച്ച സിനിമകളുടെ പട്ടിക പുറത്തുവിട്ടിരിക്കുകയാണ് പ്രമുഖ മാധ്യമമായ വാനിറ്റി ഫെയർ. ഹോളിവുഡ് ബ്ലോക്ക്ബസ്റ്ററുകൾ മുതൽ കലാമൂല്യമുള്ള സ്വതന്ത്ര സിനിമകൾ വരെ ഈ പട്ടികയിൽ ഇടംപിടിച്ചിട്ടുണ്ട്. പ്രേക്ഷകർക്ക് തങ്ങളുടെ താല്പര്യത്തിനനുസരിച്ച് തിരഞ്ഞെടുക്കാവുന്ന വൈവിധ്യമാർന്ന ചിത്രങ്ങളാണ് ഇപ്പോൾ സ്ട്രീമിംഗിന് തയ്യാറായിരിക്കുന്നത്.ആക്ഷൻ, ത്രില്ലർ, റൊമാൻസ്, കോമഡി എന്നിങ്ങനെ എല്ലാ വിഭാഗത്തിലും പെട്ട സിനിമകൾ നെറ്റ്ഫ്ലിക്സിന്റെ ശേഖരത്തിലുണ്ട്. പുതിയ റിലീസുകൾക്കൊപ്പം തന്നെ എക്കാലത്തെയും ക്ലാസിക് ചിത്രങ്ങളും പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടുംബമായി ഒന്നിച്ച് കാണാവുന്ന നിരവധി ചിത്രങ്ങൾ നെറ്റ്ഫ്ലിക്സ് ഈ വർഷം തങ്ങളുടെ ലൈബ്രറിയിൽ ചേർത്തു. മികച്ച ദൃശ്യാനുഭവവും ശബ്ദസംവിധാനവും ഉറപ്പാക്കുന്ന സിനിമകൾക്കാണ് പ്രേക്ഷകർക്കിടയിൽ പ്രിയമേറുന്നത്.ഈ പട്ടികയിൽ പ്രധാനമായും ശ്രദ്ധിക്കപ്പെടുന്നത് വരാനിരിക്കുന്ന അവാർഡ് സീസണുകളിൽ തിളങ്ങാൻ സാധ്യതയുള്ള ചിത്രങ്ങളാണ്. പ്രശസ്ത സംവിധായകരുടെ പുതിയ സൃഷ്ടികൾ നെറ്റ്ഫ്ലിക്സ് വഴി നേരിട്ട് റിലീസ് ചെയ്യുന്നത് സിനിമാ വ്യവസായത്തിന് വലിയ മുതൽക്കൂട്ടാണ്. പ്രേക്ഷകരുടെ കാഴ്ചാ താല്പര്യങ്ങൾ കൃത്യമായി വിശകലനം ചെയ്താണ് നെറ്റ്ഫ്ലിക്സ് ഓരോ സിനിമയും അവതരിപ്പിക്കുന്നത്. ഇത് കാഴ്ചക്കാർക്ക് മികച്ചൊരു സിനിമാനുഭവം സമ്മാനിക്കുന്നു.ഡോക്യുമെന്ററികൾക്കും അനിമേഷൻ ചിത്രങ്ങൾക്കും ഈ പട്ടികയിൽ അർഹമായ സ്ഥാനം നൽകിയിട്ടുണ്ട്. കുട്ടികൾക്കായി പ്രത്യേകം തയ്യാറാക്കിയ ചിത്രങ്ങൾ നെറ്റ്ഫ്ലിക്സിനെ വീടുകളിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാക്കി മാറ്റി. സബ്സ്ക്രിപ്ഷൻ എടുക്കുന്നവർക്ക് അധിക ചിലവില്ലാതെ ലോകോത്തര സിനിമകൾ കാണാൻ സാധിക്കുന്നു. സിനിമകൾ ഡൗൺലോഡ് ചെയ്ത് ഓഫ്‌ലൈനായി കാണാനുള്ള സൗകര്യവും ഇതിന്റെ പ്രത്യേകതയാണ്.



# കട്ടവനും മുക്കിയവനും പാർട്ടിവക പട്ടും വളയും മോഷണം ചൂണ്ടികാണിച്ചവന് കുലം കുത്തി പട്ടവും!



കേരളാ വിൻഡോ



ആന്റണി ചടയംമുറി

കണ്ടക ശനി പാർട്ടികൾക്ക് ബാധകമാണോ? ബാധകമാണെന്നു ജ്യോതിഷപണ്ഡിതർ സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിൽ സി.പി.എം. തീർച്ചയായും ശനിയുടെ അപഹാരത്തിൽ കിടന്നുപിടയുകയാണ്. പത്തനംതിട്ട ജില്ലയിൽ, സി.പി.എമ്മിന്റെ ജില്ലാ കമ്മിറ്റി യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നേരിട്ട് പങ്കെടുത്തു. പക്ഷെ, ശബരിമല സ്വർണ്ണക്കൊള്ളയെക്കുറിച്ചോ പാർട്ടിയുടെ മുൻ എം.എൽ.എ. പത്മകുമാറിനെയോ, മുൻ ദേവസ്വം പ്രസിഡന്റ് എൻ. വാസുവിനെക്കുറിച്ചോ അദ്ദേഹം ഒന്നും പറഞ്ഞില്ല.

ജയിച്ച എം.എൽ.എമാരും തോറ്റ എം.എൽ.എമാരും ഒന്നു പോലെ പ്രചരണത്തിനിറങ്ങണമെന്ന ഒരന്ത്യശാസനം പിണറായിയുടെ വകയായി യോഗത്തിലുണ്ടായി. ജനങ്ങൾ പാർട്ടിയെ ശബരിമലക്കാര്യത്തിൽ തെറ്റിദ്ധരിക്കില്ലെന്ന് ഇപ്പോഴും പിണറായി കരുതുന്നുണ്ടോ? 'പൂച്ച കണ്ണടച്ച് പാലു കുടിച്ചാൽ' അതാരും കാണില്ലെന്ന മട്ടിലാണോ പത്തനംതിട്ടയിൽ പാർട്ടിയുടെ പോക്ക്?

വിവാദപുരുഷനായ ഉണ്ണികൃഷ്ണൻ പോറ്റി സോണിയാഗാന്ധിക്കും പ്രിയങ്കാഗാന്ധിക്കും സ്വർണ്ണത്തിൽ നിർമ്മിച്ച ഉപഹാരങ്ങൾ നൽകിക്കാണുമെന്നും, അതുകൊണ്ട് ശബരിമലയിലെ സ്വർണ്ണം കട്ടത് സോണിയയും കോൺഗ്രസുമാണെന്നെയോ പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിയമസഭയിൽവിളിച്ചുപറയുന്നതുകേട്ടു. ഇത്രത്തോളം നട്ടപ്രാന്ത് പറയാൻ ഈ മനുഷ്യന് എങ്ങനെ തോന്നുന്നു, ആവോ?

## പയ്യന്നൂരിലെ പാർട്ടിയും ഫണ്ട് വിവാദവും

പയ്യന്നൂർ സി.പി.എമ്മിന്റെ ഉരുക്കുകോട്ടയാണ്. പക്ഷെ, രക്തസാക്ഷിയായ ധൻരാജിന്റെ പേരിലും ഓഫീസ് മന്ദിരം നിർമ്മിക്കാനുമായി പിരിച്ച ഫണ്ട് ഏരിയാ സെക്രട്ടറിയായിരുന്ന ടി.ഐ. മധുസൂദനൻ ഭാഗികമായി വിഴുങ്ങിയെന്ന് അരനൂറ്റാണ്ട് കാലത്തെ പാർട്ടി പാരമ്പര്യമുള്ള മുൻ ഏരിയാ സെക്രട്ടറി വി.കുഞ്ഞികൃഷ്ണൻ ആരോപിച്ചത് പാർട്ടിയെ വല്ലാത്ത പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

കാസർകോട്ടെ കുമ്പളയിൽ വച്ച് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ഇടതു മുന്നണിയുടെ വികസന മുന്നേറ്റ ജാഥപോലും ഇതോടെ ദിശതെറ്റിയതായി മാറി. പാർട്ടി സെക്രട്ടറി എം.വി.ഗോവിന്ദനാണ് ജാഥാ ക്യാപ്റ്റൻ. വി.കുഞ്ഞിക്കൃഷ്ണനെ വർഗ വഞ്ചകൻ, ഒറ്റുകാരൻ, കോടാലിക്കൈ തുടങ്ങിയ ഓമനപ്പേരുകൾ ഉപയോഗിച്ച ഗോവിന്ദൻ മാഷ്, ഇങ്ങനെയുള്ളവരുടെ സ്ഥാനം ചരിത്രത്തിന്റെ ചവറ്റുകുട്ടയിലായിരിക്കുമെന്നാണ് ചൊവ്വാഴ്ച (ഫെബ്രുവരി) എം.വി. ഗോവിന്ദൻ മുന്നറിയിപ്പ് നൽകിയത്. ഗോവിന്ദന്റെ പരിപാടിക്ക് ആളെ കൂട്ടാൻ കണ്ണൂർ ജില്ലാ കമ്മിറ്റി തന്നെ നേരിട്ടിറങ്ങിയെന്നാണ് പരദൂഷണക്കാർ പറയുന്നെങ്കിലും, യോഗത്തിൽ കാലിയായ വെളുത്ത പ്ലാസ്റ്റിക് കസേരകൾ ശൂന്യമായി കിടക്കുന്നത് ചിലർ സോഷ്യൽ മീഡിയയിൽ പങ്കുവയ്ക്കുകയുണ്ടായി.

## വി.എസിന്റെ 'ഗ്രൂപ്പ്' പുനർജനിക്കുമോ?

പിണറായിവിജയൻതല്ലിക്കെടുത്തിയ വി.എസ്.ഗ്രൂപ്പിന്റെ 'പുതിയ പാർട്ടിരൂപ' ങ്ങളെ ചിലർ പേടിച്ചു തുടങ്ങിയിട്ടുണ്ട്. പത്തനംതിട്ടയിൽ സഖാവ് കെ.സി. രാജഗോപാൽ എന്നൊരാൾ പാർട്ടി അവഗണിച്ചിട്ടും തദ്ദേശ തെരഞ്ഞെടുപ്പിൽ ജയിച്ചതും പാർട്ടിയിലെ 'പുത്തൻ പണ'ക്കാരെ എടുത്തിട്ടലക്കിയതും ഓർമ്മയില്ലേ? പയ്യന്നൂരിലെ കാരവാർഡിൽ പാർട്ടിയുടെ ഔദ്യോഗിക സ്ഥാനാർത്ഥിയെ വൈശാഖ് എന്ന ചെറുപ്പക്കാരൻ തോൽപ്പിച്ചു.

ഇതെല്ലാം ചേർത്തു വായിക്കുമ്പോൾ, നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പായി വി.എസ്. അനുകൂലികളുടെ ഒരു കൂടിവരവ് ചിലരെങ്കിലും പ്രതീക്ഷിക്കുന്നുണ്ട്. അത്തരമൊരു കൂട്ടായ്മയ്ക്ക് രൂപം കൊടുക്കാൻ രാഷ്ട്രീയ കരുത്തുള്ള ജി.സുധാകരനെ ഇപ്പോൾ പാർട്ടി നിയമസഭാ സീറ്റ് നൽകി പ്രീണിപ്പിക്കാൻ ഒരുങ്ങുന്നുണ്ട്.

ബുധനാഴ്ച (ഫെബ്രുവരി 4) വൈകുന്നേരം വി.എസ്. അച്യുതാനന്ദന്റെ ഐ.ടി. സ്പെഷ്യൽ സെക്രട്ടറിയായിരുന്ന ജോസഫ് മാത്യുവാണ് വി.കുഞ്ഞിക്കൃഷ്ണന്റെ 96 പേജുകളുള്ള പുസ്തകം പ്രകാശനം ചെയ്തത്. പാർട്ടിയിലെ കുലം കുത്തികൾക്കുള്ള ഹാൻഡ് ബുക്കായി മാറാൻ ഇടയുള്ള ഈ ഗ്രന്ഥം, പണ്ടു മുതലേ പാർട്ടി പറയുന്നിടത്ത് കണ്ണും പൂട്ടി സമ്മതിദാനാവകാശം പ്രയോഗിക്കുന്ന വോട്ട് കുത്തികൾക്ക് സ്വന്തം പാർട്ടിയിലെ ജീർണ്ണത തിരിച്ചറിയാൻ കാരണമായേക്കാം.

സംസ്ഥാനതലത്തിൽ ഇനിയും രൂപമെടുക്കാത്ത വി.എസ്. പക്ഷക്കാരുടെ പുതിയ കൂടിവരവുകൾക്ക് നേതൃത്വത്തെ തിരുത്താൻ അണികൾ തയ്യാറാകണം എന്ന ഗ്രന്ഥം പ്രചോദനമാകും. വൻ ജനാവലിയാണ് പയ്യന്നൂരിലെ ഗാന്ധി പാർക്കിൽ പുസ്തക ചടങ്ങിനെത്തിയത്.

## പാർട്ടിയുടെ അന്വേഷണം കുറ്റക്കാരെ രക്ഷിക്കാനോ?

പിണറായി പക്ഷത്തേയ്ക്ക് 'രായ്ക്കു രാമാനം' മറിഞ്ഞ് മന്ത്രി പദം വരെ താരമാക്കിയ മണിയാശാനെ പോലെയുള്ളവർ സംസ്ഥാനത്തെവിടെയുമുണ്ട്. മറ്റ് പാർട്ടികളിൽ നിന്ന് സി.പി.എമ്മിലേക്ക് കുടിയേറിയവരെ 'നോട്ട് മാല' യണിയിച്ച് സ്വീകരിച്ച ചരിത്രമാണ് പിണറായിക്കുള്ളത്. പച്ച നോട്ടുകൾ വീശിക്കാണിച്ച് പാർട്ടിയുടെ കൊടിക്കീഴിലേക്ക് പിണറായി ആട്ടിത്തെളിച്ചുകൊണ്ടുവന്ന പലർക്കും 'ഉന്നതപദവി' കൾ കിട്ടിയത് യാദൃശ്ചികമല്ല. പാലക്കാട്ടെ സി.പി.എം. ജില്ലാ സെക്രട്ടറി പോലും പിണറായി റിക്രൂട്ട് ചെയ്ത മുൻ കോൺഗ്രസ്സുകാരനാണ്. സ്ഥാനമൊഴിഞ്ഞ ദേവസ്വം പ്രസിഡന്റ് പി.എസ്. പ്രശാന്ത് കോൺഗ്രസ് വിട്ടുവന്നപ്പോൾ പിണറായി 'ഉന്നതപദവി' നൽകിയതായാണ് ചരിത്രം.

പ്രതിപക്ഷ, മാധ്യമ വിചാരണകൾ നേരിട്ടവർക്ക് വളരെയെളുപ്പം സ്ഥാനമാനങ്ങൾ നൽകി സ്വന്തക്കാരായി മാറ്റാൻ മുഖ്യമന്ത്രി ഏറെ മിടുക്ക് കാണിച്ചിട്ടുണ്ട്. കളങ്കിതരെ കണ്ടുപിടിക്കാനും അവരെ 'ചെല്ലും ചെലവും' നൽകി കൂടെ നിർത്താനും പിണറായി കാണിക്കുന്ന രാഷ്ട്രീയ കൗശലം അഭിനന്ദനീയമാണ്. അതുകൊണ്ടാകാം, ഏറ്റവും പുതിയ പാർട്ടി മെമ്പർമാരുടെ കണക്ക് നോക്കുമ്പോൾ പുതിയതായി വന്ന 53% പേരും പിണറായി റിക്രൂട്ട് ചെയ്തവരാണെന്ന കണക്കുകളുള്ളത്.

ഫണ്ട് വിവാദം സംബന്ധിച്ച കാര്യങ്ങൾ വി.കുഞ്ഞിക്കൃഷ്ണൻ പാർട്ടിക്കുള്ളിൽ പറയണമായിരുന്നുവെന്ന കെ.കെ.രഗേഷിന്റെ കുറ്റപ്പെടുത്തൽ വല്ലാത്ത കോമഡിയാണ്. 4 മുതൽ 5 വരെ വർഷങ്ങളായി കണ്ണൂർ ജില്ലാ കമ്മിറ്റിയിൽ ഈ 'ഫണ്ട് മോഷണം' നിരന്തരം കുഞ്ഞിക്കൃഷ്ണൻ അവതരിപ്പിച്ചതിനു രേഖകളുണ്ട്. 2022ലാകട്ടെ ജില്ലാ കമ്മിറ്റിയിൽ കുഞ്ഞിക്കൃഷ്ണൻ അക്കമിട്ട് അവതരിപ്പിച്ച ആരോപണങ്ങളുടെ കോപ്പികൾ ചാനലുകൾ പുറത്തുവിട്ടിരുന്നു. ഫണ്ട് വിവാദത്തിൽ എം.എ. ബേബി പറഞ്ഞത് പാർട്ടി ഫണ്ട് നഷ്ടപ്പെട്ടില്ലെന്നാണ്. കണക്ക് അവതരണത്തിൽ ചില അപാകതകളുണ്ടായിട്ടുണ്ടാവാമെന്ന ഒഴുക്കൻ മറുപടിയും ബേബിയിൽ നിന്നുണ്ടായി. എം.വി.ഗോവിന്ദനാകട്ടെ, ആരോപണങ്ങൾ പയ്യന്നൂരിലെ പാർട്ടി അന്വേഷിക്കുമെന്നും, പിരിച്ച പണത്തിന്റെ കണക്ക് പൊതുജനങ്ങളോട് പറയേണ്ട കാര്യമില്ലെന്നും കൂടി വാർത്താ സമ്മേളനത്തിൽ പറഞ്ഞുവെങ്കിലും പിന്നീട് നിലപാട് മാറ്റി. പൊതുജനങ്ങളിൽ നിന്ന് പാർട്ടി പിരിച്ച പണത്തിന്റെ കണക്ക് ജനസമക്ഷം അവതരിപ്പിക്കുമെന്നും ഗോവിന്ദൻ തിരുത്തിപ്പറഞ്ഞു. വി. കുഞ്ഞിക്കൃഷ്ണന്റെ പുസ്തക പ്രകാശനത്തിനു മുമ്പ് പാർട്ടി കണക്ക് അവതരിപ്പിക്കുമോ എന്ന ചോദ്യത്തിന് ഗോവിന്ദൻ മാഷ് പറയുന്നത്, ''ഞങ്ങൾക്ക് മനസ്സില്ല'' എന്ന കട്ടായ മറുപടിയാണ്.

## വികസന മുന്നേറ്റത്തിന്റെ വായ്ത്താരികൾ

കാസർകോട് ജില്ലയിലെ കുമ്പളയിൽ നിന്നാണ് ഇടതുമുന്നണിയുടെ വടക്കൻ വികസന മുന്നേറ്റ ജാഥ തുടങ്ങിയത്. ഈ ബജറ്റിൽ പോലും വികസനത്തിനായി ഇടതുസർക്കാർ ചെലവഴിച്ചത് 12.18 ശതമാനമാണെന്ന് ധനമന്ത്രിയുടെ തന്നെ കണക്കിലുണ്ട്. വരുമാനത്തിന്റെ 72 ശതമാനവും ശമ്പളം, പെൻഷൻ, പലിശ തീർക്കൽ, സബ്സിഡി നൽകൽ എന്നിവയ്ക്ക് വിനിയോഗിക്കുന്ന സർക്കാർ വക ഏതു തരത്തിലുള്ള വികസന മുന്നേറ്റമാണ് നടത്തിയത്? ഗോവിന്ദൻ മാഷിന്റെ ജാഥ പാലക്കാട്ടെ തരൂരിലാണ് അവസാനിക്കുക. ഫെബ്രുവരി 6ന് മധ്യമേഖലാ വികസന മുന്നേറ്റ ജാഥ നയിക്കുന്നത് കേരളാ കോൺഗ്രസ് മാണിഗ്രൂപ്പിന്റെ ചെയർമാൻ ജോസ് കെ.മാണിയാണ്.

അങ്കമാലിയിൽ നിന്ന് ജാഥ തുടങ്ങും. ചരിത്രത്തിലാദ്യമായി നിയമസഭാ തെരഞ്ഞെടുപ്പിനു മുമ്പ് കേരളം മുഴുവൻ നടന്നു തീർക്കുന്ന 'യാത്ര' കൾ സി.പി.എം. ഒഴിവാക്കിയിരിക്കുകയാണ്. വികസന മുന്നേറ്റ ജാഥയുടെ 'തെക്കൻ എഡിഷൻ' സി.പി.ഐ. നേതാവ് ബിനോയ് വിശ്വത്തിന്റെ വകയാണ്. തൃശ്ശൂരിൽ നിന്നാരംഭിക്കുന്ന ഈ ജാഥ തിരുവനന്തപുരത്താണ് സമാപിക്കുക. ഈ വികസനമുന്നേറ്റ ജാഥകൾ വഴി ഇടതുസർക്കാരിന്റെ നേട്ടങ്ങൾ ജനങ്ങളിൽ എത്തിക്കാൻ കഴിയുമെന്ന് ഏതോ 'പി.ആർ. പ്രതിഭ' പിണറായിയെ ധരിപ്പിച്ചതിനെ തുടർന്നാണ് ഈ ജാഥകൾ സംഘടിപ്പിച്ചിട്ടുള്ളത്. ഈ ജാഥകൾ വഴി കിട്ടാനിടയുള്ള വോട്ടും പോയി കിട്ടുമെന്ന് കരുതുന്ന സഖാക്കളുണ്ടെന്നു മാത്രം.

## നമുക്ക് പ്രഹരമായി വീണ്ടും പാളുന്ന പദ്ധതികൾ

വൈദ്യുതി ബോർഡിന്റെ പള്ളിവാസൽ വിപുലീകരണ പദ്ധതിയെക്കുറിച്ചുള്ള വാർത്ത കേരളത്തിന്റെ വൈദ്യുതി ഉപയോക്താക്കൾ നേരിടാൻ പോകുന്ന വലിയ ദുരന്തത്തിന്റെ സൂചനയാണ്. നിയമസഭയിൽ ശബരിമല സ്വർണ്ണക്കൊള്ളയിൽ കടിച്ചു തൂങ്ങുന്ന പ്രതിപക്ഷം, വൈദ്യുതി ഉൽപ്പാദന രംഗത്ത് ഇടതു സർക്കാരിന്റെ കെടുകാര്യസ്ഥത ഇനിയെങ്കിലും ജനസമക്ഷം അവതരിപ്പിക്കാനുള്ള ജാഗ്രത കാണിച്ചേ തീരൂ. ഇടതുപക്ഷം ഭരിക്കുമ്പോൾ പോലും, ഇലക്ട്രിസിറ്റി ബോർഡിലെ ഭരണപക്ഷ യൂണിയനുകളെ നിയന്ത്രിക്കാൻ ആർക്കും കഴിയുന്നില്ല. കെ.എസ്.ഇ.ബി.യുടെ ചെയർമാനായിരിക്കെ, ബിജു പ്രഭാകർ ഐ.എ.എസ് 13,000 കോടി രൂപയുടെ വൈദ്യുതി വാങ്ങിയതിനെക്കുറിച്ചുള്ള കണക്ക് ഓഡിറ്റ് ചെയ്യാൻ ഇടതുപക്ഷ യൂണിയനുകൾ അനുവദിക്കാതെ പോയ സംഭവം സൂചിപ്പിക്കുകയുണ്ടായി. ജനങ്ങൾ പ്രത്യക്ഷമായി അനുഭവിക്കേണ്ടിവരുന്ന വൈദ്യുതി നിരക്ക് വർദ്ധനയെക്കുറിച്ച് പോലുംപരിശോധനനടത്താൻകഴിയാത്ത വിധം വൈദ്യുതി ബോർഡിലെ 'യൂണിയൻ ഭരണം' ഇപ്പോഴും തുടരുകയാണ്.

രണ്ടാഴ്ച മുമ്പ് വൈദ്യുതി ബോർഡ് ഓഫീസുകളിൽ നടത്തിയ വിജിലൻസ് റെയിഡുകളിൽ ബോർഡിലെ 41 ഉദ്യോഗസ്ഥർ സംശയമുനയിലാണ്. ഇപ്പോൾ, വൈദ്യുതി ബില്ലിൽ 'പവർ കട്ടില്ലാത്ത പത്തുവർഷം' എന്ന പരസ്യ വാചകം ബോർഡ് എഴുതിച്ചേർക്കുമ്പോൾ അതൊരു തമാശയായി ജനത്തിന് തോന്നിപ്പോകുകയാണ്. ജനറേറ്ററുകളിലേക്ക് വെള്ളമെത്തിക്കാനുള്ള 'ഇൻടേക്ക്' സംവിധാനത്തിന്റെ തകരാർ പരിഹരിക്കാൻ കഴിയാതെ പോയതോടെ പള്ളിവാസൽ വിപുലീകരണ പദ്ധതി അടച്ചിട്ടതായിട്ടാണ് മനോരമയുടെ എം.എ. അനൂജിന്റെ റിപ്പോർട്ട്. ഇതോടെ ദിവസേന 70 ലക്ഷം രൂപ എന്ന കണക്കിൽ ബോർഡിന് 15 ദിവസം കൊണ്ട് നഷ്ടമായത് 10 കോടി രൂപയാണ്. 19 വർഷം മുമ്പ് നിർമ്മാണം തുടങ്ങിയതാണ് ഈ പദ്ധതി. 2024 നവബറിൽ പദ്ധതിയുടെ ടെസ്റ്റ് റൺ തുടങ്ങി. എന്നാൽ ഡിസൈൻ പിഴവ് പ്രശ്നമായി. മാലിന്യം ടണലിന്റെ അകത്തു കടക്കുന്നതു തടയാൻ ഒരു സ്വകാര്യ കമ്പനി നിർമ്മിച്ച യന്ത്ര സംവിധാനം കണ്ണുമടച്ച് ബോർഡ് വാങ്ങി സ്ഥാപിച്ചതും വിനയായി. 60 മെഗാ വാട്ടാണ് ഈ വിപുലീകരണ പദ്ധതിയുടെ ശേഷി. ഇപ്പോഴും 'അന്നന്നുള്ള കഞ്ഞി' ക്ക് അരി വാങ്ങുന്ന ലാഘവത്തോടെ ഫാസ്റ്റ് ഫുഡ് രീതിയിലാണ് ബോർഡ് വൈദ്യുതി വാങ്ങുന്നത്. പള്ളിവാസൽ പദ്ധതി പാളിയതോടെ, ബോർഡിന്റെ ഈ പിടിപ്പുകേടും വൈദ്യുതി ഉപയോഗിക്കുന്നവർക്ക് വെള്ളിടിയായി മാറാം.

# എന്താണ് 'ഫോർ സ്റ്റാർസ് ഓഫ് ഡെസ്റ്റിനി' എന്ന പുസ്തകം പറയുന്നത്..?

ഡൽഹി ഡെർബാർ


**ഇന്ത്യയുടെ 28-ാം കരസേന മേധാവിയായിരുന്നു മനോജ് മുകുന്ദ് നരവനെ എഴുതിയ 'ഫോർ സ്റ്റാർസ് ഓഫ് ഡെസ്റ്റിനി' എന്ന പുസ്തകം പുറത്തിറങ്ങും മുമ്പേ വൻ വിവാദമായിരിക്കുകയാണ്. ഇതേചൊല്ലി ലോക്സഭയിൽ പോലും നാടകീയ രംഗങ്ങൾ അരങ്ങേറി. പുസ്തകത്തെ സംബന്ധിച്ച് രാഹുൽ ഗാന്ധിയുടെ ചോദ്യങ്ങൾക്ക് മറുപടി പറയാനാകാതെ എൻ.ഡി.എ അംഗങ്ങൾ ബഹളം വെച്ച് രക്ഷപെടുകയായിരുന്നോ..?**

ഇക്കഴിഞ്ഞ തിങ്കളാഴ്ച ഇന്ത്യൻ പാർലമെന്റിൽ രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദിപ്രമേയ ചർച്ചയിലായിരുന്നു എം.എം. നരവനെയുടെ ഓർമ്മക്കുറിപ്പുകൾ വിവാദവിഷയമായത്. ഇന്ത്യ-ചൈന സംഘർഷം വീണ്ടും ലോക്സഭയിൽ ഉന്നയിച്ച് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയാണ് അതിന് തുടക്കം കുറിച്ചത്. മേജർ മനോജ് മുകുന്ദ് നരവനെയുടെ പുസ്തകത്തെക്കുറിച്ച് പരാമർശിക്കുന്ന ഓർമ്മക്കുറിപ്പുകൾ ഉയർത്തിക്കാട്ടിയാണ് രാഹുൽ സംസാരിച്ചത്. ലേഖനത്തിന്റെ ഉത്തരവാദിത്തം താൻ ഏറ്റെടുക്കുന്നുവെന്നും തന്റെ ലക്ഷ്യം വസ്തുതകൾ അറിയിക്കുക എന്നത് മാത്രമായിരുന്നുവെന്നും രാഹുൽ പറയുകയുണ്ടായി.

രാഹുൽ സംസാരിക്കുന്ന സമയമത്രയും ഭരണപക്ഷം ബഹളം വെക്കുകയായിരുന്നു. തനിക്ക് പാർലമെന്റിൽ പ്രസംഗിക്കാൻ ആരുടെ അനുമതിയാണ് വേണ്ടതെന്നും താൻ പ്രതിപക്ഷ നേതാവാണെന്നും രാഹുൽ ചോദിച്ചു. അതോടെ കോൺഗ്രസ് അംഗങ്ങൾ മോശം വാക്ക് ഉപയോഗിച്ചെന്ന് ആരോപിച്ച് സ്പീക്കർ തന്നെ ശബ്ദമുണ്ടാക്കാൻ തുടങ്ങി. രാഹുലിന് സംസാരിക്കാനില്ലെങ്കിൽ മറ്റുള്ളവരെ സംസാരിക്കാൻ അനുവദിക്കണമെന്നും സ്പീക്കർ പറഞ്ഞു. പിന്നാലെ ഭരണപക്ഷത്തുള്ളവരെ സ്പീക്കർ സംസാരിക്കാൻ വിളിക്കുകയായിരുന്നു.

അതോടെ രാജ്നാഥ് സിങ്, അമിത് ഷാ തുടങ്ങിയവർ രംഗത്തുവന്നിരുന്നു. രാഹുലിന്റെ പ്രസംഗം തടയുകയും പുറത്തിറങ്ങാത്ത പുസ്തകത്തിലെ ഭാഗങ്ങൾ സഭയിൽ ഉന്നയിക്കാനാകില്ലെന്നും പറഞ്ഞാണ് ബി.ജെ.പി പ്രതിരോധിച്ചത്. ഇന്ത്യയുടെ 28-ാം കരസേന മേധാവിയായിരുന്നു മനോജ് മുകുന്ദ് നരവനെ. 2019 ഡിസംബർ 16ന് ജനറൽ ബിബിൻ റാവത്തിന്റെ പിൻഗാമിയായി കരസേനാ മേധാവിയായി. 2022 ഏപ്രിലിൽ ആ പദവിയിൽനിന്ന് വിരമിച്ചു. വിരമിച്ചശേഷം എം.എം. നരവനെ തന്റെ സർവീസ് സ്റ്റോറി എഴുതി.

'ഫോർ സ്റ്റാർസ് ഓഫ് ഡെസ്റ്റിനി' എന്നായിരുന്നു പുസ്തകത്തിന്റെ പേര്. സിക്കിം അതിർത്തിയിൽ യുവ സൈനിക ഉദ്യോഗസ്ഥനായി സൈനിക സേവനം തുടങ്ങിയത് മുതൽ കരസേനാധിപനായി ഗാൽവാൻ സംഘർഷം നേരിട്ടതുവരെയുള്ള കാര്യങ്ങൾ നരവനെ പുസ്കത്തിൽ വിശദീകരിക്കുന്നുണ്ട്. സൈന്യത്തിലെ ഹ്രസ്വകാല നിയമന പദ്ധതിയായ അഗ്നിപഥ്, ഗാൽവാൻ സംഘർഷം, ദോക്ലാം വിഷയം എന്നിവയെക്കുറിച്ച് പുസ്തകത്തിലുള്ള ഭാഗമാണ് വിവാദമായത്. ചൈനീസ് ഭാഗത്തുനിന്ന് ടാങ്കുകൾ വരുന്നുവെന്നും പുസ്തകത്തിൽ പരമാർശമുണ്ടെന്നും റിപ്പോർട്ടുകളുണ്ട്. എം.എം. നരവനെയുടെ ഓർമക്കുറിപ്പുകളിൽ നിന്നുള്ള ചില ഭാഗങ്ങൾ 2023ൽ ഒരു വാർത്താ ഏജൻസി പ്രസിദ്ധീകരിച്ചതോടെയാണ് പുസ്തകം പരിശോധിക്കാൻ പ്രതിരോധമന്ത്രാലയം തീരുമാനിച്ചത്. സർക്കാർ അനുമതി ലഭിക്കാത്തതിനാൽ 2024ൽ പുറത്തിറങ്ങേണ്ട പുസ്തകത്തിന്റെ പ്രസിദ്ധീകരണം വൈകി. നിലവിൽ പുസ്തകത്തിന് ലഭിച്ച ഓർഡറുകൾ ആമസോൺ ഇന്ത്യ റദ്ദാക്കിയിരിക്കുകയുമാണ്.




ഈ പുസ്തകത്തെ ആധാരമാക്കി 'ദി കാരവൻ' മാസിക പ്രസിദ്ധീകരിച്ച കുറിപ്പ് ഉയർത്തിക്കാട്ടിയായിരുന്നു രാഹുൽ പ്രസംഗിച്ചത്. 2024ൽ പുറത്തിറങ്ങേണ്ട പുസ്തകം ഇനിയും പുറത്തിറങ്ങിയിട്ടില്ല. ഒരു വർഷത്തിലധികമായി കേന്ദ്രസർക്കാരിന്റെ അനുമതി കാത്തിരിക്കുകയാണ് ഈ പുസ്തകം.

ഇന്ത്യ-ചൈന സംഘർഷ സമയത്ത് പ്രതിരോധമന്ത്രി രാജ്നാഥ് സിങ്ങുമായുള്ള സംഭാഷണം പുസ്തകത്തിൽ ഉണ്ടെന്നാണ് പറയപ്പെടുന്നത്. 2020 ഓഗസ്റ്റ് 31ന് റെചിൻ ലാ പർവ്വതപ്രദേശങ്ങളിലേക്ക് ചൈനീസ് പട്ടാളം ഇരച്ചെത്തിയപ്പോൾ താൻ രാജ്നാഥ് സിങിനെ വിളിച്ചുവെന്നും നിങ്ങൾക്ക് ശരി എന്ന് തോന്നുന്നത് ചെയ്തോളൂ എന്നാണ് പ്രതിരോധമന്ത്രി പറഞ്ഞതെന്നും പുസ്തകത്തിൽ പറയുന്നുണ്ട്. ആ രാത്രിയിൽ താൻ വിദേശകാര്യമന്ത്രി, സുരക്ഷാ ഉപദേഷ്ടാവ്, പ്രതിരോധ മേധാവി എന്നിവരെയും വിളിച്ചു എന്നും നരവനെ പറയുന്നുണ്ട്.


ഏറെ വിവാദമായ അഗ്നിപഥ് പദ്ധതിയെക്കുറിച്ചും നരവനെയുടെ പുസ്തകത്തിൽ പരാമർശമുണ്ട് എന്നാണ് റിപ്പോർട്ടുകൾ. ഹ്രസ്വകാലത്തേയ്ക്കായി സൈന്യത്തിലേക്ക് യുവാക്കളെ റിക്രൂട്ട് ചെയ്യുന്ന പദ്ധതിയാണ് അഗ്നിപഥ്. പദ്ധതിയിലൂടെ റിക്രൂട്ട് ചെയ്യപ്പെട്ട സൈനികരിൽ എത്ര പേരെ നിലനിർത്തണം എന്ന തീരുമാനത്തെ സംബന്ധിച്ച് പുസ്തകത്തിൽ വെളിപ്പെടുത്തലുകളുണ്ട് എന്നാണ് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. റിക്രൂട്ട് ചെയ്യപ്പെട്ട സൈനികരിൽ 75 ശതമാനം പേരെയും നിലനിർത്താനായിരുന്നു ആദ്യ ഘട്ടത്തിൽ ആലോചിച്ചിരുന്നത്. എന്നാൽ പിന്നീടത് 25 ശതമാനമായി എന്ന് പുസ്തകത്തിൽ പറയുന്നുണ്ട്. 20,000 രൂപയായിരുന്നു അഗ്നിവീറുകൾക്ക് ശമ്പളമായി നൽകാൻ തീരുമാനിച്ചിരുന്നത്. ഇത് അംഗീകരിക്കാനാകില്ലെന്നും രാജ്യത്തിനായി ജീവിതം തന്നെ മാറ്റിവെച്ചവരോട് ദിവസവേതനക്കാരോടെന്ന പോലെ പെരുമാറരുത് എന്നും നരവനെ പറഞ്ഞതായി പുസ്തകത്തിൽ പറയുന്നു. പിന്നീട് ഈ സംഖ്യ 30,000 ആക്കി ഉയർത്തുകയായിരുന്നുവെന്നും പുസ്തകത്തിൽ നരവനെ പറയുന്നുണ്ട് എന്നാണ് റിപ്പോർട്ടുകൾ.

ഇന്ത്യ-അമേരിക്ക വ്യാപാരകരാറിനെയും രാഹുൽ വിമർശിച്ചിരുന്നു. പ്രധാനമന്ത്രി വിട്ടുവീഴ്ച ചെയ്തുവെന്നും നരേന്ദ്രമോദി കരാർ ഒപ്പിട്ടത് വളരെയധികം സമ്മർദ്ദത്തിന് വഴങ്ങിയാണെന്നും രാഹുൽ പറയും ചെയ്തിരുന്നു. കരാറിലെന്താണ് ഉള്ളതെന്ന് ജനങ്ങൾക്കറിയണം. ഇന്ത്യയുടെ സാമ്പത്തിക സുരക്ഷയും രാജ്യത്തെ കർഷകരും വലിയ ഭീഷണിയിലെന്നും രാഹുൽ ശക്തമായി ആരോപിക്കുന്നു.

എന്നാൽ പ്രസിഡന്റ് ട്രംപ് അർത്ഥശങ്കയിടയില്ലാതെ ഇന്ത്യയുഎസ് കരാറായെന്നു പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. യുഎസിനുള്ള തീരുവ ഇന്ത്യ പൂജ്യം ആക്കുമെന്നാണ് ട്രംപ് പറയുന്നത്. മാത്രമല്ല റഷ്യൻ എണ്ണ വാങ്ങുന്നത് ഇന്ത്യ നിർത്തുമെന്നും ട്രംപ് പറയുന്നു. ഇതുകൊണ്ടൊക്കെത്തന്നെ ഇനിയും പാർലമെന്റിൽ ഈ വിഷയം കത്തിക്കയറുമെന്നാണ് കരുതുന്നത്.

◗ എമ എൽസ എൽവിൻ

## ആരാണ് ജനറൽ മനോജ് മുകുന്ദ് നരവാനെ?



*ജനറൽ മനോജ് മുകുന്ദ് നരവാനെ ഒരു പത്രസമ്മേളനത്തിൽ സംസാരിക്കുന്നു.*
*(പി.ടി.ഐ ഫയൽ ചിത്രം)*

1960 ഏപ്രിൽ 22 ന് പൂനെയിൽ ജനിച്ച ജനറൽ എം.എം. നരവാനെ മുൻ ഇന്ത്യൻ വ്യോമസേനാ ഉദ്യോഗസ്ഥന്റെ മകനാണ്. പൂനെയിലെ നാഷണൽ ഡിഫൻസ് അക്കാദമിയിലെയും ഡെറാഡൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാദമിയിലെയും പൂർവ്വ വിദ്യാർത്ഥിയാണ് അദ്ദേഹം. പ്രതിരോധ പഠനത്തിൽ എം.ഫിൽ ബിരുദവും നേടിയിട്ടുണ്ട്.

1980 ജൂണിൽ സിഖ് ലൈറ്റ് ഇൻഫൻട്രിയുടെ ഏഴാം ബറ്റാലിയനിൽ നരവാനെ കമ്മീഷൻ ചെയ്യപ്പെട്ടു. പിന്നീട് അദ്ദേഹം ജമ്മു കശ്മീരിലെ രാഷ്ട്രീയ റൈഫിൾസിന്റെ രണ്ടാം ബറ്റാലിയന്റെയും (സിഖ്‌ലി) 106 ഇൻഫൻട്രി ബ്രിഗേഡിന്റെയും കമാൻഡറായിരുന്നു.

നരവാനെ അസം റൈഫിൾസിനെയും കമാൻഡർ ചെയ്തിട്ടുണ്ട്, കശ്മീരിലും വടക്കുകിഴക്കൻ മേഖലയിലും കലാപ വിരുദ്ധ പ്രവർത്തനങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

2019 ഡിസംബർ 16ന് ജനറൽ നരവാനെയെ ജനറൽ റാവത്തിന്റെ പിൻഗാമിയായി പ്രഖ്യാപിച്ചു, അദ്ദേഹം 2019 ഡിസംബറിൽ കരസേനാ മേധാവി സ്ഥാനം രാജിവച്ചു.

# ആ രഹസ്യങ്ങൾ അമേരിക്കയ്ക്ക് ചോർത്തിയോ?

ചൈനയിലെ ഏറ്റവും മുതിർന്ന സൈനിക ഉദ്യോഗസ്ഥൻ ഷാങ് യൂക്സിയക്കെതിരെ ഗുരുതരമായ അച്ചടക്ക ലംഘനത്തിനും നിയമലംഘനത്തിനും അന്വേഷണം പ്രഖ്യാപിച്ചിരിക്കുകയാണ് ചൈനീസ് ഭരണകൂടം. അതീവ രഹസ്യമായ ആണവായുധ വിവരങ്ങൾ അമേരിക്കയ്ക്ക് ചോർത്തി നൽകി എന്ന ആരോപണമാണ് ഈ നീക്കത്തിന് പിന്നിലെന്നാണ് റിപ്പോർട്ടുകൾ. പ്രസിഡന്റ് ഷീ ജിൻപിങ്ങിന് താഴെ ചൈനീസ് സൈന്യത്തിലെ ഏറ്റവും ഉയർന്ന പദവിയിലിരുന്ന വ്യക്തിയാണ് ഷാങ്.

അതേസമയം സെൻട്രൽ മിലിട്ടറി കമ്മീഷന്റെ വൈസ് ചെയർമാൻമാരിൽ ഒരാളായ ഷാങ്ങിനൊപ്പം കമ്മീഷൻ അംഗം ജനറൽ ലിയു ഷെൻലിയും അന്വേഷണം നേരിടുന്നുണ്ട്. ഇതോടെ ആറംഗ സൈനിക കമ്മീഷനിൽ ഒരാൾ മാത്രമാണ് ഇപ്പോൾ പുറത്തകാത്തതായി അവശേഷിക്കുന്നത്. ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക്കിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ സൈനിക ശുദ്ധീകരണമാണിതെന്ന് നിരീക്ഷകർ വിലയിരുത്തുന്നു.



### രഹസ്യങ്ങൾ ചോർന്നത് എങ്ങനെ?

അതായത് ചൈനയുടെ ആണവായുധങ്ങളുടെ സാങ്കേതിക വിവരങ്ങൾ ഷാങ് അമേരിക്കയ്ക്ക് കൈമാറി എന്നതാണ് പ്രധാന ആരോപണം. ചൈനീസ് നാഷണൽ ന്യൂക്ലിയർ കോർപറേഷൻ മുൻ ജനറൽ മാനേജർ ഗു ജുനിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ അന്വേഷണം. ഗു ജുനെതിരെ കഴിഞ്ഞ ആഴ്ചയാണ് അഴിമതിക്കും നിയമലംഘനത്തിനും അന്വേഷണം തുടങ്ങിയത്. ഇയാളുമായുള്ള ബന്ധമാണ് ഷാങ്ങിനെ കുടുക്കിയത്.

### പ്രതികരണം

അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് പാർട്ടി സ്വീകരിക്കുന്നതെന്ന് വാഷിംഗ്ടണിലെ ചൈനീസ് എംബസി വക്താവ് ലി യു പെങ്യു പറഞ്ഞു. ഷീ ജിൻപിങ്ങിനെപ്പോലെ തന്നെ ചൈനയിലെ വിപ്ലവ നേതാക്കളുടെ പിൻതലമുറക്കാരനാണ് ഷാങ്. ഷീയുടെ പിതാവിനൊപ്പം പണ്ട് ഒന്നിച്ച് പോരാടിയ വ്യക്തിയായിരുന്നു ഷാങ്ങിന്റെ പിതാവും. ഇത്രയും അടുത്ത ബന്ധമുള്ള ഒരാൾക്കെതിരെയുള്ള നടപടി ചൈനീസ് സൈന്യത്തിൽ വലിയ ചർച്ചയായിട്ടുണ്ട്.

മുൻ പ്രതിരോധ മന്ത്രി ലി ഷാങ്ഫുവിനെ പ്രോത്സാഹിപ്പിക്കുന്നതിനായി ഷാങ് കൈക്കൂലി വാങ്ങി എന്ന ആരോപണവും ഇതോടൊപ്പം ഉയരുന്നുണ്ട്. അഴിമതി ആരോപണങ്ങളെത്തുടർന്ന് ലി ഷാങ്ഫുവിനെ 2024 ൽ പാർട്ടിയിൽ നിന്ന് പുറത്താക്കിയിരുന്നു.

### തായ്‌വാൻ വിഷയത്തിലെ ആഘാതം

സൈന്യത്തിലെ ഉന്നത നേതൃത്വത്തിൽ ഉണ്ടായ ഈ മാറ്റങ്ങൾ തായ്‌വാനോടുള്ള ചൈനയുടെ സമീപനത്തെ ബാധിച്ചേക്കാമെന്ന് വിദഗ്ധർ കരുതുന്നു. നിലവിലെ നേതൃത്വത്തിലെ അനിശ്ചിതത്വം ഹ്രസ്വകാലത്തേക്ക് ചൈനയുടെ സൈനിക കരുത്തിനെ ബാധിക്കുമെങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ ഷീ ജിൻപിങ്ങിനോട് കൂടുതൽ വിശ്വസ്തതയുള്ള ഒരു നേതൃത്വം ഉണ്ടാകാൻ ഇത് കാരണമാകുമെന്നും വിലയിരുത്തപ്പെടുന്നു.

ഷി ജിൻപിംഗിന്റെ ഏറ്റവും അടുത്ത അനുയായിയായിരുന്നിട്ടും ഷാങ് യൗക്സിയയെ പുറത്താക്കിയത് ചൈനീസ് സൈനിക നേതൃത്വത്തിനുള്ളിലെ കടുത്ത അസ്വസ്ഥതകളിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ഈ നടപടിയോടെ ചൈനയുടെ സെൻട്രൽ മിലിട്ടറി കമ്മീഷനിലെ അംഗങ്ങളുടെ എണ്ണം ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ നിലയിലേക്ക് ചുരുങ്ങി. നിലവിൽ ഷി ജിൻപിംഗും മറ്റൊരു ഉദ്യോഗസ്ഥനും മാത്രമാണ് ഈ സമിതിയിൽ അവശേഷിക്കുന്നത്.

# ടി20 ലോകകപ്പ് കിരീടം ഇന്ത്യക്കല്ല; ജേതാക്കളെ പ്രവചിച്ച് ഓസീസ് ഇതിഹാസം

ടി20 ലോകകപ്പിന് മുന്നോടിയായി ശ്രദ്ധേയമായ പ്രവചനങ്ങളുമായി ഓസ്ട്രേലിയൻ ഇതിഹാസം ബ്രെറ്റ് ലീ. ഇന്ത്യൻ ക്യാപ്റ്റൻ സൂര്യകുമാർ യാദവ് ടൂർണമെന്റിലെ ഏറ്റവും മികച്ച താരമാകുമെന്നും സ്പിന്നർ വരുൺ ചക്രവർത്തി ഏറ്റവും കൂടുതൽ വിക്കറ്റുകൾ വീഴ്ത്തുമെന്നും ലീ അഭിപ്രായപ്പെട്ടു.2025-ൽ സൂര്യകുമാർ യാദവിന് ബാറ്റിംഗിൽ അത്ര നല്ല കാലമായിരുന്നില്ല. 19 ഇന്നിംഗ്സുകളിൽ നിന്ന് വെറും 13.62 ശരാശരിയിൽ 218 റൺസ് മാത്രമാണ് അദ്ദേഹത്തിന് നേടാനായത്. ഒരു അർധസെഞ്ചുറി പോലും ആ വർഷം സൂര്യയുടെ ബാറ്റിൽ നിന്ന് പിറന്നില്ല. എന്നാൽ അടുത്തിടെ ന്യൂസിലൻഡിനെതിരെ നടന്ന പരമ്പരയിൽ തകർപ്പൻ ഫോമിലേക്ക് തിരിച്ചെത്തിയ സൂര്യ, 242 റൺസുമായി പ്ലെയർ ഓഫ് ദി സീരീസ് പുരസ്കാരം സ്വന്തമാക്കി. ഈ പ്രകടനമാണ് ബ്രെറ്റ് ലീയെ ഇത്തരത്തിൽ ചിന്തിപ്പിച്ചത്. ''ഇപ്പോഴത്തെ അദ്ദേഹത്തിന്റെ ഫോം വെച്ച് നോക്കുമ്പോൾ, ഇവിടുത്തെ പിച്ചുകൾ അദ്ദേഹത്തിന് അനുയോജ്യമായ രീതിയിലായിരിക്കും ഒരുക്കുക.

ബാറ്റർമാരെ അമ്പരപ്പിക്കാനും കുഴപ്പിക്കാനുമുള്ള അദ്ദേഹത്തിന്റെ ശൈലിക്ക് പറ്റിയ സാഹചര്യമാണിത്. എല്ലാം അദ്ദേഹത്തിന് അനുകൂലമായി ഒത്തുവന്നിരിക്കുകയാണ്, ഇത് അദ്ദേഹത്തിന്റെ തന്നെ ലോകകപ്പായിരിക്കും.'' ലീ പറഞ്ഞു. സ്പിന്നർ വരുൺ ചക്രവർത്തിയെ കുറിച്ചും ലീം സംസാരിച്ചു. മിസ്റ്ററി സ്പിന്നർ വരുൺ ചക്രവർത്തി ഇത്തവണത്തെ ലോകകപ്പിൽ നിർണായക സ്വാധീനമാകുമെന്നാണ് അദ്ദേഹം പറയുന്നത്. ''വിക്കറ്റുകൾ വരുണിന് അനുകൂലമായിരിക്കും. ബാറ്റർമാരെ കുഴപ്പിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് ഈ ലോകകപ്പിൽ വലിയ ചർച്ചയാകും. ഇത് വരുണിന്റെ ലോകകപ്പായിരിക്കും.'' ലീ പറഞ്ഞു.

നിലവിൽ ടി20 ബൗളർമാരുടെ റാങ്കിംഗിൽ ഒന്നാമനാണ് 34-കാരനായ വരുൺ. ന്യൂസിലൻഡിനെതിരായ പരമ്പരയിൽ മൂന്ന് മത്സരങ്ങളിൽ നിന്ന് നാല് വിക്കറ്റും താരം വീഴ്ത്തിയിരുന്നു.ലോകകപ്പിലെ സെമിഫൈനൽ സാധ്യതകളെക്കുറിച്ചും ഫൈനലിനെ കുറിച്ചും ലീ സംസാരിച്ചു.





# ടി20 ലോകകപ്പിലെ 'സെഞ്ച്വറി രാജാക്കന്മാർ'; ഗെയ്‌ലിന് ഇരട്ടത്തിളക്കം

ടി20 ലോകകപ്പിന്റെ ആവേശപ്പോരാട്ടങ്ങളിൽ സെഞ്ചുറി നേടുക എന്നത് ഏതൊരു ബാറ്ററെ സംബന്ധിച്ചും വലിയൊരു നാഴികക്കല്ലാണ്. 2007-ൽ ദക്ഷിണാഫ്രിക്കയിൽ ആരംഭിച്ച ഈ കുട്ടിക്രിക്കറ്റ് പൂരത്തിൽ ഇതുവരെ പിറന്നത് ആകെ 11 സെഞ്ചുറികളാണ്. ഈ ചരിത്രനേട്ടം സ്വന്തമാക്കിയ പത്ത് ബാറ്റിംഗ് ഇതിഹാസങ്ങളെ പരിചയപ്പെടാം.ടി20 ലോകകപ്പ് ചരിത്രത്തിലെ ആദ്യ സെഞ്ചുറി വെസ്റ്റ് ഇൻഡീസ് താരം ക്രിസ് ഗെയിലിന്റെ ബാറ്റിൽ നിന്നാണ് പിറന്നത്. 2007-ലെ ഉദ്ഘാടന മത്സരത്തിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെയായിരുന്നു ഗെയിലിന്റെ ആ താണ്ഡവം (117 റൺസ്). ലോകകപ്പിൽ രണ്ട് സെഞ്ചുറികൾ നേടിയ ഏക താരം എന്ന റെക്കോർഡും ഗെയിലിന് മാത്രം സ്വന്തമാണ്. 2016-ൽ ഇംഗ്ലണ്ടിനെതിരെയും താരം സെഞ്ചുറി (100) പൂർത്തിയാക്കി.ഈ പട്ടികയിൽ ഇടംപിടിച്ച ഒരേയൊരു ഇന്ത്യൻ താരം സുരേഷ് റെയ്നയാണ്. 2010-ൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെയാണ് റെയ്ന സെഞ്ചുറി (101) കുറിച്ചത്. ശ്രീലങ്കൻ ഇതിഹാസം മഹേല ജയവർധനെയും അതേ വർഷം തന്നെ സിംബാബ്‌വെക്കെതിരെ നൂറ് തികച്ച് പട്ടികയിലിടം നേടി.ലോകകപ്പിലെ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോർ എന്ന റെക്കോർഡ് ന്യൂസിലൻഡിന്റെ ബ്രെണ്ടൻ മക്കല്ലത്തിനാണ്. 2012-ൽ ബംഗ്ലാദേശിനെതിരെ താരം അടിച്ചുകൂട്ടിയത് 123 റൺസാണ്.

# 'ഭാവിയെക്കുറിച്ച് എനിക്ക് തന്നെ വ്യക്തതയില്ല, 2028 ഒളിമ്പിക്സ് വരെ കളിക്കണമെന്നാണ് ആഗ്രഹം'

2026 ഓസ്ട്രേലിയൻ ഓപ്പണിൽ ജോക്കോവിച്ചിനെ തോൽപ്പിച്ച് കാർലോസ് അൽക്കരാസ് വിജയ കിരീടം ചൂടിയതോടെ ഇത് ജോകോവിച്ചിന്റെ അവസാന ഓസ്ട്രേലിയൻ ഓപ്പണാകുമോ എന്ന ചോദ്യമാണ് ആരാധകർക്കിടയിൽ ഉയർന്നത്. എന്നാൽ മത്സരശേഷമുള്ള വാർത്താ സമ്മേളനത്തിൽ 38-കാരനായ ജോകോവിച്ച് 2028 ഒളിമ്പിക്സ് വരെ കളിക്കാനുള്ള തന്റെ ആഗ്രഹം വീണ്ടും ആവർത്തിച്ചു. അതോടെ മെൽബണിൽ വീണ്ടും അദ്ദേഹത്തെ കാണാൻ സാധ്യതയുണ്ടെന്ന സൂചനയും നൽകി.ഫൈനലിൽ ആദ്യ സെറ്റ് 33 മിനിറ്റിനുള്ളിൽ സ്വന്തമാക്കിയ ജോകോവിച്ച് 25-ാമത്തെ ഗ്രാൻഡ് സ്ലാം കിരീടം ലക്ഷ്യമിട്ട് ശക്തമായി പോരാടി. എന്നാൽ രണ്ടാം സെറ്റിൽ ശക്തമായ തിരിച്ചുവരവ് നടത്തിയ അൽക്കരാസ് മത്സരത്തിന്റെ നിയന്ത്രണം പിടിച്ചെടുത്തു. ''നാളെയെന്ത് സംഭവിക്കുമെന്നുപോലും അറിയില്ല; ആറോ പന്ത്രണ്ടോ മാസങ്ങൾ പിന്നെ പറയാനില്ല. ഇതുവരെ ഉണ്ടായത് ഒരു മനോഹരമായ യാത്രയാണ്. നിങ്ങൾ എന്നെ ഏറെകാലമായി പിന്തുടരുന്നവരാണ്. അഭിനയിക്കാനോ കള്ളം പറയാനോ എനിക്ക് ഇഷ്ടമില്ല. കഴിഞ്ഞ ഒരു വർഷത്തോളമായി എന്റെ ഭാവിയെക്കുറിച്ച് എനിക്ക് തന്നെ വ്യക്തതയില്ലെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. 2028 ഒളിമ്പിക്സ് വരെ കളിക്കണമെന്നാണ് ആഗ്രഹം, എന്നാൽ അത് ഒരു വർഷത്തിൽ ഒരു ടൂർണമെന്റായിരിക്കാം-സത്യത്തിൽ എനിക്ക് അറിയില്ല,'' താരം കൂട്ടിച്ചേർത്തു.






# അൽ - ഇത്തിഹാദ് വിട്ടു; എൻഗോളോ കാന്തെ ഫെനർബാഷിൽ

എൻ'ഗോളോ കാന്തെയുടെ തുർക്കിഷ് ക്ലബ് ഫെനർബഹ്സെയിലേക്കുള്ള നീക്കം ഉടൻ ഔദ്യോഗികമാകും. സൗദി പ്രൊ ലീഗ് ക്ലബ് അൽ ഇത്തിഹാദ് ഒടുവിൽ താരത്തെ വിട്ടുനൽകാൻ സമ്മതിച്ചതോടെയാണ് ട്രാൻസ്ഫർ അന്തിമഘട്ടത്തിലെത്തിയത്.മൊറോക്കൻ സ്ട്രൈക്കർ യൂസഫ് എൻനെസിറി അൽ ഇത്തിഹാദിലേക്ക് പോകുന്ന ഇടപാടിന്റെ ഭാഗമായായിരുന്നു കാന്തെയുടെ ഫെനർബഹ്സെ ട്രാൻസ്ഫർ. എന്നാൽ ട്രാൻസ്ഫർ മാച്ചിംഗ് സിസ്റ്റം (TMS) സംബന്ധിച്ച അൽ ഇത്തിഹാദിന്റെ ഭരണപരമായ പിഴവുകളാണ് ഇടപാട് ആദ്യം തകരാൻ കാരണമായതെന്ന് ഫെനർബഹ്സെ ആരോപിച്ചിരുന്നു. ഫിഫ നിർദേശിച്ച ടിഎംഎസ് വിവരങ്ങൾ ശരിയായി നൽകാത്തതിനാൽ ട്രാൻസ്ഫർ രജിസ്ട്രേഷൻ സമയപരിധിക്കുള്ളിൽ നടപടികൾ പൂർത്തിയാക്കാനായില്ലെന്ന് തുർക്കിഷ് ക്ലബ് വ്യക്തമാക്കിയിരുന്നു.''ഞങ്ങളുടെ ക്ലബ്ബിനെ ആശ്രയിക്കാത്ത കാരണങ്ങളാൽ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചില്ല. എല്ലാ ഘട്ടങ്ങളിലും ഞങ്ങൾ അത്യന്തം ജാഗ്രത പുലർത്തിയിരുന്നു,'' എന്നാണ് ഫെനർബഹ്സെയുടെ വിശദീകരണം. അന്താരാഷ്ട്ര ട്രാൻസ്ഫറുകൾക്കായി ഫിഫയുടെ ഠങട സംവിധാനം നിർബന്ധമാണെന്നും ക്ലബ് കൂട്ടിച്ചേർത്തു.എന്നാൽ പിന്നീട് അൽ ഇത്തിഹാദ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ തൽ കാന്തെയ്ക്ക് വിടവാങ്ങൽ സന്ദേശം പോസ്റ്റ് ചെയ്യുകയും, താരത്തിന്റെ കരാറിലെ ശേഷിക്കുന്ന കാലയളവ് വിറ്റുതരാൻ സമ്മതിച്ചതായി അറിയിക്കുകയും ചെയ്തു.34 വയസ്സുകാരനായ കാന്തെ 2023-ലാണ് അൽ ഇത്തിഹാദിൽ ചേർന്നത്.

## ലയണൽ മെസി തുർക്കി ക്ലബിലേക്ക്?



2023 മുതൽ മേജർ ലീഗ് സോക്കർ ക്ലബ് ഇൻറർമയാമിയുടെ താരമാണ് ലയണൽ മെസി . 38കാരനായ മെസി ഇക്കഴിഞ്ഞ ഒക്ടോബറിൽ ഇൻറർ മയാമിയുമായി 2028 വരെ കരാർ പുതുക്കിയിരുന്നു. ഒരു വർഷത്തേക്ക് കൂടി കരാർ ദീർഘിപ്പിച്ചേക്കാമെന്നും ക്ലബ് അന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ സൂപ്പർ താരം ലയണൽ മെസി തുർക്കിഷ് ക്ലബ് ഗലാറ്റസരെയുമായി ചർച്ചകൾ നടത്തുന്നതായാണ് പുതിയ റിപ്പോർട്ടുകൾ.തുർക്കിഷ് മാധ്യമം റിപ്പോർട്ട് ചെയ്തതനുസരിച്ച് മെസി ഗലാറ്റസരെക്കായി എവേ മത്സരങ്ങൾ കളിക്കാൻ തയ്യാറല്ല. ഈ സീസണിൽ ഇനി അവസാനിക്കുന്ന 12 ഹോം മത്സരങ്ങളിൽ കളിപ്പിക്കുന്നതിനാണ് മെസിയുമായി തുർക്കി ക്ലബ് ചർച്ചകൾ തുടരുന്നത്. കഴിഞ്ഞ ഒക്ടോബറിലും മെസിയെ സ്വന്തമാക്കാൻ ഗലാറ്റസരെ താൽപ്പര്യം പ്രകടിപ്പിച്ചിരുന്നു

## 'നന്നായി കളിക്കുന്നവർ ടീമിൽ, അല്ലാത്തവർ പുറത്ത്'';ധോണി



അടുത്ത ഏകദിന ലോകകപ്പിലെ കളിക്കാരുടെ തിരഞ്ഞെടുപ്പിനെകുറിച്ച് മനസ്സ് തുറന്ന് മുൻ ഇന്ത്യൻ ക്യാപ്റ്റൻ എം എസ് ധോണി . പ്രായത്തെക്കാൾ മികച്ച പ്രകടനത്തിനും കായികക്ഷമതയ്ക്കുമാണ് മുൻഗണന നൽകേണ്ടതെന്നതാണ് ധോണിയുടെ നിലപാട്. അടുത്ത ലോകകപ്പിൽ മുൻ ക്യാപ്റ്റന്മാരായ രോഹിത് ശർമയും വിരാട് കോലിയും കളിക്കണമോ എന്ന ചോദ്യത്തിന് ധോണി പറഞ്ഞത് ഇങ്ങനെ:''പ്രായം വെറും ഒരു അക്കമാണ്. അടുത്ത ലോകകപ്പ് കളിക്കണമെന്നാഗ്രഹിക്കുന്ന ഒരാളിന് പ്രായം തടസ്സമാകരുത്. മികച്ച പ്രകടനവും നല്ല കായികക്ഷമതയും ഉണ്ടെങ്കിൽ ആർക്കും ടീമിൽ തുടരാം. സച്ചിൻ ടെണ്ടുൽക്കറെപ്പോലുള്ള അസാധാരണ പ്രതിഭയല്ലെങ്കിൽ 20 വയസ്സുകാരനിൽ നിന്ന് വലിയ അനുഭവസമ്പത്ത് പ്രതീക്ഷിക്കാനാവില്ല. അനുഭവസമ്പത്തുള്ളവരെ മാറ്റിനിർത്തരുത്. എല്ലാവരെയും തുല്യമായി പരിഗണിക്കണം. രാജ്യത്തിനായി മികച്ച രീതിയിൽ കളിക്കണമെന്ന ആഗ്രഹവും അത് പ്രവർത്തിയിൽ കാണിക്കുന്നവരുമാണ് ടീമിലുണ്ടാകേണ്ടത്. ധോണി ഓർമ്മിപ്പിച്ചു.

## അൽ നസറുമായി വഴിപിരിഞ്ഞേക്കും; റൊണാൾഡോയെ റാഞ്ചാൻ അമേരിക്കൻ ക്ലബുകൾ?




പോർച്ചുഗീസ് സൂപ്പർ താരം ക്രിസ്റ്റ്യാനോ റൊണാൾഡോ സൗദി പ്രൊ ലീഗ് ക്ലബ് അൽ നസറുമായി വഴിപിരിയാൻ സാധ്യതയുണ്ടെന്ന റിപ്പോർട്ടുകളാണ് ഇപ്പോൾ പുറത്തുവരുന്നത്. ക്ലബ് ഉടമകളായ സൗദി പബ്ലിക് ഇൻവെസ്റ്റ്മെൻറ് ഫണ്ടുമായി (PIF) റൊണാൾഡോ അസന്തുഷ്ടനാണെന്നാണ് വിവരം. അൽ റിയാദിനെതിരെ നടന്ന അടുത്തിടെ നടന്ന മത്സരത്തിൽ റൊണാൾഡോ കളിച്ചിരുന്നില്ല. ഇതിനിടെയാണ് മേജർ ലീഗ് സോക്കറിൽ നിന്നും യൂറോപ്യൻ ക്ലബുകളിൽ നിന്നും റൊണാൾഡോക്ക് ഓഫറുകൾ ലഭിക്കുന്നുണ്ടെന്ന റിപ്പോർട്ടുകളും വന്നത്.അൽ ഹിലാൽ, അൽ നസർ, അൽ അഹ്ലി, അൽ ഇത്തിഹാദ് എന്നീ നാല് സൗദി ക്ലബുകളുടെ ഉടമസ്ഥത പബ്ലിക് ഇൻവെസ്റ്റ്മെൻറ് ഫണ്ടിനാണ്. പിഐഎഫ് അൽ ഹിലാലിനെ അനുകൂലിക്കുന്നുവെന്നതാണ് റൊണാൾഡോയുടെ പ്രധാന പരാതി. സ്വന്തം ഉടമസ്ഥതയിലുള്ള അൽ ഇത്തിഹാദിൽ നിന്ന് ഫ്രഞ്ച് സൂപ്പർ താരം കരീം ബെൻസമയെ അൽ ഹിലാലിലേക്ക് മാറ്റിയതോടെ പ്രശ്നം രൂക്ഷമായി. അൽ നസറിനായി ആവശ്യമായ പുതിയ സൈനിങ്ങുകൾ നടത്താത്തതും മറ്റൊരു വിഷയമായി.ഇതിന്റെ ഭാഗമായാണ് അൽ റിയാദിനെതിരായ മത്സരം റൊണാൾഡോ കളിക്കാതെ വിട്ടുനിന്നത്. എന്നാൽ റൊണാൾഡോയുടെ പ്രതിഷേധത്തെ അവഗണിച്ച് പിഐഎഫ് കരീം ബെൻസമയെ അൽ ഹിലാലിൽ എത്തിച്ചു. 18 മാസത്തെ കരാറിലാണ് ബെൻസമ അൽ ഹിലാലുമായി ഒപ്പുവെച്ചത്. ഇതിന് പിന്നാലെയാണ് ക്രിസ്റ്റ്യോനോ റൊണാൾഡോ അൽ നസർ വിടാൻ ഒരുങ്ങുന്നുവെന്ന റിപ്പോർട്ടുകൾ ശക്തമായത്. കഴിഞ്ഞ വേനലിൽ അൽ നസറുമായി രണ്ട് വർഷത്തെ കരാർ ഒപ്പിട്ട റൊണാൾഡോ അന്ന് ഏറെ പോസിറ്റീവ് ആയാണ് സംസാരിച്ചിരുന്നത്.സൗദി പ്രൊ ലീഗിന്റെ വളർച്ചയിലും കൂടുതൽ സൂപ്പർ താരങ്ങൾ ലീഗിലേക്കെത്തുന്നതിലും സന്തോഷമുണ്ടെന്നായിരുന്നു റൊണാൾഡോയുടെ പ്രതികരണം. എന്നാൽ പിന്നീട് സാഹചര്യങ്ങൾ മോശമായി മാറി. ഉടൻ വിരമിക്കാൻ തയ്യാറല്ലാത്ത റൊണാൾഡോ മേജർ ലീഗ് സോക്കറിലേക്കോ അല്ലെങ്കിൽ ഏതെങ്കിലും യൂറോപ്യൻ ക്ലബിലേക്കോ പോകുമെന്ന തരത്തിലാണ് പുതിയ റിപ്പോർട്ടുകൾ. നേരത്തെയും എംഎൽഎസ് ക്ലബുകൾ റൊണാൾഡോയെ സ്വന്തമാക്കാൻ ശ്രമിച്ചിരുന്നു. അർജന്റീനിയൻ സൂപ്പർ താരം ലയണൽ മെസി കളിക്കുന്ന എംഎൽഎസിനെ സൗദി പ്രൊ ലീഗിനേക്കാൾ ഒരു പടി താഴെയായാണ് റൊണാൾഡോ എപ്പോഴും വിലയിരുത്തിയിരുന്നത്. 2025-ൽ ഒരു മാധ്യമത്തോട് സംസാരിക്കുമ്പോൾ സൗദി ലീഗിനേക്കാൾ മോശമാണ് എംഎൽഎസ് എന്നാണ് റൊണാൾഡോ പറഞ്ഞത്.''സൗദിയിലേക്ക് വരാൻ തീരുമാനിക്കുമ്പോൾ ലീഗ് ഇത്ര വേഗത്തിൽ വളരുമെന്ന് എനിക്ക് അറിയില്ലായിരുന്നു. എന്നാൽ ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ അത് വളരുമെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. സൗദിയെയും യുഎസിനെയും കുറിച്ച് ആളുകൾ വ്യത്യസ്തമായി സംസാരിക്കുന്നുണ്ടെങ്കിലും മേജർ ലീഗ് സോക്കർ സൗദി ലീഗിനേക്കാൾ ഒരു പടി താഴെയുള്ള ലീഗാണ്,'' എന്നാണ് റൊണാൾഡോ പറഞ്ഞത്.

## വായന മരിക്കുന്നുവോ?

# പുതിയ കാലത്തെ കുട്ടികൾ പുസ്തകങ്ങളെ കൈവിടുന്നതായി സർവ്വകലാശാലാ പ്രൊഫസർമാർ

ഇന്നത്തെ യുവതലമുറ പുസ്തകവായനയിൽ നിന്ന് അകന്നുപോകുന്നതായി പ്രശസ്ത സർവ്വകലാശാലകളിലെ അധ്യാപകർ ആശങ്ക പ്രകടിപ്പിക്കുന്നു. ഒരു മുഴുവൻ പുസ്തകം വായിച്ചു തീർക്കുക എന്നത് പുതിയ കാലത്തെ വിദ്യാർത്ഥികൾക്ക് കഠിനമായ കാര്യമായി മാറിയിരിക്കുകയാണ്. സ്മാർട്ട്ഫോണുകളുടെയും സോഷ്യൽ മീഡിയയുടെയും അമിത സ്വാധീനം കുട്ടികളുടെ ഏകാഗ്രതയെ ബാധിക്കുന്നതാണ് ഇതിന് പ്രധാന കാരണം. ചെറിയ കുറിപ്പുകളും വീഡിയോകളും കാണാൻ താല്പര്യപ്പെടുന്നവർക്ക് വലിയ പുസ്തകങ്ങൾ വിരസമായി തോന്നുന്നു.



വിദ്യാർത്ഥികളുടെ ഈ മാറ്റം ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്. സാഹിത്യവും ചരിത്രവും ആഴത്തിൽ മനസ്സിലാക്കാൻ പുസ്തകവായന അനിവാര്യമാണെന്ന് പ്രൊഫസർമാർ ചൂണ്ടിക്കാട്ടുന്നു. വെറും വിവരങ്ങൾ ശേഖരിക്കുന്നതിനേക്കാൾ ഉപരിയായി വിമർശനാത്മകമായി ചിന്തിക്കാൻ വായന സഹായിക്കും. എന്നാൽ പല വിദ്യാർത്ഥികളും പുസ്തകങ്ങളുടെ സംഗ്രഹങ്ങൾ മാത്രം വായിച്ച് പഠനം പൂർത്തിയാക്കാൻ ശ്രമിക്കുന്നു.

സാങ്കേതിക വിദ്യയുടെ വളർച്ച അറിവ് നേടാനുള്ള വഴികൾ ലളിതമാക്കിയെങ്കിലും വായനയുടെ ഗൗരവം ചോർന്നുപോയിട്ടുണ്ട്. നീളമുള്ള ഖണ്ഡികകൾ വായിക്കാൻ കുട്ടികൾ മടിക്കുന്നത് അവരുടെ ഭാഷാപരമായ കഴിവുകളെയും ബാധിക്കുന്നു. ഡിജിറ്റൽ യുഗത്തിൽ വിവരങ്ങൾ വിരൽത്തുമ്പിൽ ലഭിക്കുന്നത് വായനയോടുള്ള താല്പര്യം കുറയ്ക്കാൻ കാരണമായിട്ടുണ്ട്. വായനശാലകളേക്കാൾ കൂടുതൽ സമയം കുട്ടികൾ ചിലവഴിക്കുന്നത് ഇന്റർനെറ്റിലാണ്.

അമേരിക്കൻ സർവ്വകലാശാലകളിൽ നടത്തിയ പഠനങ്ങളിൽ വായനാശീലത്തിൽ വലിയ ഇടിവ് രേഖപ്പെടുത്തിയതായി പ്രൊഫസർമാർ പറയുന്നു. ഗഹനമായ വിഷയങ്ങൾ ചർച്ച ചെയ്യുന്ന പുസ്തകങ്ങൾ കൈകാര്യം ചെയ്യാൻ വിദ്യാർത്ഥികൾ പ്രയാസം നേരിടുന്നുണ്ട്. ഇത് ഭാവിയിൽ മികച്ച ഗവേഷകർ ഉണ്ടാകുന്നതിനെ തടസ്സപ്പെടുത്താൻ സാധ്യതയുണ്ട്. പുസ്തകങ്ങളിലൂടെ ലഭിക്കുന്ന ആഴത്തിലുള്ള ജ്ഞാനം ഇന്റർനെറ്റിലെ ചെറിയ കുറിപ്പുകളിൽ നിന്ന് ലഭിക്കില്ല.

വീടുകളിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും കുട്ടികളെ വായനയിലേക്ക് തിരികെ കൊണ്ടുവരാൻ ശ്രമങ്ങൾ തുടങ്ങണം. വായന ഒരു നിർബന്ധിത ജോലിയായി കാണാതെ അതൊരു വിനോദമായി മാറ്റിയെടുക്കാൻ സാധിക്കണം. പുസ്തകങ്ങൾ ചർച്ച ചെയ്യുന്ന ക്ലബ്ബുകളും വായനക്കൂട്ടങ്ങളും സജീവമാക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ്. അധ്യാപകരും രക്ഷിതാക്കളും ഇതിനായി ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്.

യുവതലമുറ വായനയെ പൂർണ്ണമായും ഉപേക്ഷിച്ചിട്ടില്ലെങ്കിലും അതിന്റെ രീതികളിൽ മാറ്റം വന്നിട്ടുണ്ട്. ഓഡിയോ ബുക്കുകളും ഇ-ബുക്കുകളും പ്രചാരത്തിലുണ്ടെങ്കിലും അച്ചടിച്ച പുസ്തകങ്ങൾ നൽകുന്ന അനുഭവം വേറെ തന്നെയാണ്. വായനയിലൂടെ മാത്രമേ ഒരു വ്യക്തിയുടെ സർഗ്ഗാത്മകതയും ചിന്താശേഷിയും പൂർണ്ണമായി വികസിക്കുകയുള്ളൂ. വായനയുടെ ലോകത്തേക്ക് കുട്ടികളെ തിരിച്ചുകൊണ്ടുവരുന്നത് അവരുടെ ശോഭനമായ ഭാവിക്ക് ഗുണകരമാകും.

# രാവിലെ വെറുംവയറ്റിൽ ചൂടുവെള്ളം കുടിക്കുന്നത് ശീലമാണോ? ശരീരത്തിൽ സംഭവിക്കുന്ന അത്ഭുതകരമായ മാറ്റങ്ങൾ ഇതാ



ആരോഗ്യകരമായ ഒരു ജീവിതശൈലി ആഗ്രഹിക്കുന്നവർക്ക് പരീക്ഷിക്കാവുന്ന ഏറ്റവും ലളിതമായ മാർഗമാണ് രാവിലെ എഴുന്നേറ്റ ഉടൻ വെറുംവയറ്റിൽ ചൂടുവെള്ളം കുടിക്കുക എന്നത്. നമ്മുടെ ശരീരത്തിലെ ആന്തരിക അവയവങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ഉന്മേഷം നിലനിർത്താനും ഇത് വളരെയധികം സഹായിക്കും. ആധുനിക വൈദ്യശാസ്ത്രവും ആയുർവേദവും ഒരുപോലെ ശുപാർശ ചെയ്യുന്ന ഒന്നാണ് ഈ ശീലം.

ദഹനപ്രക്രിയ സുഗമമാക്കാൻ രാവിലെ കുടിക്കുന്ന ചൂടുവെള്ളത്തിന് പ്രത്യേക കഴിവുണ്ട്. ഇത് വയറ്റിലെ ദഹനരസങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും ഭക്ഷണാവശിഷ്ടങ്ങൾ എളുപ്പത്തിൽ നീക്കം ചെയ്യാൻ സഹായിക്കുകയും ചെയ്യുന്നു. മലബന്ധം അനുഭവിക്കുന്നവർക്ക് ഇത് ഒരു മികച്ച പ്രകൃതിദത്ത പരിഹാരമാണ്. കുടലിലെ ചലനങ്ങൾ വേഗത്തിലാക്കാൻ ഇളംചൂടുവെള്ളം സഹായിക്കുന്നു.

ശരീരത്തിലെ വിഷാംശങ്ങൾ പുറന്തള്ളാൻ (Detoxification) ചൂടുവെള്ളം കുടിക്കുന്നത് ഉത്തമമാണ്. ശരീരതാപം വർദ്ധിക്കുന്നതോടെ വിയർപ്പിലൂടെയും മൂത്രത്തിലൂടെയും അനാവശ്യ മാലിന്യങ്ങൾ പുറത്തുപോകുന്നു. ഇത് രക്തം ശുദ്ധീകരിക്കാനും ചർമ്മത്തിന് തിളക്കം നൽകാനും സഹായിക്കും. പതിവായി ചൂടുവെള്ളം കുടിക്കുന്നത് അകാല വാർദ്ധക്യം തടയാനും ഗുണകരമാണ്.

ശരീരഭാരം കുറയ്ക്കാൻ ആഗ്രഹിക്കുന്നവർക്ക് ഇതൊരു മികച്ച വഴിയാണ്. ചൂടുവെള്ളം ശരീരത്തിലെ മെറ്റബോളിസം നിരക്ക് വർദ്ധിപ്പിക്കുകയും കൊഴുപ്പ് എളുപ്പത്തിൽ എരിച്ചുകളയാൻ സഹായിക്കുകയും ചെയ്യുന്നു. നാരങ്ങാനീരും തേനും ചേർത്ത് കുടിക്കുന്നത് ഇതിന്റെ ഫലം ഇരട്ടിയാക്കും. രക്തചംക്രമണം വർദ്ധിപ്പിക്കാനും പേശികളിലെ വേദന കുറയ്ക്കാനും ഇത് സഹായിക്കുന്നു.

ജലദോഷം, ചുമ തുടങ്ങിയ ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾക്കും ചൂടുവെള്ളം മികച്ചൊരു ഔഷധമാണ്. തൊണ്ടയിലെ അസ്വസ്ഥതകൾ മാറ്റാനും ശ്വസനം സുഗമമാക്കാനും ഇത് സഹായിക്കും. സ്ത്രീകൾക്ക് ആർത്തവസമയത്തുണ്ടാകുന്ന വേദന കുറയ്ക്കാനും ചൂടുവെള്ളം കുടിക്കുന്നത് ആശ്വാസം നൽകും. ഇത് ശരീരത്തിന് ആവശ്യമായ ഊർജ്ജം നൽകുകയും ക്ഷീണം അകറ്റുകയും ചെയ്യുന്നു.

എല്ലായ്പ്പോഴും അധികം ചൂടില്ലാത്ത ഇളംചൂടുവെള്ളം കുടിക്കാൻ ശ്രദ്ധിക്കണം. ചായയോ കാപ്പിയോ കുടിക്കുന്നതിന് മുൻപ് ഒരു ഗ്ലാസ് വെള്ളം കുടിക്കുന്നത് അസിഡിറ്റി കുറയ്ക്കാൻ സഹായിക്കും. ആരോഗ്യകരമായ ഈ ശീലം ഇന്ന് തന്നെ ജീവിതത്തിന്റെ ഭാഗമാക്കാവുന്നതാണ്. ലളിതമായ ഇത്തരം മാറ്റങ്ങളിലൂടെ വലിയ ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കും.

# ഹൃദയാരോഗ്യം സംരക്ഷിക്കാൻ വിദഗ്ധർ നിർദേശിക്കുന്ന പ്രധാന വഴികൾ ഇതാ

ലോകമെമ്പാടും മരണകാരണമാകുന്ന രോഗങ്ങളിൽ മുൻപന്തിയിലാണ് ഹൃദ്രോഗം. എന്നാൽ കൃത്യമായ ജീവിതശൈലിയിലൂടെയും മുൻകരുതലുകളിലൂടെയും ഹൃദയാരോഗ്യം മെച്ചപ്പെടുത്താൻ സാധിക്കുമെന്ന് പുതിയ ആരോഗ്യ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഭക്ഷണക്രമത്തിൽ വരുത്തുന്ന ചെറിയ മാറ്റങ്ങൾ പോലും ഹൃദയത്തിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ സഹായിക്കും. ഹൃദയാരോഗ്യത്തിനായി നാം ശ്രദ്ധിക്കേണ്ട ചില പ്രധാന കാര്യങ്ങൾ വിദഗ്ധർ പങ്കുവെക്കുന്നു.



ദിവസവും കുറഞ്ഞത് 30 മിനിറ്റെങ്കിലും വ്യായാമം ചെയ്യുന്നത് ഹൃദയപേശികളെ ശക്തിപ്പെടുത്താൻ സഹായിക്കും. വേഗത്തിലുള്ള നടത്തം, നീന്തൽ അല്ലെങ്കിൽ സൈക്ലിംഗ് എന്നിവ ഹൃദയമിടിപ്പ് സാധാരണ നിലയിലാക്കാൻ സഹായിക്കുന്ന മികച്ച മാർഗങ്ങളാണ്. ശാരീരിക അധ്വാനം കുറയുന്നത് രക്തസമ്മർദ്ദം വർദ്ധിക്കാനും ഹൃദ്രോഗ സാധ്യത കൂട്ടാനും കാരണമാകുന്നു. അതിനാൽ സജീവമായ ഒരു ജീവിതശൈലി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്.

ഭക്ഷണത്തിൽ പഴങ്ങളും പച്ചക്കറികളും ധാരാളമായി ഉൾപ്പെടുത്തുന്നത് ഹൃദയത്തിന് ഗുണകരമാണ്. സംസ്കരിച്ച ഭക്ഷണങ്ങളും അമിതമായ ഉപ്പും കൊഴുപ്പും അടങ്ങിയ പലഹാരങ്ങളും ഒഴിവാക്കണം. ഒമേഗ3 ഫാറ്റി ആസിഡുകൾ അടങ്ങിയ ഭക്ഷണങ്ങൾ ഹൃദയാരോഗ്യത്തിന് ഉത്തമമാണ്. പുകവലിയും മദ്യപാനവും പൂർണ്ണമായും ഉപേക്ഷിക്കുന്നത് ഹൃദയസ്തംഭനത്തിനുള്ള സാധ്യത ഗണ്യമായി കുറയ്ക്കും.

മാനസിക സമ്മർദ്ദം കുറയ്ക്കുന്നത് ഹൃദയത്തിന്റെ ആരോഗ്യത്തിന് വളരെ പ്രധാനമാണ്. ദീർഘകാലമായുള്ള സ്ട്രെസ് ഹൃദയമിടിപ്പിനെ ദോഷകരമായി ബാധിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. യോഗ, ധ്യാനം തുടങ്ങിയവ ശീലിക്കുന്നത് മനസ്സിനെ ശാന്തമാക്കാൻ സഹായിക്കും. മതിയായ ഉറക്കം ലഭിക്കുന്നത് ശരീരത്തിലെ കോശങ്ങളുടെ പുനരുജ്ജീവനത്തിനും ഹൃദയത്തിന്റെ സുഗമമായ പ്രവർത്തനത്തിനും അത്യാവശ്യമാണ്.

രക്തത്തിലെ പഞ്ചസാരയുടെ അളവും കൊളസ്ട്രോളും കൃത്യമായ ഇടവേളകളിൽ പരിശോധിക്കേണ്ടതാണ്. പ്രമേഹവും അമിതവണ്ണവും ഹൃദ്രോഗത്തിലേക്ക് നയിക്കുന്ന പ്രധാന വില്ലന്മാരാണ്. ശരീരഭാരം നിയന്ത്രിക്കുന്നതിലൂടെ ഹൃദയത്തിന് നൽകുന്ന അമിത ജോലിഭാരം കുറയ്ക്കാൻ സാധിക്കും. കുടുംബത്തിൽ ഹൃദ്രോഗ ചരിത്രമുള്ളവർ കൂടുതൽ ജാഗ്രത പാലിക്കണമെന്ന് ഡോക്ടർമാർ നിർദേശിക്കുന്നു.

പ്രായം കൂടുന്നതിനനുസരിച്ച് ഹൃദയത്തിന് നൽകുന്ന പരിചരണവും വർദ്ധിപ്പിക്കണം. നെഞ്ചുവേദനയോ ശ്വാസംമുട്ടലോ അനുഭവപ്പെട്ടാൽ ഒട്ടും വൈകാതെ വൈദ്യസഹായം തേടേണ്ടതാണ്. ആധുനിക ചികിത്സാരീതികൾ ഇന്ന് ഏറെ വികസിതമാണെങ്കിലും പ്രതിരോധമാണ് ഏറ്റവും മികച്ച മാർഗം. ആരോഗ്യകരമായ ഒരു ഹൃദയം സന്തോഷകരമായ ജീവിതത്തിന്റെ അടിസ്ഥാനമാണെന്ന് ഓർക്കുക.

## അടുക്കളയിലെ വില്ലന്മാർ

# പ്രിസർവേറ്റീവുകൾ ചേർത്ത ഭക്ഷണങ്ങൾ കാൻസറിനും പ്രമേഹത്തിനും കാരണമാകുമെന്ന് പഠനം

നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമായി മാറിയ പല ഭക്ഷണ പദാർത്ഥങ്ങളിലും അടങ്ങിയിരിക്കുന്ന പ്രിസർവേറ്റീവുകൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് പുതിയ പഠനങ്ങൾ മുന്നറിയിപ്പ് നൽകുന്നു. ഭക്ഷണങ്ങൾ കേടുകൂടാതെ സൂക്ഷിക്കാനും രുചി വർദ്ധിപ്പിക്കാനും ചേർക്കുന്ന കൃത്രിമ രാസവസ്തുക്കൾ കാൻസർ, പ്രമേഹം തുടങ്ങിയ രോഗങ്ങളിലേക്ക് നയിക്കുമെന്നാണ് കണ്ടെത്തൽ. പ്രത്യേകിച്ച് സംസ്കരിച്ച ഇറച്ചി വിഭവങ്ങളിലും പാക്കറ്റ് ഭക്ഷണങ്ങളിലും ഇത്തരം ഘടകങ്ങൾ ഉയർന്ന അളവിൽ കാണപ്പെടുന്നു. ഇത് ദഹന പ്രക്രിയയെയും ഹോർമോൺ പ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്നു.



ഭക്ഷണത്തിന് നിറം നൽകാനും ദീർഘകാലം കേടുകൂടാതെയിരിക്കാനും ഉപയോഗിക്കുന്ന നൈട്രേറ്റുകൾ കാൻസർ സാധ്യത വർദ്ധിപ്പിക്കുന്ന പ്രധാന ഘടകങ്ങളാണ്. ഇവ വയറിലെ കോശങ്ങൾക്ക് കേടുപാടുകൾ വരുത്തുകയും ട്യൂമറുകൾ വളരാൻ കാരണമാവുകയും ചെയ്യും. രക്തത്തിലെ പഞ്ചസാരയുടെ അളവ് ക്രമാതീതമായി വർദ്ധിപ്പിക്കാൻ ഇത്തരം പ്രിസർവേറ്റീവുകൾക്ക് സാധിക്കുമെന്നും ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു. ഇൻസുലിൻ പ്രതിരോധം കുറയുന്നതോടെയാണ് ശരീരത്തിൽ പ്രമേഹത്തിന്റെ ലക്ഷണങ്ങൾ പ്രകടമാകുന്നത്. അമിതവണ്ണവും ഇതിന്റെ ഭാഗമായി കണ്ടുവരുന്നുണ്ട്.

കുട്ടികളിലെ വളർച്ചാ ഘട്ടത്തിൽ ഇത്തരം ഭക്ഷണങ്ങൾ നൽകുന്നത് അവരുടെ പ്രതിരോധ ശേഷിയെ സാരമായി ബാധിക്കും. ടിന്നിലടച്ച പാനീയങ്ങളും സ്നാക്സുകളും സ്ഥിരമായി ഉപയോഗിക്കുന്നത് ഒഴിവാക്കണമെന്ന് ആരോഗ്യ വിദഗ്ധർ നിർദേശിക്കുന്നു. പ്രകൃതിദത്തമായ രീതിയിൽ തയ്യാറാക്കിയ ഫ്രഷ് ഭക്ഷണങ്ങൾക്ക് മുൻഗണന നൽകുന്നത് ഇത്തരം അപകടങ്ങളിൽ നിന്ന് രക്ഷനേടാൻ സഹായിക്കും. വിപണിയിൽ ലഭിക്കുന്ന ഭക്ഷണങ്ങളുടെ ലേബലുകൾ കൃത്യമായി വായിച്ചു നോക്കി രാസവസ്തുക്കളുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്.

ദൈനംദിന ഭക്ഷണക്രമത്തിൽ നാരുകൾ അടങ്ങിയ പഴങ്ങളും പച്ചക്കറികളും ഉൾപ്പെടുത്തുന്നത് ശരീരത്തിലെ വിഷാംശങ്ങൾ പുറന്തള്ളാൻ സഹായിക്കും. അൾട്രാ പ്രോസസ്ഡ് ഭക്ഷണങ്ങളുടെ ഉപയോഗം കുറയ്ക്കുന്നത് ആയുസ്സ് വർദ്ധിപ്പിക്കാൻ ഉപകരിക്കുമെന്നും ഗവേഷകർ പറയുന്നു. വീടുകളിൽ തന്നെ ഭക്ഷണം പാകം ചെയ്ത് കഴിക്കുന്നത് ശീലമാക്കുന്നത് ആരോഗ്യകരമായ ഒരു തലമുറയെ വളർത്തിയെടുക്കാൻ സഹായിക്കും. പാരമ്പര്യ ഭക്ഷണ രീതികളിലേക്ക് മടങ്ങുന്നത് രോഗങ്ങളെ പ്രതിരോധിക്കാൻ ഉത്തമമാണ്.

ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി കർശനമായ നിയമങ്ങൾ നടപ്പിലാക്കുമെന്നും അദ്ദേഹം നേരത്തെ വ്യക്തമാക്കിയിരുന്നു. ഭക്ഷണത്തിലെ ഇത്തരം വില്ലന്മാരെ തിരിച്ചറിഞ്ഞ് പ്രതിരോധിക്കുക എന്നത് ഓരോ വ്യക്തിയുടെയും ഉത്തരവാദിത്തമാണ്. കൃത്യമായ വ്യായാമവും പോഷകാഹാരവും ഹൃദയാരോഗ്യത്തിന് മാത്രമല്ല മറ്റ് അവയവങ്ങളുടെ സുരക്ഷയ്ക്കും അനിവാര്യമാണ്.

ആധുനിക കാലത്തെ ജീവിതശൈലീ രോഗങ്ങളിൽ നിന്ന് രക്ഷപെടാൻ ഭക്ഷണത്തിലുള്ള നിയന്ത്രണം അത്യാവശ്യമാണ്. വ്യാവസായികമായി നിർമ്മിക്കുന്ന ഭക്ഷണങ്ങളിൽ ഭൂരിഭാഗവും ആരോഗ്യത്തിന് ഹാനികരമായേക്കാം.

അതിനാൽ ഗുണനിലവാരം ഉറപ്പുവരുത്തിയ ഭക്ഷണങ്ങൾ മാത്രം തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം. രോഗം വന്നതിന് ശേഷം ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ നോക്കുന്നതാണ്.

# സോഫ്റ്റ്‌വെയർ ലോകത്ത് 'സാസ്പോക്കലിപ്സ്'; ആന്ത്രോപ്പിക്കിന്റെ പുതിയ എഐ ഉപകരണം കമ്പനികൾക്ക് ഭീഷണിയാകുന്നു

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രംഗത്തെ പ്രമുഖരായ ആന്ത്രോപ്പിക് അവതരിപ്പിച്ച പുതിയ എഐ ടൂൾ ആഗോള സോഫ്റ്റ്‌വെയർ വിപണിയിൽ വൻ ചലനങ്ങൾസൃഷ്ടിക്കുന്നു. 'ക്ലോഡ്കോവർക്ക്' എന്ന ഈ പുതിയ സാങ്കേതിക വിദ്യ സോഫ്റ്റ്‌വെയർ സർവീസ് (SaaS) മേഖലയ്ക്ക് വലിയ ഭീഷണിയാണെന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ. ഇതിനെത്തുടർന്ന് വിപണിയിലുണ്ടായ തകർച്ചയെ 'സാസ്പോക്കലിപ്സ്' എന്നാണ് നിക്ഷേപകർ വിശേഷിപ്പിക്കുന്നത്.




നിയമപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യാനും കരാറുകൾ വിശകലനം ചെയ്യാനും ഈ എഐ ടൂളിന് സാധിക്കും. മനുഷ്യനെപ്പോലെ തന്നെ കമ്പ്യൂട്ടർ സ്ക്രീൻ നോക്കി കാര്യങ്ങൾ മനസ്സിലാക്കാനും മൗസും കീബോർഡും ഉപയോഗിക്കാനും ഇതിന് കഴിവുണ്ട്. ഇതോടെ പല പ്രമുഖ സോഫ്റ്റ്‌വെയർ കമ്പനികളുടെയും സേവനങ്ങൾ അപ്രസക്തമാകുമോ എന്ന ഭീതിയിലാണ് ഓഹരി വിപണി.

പ്രധാനമായും ഇൻഹൗസ് അഭിഭാഷകർക്കും നിയമവിദഗ്ധർക്കും വേണ്ടിയുള്ള ജോലികൾ ഈ എഐ ഏറ്റെടുക്കുന്നതാണ് വലിയ പ്രതിസന്ധിയായത്. തോംസൺ റോയിട്ടേഴ്സ്, റിലക്സ് തുടങ്ങിയ വലിയ കമ്പനികളുടെ ഓഹരി മൂല്യത്തിൽ വൻ ഇടിവാണ് രേഖപ്പെടുത്തിയത്. സോഫ്റ്റ്‌വെയറുകൾക്ക് പകരമായി ഒരു എഐ ഏജന്റ് തന്നെ കാര്യങ്ങൾ ചെയ്യുന്നത് കമ്പനികളുടെ വരുമാനത്തെ ബാധിക്കുമെന്ന് നിക്ഷേപകർ കരുതുന്നു.

ഒരാൾക്ക് വേണ്ടി മാറ്റിവെച്ചിട്ടുള്ള സബ്സ്ക്രിപ്ഷൻ മോഡലുകൾ ഇനി എഐ വന്നതോടെ ഇല്ലാതായേക്കാം. പല കമ്പനികളും തങ്ങളുടെ ജോലികൾ എളുപ്പമാക്കാൻ നൂറുകണക്കിന് സോഫ്റ്റ്‌വെയർ ലൈസൻസുകൾ വാങ്ങാറുണ്ട്.

എന്നാൽ ആന്ത്രോപ്പിക്കിന്റെ പുതിയ ഉപകരണം വരുന്നതോടെ ഇത്തരം ലൈസൻസുകളുടെ എണ്ണം കുറയ്ക്കാൻ കമ്പനികൾക്ക് സാധിക്കും.

സാധാരണയായി എഐകൾ ചാറ്റ് ചെയ്യുക മാത്രമാണ് ചെയ്തിരുന്നതെങ്കിൽ ഇപ്പോൾ അവ സ്വയം ജോലികൾ പൂർത്തിയാക്കാൻ തുടങ്ങിയിരിക്കുന്നു. ഡാറ്റാ എൻട്രി മുതൽ സങ്കീർണ്ണമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നത് വരെ ഇതിലൂടെ സാധ്യമാണ്. ഇത്തരത്തിൽ എഐ നേരിട്ട് ജോലികൾ ചെയ്യുന്നത് സോഫ്റ്റ്‌വെയർ വ്യവസായത്തിന്റെ അടിത്തറ ഇളക്കുമെന്നാണ് റിപ്പോർട്ടുകൾ.

എഐയുടെ ഈ വളർച്ച പല മേഖലകളിലും തൊഴിൽ നഷ്ടത്തിനും ഇടയാക്കിയേക്കാം. എന്നാൽ ഇത് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുമെന്നും ചിലർ വാദിക്കുന്നുണ്ട്. വരും വർഷങ്ങളിൽ ഏതെല്ലാം കമ്പനികൾ അതിജീവിക്കുമെന്ന് കണ്ടുതന്നെ അറിയണം. സോഫ്റ്റ്‌വെയർ സേവനങ്ങളുടെ ഭാവി ഇനി ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കൈകളിലായിരിക്കുമെന്ന് ഉറപ്പാണ്.

# മനുഷ്യനെ വെല്ലുന്ന ബുദ്ധിശക്തിയുമായി ചാറ്റ് ജിപിടി; 2026ൽ വരാനിരിക്കുന്ന 4 വമ്പൻ മാറ്റങ്ങൾ ഇതാ




ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ലോകത്ത് വിപ്ലവം സൃഷ്ടിച്ച ചാറ്റ് ജിപിടി 2026ൽ കൂടുതൽ കരുത്തുറ്റതാകുന്നു. ഉപയോക്താക്കളുടെ ആവശ്യങ്ങൾ മുൻകൂട്ടി കണ്ട് പ്രവർത്തിക്കുന്ന ഏജന്റിക് എഐ സംവിധാനമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. വെറുമൊരു ചാറ്റ് ബോട്ട് എന്നതിലുപരി സങ്കീർണ്ണമായ ജോലികൾ സ്വയം പൂർത്തിയാക്കാൻ ഇതിലൂടെ ചാറ്റ് ജിപിടിക്ക് സാധിക്കും.

മറ്റൊരു പ്രധാന മാറ്റം ജിപിടി5.2 മോഡലിന്റെ അവതരണമാണ്. നിലവിലുള്ള മോഡലുകളേക്കാൾ വേഗതയും കൃത്യതയും പുതിയ പതിപ്പിൽ ഉറപ്പാക്കുന്നുണ്ട്. ശാസ്ത്രീയ ഗവേഷണങ്ങൾക്കും സങ്കീർണ്ണമായ കണക്കുകൂട്ടലുകൾക്കും ഈ മോഡൽ കൂടുതൽ സഹായകരമാകും. പ്രിസം എന്ന പുതിയ വർക്ക്സ്പേസ് വഴി ഗവേഷകർക്ക് പ്രബന്ധങ്ങൾ തയ്യാറാക്കാനും എളുപ്പമാകും.

വോയ്സ് മോഡിലും ദൃശ്യാനുഭവത്തിലും വലിയ മാറ്റങ്ങളാണ് വരാനിരിക്കുന്നത്. സംസാരിക്കുമ്പോൾ തന്നെ സ്ക്രീനിലെ കാര്യങ്ങൾ മനസ്സിലാക്കാനും അതിനനുസരിച്ച് പ്രതികരിക്കാനും എഐക്ക് കഴിയും. മനുഷ്യസമാനമായ ശബ്ദവും വൈകാരികമായ സംഭാഷണ രീതിയും പുതിയ പതിപ്പിന്റെ സവിശേഷതയാണ്. തത്സമയ വീഡിയോകൾ വിശകലനം ചെയ്യാനും ഇതിലൂടെ സാധിക്കും.

സുരക്ഷാ ക്രമീകരണങ്ങളിലും ഗൂഗിൾ വലിയ മാറ്റങ്ങൾ കൊണ്ടുവരുന്നുണ്ട്. കൗമാരക്കാരായ ഉപയോക്താക്കൾക്ക് പ്രത്യേക സുരക്ഷ ഉറപ്പാക്കാൻ ഏജ് പ്രെഡിക്ഷൻ മോഡൽ അവതരിപ്പിച്ചു. മുതിർന്നവർക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുന്നതിനൊപ്പം തെറ്റായ വിവരങ്ങൾ തടയാനും പുതിയ സംവിധാനം സഹായിക്കും.

സാധാരണക്കാർക്ക് കുറഞ്ഞ ചിലവിൽ ഉപയോഗിക്കാവുന്ന ചാറ്റ് ജിപിടി ഗോ എന്ന പ്ലാനും കമ്പനി അവതരിപ്പിക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾ ഓർത്തിരിക്കാനുള്ള മെമ്മറി ഫീച്ചറും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉപയോക്താവിന്റെ ഇഷ്ടത്തിനനുസരിച്ച് ചാറ്റിന്റെ നിറവും സ്വഭാവവും മാറ്റാനുള്ള സൗകര്യവും ലഭ്യമാകും.

ഓൺലൈൻ ഷോപ്പിംഗ് രംഗത്തും ചാറ്റ് ജിപിടി വലിയ മാറ്റങ്ങൾ കൊണ്ടുവരും. ആപ്പിൽ നിന്ന് നേരിട്ട് സാധനങ്ങൾ വാങ്ങാൻ സഹായിക്കുന്ന ഇൻസ്റ്റന്റ് ചെക്ക്ഔട്ട് സംവിധാനം പരീക്ഷിച്ചു വരികയാണ്. 2026 അവസാനത്തോടെ എഐ സാങ്കേതിക വിദ്യ ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറുമെന്നാണ് കരുതുന്നത്.

# ചാറ്റ് ജിപിടി ഉപയോക്താക്കളെ റാഞ്ചാൻ ഗൂഗിൾ; പഴയ ചാറ്റുകൾ ഇനി ജെമിനിയിലേക്ക് എളുപ്പത്തിൽ മാറ്റാം

ലോകത്തെ മുൻനിര എഐ ചാറ്റ്ബോട്ടായ ചാറ്റ് ജിപിടിയിൽ നിന്നും മറ്റ് പ്ലാറ്റ്ഫോമുകളിൽ നിന്നും ചാറ്റുകൾ നേരിട്ട് ജെമിനിയിലേക്ക് മാറ്റാനുള്ള പുതിയ സംവിധാനവുമായി ഗൂഗിൾ എത്തുന്നു. ഉപയോക്താക്കൾക്ക് തങ്ങളുടെ പഴയ സംഭാഷണങ്ങളും വിവരങ്ങളും നഷ്ടപ്പെടാതെ തന്നെ പ്ലാറ്റ്ഫോം മാറാൻ സഹായിക്കുന്ന ഇംപോർട്ട് എഐ ചാറ്റ്സ് എന്ന ഫീച്ചറാണ് ഗൂഗിൾ പരീക്ഷിക്കുന്നത്. നിലവിൽ പരീക്ഷണ ഘട്ടത്തിലുള്ള ഈ ഫീച്ചർ വൈകാതെ തന്നെ എല്ലാ ഉപയോക്താക്കൾക്കും ലഭ്യമാകുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.




സാധാരണയായി ഒരു എഐ പ്ലാറ്റ്ഫോമിൽ നിന്ന് മറ്റൊന്നിലേക്ക് മാറുമ്പോൾ പഴയ ഡാറ്റകൾ കൈമാറാൻ നിലവിൽ എളുപ്പവഴികളില്ല. ഈ പരിമിതി മറികടക്കാനാണ് ഗൂഗിൾ ഇപ്പോൾ പുതിയ നീക്കം നടത്തുന്നത്. ചാറ്റ് ജിപിടി, ക്ലോഡ് തുടങ്ങിയ മറ്റ് സേവനങ്ങളിൽ നിന്ന് ഡാറ്റ ഡൗൺലോഡ് ചെയ്ത് ജെമിനിയിലേക്ക് അപ്‌ലോഡ് ചെയ്യാൻ ഈ ഫീച്ചർ സഹായിക്കും.

ജെമിനിയിലെ അറ്റാച്ച്മെന്റ് മെനുവിലായിരിക്കും പുതിയ ഇംപോർട്ട് ഓപ്ഷൻ കാണാൻ സാധിക്കുക. പ്ലസ് ഐക്കണിൽ ക്ലിക്ക് ചെയ്യുമ്പോൾ ഫയലുകൾ അറ്റാച്ച് ചെയ്യുന്നതിനൊപ്പം ചാറ്റുകൾ ഇംപോർട്ട് ചെയ്യാനുള്ള പ്രത്യേക ബട്ടണും ലഭ്യമാകും. ഇതിലൂടെ പഴയ പ്രോജക്റ്റുകളുടെ വിവരങ്ങളും സംഭാഷണങ്ങളും ജെമിനിയിൽ തുടർന്നും ഉപയോഗിക്കാൻ സാധിക്കും.

മറ്റ് പ്ലാറ്റ്ഫോമുകളിൽ നിന്ന് എക്സ്പോർട്ട് ചെയ്യുന്ന ഫയലുകൾ ജെമിനിയിലേക്ക് അപ്‌ലോഡ് ചെയ്യുന്നതോടെ എഐക്ക് പഴയ കാര്യങ്ങൾ പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. ഇത് ഉപയോക്താക്കൾക്ക് ഒരേ കാര്യം വീണ്ടും വിശദീകരിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രംഗത്തെ മത്സരം കടുക്കുന്ന സാഹചര്യത്തിൽ കൂടുതൽ ആളുകളെ ജെമിനിയിലേക്ക് ആകർഷിക്കാനാണ് ഗൂഗിളിന്റെ ശ്രമം.

കൂടുതൽ വ്യക്തതയുള്ള ചിത്രങ്ങൾ ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യവും ജെമിനിയിൽ ഗൂഗിൾ ഉൾപ്പെടുത്തിയേക്കും. 2കെ, 4കെ റെസല്യൂഷനിലുള്ള ചിത്രങ്ങൾ ഇനി എഐ വഴി നിർമ്മിക്കാനും ഡൗൺലോഡ് ചെയ്യാനും സാധിക്കുമെന്ന് റിപ്പോർട്ടുകൾ പറയുന്നു. ഡിജിറ്റൽ കണ്ടന്റ് ക്രിയേറ്റർമാർക്കും പ്രിന്റിംഗ് ആവശ്യങ്ങൾക്കും ഇത് ഏറെ ഉപകാരപ്രദമാകും.

വീഡിയോകളുടെ ആധികാരികത പരിശോധിക്കാനുള്ള വീഡിയോ വെരിഫിക്കേഷൻ എന്ന ഫീച്ചറും ഗൂഗിൾ വികസിപ്പിക്കുന്നുണ്ട്. എഐ നിർമ്മിത വീഡിയോകൾ തിരിച്ചറിയാനും വ്യാജ വിവരങ്ങൾ തടയാനും ഇത് സഹായിക്കും. സാങ്കേതിക വിദ്യയിൽ വലിയ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ജെമിനിയെ കൂടുതൽ കരുത്തുറ്റതാക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

# ഗൂഗിൾ ജെമിനിയുടെ സ്ക്രീൻ ടേക്ക് ഓവർ: ഭാവിയിലെ ഡിജിറ്റൽ സഹായി

നിങ്ങളുടെ സ്ക്രീൻ നിയന്ത്രിക്കാനും സങ്കീർണ്ണമായ ജോലികൾ നിങ്ങൾക്കായി ചെയ്തുതീർക്കാനും ഗൂഗിളിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആയ 'ജെമിനി' തയ്യാറെടുക്കുന്നു. 'പ്രോജക്റ്റ് ജാർവിസ്' എന്ന രഹസ്യനാമത്തിൽ അറിയപ്പെട്ടിരുന്ന ഈ സാങ്കേതികവിദ്യ ഇപ്പോൾ 'ഓട്ടോ ബ്രൗസ്' എന്ന പേരിൽ ഗൂഗിൾ ക്രോമിലും മറ്റ് ആൻഡ്രോയിഡ് പ്ലാറ്റ്ഫോമുകളിലും എത്തിത്തുടങ്ങിയിരിക്കുകയാണ്.

വെറും ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന ഒരു ചാറ്റ്ബോട്ട് എന്ന നിലയിൽ നിന്നും മാറി, നിങ്ങളുടെ കമ്പ്യൂട്ടറിലോ ഫോണിലോ മനുഷ്യരെപ്പോലെ പ്രവർത്തിക്കാൻ കഴിയുന്ന ഒരു 'എഐ ഏജന്റ്' ആയി ജെമിനി മാറിക്കഴിഞ്ഞു. നിലവിൽ ക്രോം ബ്രൗസറിൽ ലഭ്യമായി തുടങ്ങിയ ഈ ഫീച്ചർ, വെബ്സൈറ്റുകൾ സ്വയം സന്ദർശിക്കാനും വിവരങ്ങൾ ശേഖരിക്കാനും സാധനങ്ങൾ വാങ്ങാനും വരെ പ്രാപ്തമാണ്.

### എന്താണ് 'ഓട്ടോ ബ്രൗസ്' അല്ലെങ്കിൽ സ്ക്രീൻ ടേക്ക് ഓവർ?

നിങ്ങൾ നൽകുന്ന ഒരു നിർദ്ദേശത്തിന് അനുസരിച്ച്, ജെമിനി നിങ്ങളുടെ സ്ക്രീനിലെ ദൃശ്യങ്ങൾ വിശകലനം ചെയ്യുകയും മൗസ് ക്ലിക്കുകൾ, ടൈപ്പിംഗ്, സ്ക്രോളിംഗ് എന്നിവ സ്വയം നിർവ്വഹിക്കുകയും ചെയ്യുന്ന രീതിയാണിത്.

ഉദാഹരണത്തിന്, 'എനിക്ക് സ്വിറ്റ്സർലൻഡിലേക്ക് ഒരു ട്രിപ്പ് പ്ലാൻ ചെയ്യണം' എന്ന് പറഞ്ഞാൽ, ജെമിനി തന്നെ ഹോട്ടലുകൾ തിരയുകയും ടിക്കറ്റ് നിരക്കുകൾ താരതമ്യം ചെയ്യുകയും നിങ്ങൾക്കായി ബുക്കിംഗ് ഫോമുകൾ പൂരിപ്പിക്കുകയും ചെയ്യും.

### ഇത് എങ്ങനെ പ്രവർത്തിക്കുന്നു? (Step-by-Step Guide)

1. **നിർദ്ദേശം നൽകുക:** ക്രോം ബ്രൗസറിലെ ജെമിനി സൈഡ് പാനലിലോ ആൻഡ്രോയിഡ് ഫോണിലോ നിങ്ങൾക്ക് ആവശ്യമുള്ള കാര്യം ടൈപ്പ് ചെയ്യുകയോ ശബ്ദത്തിലൂടെ പറയുകയോ ചെയ്യുക.
2. **സ്ക്രീൻ വിശകലനം:** ജെമിനി നിങ്ങളുടെ നിലവിലെ സ്ക്രീനിന്റെ സ്ക്രീൻഷോട്ടുകൾ എടുത്ത് അത് മനസ്സിലാക്കുന്നു (ഇതിനായി Nano Banana എന്ന സാങ്കേതികവിദ്യയാണ് ഉപയോഗിക്കുന്നത്).
3. **പ്രവർത്തനം:** ആവശ്യമായ വെബ്സൈറ്റുകൾ തുറക്കുക, വിവരങ്ങൾ ടൈപ്പ് ചെയ്യുക, ബട്ടണുകൾ ക്ലിക്ക് ചെയ്യുക തുടങ്ങിയവ ജെമിനി തനിയെ ചെയ്യുന്നു.
4. **അനുമതി ചോദിക്കൽ:** പണമടയ്ക്കുന്നതോ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യുന്നതോ പോലുള്ള നിർണ്ണായക ഘട്ടങ്ങളിൽ ജെമിനി നിങ്ങളുടെ അനുമതി ചോദിക്കും.
5. **പൂർത്തീകരണം:** ജോലി പൂർത്തിയായ ശേഷം ജെമിനി നിങ്ങൾക്ക് റിപ്പോർട്ട് നൽകുന്നു.

### സാധാരണക്കാർക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ

- **സമയ ലാഭം:** മണിക്കൂറുകളോളം ഇരുന്ന് ചെയ്യേണ്ട ഓൺലൈൻ ഷോപ്പിംഗ്, ടിക്കറ്റ് ബുക്കിംഗ്, ഫോം പൂരിപ്പിക്കൽ എന്നിവ മിനിറ്റുകൾക്കുള്ളിൽ തീരും.
- **യാത്ര പ്ലാനിംഗ്:** ഇമെയിലിലെ മീറ്റിംഗ് വിവരങ്ങൾ നോക്കി അതിനനുസരിച്ച് ഫ്ലൈറ്റും ഹോട്ടലും തനിയെ ബുക്ക് ചെയ്യാൻ ജെമിനിക്ക് കഴിയും.
- **ബില്ലുകൾ അടയ്ക്കാം:** ഇലക്ട്രിസിറ്റി, വാട്ടർ ബില്ലുകൾ കൃത്യസമയത്ത് നോക്കി അവ അടയ്ക്കാൻ സഹായിക്കും.
- **സഹായം:** സാങ്കേതിക കാര്യങ്ങളിൽ വലിയ അറിവില്ലാത്തവർക്ക് ഫോണിലോ കമ്പ്യൂട്ടറിലോ ഉള്ള സങ്കീർണ്ണമായ സെറ്റിംഗ്സ് മാറ്റാനും മറ്റും ജെമിനിയെ ചുമതലപ്പെടുത്താം.

### ഗുണങ്ങളും ദോഷങ്ങളും (Advantages & Disadvantages)

**ഗുണങ്ങൾ:**

- **അതിവേഗത്തിലുള്ള പ്രവർത്തനം:** മനുഷ്യരേക്കാൾ വേഗത്തിൽ സങ്കീർണ്ണമായ മൾട്ടിസ്റ്റെപ്പ് ജോലികൾ ചെയ്യാം.
- **കൃത്യത:** ഡാറ്റാ എൻട്രി പോലുള്ള ജോലികളിൽ തെറ്റുകൾ കുറയ്ക്കുന്നു.
- **മൾട്ടി ടാസ്കിംഗ്:** നിങ്ങൾ ഒരു ജോലി ചെയ്യുമ്പോൾ തന്നെ പശ്ചാത്തലത്തിൽ ജെമിനിക്ക് മറ്റ് ജോലികൾ തീർക്കാൻ സാധിക്കും.

**ദോഷങ്ങൾ:**

- **സ്വകാര്യത (Privacy):** നിങ്ങളുടെ സ്ക്രീൻ മുഴുവൻ സമയം നിരീക്ഷിക്കുന്നതിനാൽ വ്യക്തിപരമായ വിവരങ്ങൾ ചോരാൻ സാധ്യതയുണ്ടെന്ന ആശങ്ക നിലനിൽക്കുന്നു.
- **സുരക്ഷാ ഭീഷണി:** ഹാക്കർമാർ തെറ്റായ ലിങ്കുകൾ വഴി ജെമിനിയെ തെറ്റിദ്ധരിപ്പിച്ച് വിവരങ്ങൾ ചോർത്താൻ ശ്രമിച്ചേക്കാം (Indirect Prompt Injection).
- **തൊഴിൽ നഷ്ടം:** ഡാറ്റാ എൻട്രി, കസ്റ്റമർ സപ്പോർട്ട് തുടങ്ങിയ മേഖലകളിലെ ജോലികളെ ഇത് ബാധിച്ചേക്കാം.

### സുരക്ഷാ മുൻകരുതലുകൾ

ഗൂഗിൾ ഈ ഫീച്ചറിൽ 'User-in-the-loop' എന്ന സിസ്റ്റം കൊണ്ടുവന്നിട്ടുണ്ട്. അതായത്, ജെമിനി ഒരു കാര്യവും നിങ്ങളുടെ അനുമതിയില്ലാതെ പൂർത്തിയാക്കില്ല. പ്രത്യേകിച്ച് സാമ്പത്തിക ഇടപാടുകൾ നടത്തുമ്പോൾ ഉടമയുടെ സ്ഥിരീകരണം നിർബന്ധമാണ്.

### ഇപ്പോഴത്തെ അവസ്ഥ (Latest Update - Feb 2026)

- നിലവിൽ Google AI Pro, Utlra വരിക്കാർക്ക് ക്രോം ബ്രൗസറിൽ ഈ ഫീച്ചർ പരീക്ഷണാടിസ്ഥാനത്തിൽ ലഭ്യമാണ്.
- ആൻഡ്രോയിഡ് ഫോണുകളിൽ ഗൂഗിൾ അസിസ്റ്റന്റിന് പകരം ജെമിനി പൂർണ്ണമായും സ്ഥാനം പിടിക്കുന്ന പ്രക്രിയ 2026ൽ പൂർത്തിയാകും.
- ആപ്പിളിന്റെ Siri-യിലും ജെമിനിയുടെ ഈ കഴിവുകൾ ഉടൻ ലഭ്യമാകുമെന്ന് റിപ്പോർട്ടുകളുണ്ട്.

ചുരുക്കത്തിൽ, നമ്മൾ കമ്പ്യൂട്ടറിനോട് സംസാരിക്കുന്ന കാലം കഴിഞ്ഞ്, കമ്പ്യൂട്ടർ നമുക്കായി പ്രവർത്തിക്കുന്ന ഒരു പുതിയ യുഗത്തിലേക്കാണ് ഗൂഗിൾ ജെമിനി നമ്മളെ നയിക്കുന്നത്. സ്ക്രീൻ ടേക്ക് ഓവർ ഫീച്ചർ വരുന്നതോടെ ഡിജിറ്റൽ ലോകത്തെ നമ്മുടെ ഇടപെടലുകൾ വിപ്ലവകരമായി മാറും.




റോബിൻസ് ആന്റണി

# യൂറോപ്യൻ ഉപഗ്രഹങ്ങളെ വേട്ടയാടി റഷ്യൻ ചാര ഉപഗ്രഹങ്ങൾ: വിവരങ്ങൾ ചോർത്തുന്നതായി കണ്ടെത്തൽ

റഷ്യയുടെ രണ്ട് ചാര ഉപഗ്രഹങ്ങൾ യൂറോപ്പിന്റെ ആശയ വിനിമയ ഉപഗ്രഹങ്ങളെ നിരന്തരമായി വേട്ടയാടിക്കൊണ്ടിരിക്കുന്നതായി പുതിയ റിപ്പോർട്ടുകൾ പുറത്തുവരുന്നു. ലുച്ച്-1, ലച്ച്-2 എന്നിങ്ങനെ പേരുള്ള ഈ ഉപഗ്രഹങ്ങൾ യൂറോപ്യൻ രാജ്യങ്ങളുടെ സുപ്രധാനമായ വിവരങ്ങൾ ചോർത്തുന്നതായാണ് പാശ്ചാത്യ സുരക്ഷാ ഏജൻസികൾ ആരോപിക്കുന്നത്. ഭൂസ്ഥിര ഭ്രമണപഥത്തിൽ നിലയുറപ്പിച്ചിരിക്കുന്ന പതിനേഴോളം സുപ്രധാന ഉപഗ്രഹങ്ങളുടെ പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിച്ചേക്കാമെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഈ റഷ്യൻ ഉപഗ്രഹങ്ങൾ യുറോപ്യൻ ഉപകരണങ്ങളുടെ തൊട്ടടുത്തേക്ക് പലതവണ നീങ്ങിയതായി നിരീക്ഷണങ്ങളിൽ വ്യക്തമായിട്ടുണ്ട്. പലപ്പോഴും ആഴ്ചകളോളം ഇവ ടാർഗെറ്റ് ചെയ്ത ഉപഗ്രഹങ്ങൾക്ക് സമീപം തമ്പടിക്കുകയും സിഗ്നലുകൾ പിടിച്ചെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ലച്ച്-2 ഉപഗ്രഹം



മാത്രം കുറഞ്ഞത് 17 ഉപഗ്രഹങ്ങളെ ഇത്തരത്തിൽ പിൻതുടർന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.പഴയ കാലത്തെ പല യൂറോപ്യൻ ഉപഗ്രഹങ്ങളും എൻക്രിപ്ഷൻ സുരക്ഷ ഇല്ലാത്തവയായതിനാൽ റഷ്യക്ക് അവയുടെ നിയന്ത്രണ രേഖകളിൽ എളുപ്പത്തിൽ കടന്നുകയറാൻ സാധിക്കും. ഉപഗ്രഹങ്ങൾ അയക്കുന്ന സന്ദേശങ്ങൾ റഷ്യൻ ചാരന്മാർ റെക്കോർഡ് ചെയ്യുന്നുണ്ടെന്ന് ജർമ്മൻ മിലിട്ടറി സ്പേസ് കമാൻഡ് മേധാവി മൈക്കൽ ട്രോട്ട് വെളിപ്പെടുത്തി. ഈ വിവരങ്ങൾ ഉപയോഗിച്ച് ഭാവിയിൽ ഉപഗ്രഹങ്ങളുടെ ഗതി മാറ്റാനോ അവയെ പ്രവർത്തനരഹിതമാക്കാനോ റഷ്യക്ക് കഴിയുമെന്നതാണ് ഏറ്റവും വലിയ ഭീഷണി.ഉപഗ്രഹങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ കൃത്രിമമായി മാറ്റം വരുത്തി തെറ്റായ സന്ദേശങ്ങൾ അയക്കാൻ റഷ്യൻ ഓപ്പറേറ്റർമാർക്ക് സാധിക്കുമെന്ന് സുരക്ഷാ ഉദ്യോഗസ്ഥർ ഭയപ്പെടുന്നു. ഇത് ആധുനിക സാങ്കേതിക വിദ്യയെയും ആശയവിനിമയ സംവിധാനങ്ങളെയും പൂർണ്ണമായും സ്തംഭിപ്പിക്കാൻ പര്യാപ്തമായ നീക്കമാണ്. നിലവിൽ യൂറോപ്പിലും ആഫ്രിക്കയിലും മിഡിൽ ഈസ്റ്റിലും സേവനം നൽകുന്ന ഉപഗ്രഹങ്ങളാണ് റഷ്യയുടെ നിരീക്ഷണ വലയത്തിലുള്ളത്.

## എപ്സ്റ്റീൻ വിവാദം മുറുകുന്നു; ആൻഡ്രു രാജകുമാരൻ വിൻഡ്സർ കൊട്ടാരം വിട്ടു



ബ്രിട്ടീഷ് രാജകുടുംബത്തെ വീണ്ടും പ്രതിരോധത്തിലാക്കി ആൻഡ്രൂ രാജകുമാരൻ വിൻഡ്സറിലെ തന്റെ ഔദ്യോഗിക വസതിയിൽ നിന്നും താമസം മാറി. ലൈംഗിക കുറ്റവാളിയായ ജെഫ്രി എപ്സ്റ്റീനുമായുള്ള ആൻഡ്രൂവിന്റെ സൗഹൃദത്തെക്കുറിച്ചുള്ള പുതിയ വെളിപ്പെടുത്തലുകൾ പുറത്തുവന്നതിന് പിന്നാലെയാണിത്. ഏറെ നാളായി നീണ്ടുനിന്ന തർക്കങ്ങൾക്കും സമ്മർദ്ദങ്ങൾക്കും ഒടുവിലാണ് അദ്ദേഹം ഈ തീരുമാനമെടുത്തത്.എപ്സ്റ്റീൻ കേസുമായി ബന്ധപ്പെട്ട നിർണായക രേഖകൾ കഴിഞ്ഞ ദിവസങ്ങളിൽ കോടതി പുറത്തുവിട്ടിരുന്നു. ഈ രേഖകളിൽ ആൻഡ്രൂ രാജകുമാരനെതിരെയുള്ള ഗൗരവകരമായ പരാമർശങ്ങൾ ഉണ്ടെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇതോടെ പൊതുസമൂഹത്തിൽ നിന്നും രാജകുടുംബത്തിനുള്ളിൽ നിന്നും അദ്ദേഹത്തിന് മേൽ വലിയ രീതിയിലുള്ള സമ്മർദ്ദം രൂപപ്പെട്ടു.വിൻഡ്സറിലെ റോയൽ ലോഡ്ജിലായിരുന്നു ആൻഡ്രൂ ഇത്രയും കാലം താമസിച്ചിരുന്നത്. അവിടെ നിന്നും അദ്ദേഹം പടിയിറങ്ങിയത് രാജകുടുംബത്തിന്റെ പ്രതിച്ഛായ സംരക്ഷിക്കാനുള്ള നീക്കമായിട്ടാണ് വിലയിരുത്തപ്പെടുന്നത്. വർഷങ്ങളായി എപ്സ്റ്റീൻ വിഷയത്തിൽ ആൻഡ്രൂ നിരവധി നിയമപോരാട്ടങ്ങളും വിമർശനങ്ങളും നേരിടുന്നുണ്ട്. വിൻഡ്സർ വിട്ട അദ്ദേഹം ഇനി എവിടെ താമസിക്കുമെന്ന കാര്യത്തിൽ ഔദ്യോഗിക സ്ഥിരീകരണമില്ല. നിയമപരമായ കുരുക്കുകൾ അദ്ദേഹത്തെ ഇനിയും വേട്ടയാടാൻ സാധ്യതയുണ്ട്.

## ഫ്രാൻസിൽ ചാരവൃത്തി; രണ്ട് ചൈനീസ് പൗരന്മാരടക്കം നാലുപേർ പിടിയിൽ




ഫ്രാൻസിലെ അതീവ രഹസ്യ സ്വഭാവമുള്ള സൈനിക വിവരങ്ങൾ ചോർത്താൻ ശ്രമിച്ച സംഭവത്തിൽ രണ്ട് ചൈനീസ് പൗരന്മാരടക്കം നാലുപേരെ ഫ്രഞ്ച് അധികൃതർ അറസ്റ്റ് ചെയ്തു. പാരീസ് പ്രോസിക്യൂട്ടർ ഓഫീസാണ് ബുധനാഴ്ച ഈ വിവരം ഔദ്യോഗികമായി പുറത്തുവിട്ടത്. ചൈനയ്ക്ക് വേണ്ടി ചാരവൃത്തി നടത്തിയെന്ന സംശയത്തെ തുടർന്നാണ് ഇവർക്കെതിരെ നടപടിയെടുത്തത്.സ്റ്റാർലിങ്ക് സാറ്റലൈറ്റ് സംവിധാനത്തിൽ നിന്നും മറ്റ് തന്ത്രപ്രധാനമായ സൈനിക കേന്ദ്രങ്ങളിൽ നിന്നും വിവരങ്ങൾ ചോർത്താനായിരുന്നു ഇവരുടെ നീക്കം. ഇതിനായി തെക്കുപടിഞ്ഞാറൻ ഫ്രാൻസിലെ ഗിറോണ്ടെ മേഖലയിൽ ഇവർ ഒരു വീട് വാടകയ്ക്കെടുത്ത് താമസിക്കുകയായിരുന്നു. സൈനിക രഹസ്യങ്ങൾ പിടിച്ചെടുത്ത് ചൈനയിലേക്ക് അയക്കുക എന്നതായിരുന്നു ഇവരുടെ പ്രധാന ലക്ഷ്യമെന്ന് അന്വേഷണസംഘം കണ്ടെത്തി.

# നൈജീരിയയിൽ 2 ഗ്രാമങ്ങളിൽ ഉണ്ടായ ആക്രമണത്തിൽ 167 പേർ കൊല്ലപ്പെട്ടു



അബുജ: നൈജീരിയയിലെ രണ്ട് ഗ്രാമങ്ങളിൽ ഉണ്ടായ ആക്രമണങ്ങളിൽ കുറഞ്ഞത് 167 പേർ കൊല്ലപ്പെട്ടതായി റിപ്പോർട്ട്. റെഡ് ക്രോസിന്റെ നൈജീരിയൻ ശാഖയാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഭീകരത, മോചന ദ്രവ്യത്തിനായുള്ള തട്ടിക്കൊണ്ടുപോകൽ, കലാപം എന്നിവയുൾപ്പെടെ അക്രമം നിറഞ്ഞ ഒരു രാജ്യത്ത് സമീപ വർഷങ്ങളിലെ ഏറ്റവും മാരകമായ ആക്രമണങ്ങളിൽ ഒന്നായിരുന്നു ഇത്.മധ്യ-പടിഞ്ഞാറൻ സംസ്ഥാനമായ ക്വാറയിലെ വോറോ, നുകു ഗ്രാമങ്ങളിൽ നടന്ന ആക്രമണത്തിന്റെ വിശദാംശങ്ങൾ ഇപ്പോഴും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും മറ്റും ശേഖരിച്ചുവരികയാണ്. അതേസമയം ഒരു ഗ്രൂപ്പും ഇതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തിട്ടില്ല. സോഷ്യൽ മീഡിയയിലെ ഒരു പോസ്റ്റിൽ ക്വാറ സംസ്ഥാന സർക്കാർ ആക്രമണം സ്ഥിരീകരിച്ചിട്ടുണ്ട്. പക്ഷേ അക്രമികളെക്കുറിച്ചോ മരണസംഖ്യയെക്കുറിച്ചോ, ഇരകളുടെ മതം ഉൾപ്പെടെയുള്ള വിശദാംശങ്ങളോ പുറത്തുവിട്ടിട്ടില്ല. ആഫ്രിക്കയിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യത്ത് അമേരിക്കൻ ഇടപെടൽ ആവശ്യപ്പെട്ട് അമേരിക്കൻ യാഥാസ്ഥിതികരും സെലിബ്രിറ്റികളും റിപ്പബ്ലിക്കൻ നിയമ നിർമ്മാതാക്കളും നടത്തിയ പ്രചാരണത്തെത്തുടർന്ന്, ക്രിസ്ത്യാനികളുടെ കൊലപാതകങ്ങളിൽ നൈജീരിയ അടുത്തിടെ വാഷിംഗ്ടണിൽ നിന്ന് തീവ്രമായ പരിശോധനയ്ക്ക് വിധേയമായി.ക്രിസ്മസ് ദിനത്തിൽ, നൈജീരിയയിലെ ഒരു വടക്കുപടിഞ്ഞാറൻ സംസ്ഥാനത്ത് യുഎസ് സൈന്യം ബോംബാക്രമണം നടത്തിയിരുന്നു. അവിടെ ഇസ്ലാമിക് സ്റ്റേറ്റ് ഭീകരർ പ്രധാനമായും നിരപരാധികളായ ക്രിസ്ത്യാനികളെ ക്രൂരമായി കൊലപ്പെടുത്തിയിരുന്നു എന്ന് പ്രസിഡന്റ് ട്രംപ് പറഞ്ഞു.

അമേരിക്ക നൈജീരിയയിലേക്ക് സൈനിക ഉദ്യോഗസ്ഥരുടെ ഒരു ചെറിയ സംഘത്തെ അയച്ചതായി യുഎസ് ആഫ്രിക്ക കമാൻഡിന്റെ തലവൻ ചൊവ്വാഴ്ച പറഞ്ഞു. നൈജീരിയയിൽ മതം അനുസരിച്ച് നടക്കുന്ന കൊലപാതകങ്ങളുടെ എണ്ണം വിശദീകരിക്കുന്ന വിശ്വസനീയമായ ഡാറ്റ ഇല്ലെങ്കിലും, മിക്ക വിശകലന വിദഗ്ധരും പറയുന്നത് അരക്ഷിതാവസ്ഥയും ദീർഘകാല ശിക്ഷാ ഇളവും ക്രിസ്ത്യാനികളുടെയും മുസ്ലീങ്ങളുടെയും ജീവിതത്തെ അപകടത്തിലാക്കുന്നു എന്നാണ്.

## ഗസയിൽ ഇസ്രായേൽ വ്യോമാക്രമണം; കുട്ടികളടക്കം 21 പലസ്തീനികൾ കൊല്ലപ്പെട്ടു



ഗസ മുനമ്പിൽ ബുധനാഴ്ച ഇസ്രായേൽ നടത്തിയ ശക്തമായ വ്യോമാക്രമണത്തിൽ കുട്ടികളടക്കം കുറഞ്ഞത് 21 പലസ്തീനികൾ കൊല്ലപ്പെട്ടു. വടക്കൻ ഗസയിലെ സൈനികർക്ക് നേരെ നടന്ന ആക്രമണത്തിന് മറുപടിയായാണ് തങ്ങൾ തിരിച്ചടിച്ചതെന്ന് ഇസ്രായേൽ സൈന്യം വ്യക്തമാക്കി. ഈ ആക്രമണത്തിൽ ഒരു ഇസ്രായേൽ സൈനികന് ഗുരുതരമായി പരിക്കേറ്റിരുന്നു.ഗസയിലെ സിവിൽ ഡിഫൻസ് വൃത്തങ്ങളാണ് മരിച്ചവരുടെ കണക്കുകൾ പുറത്തുവിട്ടത്. കൊല്ലപ്പെട്ടവരിൽ പിഞ്ചുകുഞ്ഞുങ്ങളും സ്ത്രീകളും ഒരു പാരാമെഡിക്കൽ ജീവനക്കാരനും ഉൾപ്പെടുന്നു. ഗസ സിറ്റിയിലും ഖാൻ യൂനിസിലുമുള്ള അഭയാർത്ഥി ക്യാമ്പുകൾ ലക്ഷ്യമാക്കിയാണ് പ്രധാനമായും ആക്രമണം നടന്നത്.സമാധാന ചർച്ചകൾ പുരോഗമിക്കുന്നതിനിടെ യുണ്ടായ ഈ ആക്രമണം വലിയ ആശങ്കയ്ക്ക് കാരണമായിട്ടുണ്ട്. ഖാൻ യൂനിസിലെ അൽ-മവാസിയിൽ കുടിയൊഴിപ്പിക്കപ്പെട്ടവർ താമസിച്ചിരുന്ന ടെന്റുകൾക്ക് നേരെയാണ് ഇസ്രായേൽ ഡ്രോൺ ആക്രമണം നടത്തിയത്. ഇതിൽ നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു.പരിക്കേറ്റ പലരെയും ഗസ സിറ്റിയിലെ അൽ-ഷിഫ മെഡിക്കൽ കോംപ്ലക്സിലേക്ക് മാറ്റിയിരിക്കുകയാണ്. ആശുപത്രികളിൽ മരുന്നിന്റെയും ചികിത്സാ സൗകര്യങ്ങളുടെയും കടുത്ത ക്ഷാമം നേരിടുന്നതായി ഡോക്ടർമാർ അറിയിച്ചു. ആക്രമണത്തെ തുടർന്ന് പലസ്തീൻ കുടുംബങ്ങൾ വലിയ ദുരിതത്തിലാണ്.വെടിനിർത്തൽ കരാർ നിലനിൽക്കെ ഇസ്രായേൽ അത് ലംഘിക്കുകയാണെന്ന് ഹമാസ് ആരോപിച്ചു.

# റഷ്യയ്ക്കെതിരായ യുദ്ധത്തിൽ 55,000 ഉക്രേനിയൻ സൈനികർ കൊല്ലപ്പെട്ടെന്ന് സെലെൻസ്കി



കീവ് : റഷ്യയ്ക്കെതിരായ യുദ്ധം ആരംഭിച്ചതിനുശേഷം യുദ്ധഭൂമിയിൽ 55,000 ഉക്രേനിയൻ സൈനികർ കൊല്ലപ്പെട്ടതായി ഉക്രെയ്ൻ പ്രസിഡന്റ് വൊളോദിമിർ സെലെൻസ്കി അറിയിച്ചു.ബുധനാഴ്ച ഫ്രാൻസ് 2 ടിവിക്ക് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഈ വിവരം വ്യക്തമാക്കിയത്.''ഉക്രെയിനിൽ ഔദ്യോഗിക കണക്കുകൾ പ്രകാരം പ്രൊഫഷണൽ സൈനികരായാലും നിർബന്ധിതമായി ചേർക്കപ്പെട്ടവരായാലും യുദ്ധഭൂമിയിൽ കൊല്ലപ്പെട്ട സൈനികരുടെ എണ്ണം 55,000 ആണ്,'' എന്ന് സെലെൻസ്കി പറഞ്ഞു.യുദ്ധത്തിൽ കൊല്ലപ്പെട്ടവർക്കുപുറമെ, വലിയ തോതിൽ ആളുകൾ കാണാതായതായി ഔദ്യോഗികമായി കണക്കാക്കപ്പെടുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഏകദേശം ഒരു വർഷത്തിനുശേഷമാണ് യുദ്ധത്തിൽ മരിച്ച യുക്രെയ്നിയൻ സൈനികരുടെ ഔദ്യോഗിക കണക്ക് സെലെൻസ്കി പുറത്തുവിടുന്നത്. 2025 ഫെബ്രുവരിയിൽ, 46,000-ത്തിലധികം സൈനികർ കൊല്ലപ്പെട്ടുവെന്ന് അദ്ദേഹം പറഞ്ഞിരുന്നു. എന്നാൽ കഴിഞ്ഞ മാസം പുറത്തുവന്ന ഒരു റിപ്പോർട്ടിൽ, 500,000 മുതൽ 600,000 വരെ സൈനിക നഷ്ടങ്ങൾ, അതിൽ 1,40,000 വരെ മരണങ്ങൾ ഉണ്ടായിട്ടുണ്ടാകാമെന്ന് വിലയിരുത്തിയിരുന്നു.സ്ട്രാറ്റജിക് ആൻഡ് ഇന്റർനാഷണൽ സ്റ്റഡീസ് സെന്റർ (ഇടകട) ജനുവരിയിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം, 2022 ഫെബ്രുവരി മുതൽ 2025 ഡിസംബർ വരെ റഷ്യയ്ക്ക് 12 ലക്ഷം സൈനിക നഷ്ടങ്ങൾ, അതിൽ 3,25,000 വരെ മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്നും പറയുന്നു.ഈ യുദ്ധം രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള യൂറോപ്പിലെ ഏറ്റവും ആൾ നാശമുള്ള സംഘർഷമായി മാറിയിട്ടുണ്ട്. ലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെടുകയും, ലക്ഷങ്ങൾ സ്വന്തം വീടുകളിൽ നിന്ന് പലായനം ചെയ്യേണ്ടിവരികയും, യുക്രെയിന്റെ കിഴക്കൻ-തെക്കൻ മേഖലകൾ വ്യാപകമായി നശിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.യുദ്ധം അവസാനിപ്പിക്കുന്നതിനായി ഉക്രെയ്ൻ, റഷ്യ, അമേരിക്ക എന്നിവ തമ്മിലുള്ള അമേരിക്കയുടെ മധ്യസ്ഥതയിലുള്ള ചർച്ചകൾ അബുദാബിയിൽ വ്യാഴാഴ്ച രണ്ടാം ദിവസത്തിലേക്ക് കടക്കും. ഇതുവരെ നടന്ന നയതന്ത്ര ശ്രമങ്ങൾ യുദ്ധം നിർത്താൻ ഒരു കരാറിലേക്കെത്തിച്ചിട്ടില്ല. കീവിന്റെ വൈദ്യുതി സംവിധാനങ്ങളെ ലക്ഷ്യമിട്ട് നടന്ന റഷ്യൻ ആക്രമണങ്ങൾക്കു പിന്നാലെയാണ് ഈ ചർച്ചകൾ. ഇതുമൂലം നഗരത്തിലെ ജനങ്ങൾ ഇരുട്ടിലും കടുത്ത തണുപ്പിലും കഴിയുകയാണ്. യുദ്ധം അവസാനിപ്പിക്കുന്നതിലെ പ്രധാന തടസ്സം കിഴക്കൻ ഉക്രെയിനിലെ പ്രദേശങ്ങളുടെ ഭാവി തന്നെയാണ്. ഇപ്പോൾ റഷ്യ യുക്രെയിന്റെ ഏകദേശം 20 ശതമാനം പ്രദേശങ്ങൾ നിയന്ത്രിക്കുന്നുണ്ടെങ്കിലും, ഡൊണെറ്റ്സ്ക് മേഖലയിലെ ഏകദേശം അഞ്ചിലൊന്ന് ഇപ്പോഴും കീവ് നിയന്ത്രണത്തിലാണ്. നിലവിലെ മുന്നണി രേഖയിലുടനീളം സംഘർഷം ''ഫ്രീസ്'' ചെയ്യണമെന്ന നിലപാടിലാണ് ഉക്രെയിൻ, ഏകപക്ഷീയ സൈനിക പിൻവലിക്കൽ അവർ തള്ളിക്കളഞ്ഞിട്ടുണ്ട്.ഭൂമി വിട്ടുനൽകുന്നത് മോസ്കോയെ വീണ്ടും ആക്രമണത്തിന് പ്രോത്സാഹിപ്പിക്കുമെന്ന് ഉക്രെയിൻ മുന്നറിയിപ്പ് നൽകുന്നു. റഷ്യ വീണ്ടും അധിനിവേശം നടത്താതിരിക്കാൻ ഉറപ്പ് നൽകാത്ത ഒരു കരാറിലും ഒപ്പുവെക്കില്ലെന്നും കീവ് വ്യക്തമാക്കി. ലുഹാൻസ്ക്, ഖെർസോൺ, സപോറിഷ്യ മേഖലകൾ റഷ്യ സ്വന്തം പ്രദേശങ്ങളാണെന്നും അവകാശപ്പെടുന്നു. കിഴക്കൻ ഉക്രെയിനിലെ മറ്റ് മൂന്ന് മേഖലകളിലും റഷ്യ ചെറിയ പ്രദേശങ്ങൾ കൈവശം വച്ചിട്ടുണ്ട്.

## യുദ്ധം നാലാം വർഷത്തിലേക്ക്; പുടിനും ഷിയും വീഡിയോ കോളിംഗ് നടത്തി

റഷ്യൻ പ്രസിഡന്റ് വ്‌ളാഡിമിർ പുടിനും ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങും ബുധനാഴ്ച വീഡിയോ കോളിലൂടെ സുപ്രധാന ചർച്ചകൾ നടത്തി. യുക്രൈൻ യുദ്ധം നാലാം വർഷത്തിലേക്ക് കടക്കുന്ന സാഹചര്യത്തിലാണ് ഇരു രാഷ്ട്രത്തലവന്മാരും തങ്ങളുടെ സൗഹൃദം പുതുക്കിയത്. ആഗോളതലത്തിൽ നിലനിൽക്കുന്ന അശാന്തിക്കിടയിൽ റഷ്യ-ചൈന ബന്ധം സുസ്ഥിരമായ ശക്തിയാണെന്ന് പുടിൻ പറഞ്ഞു. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി



ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള വലിയ പദ്ധതികൾക്ക് ഷി ജിൻപിങ് ആഹ്വാനം ചെയ്തു. സമാധാനപരമായ ആണവോർജ്ജ ഉപയോഗം, ബഹിരാകാശം തുടങ്ങിയ മേഖലകളിൽ സഹകരണം ഉറപ്പാക്കുമെന്ന് ഇരുവരും വ്യക്തമാക്കി. റഷ്യക്കെതിരെ പാശ്ചാത്യ രാജ്യങ്ങൾ ഉപരോധം ഏർപ്പെടുത്തിയപ്പോൾ ചൈന വലിയ സാമ്പത്തിക സഹായമാണ് നൽകിയത്.പാശ്ചാത്യ രാജ്യങ്ങളുടെ സമ്മർദ്ദങ്ങൾക്കിടയിലും തങ്ങളുടെ തന്ത്രപരമായ പങ്കാളിത്തം തുടരുമെന്ന് ഇരുനേതാക്കളും പ്രഖ്യാപിച്ചു. ലോകക്രമത്തിൽ ഐക്യരാഷ്ട്ര സഭയുടെ പ്രസക്തി നിലനിർത്താൻ ഇരുരാജ്യങ്ങളും ഒന്നിച്ച് പ്രവർത്തിക്കുമെന്ന് ഷി ജിൻപിങ് ആവർത്തിച്ചു. റഷ്യയിൽ നിന്നുള്ള ഊർജ്ജ ഇറക്കുമതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും വീഡിയോ കോളിൽ ചർച്ചകളുണ്ടായി.

## എപ്സ്റ്റീൻ ബന്ധം: പീറ്റർ മാൻഡൽസണെതിരെ അന്വേഷണം; സ്റ്റാർമർ സർക്കാർ പ്രതിസന്ധിയിൽ

ലൈംഗിക കുറ്റവാളി ജെഫ്രി എപ്സ്റ്റീനുമായുള്ള ബന്ധം മറച്ചുവെച്ച് പീറ്റർ മാൻഡൽസൺ സർക്കാരിനെ വഞ്ചിച്ചതായി ബ്രിട്ടീഷ് പ്രധാനമന്ത്രി കീർ സ്റ്റാർമർ പാർലമെന്റിൽ തുറന്നുപറഞ്ഞു. മാൻഡൽസണെ യുഎസ് അംബാസഡറായി നിയമിച്ചതിൽ തനിക്ക് ഖേദമുണ്ടെന്നും സ്റ്റാർമർ വ്യക്തമാക്കി. ഇതോടെ ബ്രിട്ടീഷ് രാഷ്ട്രീയത്തിൽ വലിയൊരു പ്രതിസന്ധിയാണ് രൂപപ്പെട്ടിരിക്കുന്നത്.എപ്സ്റ്റീനുമായുള്ള ബന്ധത്തിന്റെ ആഴം മാൻഡൽസൺ തന്റെ ടീമിൽ നിന്നും മറച്ചുവെച്ചുവെന്നാണ് പ്രധാനമന്ത്രിയുടെ പ്രധാന ആരോപണം. രാജ്യത്തെയും പാർലമെന്റിനെയും അദ്ദേഹം വഞ്ചിച്ചുവെന്ന് സ്റ്റാർമർ കുറ്റപ്പെടുത്തി. പുതിയ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിൽ മാൻഡൽസന്റെ പ്രഭു പദവി നീക്കം ചെയ്യാനുള്ള നടപടികളും സർക്കാർ ആരംഭിച്ചിട്ടുണ്ട്.



ലണ്ടൻ മെട്രോപൊളിറ്റൻ പോലീസ് മാൻഡൽസണെതിരെ ഔദ്യോഗികമായി ക്രിമിനൽ അന്വേഷണം പ്രഖ്യാപിച്ചിരിക്കുകയാണ്.2008-ലെ സാമ്പത്തിക പ്രതിസന്ധിയുമായി ബന്ധപ്പെട്ട തന്ത്രപ്രധാന വിവരങ്ങൾ ചോർത്തിയെന്ന ഗുരുതര ആരോപണവും ഇതിലുണ്ട്. വിവാദങ്ങൾ ശക്തമായതോടെ മാൻഡൽസൺ ഹൗസ് ഓഫ് ലോർഡ്സിൽ നിന്നും കഴിഞ്ഞ ദിവസം രാജിവെച്ചിരുന്നു. എപ്സ്റ്റീൻ കേസുമായി ബന്ധപ്പെട്ട ലക്ഷക്കണക്കിന് പുതിയ രേഖകൾ പുറത്തുവന്നതാണ് ഈ നീക്കങ്ങൾക്ക് കാരണമായത്. മാൻഡൽസണും എപ്സ്റ്റീനും തമ്മിലുള്ള ഇമെയിൽ സംഭാഷണങ്ങൾ പുറത്തായത് ഇരുവരും തമ്മിലുള്ള അടുത്ത സൗഹൃദം വെളിപ്പെടുത്തുന്നതായിരുന്നു.

FOR READER-FRIENDLY HASSLE-FREE READING WITHOUT CORPORATE POP-UP ADS

Newspaper for malayalees Worldwide ◆Estd.2020

വാചകം

V A C H A K A M

Visit: www.vahakam.com, Email:news@vachakam.com
Call: 773-888-2242, 1 773 888 2243

ALL PRINT & DESIGN JOBS

VACHAKAM PRINTERS
Visit: Chennikkara.com



FOR ALL TYPES OF PRINTING AND DESIGN WORKS

EMERGENCY SERVICE AVAILABLE

The latest technology is being applied in designing the magazine and printing it in collaboration with Five-Star Offset Printers, Ernakulam

In association with
FIVE STAR OFFSET PRINTERS & PACKAGING
Ernakulam
91 984 733 6960

Minimum 100 no.




Call:
JOSE CHENNIKKARA
1 773 842 9149
chennikkara@gmail.com